241088

A 312

"LOVE & SERVICE"
THE SEN GUPTA PUBLIC LIBRARY
PUTHIYAR

241088

# ദൈവവിലാസം.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

ഗ്രന്ഥകർത്താ,
ജി. രാമകൃഷ്ണപിള്ള എം. ഏ.

പ്രകാശകൻ,
പി. ഗോവിന്ദപ്പിള്ള,
വി. വി. ബുക്കുഡിപ്പോ—ചാല,
തിരുവനന്തപുരം.

V. S. S.
TRICHUR.
Price

കാപ്പിറൈററു് പ്രകാശകനു്.

വില അണ 12

1106.

പ്രകാശകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു

വി. വി. ബുക്കഡിപ്പോ ഉടമസ്ഥനുവേണ്ടി

കൊല്ലം "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടത്തിൽ

അച്ചടിച്ചത്.

2-ാംപതിപ്പ് കാപ്പി—3000.

894.83
RAM

# ദൈവവിലാസം.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

## ഒന്നാം അദ്ധ്യായം.

### മഹാരാജ്ഞിയുടെ അന്ത്യമായ ആമന്ത്രണം.

സുൽത്താൻ ഇബ്രാഹിംഷായും റോസാനാറാരാജ്ഞിയുമായുള്ള വിവാഹം കഴിഞ്ഞിട്ട് വഷം മൂന്നായി. മൂന്നുകൊല്ലം അവർ ഗോൽക്കണ്ടാരാജ്യം ഭരിച്ചു. ഈ കാലമെല്ലാം ചന്ദ്രഗിരിയിലെ തടവുകാരനെ സംബന്ധിച്ച രഹസ്യം വിജയകരമായിത്തന്നെ ഗോപനം ചെയ്യപ്പെട്ടു.

എന്നാലും ചിലപ്പോൾ സുൽത്താൻ അസാധാരണമായി കോപിക്കുന്ന അവസരത്തിൽ, മൂന്നുവർഷം മുമ്പ് അദ്ദേഹത്തിനു പകരം ഇബ്രാഹിംസയ്യദ്ഖാനെ ഗോൽക്കണ്ടാസുൽത്താനായി അഭിഷേകം ചെയ്ത കഥ നാസർഉദീൻ മുതലായവരുടെ മനസ്സിൽ കടന്നുകൂടും. ഇബ്രാഹിംസയ്യദ്ഖാന്റെ കിരീടധാരണത്തിനു സഹായികളായിരുന്ന ഫിറോസ്ഖാൻ, നാസർഉദീൻ എന്നിവർ ഇപ്പോൾ സുൽത്താൻ ഇബ്രാഹിംഷാ പഞ്ചമന്റെ കീഴിൽ ഉയൎന്ന ഉദ്യോഗങ്ങൾ വഹിക്കുന്നു. ഫിറോസ്ഖാൻ ചന്ദ്രഗിരിയിലെ ദുർഗ്ഗനാഥനും, നാസർഉദീൻ റോസാനാറാമഹാരാജ്ഞിയുടെ കാര്യദർശിയുമാണ്. ഇബ്രാഹിംഷാപഞ്ചമന്റെ കിരീടധാരണദിവസം അദ്ദേഹത്തെ വധിക്കുന്നതിനും സിംഹാസനത്തെ കൈക്കലാക്കുന്നതിനുമായി ഒരു ഗൂഢാലോചന നടന്നതിനെ പരാജയത്തിൽ കലാശിപ്പിച്ചത് ഇബ്രാഹിംസയ്യദ്ഖാൻ മുതലായവരുടെ സാമർത്ഥ്യംകൊണ്ടായിരുന്നു.

ഷാഹിവംശത്തിലെ ഒരു ശാഖാംഗമായ ഇബ്രാഹിംസയ്യദ്ഖാൻ ബീജപുരദേശീയനായിരുന്നു. ദിഷ്ടക്ഷയാലോ, ഫിറോസ്ഖാന്റെ അഭിപ്രായപ്രകാരം ദൈവഗതിയാലോ, ഇബ്രാഹിംഷായുടെ കിരീടധാരണത്തിൽ സംബന്ധിക്കാൻ, സയ്യദ്ഖാൻ, ബീജപുരത്തിൽനിന്നും ഗോൽക്കണ്ടയിലേക്കു യാത്രചെയ്തു, സുൽത്താനുമൊരുമിച്ചു മൃഗയാവിനോദത്തിൽ ഏർപ്പെട്ടിരുന്ന അവസരത്തിൽ ഫിറോസ്ഖാൻ, നാസർഉദീൻ എന്നിവൎക്ക് ചന്ദ്രഗിരിവനത്തിൽവെച്ചു

സയ്യദ്ഖാനെ കാണ്മാൻ സംഗതിയായി. സുൽത്താൻെറയും സയ്യദ്ഖാൻെറയും പ്രബലമായ സാദൃശ്യം അവരെ ആശ്ചര്യപരതന്ത്രരാക്കി. അവരെ തിരിച്ചറിയുക മിക്കവാറും ദുർഘടമായിത്തന്നെ തീൎന്നു. സുൽത്താൻ അഹ്ലാദഭരിതനായി സയ്യദ്ഖാനെ അത്താഴത്തിന് തൻെറ മൃഗയാമന്ദിരത്തിലേക്ക ക്ഷണിച്ചു.

അടുത്തദിവസമായിരുന്നു ഗോൽക്കണ്ടാനഗരത്തിൽവച്ച് സുൽത്താൻെറ കിരീടധാരണമഹോത്സവം കൊണ്ടാടാൻ നിശ്ചയിച്ചിരുന്നത്. എന്നാൽ അന്നു രാത്രിയിൽ, തിരുമനസ്സിലേക്ക് അമൃതേത്തിനുള്ള മധുരമദ്യത്തിൽ, അവിടത്തെ ശത്രുക്കൾ മരുന്നു ചേൎത്തു കൊടുത്തതുകൊണ്ട് അടുത്തദിവസം കാലത്തു രാജധാനിയിലേക്ക യാത്ര ചെയ്വാൻ കഴിയാത്തവണ്ണം അവിടുന്നു ബോധരഹിതനായി കിടന്നു. ഇബ്രാഹിംസയ്യദ്ഖാൻ അവരോടുകൂടിത്തന്നെ ഉണ്ടായിരുന്നു. അദ്ദേഹം ഉടൻ രാജധാനിയിൽ എത്തി സുൽത്താനുപകരം കിരീടം ധരിക്കണമെന്ന് സാഹസികനായ ഫിറോസ്ഖാൻ അഭിപ്രായപ്പെട്ടു. സുൽത്താൻെറ ജീവനെയും കിരീടത്തെയും സുരക്ഷിതമാക്കാൻ ഈ ഒരുപായം മാത്രമേ അവർ അപ്പോൾ കണ്ടുള്ളു. അതുകൊണ്ട് അതിനു വഴിപ്പെടാൻ ഇബ്രാഹിംസയ്യദ്ഖാൻ നിർബന്ധിതനായി. സുൽത്താനെ സൂക്ഷിച്ചുകൊള്ളുവാൻ വിശ്വസ്തനായ ഒരു ഭൃത്യനെ ഏൽപ്പിച്ചിട്ടു രാജധാനിയിൽ എത്തി, കിരീടധാരണകൎമ്മം അവർ വിജയകരമായി സാധിച്ചു. എന്നാൽ സുൽത്താനെ ഗൂഢമായി രാജധാനിയിൽ കൊണ്ടുവന്നു തങ്ങളാൽ സുരക്ഷിതമാക്കപ്പെട്ട സിംഹാസനത്തിൽ പ്രതിഷ്ഠിക്കുവാനായി അവർ വീണ്ടും മൃഗയാമന്ദിരത്തിൽ എത്തിയപ്പോൾ അവിടുന്നു അപ്രത്യക്ഷനായും അവിടത്തെ ഭൃത്യൻ ഹതനായും കാണപ്പെട്ടു.

സുൽത്താൻ ചന്ദ്രഗിരിദുൎഗ്ഗത്തിലെ കാരാഗൃഹത്തിൽ ബന്ധനസ്ഥനായി. അദ്ദേഹത്തെ മോചിപ്പിക്കാൻ മൂന്നുമാസക്കാലം അവർ വിഫലമായി പ്രയത്നിച്ചു. ഈകാലം മുഴുവനും ഇബ്രാഹിംസയ്യദ്ഖാൻ ഗോൽക്കണ്ടയിലെ സുൽത്താനായി രാജ്യംഭരിച്ചു. പ്രജകളോ റോസാനാരാജകുമാരിയോ അദ്ദേഹത്തിൻെറ വാസ്തവം മനസ്സിലാക്കിയില്ല. കുമാരിയെ അദ്ദേഹത്തിനു വിവാഹം ചെയ്തുകൊടുക്കാനും ജനങ്ങൾ തീൎച്ചയാക്കി. സുൽത്താൻ ഇബ്രാഹിംഷായിൽ കാണുമെന്നു തങ്ങൾ പ്രതീക്ഷിച്ചിരുന്നതിൽ കൂടുതൽ മഹാനുഭാവത്വം പ്രജകൾ ഇബ്രാഹിംസയ്യദ്ഖാനിൽ കണ്ടു. റോസാനാരാജകുമാരി അദ്ദേഹത്തിൽ പ്രേമപരവശയായിത്തീൎന്നു.

ഇബ്രാഹിംസയ്യദ്ഖാൻെറ പരാക്രമത്താൽ അവർ സുൽത്താനെ മോചിപ്പിച്ച് അദ്ദേഹത്തെ വീണ്ടും സിംഹാസനത്തിൽ പ്രതിഷ്ഠിച്ചു. ഉസ്മാൻഖാൻ ഒഴിച്ചുള്ള അദ്ദേഹത്തിൻെറ ശത്രുക്കളെ അവർ വധിച്ചു. സയ്യദ്ഖാൻ വളരെ ഗൂഢമായി അവിടെനിന്നും ബീജപുരത്തിൽ എത്തി. ഈ രഹസ്യം ഫിറോസ്ഖാൻ, നാസർഉദീൻ, റോസാനറാരാജകുമാരി ഇവക്ക് അറിവുണ്ടായിരുന്നു. പ്രണയത്തിൽ ഹതാശയായി എങ്കിലും രാജ്യത്തിനും പ്രജകൾക്കും വേണ്ടിയുള്ള തൻെറ കത്തവ്യത്തെ അനുസ്മരിച്ചു രാജകുമാരി സുൽത്താനെ വിവാഹം ചെയ്തു. എന്നാൽ അവളുടെ ഹൃദയം ഇബ്രാഹിംസയ്യദ്ഖാനെ അനുഗമിച്ചു.

ഈ രഹസ്യങ്ങൾ വേറൊരാൾകൂടി അറിഞ്ഞിരുന്നു. അതു് യുവാവായ ഉസ്മാൻഖാനായിരുന്നു. അയാൾ ജീവിച്ചിരിക്കുന്നിടത്തോളംകാലം തങ്ങളുടെ രഹസ്യം സുരക്ഷിതമല്ലെന്നു ഫിറോസ്ഖാൻ മുതലായവക്ക് അറിയാമായിരുന്നു. സുൽത്താനെവധിക്കാനുള്ള ഉദ്യമം വിഫലമായപ്പോൾ ഉസ്മാൻ രാജ്യംവിട്ട് ഒളിച്ചോടിപ്പോയി ഭാരതഖണ്ഡത്തിൽ പല സ്ഥലത്തും അലഞ്ഞുനടന്ന് അയാളുടെ നേരംപോക്കുകൊണ്ടു ജീവിതവൃത്തി കഴിച്ചു. തൻെറ പിതൃസഹോദരൻെറ മരണത്താൽ തനിക്കധീനമായ അനവധി സ്വത്തുക്കൾ അനുഭവിക്കുന്നതിനായി സ്വരാജ്യത്തു തിരിച്ചു ചെല്ലുവാൻ സുൽത്താൻെറ കല്പന ലഭിക്കുന്നതിന് ഉസ്മാൻഖാൻ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരുന്നു. തൻെറ ജ്ഞാതിയും അപ്തമിത്രവുമായ ജലാലുദീൻ മുഖാന്തിരം സുൽത്താനെ സമീപിക്കാമെന്നു് ഉസ്മാൻ അശിച്ചു. ജലാലുദീൻ അതിധനവും വലിയപദവികളും ഉള്ള ഒരു യുവപ്രഭുവായിരുന്നു. അതുകൊണ്ടു തൻെറ അഗ്രഹം എളുപ്പത്തിൽ സാധിക്കാമെന്ന് ഉസ്മാൻഖാൻ വിചാരിച്ചു. എന്നാൽ നാസർഉദീൻ മുതലായവർ ഉസ്മാൻെറ വസ്തുക്കൾ മുഴുവനും രാജാധികാരത്തിൻകീഴിലാക്കി അയാളെ ഗോൽക്കൊണ്ടയിൽ കടത്താതിരിക്കത്തക്കവണ്ണം വേണ്ട ഏപ്പാടുകൾ ചെയ്തിരുന്നു.

ഭയങ്കരമായ കാരാവാസംനിമിത്തം സുൽത്താൻെറ അരോഗ്യം ശിഥിലമായി ഭവിച്ചിരുന്നു. അദ്ദേഹത്തിൻെറ മോചനദിവസം മുതൽ സുൽത്താൻ സദാ കോപിഷ്ഠനായ ഒരു രോഗിയായിത്തീന്നു. ഉസ്മാൻഖാനെക്കുറിച്ചുള്ള ഭയവും ഇബ്രാഹിംസയ്യദ്ഖാൻെറ നേരേയുള്ള അസൂയയും അദ്ദേഹത്തെ എപ്പോഴും പീഡിപ്പിച്ചുകൊണ്ടിരുന്നു. എന്തെന്നാൽ, ഇബ്രാഹിംസയ്യദ്ഖാൻ, തൻെറ മൂന്നുമാസക്കാലത്തേയ്ക്കുള്ള ഭരണത്തിനിടയിൽ പ്രജകളുടെ നിഷ്കളങ്കമായ സ്നേഹത്തിനു

പാത്രമായിത്തീർന്നിരുന്നു. അതിനാൽ സുൽത്താന്റെ ജനസ്വാധീനം മററാരാളുടെ വീരകൃത്യത്തിലായിരുന്നു സ്ഥിതിചെയ്തിരുന്നത്.

മഹാരാജ്ഞി തന്റെ കർത്തവ്യത്തെ ധൈര്യസമേതം അനുഷ്ഠിച്ചു. ദുഃഖം കൂടാതെ സുൽത്താന്റെ അസ്ഥിരസ്വഭാവത്തെ വളരെ ക്ഷമയോടുകൂടി സഹിച്ചു. എന്നാൽ വർഷത്തിലൊരിക്കൽ, അവർ തന്റെ പ്രേമത്തിന്റെ അടയാളമായി ഒരു പെട്ടിയിൽ ഒരു ജപാകുസുമത്തെ അടക്കംചെയ്തു നാസർഉദ്ദീൻവശം സയ്യദ്ഖാനു കൊടുത്തയയ്ക്കുക പതിവായിരുന്നു. ഒടുവിൽ അവളുടെ മനഃശക്തി തീരെ ക്ഷയിച്ചു. തന്റെ വാസ്തവ മനോഗതം സുൽത്താനിൽ നിന്നും മറച്ചു വയ്ക്കാൻ താൻ ശക്തയല്ലെന്നുകണ്ടു് ഇബ്രാഹിം സയ്യദ്ഖാനോടു അവസാന യാത്ര പറയുന്നതിനായി മഹാരാജ്ഞി ഒരു ലേഖനം അയയ്ക്കാൻ തീർച്ചപ്പെടുത്തി.

ഈ നാലാമത്തെ വർഷത്തിലും മഹാരാജ്ഞിയുടെ എഴുത്തുകൊണ്ടുപോകേണ്ട ഭാരം നാസർഉദ്ദീനുതന്നെയായിരുന്നു. മഹാരാജ്ഞി അദ്ദേഹത്തെ തന്റെ മുറിയിലേക്കു വിളിച്ചു. അവർ മേശയുടെ സമീപത്തു നില്ക്കയായിരുന്നു. പതിവിൻപടി അയയ്ക്കാനുള്ള പെട്ടി മേശപ്പുറത്തു കാണപ്പെട്ടു. ജപാപുഷ്പം അതിൽ ഉണ്ടെന്നു് നാസർ ഉദ്ദീൻ അറിഞ്ഞു. എന്നാൽ അന്നു കൂടുതലായി ഒരു സാധനംകൂടി ഉണ്ടായിരുന്നു.

മഹാരാജ്ഞി:—"അദ്ദേഹത്തിനു് ഒരെഴുത്തയയ്ക്കണം. എനിയ്ക്കു് ഇതു സഹിക്കാൻ വയ്യാ. ഞാൻ അദ്ദേഹത്തിനു് എഴുതും. എന്റെ പ്രിയപ്പെട്ട നാസർഉദ്ദീൻ, എനിക്കുവേണ്ടി നിങ്ങൾ ഈ എഴുത്തു കൊണ്ടുപോകണം. എന്താ അങ്ങിനെ ചെയ്യരുതോ? അദ്ദേഹത്തിന്റെ പക്കൽനിന്നും ഒരു മറുപടിവാങ്ങി വളരെ രഹസ്യമായി എന്റെ കൈയിൽ ഏൽപ്പിക്കയും വേണം. ഇതു് അവസാനത്തെ കൈമാററമാണു്. എന്താ നിങ്ങൾ അങ്ങിനെ ചെയ്യുമോ?"

നാസർ:—"ഈശ്വരസഹായത്താൽ ഞാൻ എഴുത്തുകൊണ്ടുപോയി കൊടുത്തു മറുപടി വാങ്ങി അവിടത്തെ തൃക്കൈയിൽ ഏൽപ്പിക്കാം."

നാസർ ഉദ്ദീൻപോയി തന്റെ യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തു തുടങ്ങി. തന്റെ യാത്രയിൽ അദ്ദേഹം ഒരു ഭൃത്യനെ മാത്രമേ കൊണ്ടുപോക പതിവുണ്ടായിരുന്നുള്ളൂ. അതും വർഷംതോറും ആൾ മാറിക്കൊണ്ടുപോകും. അവരിൽ ഒരുവനും നാസർഉദ്ദീന്റെ യാത്ര

യുടെ ഉദ്ദേശം മനസ്സിലായിട്ടില്ലായിരുന്നു. അദ്ദേഹം എന്തോ സ്വകാൎയ്യം പ്രമാണിച്ചു പോയതാണെന്നാണ് അവർ വിചാരിച്ചതു്. ഈ പ്രാവശ്യം അഹമ്മദ് നഗരദേശീയനും രണ്ടുമൂന്നാഴ്ചവട്ടങ്ങൾക്കുമുമ്പു തന്റെ കീഴിൽ ജോലിക്കു നിയമിക്കപ്പെട്ടവനും ആയ ഒരു യുവാവിനെയാണ്, നാസർഉദീൻ തന്നോടുകൂടി കൊണ്ടുപോകാൻ തീൎച്ചപ്പെടുത്തിയതു്. അവന്റെ പേരു ബാൽബൻ എന്നായിരുന്നു. അവൻ ഒരു ബുദ്ധിഹീനനെപ്പോലെ കാണപ്പെട്ടു എങ്കിലും വലിയ സത്യവാനും ഉപകാരതല്പരനുമാണെന്നു നാസർ ഉദീനു തോന്നി. ബാൽബന്റെ സ്വഭാവപഠനത്തിൽ നാസർ ഉദീൻ യാതൊരു സാമൎത്ഥ്യത്തെയും അർഹിച്ചില്ല. എന്നാൽ കാപട്യവിഹീനനെന്നു കാണികൾക്കുതോന്നിയ ആ യുവാവു തന്നെ കബളിപ്പിച്ച കഥ അദ്ദേഹം ആജീവനാന്തം വിസ്മരിച്ചില്ല. എന്തെന്നാൽ സുൽത്താനിൽനിന്നുപോലും വിജയകരമായി മറച്ചുവെയ്ക്കപ്പെട്ട ഇബ്രാഹിം സയ്യദ്ഖാനുമായുള്ള നാസർ ഉദീന്റെ വാർഷികസന്ദർശന രഹസ്യം, ഉസ്മാൻഖാൻ തന്റെ ചാരന്മാർ മുഖാന്തിരം മനസ്സിലാക്കിയിരുന്നു. ഗോൽക്കണ്ടയിൽ നടന്ന സകല സംഭവങ്ങളും അയാൾ ശ്രദ്ധമായി അറിഞ്ഞു. കഴിഞ്ഞ വർഷത്തിൽ നാസർ ഉദീൻ വാറംഗൾ പട്ടണത്തിൽ എത്തി ഇബ്രാഹിംസയ്യദ്ഖാനെ സന്ദർശിച്ച വിവരം അയാൾ മനസ്സിലാക്കി. മഹാരാജ്ഞിക്കെതിരായി ചില തെളിവുകൾ സമ്പാദിച്ചു തദ്വാരാ സുൽത്താനെ സമീപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഉസ്മാൻ ബാൽബനെ വശത്താക്കി അവന്റെ സ്വഭാവഗുണങ്ങൾക്കു ചില സാക്ഷ്യപത്രങ്ങളോടുകൂടി അവനെ നാസർ ഉദീന്റെ സമീപത്തേയ്ക്കയച്ചതായിരുന്നു.

തന്റെ യാത്ര ആരംഭിക്കുന്നതിനു മുമ്പായി നാസർ ഉദീൻ ചന്ദ്രഗിരിയിലെ ദുർഗ്ഗനാഥനെ സന്ദർശിച്ചു. നാസർ ഉദീന്റെ യാത്രയുടെ ഉദ്ദേശമെന്തെന്നു അദ്ദേഹം മനസ്സിലാക്കി. ദുർഗ്ഗനാഥന്റെ അരികിൽ ആസനസ്ഥനായിട്ടു്, തന്റെ പക്കൽ ഏല്പിക്കപ്പെട്ട എഴുത്തിനെപ്പററി നാസർ ഉദീൻ പറഞ്ഞു. ഫിറോസ്ഖാൻ അന്നു നല്ല പ്രകൃതത്തിലല്ലായിരുന്നു. അദ്ദേഹത്തിനു തന്റെ വികാരങ്ങളെ സംയമനം ചെയ്യുന്ന സ്വഭാവമില്ലായിരുന്നു. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—

“നിങ്ങൾ വാറംഗൾ പട്ടണത്തിൽ എത്തുന്നതിനുമുമ്പു ഞങ്ങൾ എല്ലാവരും ചന്ദ്രഗിരിയിൽ എത്തും. സുൽത്താൻ തിരുമേനിയും പരിവാരങ്ങളും നാളെത്തന്നെ അങ്ങോട്ടു പുറപ്പെടുന്നുണ്ടു്. ആപത്തുണ്ടെന്നു തോന്നിയാൽ ഉടൻ നിങ്ങൾ എഴുത്തിനെ നശിപ്പിക്കണം.”

നാസർ ഉദ്ദീൻ തലകുലുക്കി. ഗൌരവസമ്മിശ്രമായ ഒരു മന്ദഹാസത്തോടുകൂടി ഫിറോസ്ഖാൻ തുടന്നു പറഞ്ഞു:—

"നിങ്ങളുടെ ജീവഹാനി വരാതെ എഴുത്തിനെ സംരക്ഷിക്കാൻ നിവൃത്തിയില്ലെങ്കിൽ എഴുത്തോടുകൂടിത്തന്നെ നിങ്ങളും നശിക്കണം. മഹാരാജ്ഞിയോടും അവസാനമായി ആമന്ത്രണം ചെയ്യാൻ ഇബ്രാഹിംസയ്യദ്ഖാനോടു പറയണം."

---

## രണ്ടാം അദ്ധ്യായം.

---

### എഴുത്തുപോയി.

ഇബ്രാഹിംസയ്യദ്ഖാൻ ബീജപുരം വിട്ടന്നതിനുമുമ്പുതന്നെ, അദ്ദേഹവുമായുള്ള തന്റെ സന്ദർശനത്തിനു നാസർ ഉദ്ദീൻ എഴുത്തുമൂലം വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. തുലാമാസം ൧൫ാംനു- രാത്രി പതിനൊന്നുമണിക്ക സയ്യദ്ഖാൻ വാറംഗൾ പട്ടണത്തിലേ സാവല്ഷാലയം അതിഥിമന്ദിരത്തിൽ എത്തണമെന്നായിരുന്നു നാസർ ഉദ്ദീന്റെ എഴുത്തിലേ താല്പൎയ്യം. അന്നുതന്നെ ഒൻപതുമണിയോടുകൂടി നിശ്ചിതനഗരത്തിൽ എത്തി സയ്യദ്ഖാനെക്കണ്ടു കാൎയ്യം നിവ്ഹിച്ചശേഷം അടുത്തദിവസം കാലത്തു ഗോൽക്കണ്ടയ്ക്കു തിരിച്ചുപോരാമെന്നായിരുന്നു നാസർ ഉദ്ദീന്റെ പ്രതീക്ഷ.

മിക്കവാറും പ്രശാന്തമായ മനഃസ്ഥിതിയോടുകൂടി അദ്ദേഹം തപാൽവണ്ടികയറി. കുസുമപേടകം അദ്ദേഹത്തിന്റെകുപ്പായത്തിന്റെ അന്തർഭാഗത്തുള്ള കീശയിലും എഴുത്തു തുകൽപെട്ടിയിലും നിക്ഷേപിക്കപ്പെട്ടിരുന്നു. വഴിയിൽ അപൽശങ്കയ്ക്കു കാരണമൊന്നുമുണ്ടായിരുന്നില്ലെങ്കിലും വേണ്ടിവന്നാൽ തന്നെയും തന്നെ ഏൽപ്പിക്കപ്പെട്ടിരുന്ന വിലയേറിയ സാധനങ്ങളേയും രക്ഷിക്കേണ്ടതിലേക്ക് നാസർ ഉദ്ദീൻ തന്റെ കൈത്തോക്കുകൂടി എടുത്തിരുന്നു.

രാത്രിഅവസാനിച്ചു. പ്രഭാതത്തിൽ ബാൽബെൻ അദ്ദേഹത്തിനു വേണ്ട ഭക്ഷണങ്ങൾതയ്യാറാക്കിക്കൊടുത്തു. എട്ടുമണിയോടുകൂടിഅവർ ഒരു പ്രധാനനഗരത്തിൽ എത്തി. ബാൽബെൻ അല്പസമയത്തേയ്ക്കു

വെളിയിൽ ഇറങ്ങി സഞ്ചരിച്ചശേഷം തിരിയെ വണ്ടിയിൽ കടന്നിരുന്നു. നാസർഉദ്ദീൻ യാതൊരു ദുശ്ശങ്കയും കൂടാതെ നിദ്രചെയ്തു.

മദ്ധ്യാഹ്നത്തോടുകൂടി അദ്ദേഹം ഉണർന്ന് തൻെറ സമീപത്തിരുന്ന ബാൽബനെ അന്വേഷിച്ചതിൽ കാണ്മാനില്ല. നാസർഉദ്ദീൻ പരിഭ്രാന്തനായി അങ്ങുമിങ്ങും നോക്കിത്തുടങ്ങി. ഭൃത്യനെ എങ്ങും കാണ്മാനില്ല. വണ്ടിയിൽകൂടെ ഉണ്ടായിരുന്ന ആളുകളോടു ചോദിച്ചതിൽ വഴിയിൽ ഇറങ്ങിപ്പോയതിൽ പിന്നീട് തിരിച്ചു വന്നില്ലെന്നറിഞ്ഞു. അയാൾക്ക് വല്ല അപത്തും പററിയിരിക്കുമോ എന്ന് അദ്ദേഹം ഭയപ്പെട്ടു. ഏതായാലും വാറംഗൾനഗരത്തിൽ എത്തി അന്വേഷണം നടത്താമെന്നു നാസർഉദ്ദീൻ സമാധാനപ്പെട്ടു.

നിശ്ചിതസമയത്തിന് വണ്ടി വാറംഗൾനഗരത്തിലുള്ള ശകടമന്ദിരത്തിൽ എത്തി. നാസർഉദ്ദീൻ താഴെയിറങ്ങി അവിടുത്തെ അധികാരിയെ സന്ദർശിച്ചു. വഴിയിൽ തൻെറ ഭൃത്യൻ എന്തോ ആവശ്യത്തിലേക്കായി വണ്ടിയിൽനിന്നും ഇറങ്ങിപ്പോയി എന്നും അയാൾ തിരിച്ചെത്തുന്നതിനു മുമ്പ് വണ്ടി വീണ്ടും പ്രയാണം ആരംഭിച്ചതിനാൽ അയാൾക്കു തന്നോടുകൂടി വരാൻ സാധിച്ചില്ലെന്നും അടുത്ത വണ്ടിക്ക് അയാൾ വരുന്നതായാൽ സ്വവണ്ണാലയം അതിഥിമന്ദിരത്തിൽ എത്താൻ ഏർപ്പാടുചെയ്യണമെന്നും നാസർഉദ്ദീൻ അധികാരിയെ അറിയിച്ചു.

അധികാരി:—"ഇന്ന് ഇനി അയാൾ വരുമെന്നു തോന്നുന്നില്ല. രാത്രിയിൽ ഇനി ഒരുവണ്ടിയും വരികയില്ല. ഏതായാലും അയാൾ ഇവിടെ വരുമ്പോൾ അവിടുന്നു പറഞ്ഞ വിവരം ഞാൻ അയാളെ അറിയിക്കാം."

നാസർ ഉദ്ദീൻ നഗരമദ്ധ്യത്തിലേക്ക് പോകാൻ തയ്യാറായി. അദ്ദേഹം നാലുപാടും നോക്കി. അതിഥിമന്ദിരത്തിൽ എത്താൻ അവിടെ നിന്നും ഒരുനാഴികദൂരം ഉണ്ടായിരുന്നു. തന്നെക്കൊണ്ടുപോകാൻ അവിടെയെങ്ങും ഒരുവണ്ടിയും കാണ്മാനില്ലായിരുന്നു. അദ്ദേഹം അത്ഭുതപരവശനായി ചോദിച്ചു:—

"ഇന്നെന്താ ഇവിടെ വണ്ടികൾ ഒന്നും ഇല്ലാത്തതു്?"

അധികാരി:—"സാധാരണമായി ഇവിടെ ധാരാളം വണ്ടികൾ ഉണ്ടായിരിക്കും. സ്വല്പംമുമ്പ് പത്തിരുപതു യാത്രക്കാർ ഇവിടെ എത്തി അവർ ഓരോരുത്തരും ഓരോ വണ്ടി വാടകയ്ക്കുപിടിച്ച്

ഇവിടെനിന്നും പോയി. അതു വലിയ അത്ഭുതമായിരിക്കുന്നു. സാധാരണ ഇങ്ങനെ ഉണ്ടാകാറില്ല.

ഈ സംഭവത്തിൽ അസാധാരണമായി എന്തെങ്കിലും ഉണ്ടെന്നു തോന്നിയില്ലെങ്കിലും തൻെറ ഭൃത്യൻെറ പെട്ടെന്നുള്ള അഭാവത്തോടു സംഘടിപ്പിച്ച് ആലോചിച്ചപ്പോൾ നാസർഉദീൻെറ ഹൃദയത്തിൽ ഉൽക്കണ്ഠാസമ്മിശ്രമായ ഒരു അസ്വാസ്ഥ്യം അംകുരിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

"ശരി; ഇനിയിപ്പോൾ യാതൊരു നിവൃത്തിയുമില്ലല്ലോ. ഇവിടെ നിന്നും സ്വവർണ്ണാലയത്തിലേക്കുള്ള വഴി ഏതാണു?"

അധികാരി:—"ഈ റോഡിൽക്കൂടി നേരേനടന്നാൽ മതി. മുക്കാൽ നാഴിക ചെല്ലുമ്പോൾ ഒരു തെരുവുകാണാം. ആ തെരുവിൽക്കൂടി ഏകദേശം കാൽനാഴിക ചെന്നാൽ അതിഥിമന്ദിരത്തിൻെറ പടിക്കൽ ചെല്ലും."

നാസർ ഉദീൻ യാതൊരക്ഷരവും മിണ്ടാതെ നടന്നുതുടങ്ങി. ആ രാത്രി തിമിരാവൃതമായിരുന്നു. രാജപാതയിൽ രണ്ടുപുറവും നിന്നിരുന്ന അശ്വത്ഥവൃക്ഷങ്ങൾ രജനിയുടെ കാർഷ്ണ്യത്തെ ഒന്നുകൂടി വർദ്ധിപ്പിച്ചു. രാജപാതയിലെ വിളക്കുകൾ മങ്ങിയ വെളിച്ചത്തോടുകൂടി ഒന്നിനൊന്നു വളരെ അകലത്തായിട്ടാണു സ്ഥിതിചെയ്തിരുന്നതു്. അപത്തിനെപ്പററിയുള്ള ശങ്ക അദ്ദേഹത്തെ ബാധിച്ചു. മഹാരാജ്ഞിയുടെ എഴുത്തു് അദ്ദേഹത്തിൻെറ കൈയിൽ ഉണ്ടായിരുന്നു. വൃദ്ധനായ ഫിറോസ്ഖാനോ ഇബ്രാഹിംസയ്യദ്ഖാനോ തൻെറ സമീപത്തുണ്ടായിരുന്നെങ്കിലോ എന്നു് അദ്ദേഹം ആശിച്ചു.

ഒരു മനുഷ്യനു് ആപൽശങ്കയുണ്ടായാൽ വാസ്തവത്തിൽ ആപത്തു നേരിടുമോ എന്നുള്ള ചിന്തയ്ക്കു വശംവദനാകാതെ ഭീരുതയെ അകലെയാക്കി വിപത്തിനെ നേരിടാൻ സന്നദ്ധനാവുകയാണു വേണ്ടതു്. ഈ നിയമമനുസരിച്ചു് പ്രവർത്തിച്ചിരുന്നു എങ്കിൽ തനിക്കുനേരിട്ട അഹിതസംഭവത്തെ ഒഴിക്കുന്നതിനോ അല്ലെങ്കിൽ അതിനെ ധൈര്യസമേതം എതിർക്കുന്നതിനു തൻെറ കൈത്തോക്കിനെ സന്നദ്ധമാക്കി വെച്ചുകൊണ്ടിരിക്കുന്നതിനെങ്കിലുമോ നാസർഉദീനു സാധിക്കുമായിരുന്നു. എന്നാൽ അദ്ദേഹം പ്രാരംഭത്തിൽതന്നെ ചഞ്ചലഹൃദയനായിത്തീർന്നിരുന്നു. തൻെറ ഭയങ്ങളെ ദൂരെനീക്കുന്നതിനു് അദ്ദേഹം ഉറച്ച അവസരത്തിൽ സമീപത്തായി ചിലശബ്ദങ്ങൾ കേൾക്കു

പ്പെട്ടു. വഴിയരികിലുള്ള അശ്വത്ഥവൃക്ഷങ്ങളുടെ നിഴലിൽ രണ്ടു മൂന്നു രൂപങ്ങൾ അദ്ദേഹം കണ്ടു. ഒരുനിമിഷം കഴിഞ്ഞു് രാമബാണം പോലെ ആ രൂപങ്ങൾ അദ്ദേഹത്തിൻെറ നേരേപാഞ്ഞു. അവരുടെ കൈയിൽനിന്നു് ഒഴിയാനായി അദ്ദേഹം മുന്നോട്ടു കുതിച്ചു. കാൽനാഴിക ദൂരത്തു് നഗരത്തിലെ വിളക്കുകൾ കാണപ്പെട്ട സ്ഥലത്തേക്കു് അദ്ദേഹം വേഗത്തിൽ പാഞ്ഞു. ഇരുപതടി ദൂരം പോയപ്പോൾ നാസർ ഉദീൻ ഏന്തോ ഒരു സാധനത്തിൽ തട്ടിത്തടഞ്ഞുവീണു. റോഡിനെതിരെയായി ശത്രുക്കൾ ഒരു കയറിട്ടിരുന്നതിൽ തട്ടിയാണു് അദ്ദേഹം വീണതു്. അദ്ദേഹം വീണ ഉടൻ ഇരുവശത്തും ഓരോ ആൾ ഓടിഎത്തി കയറു് അദ്ദേഹത്തിൻെറ പുറത്തുകൂടി ബന്ധിക്കപ്പെട്ടു. ഈവിധം നാസർഉദീൻ കമഴ്ന്നുകിടന്ന കിടപ്പിൽതന്നെ കിടന്നു. രണ്ടുപേർ അദ്ദേഹത്തിൻെറ രണ്ടുകയ്യുകളും പിടിച്ചിരുന്നു. ഉടനെ ആരോ ഇങ്ങിനെ പറഞ്ഞു:—

"അയാളെ ഒന്നു മലത്തണം."

ഈ സ്വരം നാസർ ഉദീൻെറ സംശയത്തെ സ്ഥിരപ്പെടുത്തി. അതു് ജലാലുദീൻേറതാണെന്നു നാസർഉദീൻ അറിഞ്ഞു.

അവർ അദ്ദേഹത്തെ ബലം പ്രയോഗിച്ചു മലത്തി. ഈ അവസരത്തിൽ അദ്ദേഹത്തിനു് ഒരു തരംകിട്ടി. അദ്ദേഹം സ്വബലം മുഴുവൻ പ്രയോഗിച്ചു് പിടഞ്ഞെഴുന്നേററു് പരിപന്ഥികളേ തള്ളി. അവർ ദൂരെ തെറിച്ചു. എന്നാൽ സമീപത്തുതന്നെ തൻെറ കണ്ണിൽപ്പെടാതെ നിന്നിരുന്ന മറെറാരാൾ പെട്ടെന്നു് അദ്ദേഹത്തിൻെറ മേൽ ചാടി. വീണ്ടും നാസർ ഉദീൻ അശരണനായി കിടന്നു. ബലമേറിയ ഒരു കരം തൻെറ കണ്ഠത്തേ പിടികൂടിയിരിക്കുന്നതായി അദ്ദേഹം കണ്ടു. നാസർ ഉദീൻെറ മാറത്തിരുന്ന ആൾ കുനിഞ്ഞു് അദ്ദേഹത്തിൻെറ മുഖത്തുനോക്കി. ഇരുട്ടിനിടയിൽ അസ്പഷ്ടമായിട്ടാണെങ്കിലും ഉസ്മാൻ ഖാൻെറ പൈശാചികമായ മന്ദഹാസത്തോടുകൂടിയമുഖം അദ്ദേഹം കണ്ടു. ഉസ്മാൻ ശ്രമംകൊണ്ടു കിതയ്ക്കുന്നുണ്ടായിരുന്നു. തന്നെ നാസർ ഉദീൻ അറിഞ്ഞു എന്നു് അദ്ദേഹത്തിൻെറ മുഖഭാവത്തിൽ നിന്നും മനസ്സിലാക്കിയപ്പോൾ ഉസ്മാൻഖാൻ വിജയകരമായി ഒന്നു മന്ദഹസിച്ചു.

ഉടനെ ജലാലുദീൻ ഇങ്ങിനെ ചോദിക്കുന്നതായി കേൾക്കപ്പെട്ടു.

"അയാൾ കൊണ്ടുവന്ന പെട്ടിഎവിടെ?"

ഉസ്മാൻ:—"മഠയാ അതു് അയാളുടെ ഉടുപ്പിനുള്ളിലുണ്ടായിരിക്കും.

നിങ്ങൾ അയാളെ ബലമായി പിടിച്ചുകൊള്ളൂ. ഞാൻ പരിശോധിക്കാം."

അദ്ദേഹത്തിൻെറ കൈകൾ വീണ്ടും ഇരുപുറവും ബന്ധിക്കപ്പെട്ടു. ഉസ്മാൻെറ ഇടതുകൈ നാസർ ഉദീൻെറ കണ്ഠത്തെ വിട്ടില്ല. അയാളുടെ വലതുകൈ മഹാരാജ്ഞിയുടെ കാര്യദർശിയുടെ കഞ്ചുകത്തിനുള്ളിൽ കടന്നു വിഹരിച്ചുതുടങ്ങി. അദൃശ്യമായി കൈത്തോക്കകണ്ടു. നിന്ദാസൂചകമായ ഒരു ചിരിയോടുകൂടി ഉസ്മാൻ അതിനെ വലിച്ചെടുത്തു ജലാലുദീൻെറ കൈയിൽ കൊടുത്തു. അതിൻശേഷം അയാൾ പെട്ടിയിൽ കൈവച്ചു. നയനങ്ങളിൽ ഉൽഭൂതമായ ഒരു പ്രകാശത്തോടുകൂടി അയാൾ അതിനെ എടുത്തു. തൻെറ കാൽമുട്ടിനെ നാസർ ഉദീൻെറ മാറോടുചേർത്ത് അമർത്തിയുംകൊണ്ട് കഴുത്തിൽനിന്നും കൈ എടുത്ത് ഉസ്മാൻ പെട്ടിപൊളിച്ചു.

"ഒരു വെളിച്ചം തരൂ" എന്ന് അയാൾ ഉത്സാഹഭരിതനായി പറഞ്ഞു. ഘാതകന്മാരിൽ ഒരുവൻ ഒരു വിളക്കകൊണ്ടുവന്നു. ഉസ്മാൻ പെട്ടിതുറന്ന് അതിൽ അടങ്ങിയിരുന്ന സാധനം കണ്ടപ്പോൾ ഒന്നു ചിരിച്ചുകൊണ്ട് അതിനെ തൻെറ കുപ്പായക്കീശയിൽ തള്ളി.

ജലാലു:—"വേഗം! വേഗം! നാം ആവശ്യപ്പെട്ടതു നമുക്ക കിട്ടി. വല്ലവരും വരും!"

ഈ വാക്കുകൾ നാസർ ഉദീനെ അല്പം ആശ്വസിപ്പിച്ചു. പെട്ടി നഷ്ടപ്പെടുന്നത് ഒരു വലിയ വിപത്താണെങ്കിലും എഴുത്ത് ശത്രുഹസ്തത്തിൽ അകപ്പെടാതിരുന്നാൽ അത് ഒരു വലിയ ഭാഗ്യമായി അദ്ദേഹം കരുതി. എന്നാൽ ഉസ്മാൻ ജലാലുദീൻെറ വാക്കുകളെ ചെവിക്കൊണ്ടില്ല.

"നമുക്ക് ഇയ്യാളെ ഒന്നുകൂടി പരിശോധിക്കണം."

ഇങ്ങനെ പറഞ്ഞുകൊണ്ട് ഉസ്മാൻ വീണ്ടും നാസർ ഉദീൻെറ ദേഹപരിശോധന തുടങ്ങി. മഹാരാജ്ഞിയുടെ വിശ്വസ്തസേവകൻെറ ആശ മുഴുവൻ അസ്തമിച്ചു. എഴുത്തും ശത്രുക്കളുടെ കൈയിൽ അകപ്പെടുമെന്ന് അദ്ദേഹം ഭയന്നു.

അടുത്ത നിമിഷത്തിൽ ഉസ്മാൻ അതു വെളിയിൽ എടുത്തു. വിളക്ക പിടിച്ചുകൊണ്ടു നിന്നിരുന്നവനെ അടുത്തുവിളിച്ച് അയാൾ എഴുത്തു വായിക്കാൻ തുടങ്ങി. ജലാലുദീൻെറ ബദ്ധപ്പാടിനെയോ

നാസർ ഉദ്ദീൻെറ കോപകലുഷങ്ങളായ നോട്ടങ്ങളേയോ വകവയ്ക്കാതെ നേത്രങ്ങളിൽ താണ്ഡവം ചെയ്യുന്ന പരമാനന്ദത്തോടുകൂടി ഉസ്മാൻ സാവധാനം എഴുത്തു വായിച്ചു.

ജലാലുദ്ദീൻ അയാളുടെ തോളിൽ കൈവച്ചു വേഗം! ഉസ്മാൻ വേഗം! എന്നു അക്ഷമനായിപ്പറഞ്ഞു.

ഉസ്മാൻ:—"എന്നെ ഉപദ്രവിക്കാതിരിക്കണേ. വളരെക്കാലമായി ഇത്രയും നേരമ്പോക്കുള്ള ഒരുവക ഞാൻ വായിച്ചിട്ടില്ല."

നാസർ ഉദ്ദീൻ കോപത്താൽ ഭ്രാന്തചിത്തനായി. അദ്ദേഹത്തിൻെറ ക്രോധം അദ്ദേഹത്തിനു നൂതനമായ ബലത്തെ പ്രദാനംചെയ്തു. ലേഖനപഠനത്തിൽ ഉള്ള അത്യുല്ലാസംമൂലം ഉസ്മാൻഇതരകാര്യങ്ങളിൽ അശ്രദ്ധനായി. നാസർ ഉദ്ദീൻെറ വക്ഷഃപ്രദേശത്തു ഉറപ്പിക്കപ്പെട്ടിരുന്ന അയാളുടെ കാൽമുട്ട് സ്ഥാനത്തുനിന്നും അല്പം ഇളകി. ഇതുകൂടാതെ സ്വല്പനേരത്തേക്ക് അയാൾ പുറകിൽ തിരിഞ്ഞു നോക്കുകയും ചെയ്തു. നാസർ ഉദ്ദീനു് ഒരു അവസരം ലഭിച്ചു. വളരെ ഊക്കോടുകൂടി ഉസ്മാനെ പുറകോട്ടു തള്ളിക്കൊണ്ടു് അദ്ദേഹം ചാടിയെഴുന്നേററു തൻെറ ദക്ഷിണഹസ്തത്തെ ബന്ധിച്ചിരുന്നവരിൽനിന്നും ബലേന അതിനെ മോചിപ്പിച്ചുകൊണ്ടു മുന്നോട്ടു ചാടി അദ്ദേഹം എഴുത്തിൽ പിടികൂടി. ഉസ്മാൻ അമ്പരന്നു വളരെ സാമത്ഥ്യത്തോടുകൂടി പുറകോട്ടൊഴിഞ്ഞു. തൻെറ ഇടതുകയ്യിൽ പിടിച്ചിരുന്ന ഒരു കക്ശത്രുവിനെ തള്ളിയിട്ടിട്ടു് അദ്ദേഹം വീണ്ടും മുന്നോട്ടു കുതിച്ചു് ഉസ്മാൻഖാൻെറ നേരെ ചെന്നു. ഉസ്മാൻ അതിവേഗത്തിൽ ഒഴിഞ്ഞു് വിളക്കുപിടിച്ചിരുന്നവൻെറ പുറകിൽ എത്തി അയാളെ തള്ളി നാസർഉദ്ദീൻെറ ദേഹത്തേക്കു മറിച്ചു; വിളക്കു താഴെ വീണു.

ഉസ്മാൻ:—"നിങ്ങളുടെ വടി ഇങ്ങുതരൂ! അതെവിടെ? അതു ശരി!"
അടുത്തതായി ജലാലുദ്ദീൻ ഇങ്ങനെ പറയുന്നതായി കേൾക്കപ്പെട്ടു.

"ഉസ്മാൻ, നിങ്ങൾ അയാളെ കൊല്ലുകയില്ലെന്നു എന്നോടു സത്യം ചെയ്തിട്ടില്ലേ?"

ഇതിനുത്തരം ഭയങ്കരമായ ഒരു ചിരിയായിരുന്നു. തൻെറനേരെ തള്ളപ്പെട്ട ആളെ നാസർ ഉദ്ദീൻ വലിച്ചു ദൂരെ എറിഞ്ഞു എന്നിട്ട് അദ്ദേഹം മുന്നോട്ടുചാടി. ഉസ്മാൻെറ കൈകൾ ഉയൎന്നു. ഒരു വലിയ

ഗദ ആകാശത്തിലേക്കു പൊങ്ങുന്നതു നാസർഉദീൻ കണ്ടു. പിന്നീടു ണ്ടായതിനെ സംബന്ധിച്ച് ഒന്നും അദ്ദേഹത്തിനു നല്ല അറിവുണ്ടായില്ല. ഉസ്മാൻെറ അധരത്തിൽനിന്നു ഒരു ശപഥവചനം പുറപ്പെട്ടു. അയാൾ മുമ്പോട്ടു പാഞ്ഞു. ആരോ അയാളെ പിടിച്ചുനിറുത്താൻ ശ്രമിച്ചതിൻെറ ഫലമെന്നതുപോലെ ഒരു ചെറിയ മൽപ്പിടിത്തം അവിടെ നടന്നു. ഉസ്മാൻ നാസർ ഉദീൻെറ നേരെ അണഞ്ഞു. അദ്ദേഹത്തിൻെറ ശിരസ്സിൽ എന്തോ ഊക്കോടുകൂടി അടിക്കുന്നതായി അദ്ദേഹം അറിഞ്ഞു. അദ്ദേഹം മിക്കവാറും ബോധരഹിതനായി. ശിരസ്സിൽ ദുസ്സഹമായ വേദനയോടുകൂടി അദ്ദേഹം മലർന്നുവീണു. കുറെ ആളുകൾ തൻെറ ചുററും കൂടിനില്ക്കുന്നതായി അദ്ദേഹത്തിനു തോന്നി.

ഉസ്മാൻ ചിരിക്കുന്നതു നാസർ ഉദീൻ കേട്ടു. അയാൾ വീണ്ടും ഗദ ഉയർത്തി. ജലാലുദീൻ അയാളുടെ അരയ്ക്കു പിടികൂടി അയാളെ പിന്നോട്ടു വലിച്ചു. ഏറെത്താമസിയാതെ അവരുടെ സംഭാഷണം നിന്നു. അവരുടെ രൂപങ്ങൾ നാസർ ഉദീൻെറ കണ്ണുകളിൽ അസ്പഷ്ടങ്ങളായി പതിച്ചു.

എന്നാലും അദ്ദേഹത്തിൻെറ ബോധം അദ്ദേഹത്തിനെ മീരെ ഉപേക്ഷിച്ചില്ല. ഒരു ശക്തിയേറിയ സ്വരം ഇങ്ങിനെ പറയുന്നത് അദ്ദേഹം കേട്ടു. "ഞാൻ അവൻെറ കഥകഴിക്കും!" അതിനൊതുടന്നു "അതു പാടില്ല! പാടില്ല!" എന്നു വേറൊരാൾ പറയുന്നതും നാസർ ഉദീൻെറ ശ്രോത്രങ്ങളിൽ എത്തി.

"അതെന്താ!" എന്നു വീണ്ടും ആരോ ചോദിക്കുന്നതായി കേൾക്കപ്പെട്ടു. ഇതിനെത്തുടർന്നു പാദങ്ങളുടെ തെരുതെരെയുള്ള പതനശബ്ദവും, കോപസൂചകമായ അട്ടഹാസങ്ങളും ശപഥവചനങ്ങളും ഒരു ചെറിയ സമരത്തിൻെറ ധ്വനിയും അവിടെ കേൾക്കപ്പെട്ടു. അല്പം കഴിഞ്ഞു കുറെ ആളുകൾ ഓടുന്ന ശബ്ദം നാസർഉദീൻ കേട്ടു. അതെന്തെന്നുതിരിച്ചറിയാനുള്ള ശക്തി അദ്ദേഹത്തിന് അപ്പോൾ ഇല്ലായിരുന്നു. ഈ ശബ്ദങ്ങൾ ശാന്തമാകാത്തതെന്തെന്നു അദ്ദേഹം തന്നത്താൻ ചോദിച്ചു. നിശ്ശബ്ദതയായിരുന്നു അപ്പോൾ അദ്ദേഹത്തിനു ആവശ്യമുണ്ടായിരുന്നത്. ഒടുവിൽ ആ ശബ്ദം ക്രമേണ ശമിച്ചു. തലയിൽ ഉള്ള വേദനയും കുറഞ്ഞു. അദ്ദേഹം ഉറങ്ങി.

——:჻:——

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

## മൂന്നാം അദ്ധ്യായം.

### വീണ്ടും ചന്ദ്രഗിരിയിലേയ്ക്കു്.

അദ്ദേഹത്തിനു് സ്വപ്നംപോലെ തോന്നിയ സംഗതികളെല്ലാം മിക്കവാറും വാസ്തവമായിരുന്നു. ആ ചെറിയയുദ്ധം, ആളുകളുടെകൊട്ടം, ഇവയൊന്നും വെറും സ്വപ്നം അല്ലായിരുന്നു. നാസർ ഉദീൻെറ ശിരസ്സിനെ ലക്ഷ്യമാക്കി രണ്ടാമതും പ്രഹരിക്കുന്നതിനു് ഉസ്മാൻ ഗദ ഉയർത്തിയപ്പോൾ, ഒരു മാന്യനായ പൌരൻ ബലിഷ്ഠന്മാരായ മൂന്നുനാലു അനുയായികളോടുകൂടി തൻെറ വണ്ടിയിൽ കയറി അവിടെ വരുന്നതിനിടയായി. അവിടെ ആൾ കൂടിനിൽക്കുന്നതുകണ്ടു്, ആ പൌരനും അനുചരന്മാരും വണ്ടിയിൽനിന്നിറങ്ങി അവരുടെ നേരേ പാഞ്ഞു. തസ്കരന്മാരിൽ ഒരുവൻ, തൻെറ കൂട്ടുകാരെ പ്രോത്സാഹിപ്പിച്ചു് അവരോടു് എതിർക്കുവാൻ ശ്രമിച്ചു എന്നാൽ അവൻെറ സ്നേഹിതന്മാർ ബുദ്ധിപൂർവ്വം പ്രവർത്തിച്ചതേ ഉള്ളു. തങ്ങളുടെ കൂട്ടുകാരനെ വലിച്ചിഴച്ചുംകൊണ്ടു് അവർ അവിടെനിന്നും അതിവേഗത്തിൽ പലായനം ചെയ്തു. നാസർ ഉദീൻെറ നൂതനസ്നേഹിതന്മാർ അല്പം മധുരമദ്യം അദ്ദേഹത്തിൻെറ വായിൽ ഒഴിച്ചുകൊടുത്തു. അതു് ഉള്ളിൽ ചെന്നപ്പോൾ അദ്ദേഹം കണ്ണുതുറന്നു. തൻെറ ബുദ്ധിതെളിഞ്ഞു താൻ എവിടെയാണു കിടക്കുന്നതെന്നുള്ള അറിവുണ്ടായപ്പോൾ നാസർ ഉദീൻ ബദ്ധപ്പെട്ടു ഇങ്ങനെ വീണ്ടും വീണ്ടും പറഞ്ഞു. "സ്വവർണ്ണാലയം അതിഥിമന്ദിരത്തിലേയ്ക്കു്! സ്വവർണ്ണാലയത്തിലേയ്ക്കു്! എന്നെ സ്വവർണ്ണാലയം അതിഥിമന്ദിത്തിൽ കൊണ്ടുചെന്നാക്കുന്നവക്കു് ഞാൻ ഇരുപതു സ്വർണ്ണനാണയം സമ്മാനമായി തരാം."

നാസർ ഉദീൻ സ്വകത്തവ്യം നല്ലപോലെ അറിഞ്ഞ ആളാണെന്നുകണ്ടു് ആ വഴിപോക്കർ അദ്ദേഹത്തെ എടുത്തു അവരുടെ വണ്ടിയിൽ കിടത്തി ഇബ്രാഹിംസയ്യദ്ഖാൻ കാത്തിരുന്ന അതിഥിമന്ദിരത്തിലേക്കു തിരിച്ചു. മഹാരാജ്ഞിയുടെ എഴുത്തിനെ ശത്രുക്കളുടെ കൈയിൽ അകപ്പെടത്തക്കവണ്ണം ആക്കിയ തൻെറ മൂഢത്വത്തെപ്പററി ഉടൻ ഇബ്രാഹിംസയ്യദ്ഖാനെ അറിയിക്കണമെന്നുള്ള ഏകവിചാരം മാത്രമേ നാസർ ഉദീൻെറ ഹൃദയത്തിൽ ഉണ്ടായിരുന്നുള്ളു.

സയ്യദ്ഖാൻ അതിഥിമന്ദിരത്തിൽ ഉണ്ടായിരുന്നു. നാസർ ഉദീനെ കാത്തു് അദ്ദേഹം പടിക്കൽതന്നെ നില്ക്കയായിരുന്നു. വഴിപോ

ക്കർ നാസർഉമീനെ എടുത്തുകൊണ്ട് അതിഥിമന്ദിരത്തിന്റെ പടിക്കൽ ചെന്നപ്പോൾ സയ്യദ്ഖാന്റെ ഋജ്വായതമായ ശരീരവും കൃഷ്ണമായ കേശവും ദീപപ്രകാശത്തിൽ പ്രശോഭിക്കുന്നതായി അദ്ദേഹം കണ്ടു. അദ്ദേഹം കൈനീട്ടിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു.

"അത് എന്റെ കൈയിൽ നിന്നുപോയി."

ഈ വാക്കുകൾകേട്ട് സയ്യദ്ഖാൻ ഒന്നു ഞെട്ടി. മുന്നോട്ടു ചാടി. അദ്ദേഹം നാസർഉമീനെ എടുത്തുകൊണ്ടു പടിക്കുള്ളിൽ കടന്നു. ഇതിനകം നാസർഉമീന്റെ ബോധക്ഷയം പാടേ നീങ്ങിയിരുന്നു. ഇബ്രാഹിം അദ്ദേഹത്തെ എടുത്തുമാളികയുടെമുകളിൽ കൊണ്ടുപോയി ഒരു ചാരുകസാലയിൽ കിടത്തി സമീപത്തുതന്നെ നിന്നു. സയ്യദ്ഖാൻ മന്ദഹസിക്കുന്നുണ്ടായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ വിശാലനേത്രങ്ങളിൽ ഉൽക്കണ്ഠ പ്രസ്പഷ്ടമായി കാണപ്പെട്ടു.

മഹാരാജ്ഞിയുടെ കാര്യദർശിക്കു വളരെ ക്ഷീണമുണ്ടായിരുന്നു എങ്കിലും അദ്ദേഹം തന്റെ കഥ ചുരുക്കത്തിൽ പറഞ്ഞു സ്നേഹിതനെ ധരിപ്പിച്ചു. നാസർ ഉമീൻ എഴുത്തിന്റെ കാര്യം പറയുന്നതുവരെ ഇബ്രാഹിം യാതൊരു ചാഞ്ചല്യവും പ്രകടിപ്പിച്ചില്ല. അക്കാര്യം കേട്ടപ്പോൾ അദ്ദേഹത്തിന്റെ മുഖഭാവം മാറി.

"ഒരെഴുത്തുംകൂടിയുണ്ടോ" എന്ന് അദ്ദേഹം ഉറക്കെ ചോദിച്ചു.

നാസർ:---"അതെ ഒരെഴുത്തും ഉണ്ട്. അതും പെട്ടിയും ഞാൻ കൊണ്ടുവന്നിരുന്നു. എന്നാൽ അതു രണ്ടും എന്റെ കൈയിൽ നിന്നും നഷ്ടപ്പെട്ടു. ഉസ്മാൻ അതു കൈക്കലാക്കി."

നാസർ ഉമീന്റെ ക്ഷതമേററ ശിരസ്സ് വീണ്ടും അതികഠിനമായി നൊന്തുതുടങ്ങി. സയ്യദ്ഖാൻ ഒരു മണിയടിച്ചു. ഉടൻതന്നെ മദ്ധ്യവയസ്കനായ ഒരു വാമനാകാരൻ പ്രത്യക്ഷപ്പെട്ടു. ഇബ്രാഹിം പറഞ്ഞു.

"കാദർ! ഇദ്ദേഹത്തിന്റെ തലയ്ക്ക് ഒരു മുറിവുപററി. വേഗം അതു കഴുകി മരുന്നുവെച്ചുകെട്ടണം."

കാദർ വെളിയിൽകടന്നു. രണ്ടുനിമിഷത്തിനുള്ളിൽ തുണികളും ചില പാത്രങ്ങളും വെള്ളവുമായി അയാൾ തിരിച്ചെത്തി. രോഗിയുടെ സമീപത്തുചെന്ന് വളരെ കരുണയോടുകൂടി മുറിവുകഴുകി അതി

വേഗത്തിൽ തുണികൊണ്ടു പൊതിഞ്ഞുകെട്ടി. സമീപത്തുതന്നെ നടന്നുകൊണ്ടിരുന്ന സയ്യദ്ഖാൻ ഒടുവിൽ ഇങ്ങനെ ചോദിച്ചു.

"തീർന്നോ കാദർ?"

"അടിയൻ" എന്നു കാദർ ഉത്തരം പറഞ്ഞു "എന്നാൽ എഴുത്തെഴുതാനുള്ള സാമാനങ്ങൾ കൊണ്ടുവരു."

കാദർ വെളിയിൽപോയി, നിമിഷത്തിനുള്ളിൽ പ്രഭുവിൻെറ കല്പനയനുസരിച്ചുള്ള സാധനങ്ങളുംകൊണ്ട് പ്രത്യക്ഷനായി.

ഇബ്രാ:—"ഞാൻ മണിഅടിക്കുമ്പോൾ വരണം. വെളിയിൽ നില്ക്കൂ." (നാസർഉദ്ദീനേനോക്കി) "അവരുടെ കൌശലം എനിക്കു മനസ്സിലായി. അവരിലൊരുത്തൻ, ഉസ്മാനോ ജലാലുദ്ദീനോ, ആ എഴുത്തുംകൊണ്ട് സുൽത്താൻെറ മുമ്പിൽ പ്രവേശനം ലഭിക്കാൻ ശ്രമിക്കും.

നാസർഉദ്ദീൻ ചാടിഎഴുന്നേററു.

"അവരെ അതിലേക്ക് അനുവദിക്കരുത്" എന്നു പറഞ്ഞുകൊണ്ടു തലയിൽ ഉണ്ടായ വേദനയുടെ കാഠിന്യത്താൽ അദ്ദേഹം വീണ്ടും കസാലയിലേക്കു മലർന്നു.

"അവരെ തടുക്കാൻ വിചാരിച്ചാൽ കഴിയും. ആ എഴുത്തിനെ അവർ മററാരുടെ കൈയിലും കൊടുത്തയയ്ക്കുകയില്ല നിശ്ചയം. അവർ രണ്ടുപേരിലാരെങ്കിലും കൊണ്ടുപോകയേ ഉള്ളൂ. ആരായിരിക്കും എഴുത്തുകൊണ്ടുപോകുന്നതെന്നു നിങ്ങൾക്ക് ഊഹിക്കാമോ?"

നാസർ ഉദ്ദീൻ അതു നിശ്ചയിക്കാൻ ശക്തനായില്ല. എന്നാൽ ജലാലുദ്ദീനായിരിക്കും എഴുത്തുകൊണ്ടു പോകുന്നതെന്ന് ഒരു വിചാരം അദ്ദേഹത്തിൻെറ ഹൃദയത്തിൽ തോന്നി. ഏതുസമയത്തും തിരുമുമ്പിൽ ചെല്ലത്തക്കവണ്ണം അയാളുടെ സ്ഥാനമാനങ്ങൾ അയാൾക്കു സഹായമായിത്തീർന്നിരുന്നു. അതുകൊണ്ട് അയാൾതന്നെ പോകുമെന്ന് അദ്ദേഹം തീർച്ചപ്പെടുത്തി.

ഇബ്രാ:—"പക്ഷേ എഴുത്തിൻെറ ഒരുപകർപ്പു കൊണ്ടുപോയാലുമായി. ഉസ്മാനോ ജലാലുദ്ദീനോ നാളെക്കാലത്തു നിശ്ചയമായും ഗോൽക്കണ്ടാനഗരത്തിലേക്കു പുറപ്പെടും. ഈ രാത്രിയിൽതന്നെ പുറപ്പെട്ടിട്ടില്ലേ എന്നും സംശയമുണ്ട്."

ഈ വാക്കുകളോടുകൂടി അദ്ദേഹം മേശയുടെ സമീപത്തിരുന്നു് എഴുതാൻ ആരംഭിച്ചു.

"നിങ്ങളും ഫിറോസ്ഖാനും തമ്മിൽ നിങ്ങളുടെ എഴുത്തുകൾ അന്യോന്യം അറിയത്തക്കവണ്ണം ഒരടയാളം കണ്ടുപിടിച്ചിട്ടില്ലേ?" എന്നു സയ്യദ്ഖാൻ ഒടുവിൽ ചോദിച്ചു.

നാസർ:—"ഉണ്ട്. നിങ്ങൾ എഴുതെഴുതു; ഞാൻ അടയാളം ഇടാം."

ഇബ്രാ:—ഇതാണ് ഞാൻ എഴുതീട്ടുള്ളതു്. "പ്രമാണം കൈവിട്ടുപോയി. നിവൃത്തിയുണ്ടെങ്കിൽ ആരെയും അദ്ദേഹത്തെ കാണാൻ അനുവദിക്കരുത്. കാണാൻ ആവശ്യപ്പെടുന്ന ആൾ ആരെന്നു ഉടൻ അറിയിക്കണം."

നാസർഉദീൻ എഴുത്തിൽ അടയാളം ഇട്ടു. സയ്യദ്ഖാൻ മണിയടിച്ചു ഉടൻ കാദർ അകത്തുപ്രവേശിച്ചു.

ഇബ്രാ:—"ഈ എഴുത്തിനെ ഉടൻതന്നെ തപാൽ അഫീസിൽ എത്തിക്കണം. ഇപ്പോൾതന്നെ ഇതു ചന്ദ്രഗിരിയിൽ എത്തിക്കത്തക്കവണ്ണം ഏല്പാടുചെയ്യണം. വേണ്ട പണവുംകൊണ്ടുപൊയ്ക്കൊള്ളു."

(നാസർ ഉദീനെ നോക്കി.)

"നിങ്ങൾ സുഖമായി ഉറങ്ങണം."

താൻ എന്തുത്തരം പറഞ്ഞു എന്നു നാസർഉദീൻ അറിഞ്ഞില്ല. എന്തെന്നാൽ ബോധക്ഷയം വീണ്ടും അദ്ദേഹത്തെ ബാധിച്ചു. ഇബ്രാഹിംസയ്യദ്ഖാൻ തന്നെ എടുത്തു കിടക്കയിൽ കിടത്തിയതുമാത്രം അദ്ദേഹത്തിനു ഓർമ്മയുണ്ട്.

അടുത്തദിവസം കാലത്തു് എട്ടുമണിക്ക് കാദർ മുറിയിൽ പ്രവേശിച്ചു നാസർഉദീനെ ഉണർത്തി. ഒരു നാഴികയ്ക്കകം ഒരു വൈദ്യൻ വരുമെന്നും അരനിമിടയിൽ സൌകര്യമുള്ള പക്ഷം തന്റെ യജമാനനു് അദ്ദേഹത്തെക്കണ്ടാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടെന്നും കാദർ അദ്ദേഹത്തെ അറിയിച്ചു. അയാളുടെ യജമാനനെ ഉടൻ വിളിച്ചുകൊണ്ടുവരുവാൻ നാസർഉദീൻ പറഞ്ഞു.

ഇബ്രാഹിംസയ്യദ്ഖാൻ മുറിയിൽ പ്രവേശിച്ചു. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—"എന്റെ പഴയ സ്നേഹിതാ! ഫിറോസ്ഖാന്റെ മറുപടി കിട്ടി. ജലാലുദീൻ ഉസ്മാനുമായി കാലേകൂട്ടി ആലോ

ചിച്ച് ഈ മോഷണം നടത്താൻ തീർച്ചപ്പെടുത്തിയതാണ്. എന്തെന്നാൽ അയാറം ഗോൽക്കണ്ടാനഗരം വിടുന്നതിനു മുൻപുതന്നെ തിരുമേനിയെ മുഖംകാണിക്കണമെന്നാവശ്യപ്പെട്ടു."

നാസർ ഉദീൻ മുട്ടുകുത്തി എഴുന്നേററു് കിടക്കയിൽതന്നെ ഇരുന്നു. സയ്യദ്ഖാൻ തുടർന്നു പറഞ്ഞു:—

"മനസ്സിലായോ? അയാറം തിങ്കളാഴ്ച ഗോൽക്കണ്ടാവിട്ടു. ഇന്നു ബുധനാഴ്ചയാണ്. വെള്ളിയാഴ്ച നാലുമണിക്കു തിരുമേനിയെക്കാണ്മാൻ ജലാലുദീന് അനുവാദം കൊടുത്തിട്ടുണ്ടു്. അപ്പോറം—

നാസർ:—"അവർ വിചാരിച്ച കാര്യം വിജയകരമായി സാധിക്കും. എഴുത്തു ജലാലുദീൻെറ കയ്യിലുണ്ടു്.

സയ്യദ്:—"ഉസ്മാനെ എനിക്കറിഞ്ഞുകൂടെ. എഴുത്തിൻെറ പകപ്പു മാത്രമേ അയാറം കൊടുത്തയയ്ക്കുകയുള്ളു. നിവൃത്തിയുണ്ടെങ്കിൽ മുപ്പതുനാഴികനേരത്തേയ്ക്കു ജലാലുദീനെ സുൽത്താൻെറ സന്നിധിയിൽ പ്രവേശിപ്പിക്കരുതെന്നും, ഇല്ലാത്തപക്ഷം സുൽത്താനെ ചന്ദ്രഗിരിയിലേക്കു കൊണ്ടുപോകണമെന്നും ഞാൻ ഫിറോസ്ഖാനു് എഴുതാൻ പോകയാണ്."

നാസർ:—"ഏതായാലും എപ്പോഴെങ്കിലും ജലാലുദീൻ സുൽത്താനെ കാണുമല്ലോ."

സയ്യദ്:—"എപ്പോഴെങ്കിലും! അതുകൊണ്ടെന്താ."

ഈ വാക്കുകളോടുകൂടി അദ്ദേഹം നാസർഉദീൻെറ സമീപത്തിരുന്ന് ഇങ്ങനെ പറഞ്ഞു:—"നിങ്ങറക്ക് ഒന്നുരണ്ടു ദിവസത്തേക്കു അനങ്ങാൻ വയ്യല്ലോ. നിങ്ങറ ഫിറോസ്ഖാനു് എഴുതണം. അവിടെ നടക്കുന്ന സംഭവങ്ങളെല്ലാം ഉടനുടൻ നിങ്ങളെ അറിയിക്കാൻ പറയണം. നിങ്ങറക്കു യാത്രചെയ്യത്തക്കവണ്ണം സുഖം ഉണ്ടായാൽ നേരെ ഗോൽക്കണ്ടായിൽ എത്തി ആ വിവരം ഫിറോസ്ഖാനെ തെര്യപ്പെടുത്തണം, നിങ്ങളുടെ സഹായം ഞങ്ങറക്ക് വേണ്ടിവരും."

നാസർ:—"നിങ്ങറ ഇപ്പോറം എന്തുചെയ്യാൻ പോകുന്നു."

ഇബ്രാ:—"ഞാൻ ചന്ദ്രഗിരിയിലേക്കു പോകുന്നു."

നാസർ:—(അത്ഭുതപരവശനായി ഉച്ചത്തിൽ) "ചന്ദ്രഗിരിയിലേക്കോ?"

ഇബ്രാ:—"അതേ; ഞാൻ ചന്ദ്രഗിരിയിലേയ്ക്കുപോകയാണ്. ഒന്നുകിൽ ഞാൻ ജലാലുദ്ദീനുമുമ്പ് അവിടെ എത്തും. അല്ലെങ്കിൽ അതി വേഗത്തിൽ അയാളുടെ പിന്നാലെ കൂടും. അയാൾ ആദ്യമായി അവിടെ എത്തുന്നപക്ഷം, ഞാൻ ചെല്ലുന്നതുവരെ ഫിറോസ് ഖാൻ അയാളേ താമസിപ്പിക്കും." (പൊട്ടിച്ചിരിച്ചുംകൊണ്ട്) "ഞാൻ അവിടെ എത്തിയാൽ അയാൾ ഒരിക്കലും സുൽത്താനെ കാണുന്നതല്ല. എന്തു്? സുൽത്താന്റെ രൂപസാമ്യം എന്നിൽ നിന്നുപോയിട്ടില്ലല്ലോ. ഇപ്പോഴും എനിക്കു സുൽത്താനായി അഭിനയിക്കരുതോ? അതേ, ഞാൻ നേരത്തിനു ചന്ദ്രഗിരിയിൽ എത്തിയാൽ അവിടെവെച്ചുതന്നെ ജലാലുദ്ദീന് സുൽത്താനെക്കാണാം. സുൽത്താൻ അയാളോടു വളരെ ദയവായി പെരുമാറും. എഴുത്തിന്റെ പകർപ്പ് സുൽത്താന്റെ കൈയിൽ കിട്ടുകയും ചെയ്യും. അതുകൊണ്ടു ഭയപ്പെടേണ്ട; പറഞ്ഞിട്ടുള്ളതുപോലെ തന്നെ, ചന്ദ്രഗിരിദുർഗ്ഗത്തിൽ വെച്ച് ജലാലുദ്ദീൻ സുൽത്താൻ ഇബ്രാഹിംഷായേക്കാണും."

തന്റെ ഉപായത്തേ നാസർ ഉദ്ദീൻ എങ്ങിനെ സ്വീകരിച്ചു എന്നറിവാനായി സയ്യദ്ഖാൻ അദ്ദേഹത്തിന്റെ മുഖത്തുതന്നെ നോക്കിനിന്നു. എന്നാൽ ഈ സാഹസത്തേപ്പററി ചിന്തിച്ച് നാസർ ഉദ്ദീൻ അശ്ചര്യഭരിതനായി പുറകോട്ടുവീണ് ദീർഘമായി ഒന്നു ശ്വസിച്ചതേ ഉള്ളു.

ഇബ്രാഹിമിന്റെ സ്തോഭം നീങ്ങി. അദ്ദേഹം വീണ്ടും പ്രശാന്തനായി ഇങ്ങിനെപറഞ്ഞു:—

"നിങ്ങൾക്കറിയാമല്ലോ. അവർ ഇപ്പോൾ രണ്ടുപേരുണ്ട്. ഉസ്മാനും ജലാലുദ്ദീനും. നിങ്ങൾക്ക് ഒന്നുരണ്ടു ദിവസത്തേയ്ക്ക് അനങ്ങാൻ നിവൃത്തിയില്ലെന്നു തീർച്ചയാണ്. നമ്മിൽ രണ്ടുപേരു ഗോൽക്കണ്ടയിൽ ഉണ്ടായിരിക്കണം. ജലാലുദ്ദീന്റെ ശ്രമം ഫലിച്ചില്ലെങ്കിൽ ഉസ്മാൻഖാൻ ഏതു വിധത്തിലും സുൽത്താന്റെ സന്നിധിയിൽ പ്രവേശിക്കും. അഞ്ചുനിമിഷനേരം, സുൽത്താനോടു സംസാരിക്കാൻ അയാളേ അനുവദിച്ചാൽ കാര്യമെല്ലാം വിപരീതമായി കലാശിക്കും. അതുകൊണ്ട് ഞാൻ ജലാലുദ്ദീനുമായി ഇടപെടുന്ന സമയത്ത് ഫിറോസ്ഖാൻ ഉസ്മാന്റെ ഗതിയേ സൂക്ഷിച്ചുകൊള്ളണം. നിങ്ങൾക്കു യാത്ര ചെയ്യാൻ ശക്തിയുണ്ടായാൽ ഉടൻ രാജധാനിയിൽ എത്തി വിവരം ഫിറോസ്ഖാന് അറിവുകൊടുക്കണം. നിങ്ങളേ ശുശ്രൂഷിക്കാൻ കാദറിനെ ഞാൻ ഏർപ്പാടുചെയ്തിട്ടുണ്ട്. അയാൾ വലിയ

ഉപകാരിയും വിശ്വസ്തനുമാണ്. ഞാൻ പോകുന്നതിനുമുമ്പ് ഒരിക്കൽകൂടി ഇവിടെ വരാം. നിങ്ങളുടെ ദേഹസ്ഥിതിയെപ്പററി വൈദ്യൻെറ അഭിപ്രായമെന്തെന്നറിയണം." ഇത്രയും പറഞ്ഞിട്ട് ഇബ്രാഹിം എഴുന്നേററുപോയി.

സയ്യദ്ഖാൻെറ ആപൽക്കരമായ സാഹസത്തെ ഓർത്ത് ക്ഷീണനായി നാസർ ഉദീൻ തൻെറ ശയ്യാതലത്തെ അവലംബിച്ചു. ഫിറോസ്ഖാൻെറ എഴുത്തിൽനിന്നും സയ്യദ്ഖാനുണ്ടായ ഊഹം തെററാണെന്നായിരുന്നു നാസർ ഉദീൻെറ ബോധം. എന്നാൽ കാര്യങ്ങൾ സയ്യദ്ഖാൻെറ ഊഹഗതി അനുസരിച്ചായിരുന്നു നടന്നത്. ഉസ്മാൻെറ പ്രവൃത്തിപദ്ധതി ഇബ്രാഹിം വിചാരിച്ചതുപോലെ ആയിരുന്നു. മഹാരാജ്ഞിയുടെ എഴുത്തിൻെറ ഒരു പകർപ്പോടുകൂടി ജലാലുദീൻ ചന്ദ്രഗിരിക്കു യാത്രചെയ്യുകയായിരുന്നു. ഉസ്മാൻഖാൻെറ ഭാവികർമ്മപദ്ധതിയെപ്പററി യാതൊരു അറിവും കൂടാതെ നാസർ ഉദീൻ, ആ യുവാവിൻെറ പൂർവ്വകൃത്യങ്ങളെപ്പററി ചിന്തിച്ചുകൊണ്ടു കിടന്നു. ബാൽബൻ ഉസ്മാൻെറ ചാരനായിരുന്നു എന്നും മററും അദ്ദേഹത്തിന് പിന്നീടു മനസ്സിലായി.

വൈദ്യൻെറ ആഗമനത്തോടുകൂടി നാസർ ഉദീൻെറ ചിന്താഗതിക്കു വിഘാതം നേരിട്ടു.

വൈദ്യൻ:—"രണ്ടുദിവസത്തേക്കു നിങ്ങൾ അനങ്ങരുത്. അതു കഴിഞ്ഞാൽ നിങ്ങളെ ഇവിടെ നിന്നു സുഖമായി അയയ്ക്കാമെന്ന് എനിക്കുതോന്നുന്നു."

നാസർ ഉദീൻ വൈദ്യനു നന്ദിപറഞ്ഞു. വൈദ്യൻ പോയ ഉടൻ ഇബ്രാഹിംസയ്യദ്ഖാൻ അവിടെ പ്രവേശിച്ചു.

ഇബ്രാ:—"എന്നാൽ ഞാൻ യാത്രയായി."

നാസർ:—"നിങ്ങൾക്ക് ആയുധം ഉണ്ടോ?"

ഇബ്രാ:—"ആറുവെടി തീരുന്ന എൻെറ തോക്കും ഒരു കത്തിയും ഉണ്ട്. നിങ്ങൾ രാജധാനിയിൽ എത്തിയാൽ ഉടൻ ഫിറോസ്ഖാന് അറിവുകൊടുക്കണം."

നാസർ:—"ഇവിടെ നിന്നും എഴുന്നേൽക്കാൻ ശക്തിയുണ്ടായാൽ ഉടൻ ഞാൻ അവിടെ എത്തും."

ഇബ്രാ:—"അത് നിങ്ങളോടു പ്രത്യേകിച്ചു പറയണമെന്നില്ല."

നാസർ:—"തപാൽ വണ്ടിയിറങ്ങിയാൽ ഉടൻ നിങ്ങഠം എവിടേയ്ക്കാണു പോകാൻ നിശ്ചയിച്ചിരിക്കുന്നതു്?"

ഇബ്രാ:—"കാട്ടിൽകൂടി ചന്ദ്രഗിരിയ്ക്കു്. നാളെ വ്യാഴാഴ്ച ഒൻപതു മണിയോടുകൂടി ഞാൻ അവിടെ എത്തും. നിശ്ചിതസമയത്തിനുമുമ്പു് ജലാലുദീൻ സുൽത്താനെ കണ്ടിട്ടില്ലെങ്കിൽ ഞാൻ ജയിച്ചു."

നാസർ:—"ഇബ്രാഹിം, നിങ്ങളെ ഈശ്വരൻ അനുഗ്രഹിക്കട്ടെ!"

ഇബ്രാ:—"സുൽത്താന്റെ കൈയിൽ എഴുത്തുകിട്ടാൻ ഞാൻ സമ്മതിക്കില്ല നാസർ."

സ്നേഹിതന്മാർ പരസ്പരം ആലിംഗനംചെയ്തു. ഉടൻ കാദർ വേഗത്തിൽ അകത്തുപ്രവേശിച്ചു പറഞ്ഞു:

"വണ്ടി നടയിൽവന്നു തിരുമേനീ."

ഇബ്രാ:—"കാദർ, പ്രഭുവിനെ സൂക്ഷിച്ചുകൊള്ളണം. അദ്ദേഹം നിങ്ങഠംക്കു പോകാൻ അനുവാദം തരുന്നതുവരെ നിങ്ങഠം അദ്ദേഹത്തെ പിരിയരുതു്."

ഇത്രയും പറഞ്ഞിട്ടു് തന്റെ പ്രേമഭാജനമായ മഹാരാജ്ഞിയുടെ ലേഖനത്തെ രക്ഷിക്കാനും ആ മനോഹരാംഗിയുടെ മുഖചന്ദ്രനെ ഒന്നുകൂടി കണ്ടാനന്ദിക്കാനുമായി ഇബ്രാഹിംസയ്യദ്ഖാൻ യാത്രതിരിച്ചു.

---

## നാലാം അദ്ധ്യായം.

---

### കിടങ്ങിൽ ഒരു ചുഴി.

തുലാമാസം ൧൩-ാംനു വ്യാഴാഴ്ച സന്ധ്യാസമയത്തോടുകൂടി ചന്ദ്രഗിരി ദുർഗ്ഗനാഥനായ ഫിറോസ്ഖാന്റെ പ്രകൃതിക്കു അല്പം ഒരു ക്ഷോഭം നേരിട്ടു. നാസർ ഉദീന്റെ വാർഷികമായ തീർത്ഥയാത്രയിൽ ഫിറോസ്ഖാൻ അത്യന്തം തന്നെ അതൃപ്തി പ്രദർശിപ്പിച്ചിരുന്നു. ഇത്തവണ ഒരെഴുത്തും കൂടി അയച്ചപ്പോഠം അതു കുറേക്കൂടി അപൽപ്പിശുനമെന്നു ദുർഗ്ഗനാഥൻ തോന്നി അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചു് അപകടം നേരിട്ടുകഴിഞ്ഞു. വാറംഗൽനഗരത്തിൽ നിന്നും

ലഭിച്ച സന്ദേശം അത്ര്യും അദ്ദേഹത്തെ ധരിപ്പിച്ചു. സുൽത്താനു മായുള്ള ജലാലുദീൻെറ സന്ദർശനം മുടക്കണമെന്നും അതു സാധി ക്കാത്തപക്ഷം ചന്ദ്രഗിരിയിൽനിന്നും സുൽത്താനെ വേറെ വല്ല സ്ഥ ലത്തേയ്ക്കും കൊണ്ടുപോകണമെന്നും ആയിരുന്നു ആ എഴുത്തിലെ താല്പര്യം. എന്നാൽ ഈ വിഷമങ്ങളെല്ലാം എന്തു കാര്യസാദ്ധ്യത്തി ലേയ്ക്കാണെന്ന് എഴുത്തിൽ നിന്നും വെളിപ്പെട്ടില്ല. എങ്കിലും സുൽ ത്താൻ അറിയാൻ പാടില്ലാത്ത എന്തോ കാര്യം അവിടുത്തേ ധരിപ്പി ക്കാനാണ് ജലാലുദീൻ വരുന്നതെന്ന് ഫിറോസ്ഖാൻ ഊഹി ച്ചു. അതുകൊണ്ട് തൻെറ കർത്തവ്യം ഇന്നതെന്നു അദ്ദേഹത്തിനു എളുപ്പത്തിൽ മനസ്സിലായി. എന്നാൽ അത് അത്ര സുസാദ്ധ്യമായി രുന്നില്ല. എന്തെന്നാൽ ജലാലുദീൻ എവിടെ ആണെന്ന് ഫിറോ സ്ഖാന് അറിവില്ലായിരുന്നു. അതുകൊണ്ട് അയാളുടെ ഗതിയെ തടയാൻ ദുർഗ്ഗനാഥൻ അശക്തനായിരുന്നു. ഇതു കൂടാതെ ജലാലു ദീൻ വളർത്തിയിരുന്ന ഒരുതരം നായാട്ടുപട്ടികളെപ്പററി ചില വിവര ങ്ങൾ അറിയാൻ സുൽത്താൻ ആഗ്രഹിച്ചിരുന്നതിനാൽ ആ പ്രഭുവു മായുള്ള സന്ദർശനത്തിന് തിരുമനസ്സുകൊണ്ട് അക്ഷമനായി കാ ത്തിരിക്കയായിരുന്നു. അതുകൊണ്ട്, വനത്തിൽ ഒരു വലിയ പന്നി വന്നുകൂടിയിട്ടുണ്ടെന്നും അടുത്ത ദിവസം അതിനെ വേട്ടയാടുന്നത് വളരെ വിനോദകരമായിരിക്കുമെന്നും ഫിറോസ്ഖാൻ തിരുമനസ്സറി യിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല.

“ജലാലുദീനെ കാണാൻ തക്കവണ്ണം സമയത്തിന് തിരിച്ചെ ത്താൻ എനിക്കു സാധിക്കയില്ല” എന്നു സുൽത്താൻ കല്പിച്ചു.

ഫിറോസ്:—“സന്ധ്യയോടുകൂടി തിരിച്ചെഴുന്നള്ളാൻ സാധിക്കും.”

സുൽത്താൻ:—“ഓ! അപ്പോഴേയ്ക്കും ഞാൻ വളരെ ക്ഷീണിയ്ക്കും. പി ന്നെ സംസാരിക്കാൻ മടി തോന്നും. ആ നായാട്ടുപട്ടികളുടെ നിറം ഇത്ര ഭംഗിയാക്കുന്നതെങ്ങനെ എന്നും എനിയ്ക്കു ജലാലു ദീനോടു ചോദിച്ചറിയണം.”

സുൽത്താൻ ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു ഭൃത്യൻ പ്രവേശിച്ചു ഫിറോസ്ഖാൻെറ പക്കൽ ഒരെഴുത്തുകൊടുത്തു. അദ്ദേഹം അതിനെ തൻെറ കീശയിൽ ഇട്ടു.

സുൽത്താൻ:—“അതെന്താ? വായിക്കൂ! പക്ഷേ അതു ജലാലുദീൻ അയച്ചതായിരിക്കും. അയാൾ സമയത്തിനു മുമ്പുതന്നെ ഇവി

ടെ എത്തുമായിരിക്കും. എനിക്ക് ആ പട്ടികളെപ്പററി അറി യാൻ ആഗ്രഹമുണ്ട്."

ഫിറോസ്ഖാന് എഴുത്തു വായിക്കാതെ ഗത്യന്തരമില്ലെന്നായി. അപ്പോൾ മണി ഒൻപതു കഴിഞ്ഞിരുന്നു. തിരുമനസ്സുകൊണ്ട് അ ത്താഴം അമൃതേത്തുകഴിഞ്ഞു പള്ളിയുറക്കത്തിനു ഭാവിക്കയായിരുന്നു. ഈ എഴുത്ത് എവിടെ നിന്നാണെന്ന് അറിഞ്ഞിട്ട് ഉറങ്ങുമെന്ന് അ വിടുന്നു ഒടുവിൽ തീർച്ചപ്പെടുത്തി.

ഫിറോസ്:—"അവിടത്തെ ഊഹം ശരിയാണ്. ജലാലുദീൻ നാളെ കാലത്ത് എട്ടുമണിക്കു ഇവിടെ എത്തുമെന്നാണ് എഴുത്തു കൊണ്ടു കാണുന്നത്.

സുൽ:—"ഭേഷ്! അയാളുടെ ഭക്ഷണവും ഇവിടെത്തന്നെ. അയാ ളോട്ട് അല്പനേരം സംസാരിച്ചതിനുശേഷം നമുക്കു പന്നിയു ടെ പിന്നാലെ പോകാം. ഇപ്പോൾ നിങ്ങൾക്കു തൃപ്തിയാ യോ?"

ഫിറോസ്—(മേൽമീശ കടിച്ചുംകൊണ്ട്)"വളരെ തൃപ്തിയായി."

സുൽത്താൻ എഴുന്നേററു പള്ളിയറയിലേക്കു തിരിച്ചു. "ആ പ ട്ടികളെ വളർത്തുന്നതിൽ അയാൾക്ക് എന്തോ വിദ്യയുണ്ട്" എന്ന് അവിടുന്നു തന്നത്താൻ പറഞ്ഞുകൊണ്ടുപോയി.

സുൽത്താനുമായുള്ള ജലാലുദീൻെറ സന്ദർശനം മുടക്കാൻ എ ന്താണു കൌശലമെന്നു ചിന്തിച്ചു ഫിറോസ്ഖാൻ തലചൊറിഞ്ഞു. വധമല്ലാതെ മറെറാരുപായം ദുർഗ്ഗനാഥൻെറ ഹൃദയത്തിൽ തോന്നി യില്ല. എന്നാൽ നിരപരാധിയായ ഒരു പ്രഭുവിനെ കൊല്ലുന്ന ഭാരം കൈയേൽക്കാൻ അദ്ദേഹത്തിന് അധീനന്മാരായ ഘാതകന്മാർ ഇല്ലാ യിരുന്നു.

"ഞാൻ ഒരു വഴിയും കാണുന്നില്ല" എന്നു ഫിറോസ്ഖാൻ മന്ദസ്വരത്തിൽ പറഞ്ഞു. പിന്നീട് അദ്ദേഹം കംസാലയിൽ നിന്നെ ഴുന്നേററ് വാതായനത്തിൻെറ സമീപത്തേയ്ക്കു ചെന്നു ശുദ്ധവായു ഏററാൽ എന്തെങ്കിലും നവമായ ഉപായം തോന്നിയെങ്കിലോ എന്ന് അദ്ദേഹം ആശിച്ചു. ഫിറോസ്ഖാൻ ദുർഗ്ഗത്തിൽ ഉള്ള കിടങ്ങിലെ പാലത്തിനു വലത്തുഭാഗത്തുള്ള മുറിയിൽ നില്ക്കയായിരുന്നു. ഈ മുറി യിലായിരുന്നു അദ്ദേഹം പതിവായി താമസിച്ചിരുന്നത്. ആ നിശാ കാലം അതിമനോഹരമായിരുന്നു. മിക്കവാറും പൂർണ്ണനായ ചന്ദ്രൻെറ കാന്തിയേററ് കിടങ്ങിലേ ജലം തിളങ്ങിക്കൊണ്ടിരുന്നു. തൻെറ കൈ

വിരലുകളാൽ ചുമരിന്മേൽ താളംപിടിച്ചുകൊണ്ടു ഫിറോസ്ഖാൻ ചിന്താമഗ്നനായി വെളിയിലേയ്ക്കു നോക്കിക്കൊണ്ടുനിന്നു. നവപവമാനൻ അവിടെ വീശിക്കൊണ്ടിരുന്നു എങ്കിലും നവമായ ഉപായം പ്രത്യക്ഷപ്പെട്ടില്ല.

പെട്ടെന്നു ദുർഗ്ഗനാഥൻ മുന്നോട്ടാഞ്ഞു ജന്നലിൽകൂടി തല കുനിച്ചു കീഴോട്ടു നോക്കി. അദ്ദേഹം കണ്ടതു ജലത്തിന്റെ ഉപരിഭാഗത്തിൽ സാധാരണ കാണാറുള്ള ഒരു കാഴ്ചയായിരുന്നു. വെള്ളത്തിൽ കല്ലെറിയുമ്പോഴോ മത്സ്യം പൊങ്ങിവരുമ്പോഴോ ഉണ്ടാകുന്ന വൃത്താകൃതിയിലുള്ള വലിയ ചുഴികളാണ് അദ്ദേഹത്തിന്റെ കണ്ണിൽ പെട്ടതു്. എന്നാൽ അദ്ദേഹം വെള്ളത്തിൽ കല്ലെറിഞ്ഞില്ല. കിടങ്ങിൽ മത്സ്യങ്ങളും വളരെ ചുരുക്കമായിരുന്നു ഉള്ളവ അപ്പോൾ പൊങ്ങിവരാൻ ഇടയും ഇല്ലായിരുന്നു. ചുഴികൾ ശമിക്കുന്നതുവരെ ഫിറോസ്ഖാൻ അവിടെ നോക്കിനിന്നു. അല്പസമയം കഴിഞ്ഞു ഘനമുള്ള എന്തെങ്കിലും സാധനം മെല്ലെ വെള്ളത്തിൽ താഴുമ്പോൾ ഉണ്ടാകുന്നതുപോലെയുള്ള ഒരു ചെറിയ ശബ്ദം കേൾക്കപ്പെട്ടു. അതിനെ തുടൎന്നു് തന്റെ നേരേ കീഴിലായി വെള്ളത്തിനുമുകളിൽ ഒരു മനുഷ്യന്റെ ശിരസ്സു പൊങ്ങുന്നതു ഫിറോസ്ഖാൻകണ്ടു.

"ഫിറോസ്" എന്നു മന്ദമായും എന്നാൽ സ്പഷ്ടമായും ആരോ വിളിക്കുന്നതു് അദ്ദേഹം കേട്ടു.

വൃദ്ധനായ ദുൎഗ്ഗനാഥൻ ഒന്നുഞെട്ടി. തന്റെ രണ്ടുകൈകളും ജന്നൽപടിയിൽ ഉറപ്പിച്ചുകൊണ്ടു് അദ്ദേഹം ഒന്നുകൂടി കുനിഞ്ഞുനോക്കി.

"വേഗം—മറുപുറത്തുള്ള കോണിൽ നിങ്ങൾക്കറിയാമല്ലോ" എന്നു് ആ സ്വരം വീണ്ടും പറഞ്ഞു. അനന്തരം ആ മനുഷ്യൻ അതിവേഗത്തിൽ നിശ്ശബ്ദമായി നീന്തി കോട്ടമതിലും പാലവും സന്ധിക്കുന്ന സ്ഥലത്തുള്ള ഇരുട്ടടഞ്ഞ കോണിൽ എത്തി. രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു കേൾക്കപ്പെട്ട ആ സ്വരത്താൽ സ്തബ്ധനായ ഫിറോസ്ഖാൻ നീന്തിപ്പോകുന്ന ആ രൂപത്തിൽതന്നെ ദത്തദൃഷ്ടിയായി നിന്നു. സുൽത്താൻ ഉറക്കമായിരുന്നു; താൻ മുൻപുകേട്ട സ്വരത്തിൽ സംസാരിക്കുന്നതു സുൽത്താനും മറെറാരാളും മാത്രമാണെന്നു് ഉറപ്പുണ്ടായിരുന്ന അദ്ദേഹം ചഞ്ചലമനസ്കനായിത്തീൎന്നു.

ഹൃദയത്തിൽ തിങ്ങിക്കയറിയ പല ചിന്തകളോടുകൂടി ദുൎഗ്ഗനാഥൻ മുറിയുടെ വാതൽ തുറന്നു് ഇടനാഴിയിൽ ഇറങ്ങി അദ്ദേഹം

ബന്ധപ്പെട്ടു മുന്നോട്ടു നടന്നപ്പോൾ അവിടെ ചുററിനടന്നിരുന്ന രക്ഷി ജനനേതാവായ,മുഹദീനെ കാണ്മാൻ ഇടയായി. ഫിറോസ്ഖാൻ അയാളെ നല്ലപോലെ വിശ്വസിച്ചിരുന്നു.

ഫിറോസ്ഖാൻെറ ഭാവഭേദംകണ്ടു മുഹദീൻ ഇങ്ങനെ ചോദിച്ചു:—

"പ്രഭോ എന്തെങ്കിലും അപകടം നേരിട്ടോ?"

ഫിറോ:—"മുഹദീൻ, ദുർഗ്ഗത്തിലെ സ്ഥിതി പ്രശാന്തമായിത്തന്നെയിരിക്കുന്നു. മുൻവശത്തുപോയി അവിടെ നില്ക്കൂ."

യുവാവായ മുഹദീൻ നിന്നിമേഷനായി തൻെറ സ്വാമിയെ നോക്കി. ഫിറോസ്ഖാൻ അയാളുടെ കൈക്കു പിടിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—

"വേണ്ട ഇവിടെനില്ക്കൂ. പള്ളിയറയുടെ വാതലിൽതന്നെ നോക്കിക്കൊണ്ടു് ഇവിടെനില്ക്കൂ. ആരെയും ഇങ്ങോട്ടു കടത്തരുതു്; മനസ്സിലായോ?

മുഹ:—"ഉത്തരവുപോലെ."

ഫിറോസ്—"നിങ്ങൾ എന്തുകേട്ടാലും തിരിഞ്ഞുനോക്കുകയും അരുതു്.

മുഹദീൻെറ സംഭ്രമം വർദ്ധിച്ചു. എന്നാൽ ദുർഗ്ഗനാഥൻ ഫിറോസ്ഖാനായിരുന്നു. ദുർഗ്ഗത്തിൻെറയും അതിലെ നിവാസികളുടെയും രക്ഷയ്ക്കു ഉത്തരവാദിയും അദ്ദേഹംതന്നെ ആയിരുന്നു.

"അവിടത്തെ ആജ്ഞപോലെ" എന്നുപറഞ്ഞിട്ടു മുഹദീൻ തൻെറ വാൾ ഊരിപ്പിടിച്ചുകൊണ്ടു് അവിടെ നിലയായി.

ഫിറോസ്ഖാൻ മുന്നോട്ടോടി. പാലത്തിലേക്കു വഴികാണിക്കുന്ന വാതിൽ തുറന്നു അദ്ദേഹം എതിരേപോഞ്ഞു. പിന്നെ അദ്ദേഹം അങ്കോണിലേക്കുള്ള പടികൾ ഇറങ്ങി. ഇരുട്ടടഞ്ഞ ആ ത്രികോണസ്ഥലത്തു ദീർഘകായനായ ഒരാൾ നില്ക്കുന്നതു ഫിറോസ്ഖാൻ കണ്ടു. പെട്ടെന്നു തൻെറ കൈയിൽ ആരോ കടന്നുപിടിക്കുന്നതും അദ്ദേഹത്തിനു ദൃഷ്ടിഗോചരമായി. നനഞ്ഞ വസ്ത്രങ്ങളോടുകൂടി ഇബ്രാഹിം സയ്യിദ്ഖാൻ തൻെറ മുമ്പിൽ നില്ക്കുകയാണെന്നു് അദ്ദേഹം അറിഞ്ഞു. അദ്ദേഹം ഇങ്ങിനെ ചോദിച്ചു:—

"ഇതു് നിങ്ങളാണോ?"

ഇബ്രാ: "അതെ. സ്വല്പനേരത്തേയ്ക്കു് എന്നെ പിടിച്ചുകൊള്ളൂ; ഞാൻ വസ്ത്രം മാറട്ടെ. മാറാനുള്ള മുണ്ടുകൾ എല്ലാം ഒരുമിച്ചു കെട്ടി നനയ്ക്കാതെ ഞാൻ കയ്യിൽ കൊണ്ടുപോന്നു. എന്നെ മുറുകെ പിടിച്ചുകൊള്ളൂ. ഇവിടെ കാൽ വഴുതുന്നു."

ഫിറോസ്:—സയ്യിദ് ഖാന്റെ കൈക്കു പിടിച്ചുകൊണ്ടു് "അയ്യോ! നിങ്ങൾ എന്തിനു് ഇവിടെ വന്നു?"

ഇബ്രാ:—"മഹാരാജ്ഞിക്കുവേണ്ടി. ജലാലുദ്ദീൻ എപ്പോൾ ഇവിടെ എത്തും."

ഫിറോസ: —"നാളെ കാലത്തു് എട്ടുമണിക്കു്."

ഇബ്രാ:—"അതു് ഞാൻ ഉദ്ദേശിച്ച സമയത്തിനു മുമ്പാണല്ലോ. സുൽത്താൻ എവിടെ?"

ഫിറോസ്:—"അദ്ദേഹം ഇവിടെയുണ്ടു് നാളെ ജലാലുദ്ദീനെ അദ്ദേഹം കാണാൻ തീർച്ചപ്പെടുത്തിയിരിക്കയാണു്."

പിന്നെ ഒരു നിമിഷനേരത്തേയ്ക്കു് രണ്ടുപേരും മിണ്ടിയില്ല. ഇതിനിടയിൽ വസ്ത്രധാരണം കഴിഞ്ഞു. ഇബ്രാഹിം മന്ദസ്വരത്തിൽ ഇങ്ങിനെ ചോദിച്ചു:— "ജലാലുദ്ദീൻ തിരുമേനിയുടെ പേർക്കു് എഴുത്തയയ്ക്കുയോ ദൂതനെ നിയോഗിക്കയോ ചെയ്തിട്ടുണ്ടോ?"

ഫിറോസ്:—"ഞാൻ മുഖാന്തിരമല്ലാതെ ഇതൊന്നും ഉണ്ടായിട്ടില്ല."

ഇബ്രാ:—"പിന്നെ എന്താ ജലാലുദ്ദീനെകാണണമെന്നു് തിരുമനസ്സിലേയ്ക്കു് ഇത്ര നിർബന്ധം?"

ഫിറോസ്:—"പട്ടികളുടെ രോമം വളരെ മൃദുവായി വളരുന്നതെങ്ങിനെ എന്നു് അറിയാനാണു്.

ഇബ്രാ:—"നിങ്ങൾ കാര്യമാണോ പറയുന്നതു്. എനിക്കു് നിങ്ങളുടെ മുഖം കാണാൻ വയ്യാ."

ഫിറോസ്: "ഞാൻ പറയുന്നതു് കളിയല്ല."

ഇബ്രാ:—"എന്തു ഭ്രാന്താണിതു്. നമുക്കു സൈ്വരമായി ഇരുന്നു സംസാരിക്കാൻ ഒരു സ്ഥലമില്ലേ?"

ഫിറോസ്—"നിങ്ങൾ ഇപ്പോൾ ഇവിടെ വന്നകാര്യം സ്പഷ്ടമായി പറഞ്ഞില്ലല്ലോ."

ഇബ്രാ:—"ജലാലുദീനെ കണ്ടുപിടിക്കാൻ, ഫിറോസ്! മഹാരാജ്ഞിയുടെ എഴുത്തിൻെറ പകപ്പും അയാളുടെ കൈയിൽ കിട്ടീട്ടുണ്ട്.
ഫിറോസ്ഖാൻ തൻെറ മേൽമീശ മുറുക്കിത്തുടങ്ങി.

"ഞാൻ അതു പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഏതായാലും വരിക" എന്നു പറഞ്ഞുംകൊണ്ട് ഫിറോസ് പടികഠം കയറിത്തുടങ്ങി.

പാലം കടന്ന് അവർ കോട്ടയ്ക്കുള്ളിൽ കടന്നു. ഇടനാഴിയിൽ മുഹദീനല്ലാതെ മററാരുമുണ്ടായിരുന്നില്ല. അയാഠം സുൽത്താൻെറ മുറിയുടെ വാതിലിനുനേരേ നോക്കിനില്ക്കുകയായിരുന്നു.

ഫിറോസ്ഖാൻ തൻെറ മുറിയുടെ വാതിലിൽ കൈവച്ചിട്ട് "ഇതിനകത്തു കടക്കാം."

"ശരി" എന്ന് സയ്യദ്ഖാൻ പറഞ്ഞു. മുഹദീൻ സ്വാമിയുടെ ആജ്ഞ അനുസരിച്ചു തിരിഞ്ഞുനോക്കിയില്ല.

എന്നാൽ ഫിറോസ്ഖാൻ സയ്യദ്ഖാനാൽ അനുഗതനായി മുറിക്കുള്ളിൽ കടക്കുന്നതിനുമുമ്പു മുഹദീൻ കാവൽനിന്നിരുന്ന മുറിയുടെ വാതിൽ വളരെ വേഗത്തിലും എന്നാൽ നിശ്ശബ്ദമായും തുറക്കപ്പെട്ടു. ശുഭ്രവസ്ത്രധാരിണിയായ റോസാനറാ മഹാരാജ്ഞി പടിയിൽ നില്ക്കുന്നതായി കാണപ്പെട്ടു. അവളുടെ മുഖം വസ്ത്രത്തെപ്പോലെ വെളുത്തിരുന്നു. എന്തെന്നാൽ അവളുടെ നയനങ്ങഠം ഇബ്രാഹിംസയ്യദ്ഖാനിൽ പതിച്ചു. ഒരുനിമിഷനേരത്തേക്കു നാലുപേരും നിശ്ചലരായി നിന്നു. അതുകഴിഞ്ഞു സയ്യദ്ഖാൻ മുന്നോട്ടുനീങ്ങി മുഹദീനെ മാററിനിർത്തിയിട്ടു മഹാരാജ്ഞിയുടെ മുമ്പിൽ മുട്ടുകുത്തി അവളുടെ കരതലത്തെ ഗ്രഹിച്ചു ചുംബിച്ചു.

തിരിഞ്ഞുനോക്കാതെതന്നെ മുഹദീനു ഇപ്പോഠം കാണാൻ സാധിച്ചു. അത്ഭുതത്തിനു ജീവഹാനിവരുത്താൻ ശക്തിയുണ്ടായിരുന്നുവെങ്കിൽ അയാഠം ആ നിമിഷത്തിൽതന്നെ മരിക്കുമായിരുന്നു. എന്തെന്നാൽ സുൽത്താൻ ഉറങ്ങുകയായിരുന്നു. അദ്ദേഹം താടിവളർത്തിയിരുന്നു അവിടെ ഇപ്പോഠം ശ്മശ്രുഹീനനായി ശുഭ്രവസ്ത്രധാരിയായി സുൽത്താൻ മഹാരാജ്ഞിയുടെ മുമ്പിൽ നമസ്കരിക്കുന്നതായും കാണുന്നുണ്ട്. രാജ്ഞിയാകട്ടെ ആശ്ചര്യം, ഭയം, ആഹ്ലാദം ഇതുകഠംക്കു ഒരേസമയത്തിൽ അടിമപ്പെട്ടു് തൻെറ മുമ്പിൽ നമസ്കരിച്ച രൂപത്തിൽതന്നെ ദൃഷ്ടിഉറപ്പിച്ചു നിന്നിരുന്നു.

ഇങ്ങനെ ഏകദേശം ഒരുനിമിഷം കഴിഞ്ഞു. ഫിറോസ് ഇതിനിടയ്ക്കു ഉൽക്കണ്ഠയോടുകൂടി രാജ്ഞിയേയും സയ്യദ്ഖാനേയും കൈകാട്ടി വിളിച്ചു. രാജ്ഞി ഇബ്രാഹിമിനാൽ അനുഗതയായി ഫിറോസ്ഖാന്റെ മുറിയിൽ പ്രവേശിച്ചു.

"ആരെയും അകത്തുവിടരുത്; ഇക്കഥ ആരോടും പറകയുമരുത്" എന്നു മുഹദീനോടു പറഞ്ഞിട്ടു ഫിറോസ്ഖാനും അകത്തുകടന്നു.

മഹാരാജ്ഞി തന്റെ പള്ളിയറയിൽനിന്നും വെളിയിൽ വന്നപ്പോൾ മണി പതിനൊന്നായിരുന്നു. ഏകദേശം പാതിരാവോടുകൂടി ഫിറോസ്ഖാൻ വെളിയിൽ ഇറങ്ങി. അദ്ദേഹം ഖഡ്ഗം ധരിച്ചിട്ടില്ലായിരുന്നു; എന്നാൽ അദ്ദേഹത്തിന്റെ കൈയിൽ ഒരു തോക്കുണ്ടായിരുന്നു. അദ്ദേഹം മെല്ലെ കതകടച്ചുകൊണ്ടു താഴ്ന്ന സ്വരത്തിൽ മുഹദീനോടു സംസാരിക്കാൻതുടങ്ങി. മുഹദീൻ സശ്രദ്ധം നിശ്ചലനായി ചെവികൊടുത്തു. ഫിറോസ്ഖാന്റെ കഥ പത്തുനിമിഷനേരത്തേക്കുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒടുവിൽ അദ്ദേഹം ഇങ്ങനെ ചോദിച്ചു:—

"ഇപ്പോൾ നിങ്ങൾക്കു മനസ്സിലായോ?"

മുഹദീൻ:—(ശ്വാസത്തെ അടക്കിക്കൊണ്ടു)

മനസ്സിലായി; ഇതു വളരെ ആശ്ചര്യകരമായിരിക്കുന്നു."

ഫിറോസ്:—"ഏ! ഒന്നും ആശ്ചര്യകരമല്ല. ചിലകാര്യങ്ങൾ അസാധാരണമായ്വരും."

മുഹദീന് അതു് അത്ര വിശ്വാസം തോന്നിയില്ല. അയാൾ വിപരീതഭാവത്തിൽ തലകുലുക്കി.

ഫിറോസ്:—(അയാളുടെ നേരെ നോക്കിക്കൊണ്ടു്) "ശരി!"

മുഹ:—"ഞാൻ മഹാരാജ്ഞിക്കുവേണ്ടി മരിക്കാനും സന്നദ്ധനാണു്."

ഫിറോസ്: "കൊള്ളാം എന്നാൽ കേൾക്കൂ" എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം വീണ്ടും ഇങ്ങിനെ പറഞ്ഞു:—

"ജലാലുദീനെ നിങ്ങൾ പടിക്കൽ കണ്ടാൽ ഇവിടെ കൂട്ടിച്ചുകൊണ്ടുവരണം. അയാൾ വേറെയെങ്ങും പോകാൻ ഇടയാക്കരുതു്; മനസ്സിലായോ."

മുഹദീൻ (പുഞ്ചിരിയോടെ) "മനസ്സിലായി."

ഫിറോസ്:—"സുൽത്താൻ ഈ മുറിയിൽ ഉണ്ടായിരിക്കും. സുൽത്താനാരെന്നു നിങ്ങൾക്കറിയാമല്ലോ.

മുഹ:—"നല്ലപോലെ അറിയാം."

ഫിറോസ്:—"സന്ദർശനം കഴിഞ്ഞു ഭക്ഷണത്തിനു പോകുമ്പോൾ"

മുഹ:—"അപ്പോൾ ആരാണ് സുൽത്താനെന്നും എനിക്കറിയാം."

ഫിറോസ്:—"കൊള്ളാം. എന്നാൽ ആവശ്യമെന്നു തോന്നുമ്പൊഴല്ലാതെ—"

മുഹദീ:—"ജലാലുദീനു യാതൊരുപദ്രവവും നാം ചെയ്യരുത്."

ഫിറോസ്:—"അതെ!"

ഒരു ചെറിയ ദീർഘശ്വാസത്തോടുകൂടി ഫിറോസ്ഖാൻ തിരിഞ്ഞുനടന്നു. മുറിയുടെ കതകിൽ അദ്ദേഹം മെല്ലെ തട്ടി. രാജ്ഞിയുടെ അനുമതിയോടുകൂടി അദ്ദേഹം അകത്തു കടന്നു. മുഹദീൻ മാത്രം വെളിയിൽ ശേഷിച്ചു.

ഒരു മണിയോടുകൂടി ഫിറോസ്ഖാൻ വെളിയിൽ വന്നു.

"ആറുമണിവരെ ഉറങ്ങിക്കൊള്ളു"എന്ന് അദ്ദേഹം മുഹദീനോടു പറഞ്ഞു.

മുഹ:—"എനിക്ക് ഉറക്കം വരുന്നില്ല."

ഫിറോസ്:—"നിങ്ങൾ ഇപ്പോൾ ഉറങ്ങിയില്ലെങ്കിൽ കാലത്തു എട്ടുമണിക്കു നിങ്ങൾക്കു ഉറക്കം വരും."

മുഹ:—"പ്രഭോ, മഹാരാജ്ഞി വെളിയിൽ വരുന്നുണ്ടോ?"

ഫിറോസ്:—"ഒരു നിമിഷത്തിനകം വരും."

മുഹ:—"ഞാൻ തിരുമേനിയെ നമസ്കരിക്കാൻ ആഗ്രഹിക്കുന്നു."

ഇബ്രാഹിംസയ്യദ്ഖാൻ കതകു തുറന്നു. മഹാരാജ്ഞി പ്രത്യക്ഷയായി. അവൾ വളരെ വിളറിയിരുന്നു. കണ്ണുനീർ പൊഴിച്ച ലക്ഷണങ്ങൾ അവളുടെ മുഖത്തു കാണ്മാനുണ്ടായിരുന്നു. എങ്കിലും അവളുടെ നയനങ്ങളിൽ ആനന്ദം കളിയാടിക്കൊണ്ടിരുന്നു രാജ്ഞിയെക്കണ്ടയുടൻ യുവാവായ മുഹദീൻ അവളെ നമസ്കരിച്ചു.

"മരണംവരെ തിരുമേനിക്കുവേണ്ടി അടിയൻ പ്രയത്നിക്കും"എന്ന് അയാൾ പറഞ്ഞു.

റോസാ:—"അതു് എനിക്കറിയാം." ഈ വാക്കുകളോടുകൂടി അവൾ അ മൂന്നുപേരെയുംനോക്കിക്കൊണ്ടു് തുടന്നുപറഞ്ഞു. "മാന്യരേ! എൻെറ മാനം നിങ്ങളെ അവലംബിച്ചിരിക്കുന്നു."

അവൾ തിരിച്ചു തൻെറ മുറിയിൽ കടന്നു. ഫിറോസ്ഖാൻ വാതിലും ബന്ധിച്ചു. അനന്തരം അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—

"ഇനി കാര്യത്തിൽ പ്രവേശിക്കാം." ഈ വാക്കുകളോടുകൂടി അദ്ദേഹം അടുക്കളയിലേക്കുപോയി. അടുത്തദിവസം കാലത്തു സുൽത്താനും ജലാലുദീനും ഭക്ഷണത്തിനുവേണ്ട ഏല്പാടുകൾ എല്ലാം ചെയ്തശേഷം ഫിറോസ്ഖാൻ തിരിച്ചുവന്നു് ഒരു കസാല എടുത്തു വെളിയിൽ ഇട്ടു. മുറിക്കുള്ളിൽകടന്നു വാതിൽ പൂട്ടി ഉറങ്ങിക്കൊള്ളുവാൻ സയ്യദ്ഖാനോടു് ആവശ്യപ്പെട്ടശേഷം കൈയിൽ തോക്കുമായി കസാലമേൽ ഇരുന്നു് ഫിറോസ്ഖാനും നിദ്രയെ പ്രാപിച്ചു.

ആറുമണിക്കു് ദുർഗ്ഗാനാഥൻ ഉണന്നു വാതിലിൽ മുട്ടി. സയ്യദ്ഖാൻ കതകുതുറന്നു.

ഫിറോസ്ഖാൻ മുറിക്കുള്ളിൽ കടന്നു നാലുപാടും നോക്കി. മുറിയുടെ വടക്കേഅററത്തായി ഒരു മറയുണ്ടായിരുന്നു. സയ്യദ്ഖാൻ ഇങ്ങിനെ പറഞ്ഞു:—

"നിങ്ങൾക്കു് അവിടെ ധാരാളം സ്ഥലമുണ്ടു്, ജലാലുദീൻ എൻെറ എതിരേ ഇരിക്കുമ്പോൾ അയാളുടെ ശിരസ്സിനു നേരേ തോക്കു ചൂണ്ടിക്കൊണ്ടിരിക്കാൻ സൌകര്യമുള്ള സ്ഥലമാണതു്."

ഫിറോസ്.—(തലകുലുക്കിക്കൊണ്ടു്) "അതെ അതു ശരിതന്നെ."

ഇബ്രാ:—"താടിക്കു് എവിടെപ്പോകും?"

ഫിറോസ്:—"സുൽത്താൻ ഇന്നുകാലത്തു താടി എടുപ്പിച്ചു എന്നു മുഹദീൻ ജലാലുദീനോടു പറയും."

ഇബ്രാ:—"അയാൾ അതു വിശ്വസിക്കുമോ?"

ഫിറോ:—"എന്തുകൊണ്ടില്ല. അയാൾക്കുവേണ്ടി അയാൾ എന്തും വിശ്വസിക്കും."

ഇബ്രാഹിംസയ്യദ്ഖാൻ മുറിയിൽ അങ്ങുമിങ്ങും നടന്നു. ഓരോ ചിന്തകൾ അദ്ദേഹത്തിൻെറ ഹൃദയത്തെ ക്ഷോഭിപ്പിച്ചു. മണി ഏഴടിച്ചപ്പോൾ അദ്ദേഹം ചിന്തയിൽനിന്നുണന്നു.

"അയാൾ ഒരുമണിക്കൂറിനകം ഇവിടെ എത്തും" എന്നു് അദ്ദേഹം പറഞ്ഞു.

# അഞ്ചാം അദ്ധ്യായം.

---

## സുൽത്താനുമായുള്ള സന്ദർശനം.

എട്ടുമണിയോടുകൂടി യുവാവായ മുഹദീൻ ദുർഗ്ഗത്തിലെ പ്രവേശനദ്വാരത്തിൽ നിലകൊണ്ടു. പത്തുനിമിഷം കഴിഞ്ഞപ്പോൾ അശ്വാരൂഢനായ ഒരു മാന്യൻ അവിടെ എത്തി. മുഹദീൻ ഇങ്ങിനെ വിളിച്ചുപറഞ്ഞു:—"ഹാ ഇതു പ്രഭുവല്ലേ?" ഈ വാക്കുകളോടുകൂടി അയാൾ ആഗതൻെറ സമീപത്തുചെന്നു. ജലാലുദീൻ കുതിരപ്പുറത്തു നിന്നിറങ്ങി മന്ദഹസിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു:—

"ഹാ എൻെറ പ്രിയപ്പെട്ട മുഹദീനോ?"

മുഹദീൻ:—"നിങ്ങൾ പറഞ്ഞ സമയത്തിനെത്തിയല്ലോ. തിരുമനസ്സുകൊണ്ടു നിങ്ങളെ കാത്തിരിക്കുന്നു."

ജലാ:—"അവിടുന്നു് ഇത്രനേരത്തേ ഉണരുമെന്നു് ഞാൻ വിചാരിച്ചില്ല."

മുഹ:—"ഹാ! അദ്ദേഹം രണ്ടുമണിക്കുറിനുമുമ്പ് ഉണൎന്നു. പ്രഭോ, തിരുമേനിയോട് പെരുമാറുന്നതു സൂക്ഷിച്ചുവേണം. അദ്ദേഹം ഇപ്പോൾ വല്ലാത്ത പ്രകൃതത്തിലിരിക്കയാണ്. സുൽത്താൻെറ താടികളയാൻ ക്ഷുരകൻ വന്നപ്പോൾ അവനോട് അവിടുന്നു വളരെ കോപിച്ചു."

ജലാ.—"അവിടത്തെ താടി എടുപ്പിച്ചോ? അതെന്താ?"

മുഹ:—"അവിടത്തേ താടിയിൽ നാലഞ്ചു നരച്ച രോമങ്ങൾ കണ്ടതാണ് താടി എടുപ്പിക്കാൻ കാരണമായത്. എന്തു നേരംപോക്കാണെന്നു ആലോചിച്ചുനോക്കു. അവിടന്ന് നിങ്ങളേത്തന്നെ കാത്തിരിക്കയാണ് വരിക!" ഇങ്ങിനെ പറഞ്ഞുകൊണ്ട് മുഹദീൻ ജലാലുദീൻെറ കൈക്കുപിടിച്ചു കോട്ടയ്ക്കുള്ളിൽ കടന്നു.

ജലാലുദീൻ തന്ത്രങ്ങളിൽ പരിചയമില്ലാത്ത ഒരു യുവാവായിരുന്നു. ഈ അവസരത്തിൽ അയാളുടെ മുഖം വളരെ വിളറിയിരുന്നു. അയാളുടെ ഭാവത്തിൽ എന്തോ അസ്വാസ്ഥ്യം സ്ഫുരിച്ചുകാണപ്പെട്ടു. അയാളുടെ കൈകൾ വിറച്ചു. താൻ എവിടേയ്ക്കാണു പോകുന്നതെന്നറിയാതെ മുഹദീനെ അയാൾ അനുഗമിച്ചു. ഇബ്രാഹിം

സയ്യദ്ഖാൻ ഇരുന്ന മുറിയുടെ വാതുക്കൽചെന്നു മുഫദീൻ ഇങ്ങിനെ പറഞ്ഞു:—

“ഒൻപതുമണിക്ക് അമൃതേത്തിന്നു വേണ്ടതെല്ലാം തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിങ്ങളെ കണ്ടതിന്നുമേൽ മാത്രമേ അമൃതേത്തു കഴിക്കയുള്ളു എന്ന് തിരുമനസ്സുകൊണ്ടു ശഠിക്കുന്നു. കതകുതുറന്ന് നിങ്ങൾ വന്നിരിക്കുന്ന വിവരം തിരുമനസ്സുണർത്തിക്കാം.” ഇങ്ങിനെ പറഞ്ഞുകൊണ്ട് മുഫദീൻ കതകുതുറന്നു.

“തമ്പുരാനേ! ജലാലുദീൻ പ്രഭു തൃപ്പാദംകാണ്മാൻ കാത്തുനില്ക്കുന്നു” എന്നുപറഞ്ഞ് പ്രഭുവിനെ അകത്താക്കി കതകടച്ചുനിന്നു.

ജലാലുദീൻ വളരെ വിനീതനായി തലകുനിച്ചുകൊണ്ടു മുമ്പോട്ടു ചെന്നു. സുൽത്താൻ ഒരു കസാലയിൽ ഇരിക്കുന്നതായി അയാൾ കണ്ടു. അവിടത്തെ മുഖം പുറകിലുള്ള യവനികയുടെ നിഴലിൽ ഈഷദാച്ഛാദിതമായി കാണപ്പെട്ടു എങ്കിലും വാസ്തവത്തിൽ അവിടത്തെ താടി എടുപ്പിച്ചിട്ടുണ്ടെന്നുള്ളത് ജലാലുദീന്നു ബോധംവന്നു. സുൽത്താൻ അയാളെ കൈകാട്ടി വിളിച്ചു തന്നിക്കെതിരേ ഇട്ടിരുന്ന കസാലയിൽ ഇരിക്കാൻ ആജ്ഞാപിച്ചു.

“നിങ്ങളേക്കണ്ടതിൽ എനിക്കു വളരെ സന്തോഷമുണ്ട്” എന്നു തിരുമേനി കല്പിച്ചു.

ജലാലുദീൻ മുഖം ഉയത്തി നോക്കി. ഇബ്രാഹിംസയ്യദ്ഖാന്റെ സ്വരം ഒരിക്കൽ സുൽത്താന്റെ സ്വരത്തോടു തുല്യമായിരുന്നു. അക്കാലത്ത് ആ രണ്ടുസ്വരവും തമ്മിൽ തിരിച്ചറിയാൻ വളരെ വിഷമമായിരുന്നു. എന്നാൽ കഴിഞ്ഞ ഒന്നുരണ്ടുവർഷങ്ങളായിട്ടു സുൽത്താന്റെ സ്വരം വളരെ ക്ഷീണിച്ചുവരികയായിരുന്നു. അതിനാൽ തന്നെ അഭിസംബോധനംചെയ്ത ഗംഭീരമായ സ്വരത്താൽ ജലാലുദീൻ അത്ഭുതപരവശനായി.

ഇബ്രാ:—(വീണ്ടും) “എനിക്ക് അത്യധികം സന്തോഷമുണ്ടു് നിങ്ങളെക്കണ്ടതിൽ. എന്തെന്നാൽ എനിക്ക് ആ പട്ടികളുടെ കാര്യത്തിൽ അടക്കാൻ പാടില്ലാത്ത ജിജ്ഞാസ ജനിച്ചിരിക്കുന്നു. അവയുടെ രോമങ്ങൾ ഇത്ര മൃദുവായി വളരുന്നതെങ്ങിനെ എന്നു ഞാൻ അതിശയിക്കുന്നു. നിങ്ങൾ പട്ടികളെ വളർത്തുന്നതിൽ അതിസമർത്ഥനാണ്.”

ജലാ:—“അവിടുന്ന് വളരെ സന്തോഷമായി കല്പിക്കുന്നു. എന്നാൽ അടിയൻ മുഖം കാണിക്കാൻ അനുവാദം ചോദിച്ചത്........

ഇബ്രാ:—"പട്ടികളെസംബന്ധിച്ചുള്ള വിവരം നിശ്ചയമായിട്ടും എനിക്കറിയണം. അതും ഫിറോസ്ഖാൻ വരുന്നതിനുമുമ്പു വേണം. ഞാനല്ലാതെ അതു വേറേ ആരും കേൾക്കുന്നതു് എനിക്കിഷ്ടമില്ല."

ജലാ:—"ഫിറോസ്ഖാൻ ഇവിടെ ഇപ്പോൾ വരുമോ?"

ഇബ്രാ:—"അരനാഴികയ്ക്കുള്ളിൽ അയാൾ ഇവിടെഎത്തും."

ഇതുകേട്ടു് ജലാലുദീൻ ഒന്നു അന്ധാളിച്ചു. ഫിറോസ്ഖാൻ വരുന്നതിനു മുമ്പു് തൻെറ സന്ദേശം തിരുമനസ്സറിയിക്കാൻ അയാൾക്കു് ബദ്ധപ്പാടായി.

"അടിയനു് അടിയന്തരമായി ഒരു പ്രധാനസംഗതി തിരുമനസ്സറിയിക്കാനുണ്ടു്" എന്നു അയാൾ തുടങ്ങി.

ഇബ്രാ:—"അതു നിർബന്ധമാണെങ്കിൽ അതു കഴിയട്ടെ. ഇത്ര വലിയകാര്യം എന്താ? അതു കേട്ടിട്ടുമതി പട്ടികളുടെ കാര്യം പറയുന്നതു്."

ജലാ:—"തിരുമേനി, അടിയൻെറ പിതൃസഹോദരൻെറ പുത്രനായ ഉസ്മാൻഖാൻ ഒരത്യാവശ്യസംഗതി തിരുമനസ്സുണർത്തിക്കാൻ എന്നെ ഏൽപിച്ചിട്ടുണ്ടു്."

ഇബ്രാ:—"ഉസ്മാനുമായി യാതൊരിടപാടും എനിക്കു രസമില്ല."

ജലാ:—"തിരുവുള്ളമുണ്ടായി ക്ഷമിക്കണം. തിരുമനസ്സിലേക്കു വളരെ പ്രധാനമായ ഒരു പ്രമാണം ഉസ്മാൻഖാൻെറ കൈവശം കിട്ടിയിട്ടുണ്ടു്. അവിടത്തേയ്ക്കു് അവമാനം നേരിടത്തക്കവണ്ണം ഒരു ദുരാലോചന നടക്കുന്നു."

ഇബ്രാ:—(സംശയഗ്രസ്തനായി)"ആരാണു് ഈ ആലോചനക്കാരൻ?"

ജലാ—"അവിടത്തേയ്ക്കു് വളരെ അടുപ്പമുള്ളവരും അവിടത്തെ പ്രണയപാത്രങ്ങളുമായ ആളുകളാണു്."

ഇബ്രാ:—"അവരുടെ പേരു കേൾക്കട്ടെ."

ജലാ:—"പേരുപറയാൻ അടിയനു ധൈര്യമില്ല. പറഞ്ഞാൽ അവിടന്നു വിശ്വസിക്കയുമില്ല. എന്നാൽ പ്രമാണത്തിലുള്ള തെളിവിനെ അവിടന്നു വിശ്വസിക്കുമല്ലോ."

ഇബ്രാ:—"അതു ഞാൻ കാണട്ടെ. ആരെങ്കിലും വരുന്നതിനു മുമ്പു വേണം."

ജലാ:—"തിരുമേനീ, അടിയൻെറ കൈയിൽ ഒരു പകപ്പുണ്ടു്."

ഇബ്രാ:—"ഓ! ഒരു പകപ്പോ?"

ജലാ:—"അസൽപ്രമാണം ഉസ്മാൻഖാൻെറ കൈവശമുണ്ടു്. കല്പനയുണ്ടെങ്കിൽ അയാൾ അതിനെ തിരുമുമ്പിൽ എത്തിക്കും. മഹാരാജ്ഞി തിരുമനസ്സിലെ എഴുത്താണു."

ഇബ്രാ:—"ഓ! മഹാരാജ്ഞിയുടെയാണോ?"

ജലാ:—"അരേ! അതു് ഇബ്രാഹിം സയ്യദ്ഖാൻെറ പേക്കു് അയയ്ക്കപ്പെട്ടതാണു്."

ഇവിടെ സയ്യദ്ഖാൻ ഒരു പ്രവീണനായ നടൻെറ അഭിനയം നിർവ്വഹിച്ചു. അദ്ദേഹം അശ്രദ്ധ നടിച്ചില്ല. എന്നാൽ തൻെറ സ്വരത്തെ ഉള്ളിലുള്ള വികാരങ്ങൾകൊണ്ടെന്നപോലെ വിറപ്പിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—

"അതു് ഇബ്രാഹിം! ഇബ്രാഹിം!"

ജലാലുദീൻെറ നയനങ്ങൾ പ്രകാശിച്ചു. സുൽത്താനിൽ അയാൾ സംശയത്തേയും ഈർഷ്യയേയും സ്പഷ്ടമായി അങ്കുരിപ്പിച്ചു.

അയാൾ സ്വകഞ്ചുകത്തിൻെറ കുടുക്കുകളെ മാററി അതിനുള്ളിൽനിന്നു് എഴുത്തു വെളിയിൽ എടുത്തു. എന്നാൽ സയ്യദ്ഖാൻ സംയമനശക്തിയുള്ളവനെങ്കിലും ഒരു മനുഷ്യനല്ലേ. എഴുത്തിൻെറ പകപ്പു കൈയിൽ കിട്ടാനുള്ള അത്യാശമൂലം അദ്ദേഹം കസാലയിൽനിന്നും പകുതിപൊങ്ങി മുന്നോട്ടാഞ്ഞു. തൽഫലമായി അദ്ദേഹത്തിൻെറമുഖം സുസ്പഷ്ടമായികാണപ്പെട്ടു. ജലാലുദീൻ പകപ്പു വെളിയിൽ എടുത്തു് സയ്യദ്ഖാൻെറ നേരെനോക്കി; പ്രഭയേറിയ നയനങ്ങളെ തന്നിൽതന്നെ പതിപ്പിച്ചുകൊണ്ടു് ഉൽക്കണ്ഠയോടുകൂടിയിരിക്കുന്ന സയ്യദ്ഖാൻെറ മുഖത്തെ അയാൾ കണ്ടു. അയാളുടെ ഉള്ളിൽപെട്ടെന്നു ഒരുശങ്ക ഉൽഭൂതമായി. എന്തെന്നാൽ ആ മുഖത്തിനു സുൽത്താൻെറതിൽനിന്നു് യാതൊരു വ്യത്യാസവും ഇല്ലായിരുന്നു എങ്കിലും തിരുമനസ്സിലേ മുഖത്തിനു് ഇല്ലാത്തതായ ഗാംഭീര്യവും സ്ഥിരചിത്തതയും അതിൽ കളിയാടിക്കൊണ്ടിരുന്നു. അതേനിമിഷത്തിൽ വാസ്തവം ജലാലുദീനു മനസ്സിലായി. അയാൾ അമ്പരന്നു നിലവിളിച്ചു് ഒരു കൈകൊണ്ടു് എഴുത്തിൻെറ പകപ്പിനെ ചുരുട്ടിപ്പിടിച്ചിട്ടു മറേറകൈയിൽ തോക്കെടുക്കാൻ ഭാവിച്ചു. എന്നാൽ അതു സാധിക്കുന്നതിനു

മുമ്പ് സയ്യദ്ഖാന്റെ വാമഹസ്തം ജലാലുദീന്റെ കരത്തേയും കടച്ചാസ്സിനേയുംകൂടി ആവരണംചെയ്തു. വലത്തുകൈയിൽ വഹിക്കപ്പെട്ടിരുന്ന നാളികം അയാളുടെ ശിരസ്സിനുനേരെ നീട്ടപ്പെട്ടു. ഇതിനിടയിൽ യവനികയുടെ അന്തർഭാഗത്തുനിന്നും നാളികവാഹിയായ വേറൊരു കരം ജലാലുദീന്റെ മുഖത്തിനു നേരേ അണഞ്ഞു. ഒരു കർക്കശസ്വരം ഇങ്ങിനെ പറഞ്ഞു:—"നിങ്ങൾ വളരെ സാവധാനം ആയുധമെടുത്താൽമതി." ഫിറോസ്ഖാൻ മറയ്ക്കകത്തുനിന്നു വെളിയിൽ വന്നു. അദ്ദേഹത്തിന്റെ കൈത്തോക്ക് ജലാലുദീനെ നിശ്ചേഷ്ടനാക്കി. ഇബ്രാഹിംസയ്യദ്ഖാൻ ആ വിലയേറിയ പ്രമാണത്തെ അയാളുടെ കൈയിൽനിന്നും പിടിച്ചുപറിച്ചു. സയ്യദ്ഖാന്റെനേരേ മിഴിച്ചു നോക്കുകയല്ലാതെ ആ യുവപ്രഭുവിന് ഗത്യന്തരമില്ലായിരുന്നു.

ഇബ്രാ:—"ഇനി നിങ്ങളുടെ പിതൃസഹോദരന്റെ പുത്രനായ ആ യുവാവിനെ നിങ്ങൾ എവിടെ നിർത്തിയിട്ടുപോന്നു എന്നു പറയണം." ജലാലുദീന്റെ മുഖത്തുനിന്നും ഉസ്മാന്റെ ഗതിയെപ്പററി അറിഞ്ഞ് അയാളെ പിൻതുടരണമെന്നായിരുന്നു സയ്യദ്ഖാന്റെ ആഗ്രഹം.

സയ്യദ്ഖാൻ ഇങ്ങനെ ചോദിക്കുന്നതിനിടയിൽ വാതലിൽ ആരോ ഉച്ചത്തിൽ തട്ടുന്ന ശബ്ദംകേട്ടു കതകുതുറക്കാനായി അദ്ദേഹം മുമ്പോട്ടുചാടി. വിവൃതവദനനായ മുഹദീൻ പടിയിൽ നില്ക്കുന്നതായി കാണപ്പെട്ടു. ആ യുവാവ് ഇങ്ങനെ പറഞ്ഞു:—

"സുൽത്താൻതിരുമനസ്സിലെ ഭൃത്യൻ ഇപ്പോൾ ഇതിലേ കടന്നുപോയി. അയാൾ ഫിറോസ്ഖാനെ അന്വേഷിച്ചു നടക്കയാണ്. ജലാലുദീൻ ഇവിടെ എത്തിയിട്ടുള്ള വിവരം പാറാവുകാരൻ മുഖാന്തരം മനസ്സിലാക്കിയ സുൽത്താൻ അയാളെക്കാത്ത് വെളിയിൽത്തന്നെ നില്ക്കുന്നുണ്ട്. ദുർഗ്ഗത്തിന്റെ എല്ലാഭാഗവും കാണിക്കാനായി ദുർഗ്ഗനാഥൻ ജലാലുദീനെ കൂട്ടിക്കൊണ്ട് പോയിരിക്കയാണെന്ന് ഞാൻ തിരുമനസ്സിലെ ഭൃത്യനോടു പറഞ്ഞു. തിരുമനസ്സുകൊണ്ടും ഇപ്പോൾ ഇങ്ങോട്ടു എഴുന്നള്ളിയേക്കുമെന്നു അയാൾ പറയുന്നു."

ഫിറോസ്ഖാൻ ഒരു നിമിഷനേരത്തേയ്ക്കു ചിന്താമഗ്നനായി നിന്നു. അനന്തരം അദ്ദേഹം അതിവേഗത്തിൽ ജലാലുദീന്റെ സമീപത്തെത്തി. അദ്ദേഹം പറഞ്ഞു:—

"കാര്യങ്ങളെപ്പററി പിന്നീട് നമുക്ക് സംസാരിക്കാം. ഇപ്പോൾ നിങ്ങൾ സുൽത്താനുമൊരുമിച്ചു ഭക്ഷണം കഴിക്കാൻ പോകണം.

ഞാനും മുഹദീനും അവിടെ ഉണ്ടായിരിക്കും. നിങ്ങളുടെ സന്ദേശത്തെപ്പററിയും ഈ മാന്യനെപ്പററിയും ഒരക്ഷരം മിണ്ടിപ്പോകരുത്. അതു നല്ല ഓർമ്മ വേണം. ഒരുവാക്ക് ഉച്ചരിക്കയോ ഒരടയാളം കാണിക്കയോ ചെയ്താൽ നിങ്ങളുടെ തലയിൽകൂടി ഞാൻ ഒരു വെടിയുണ്ട പായിക്കും. സയ്യദ്ഖാൻ ഈ മറയുടെ ഉള്ളിൽ കടന്നു നില്ക്കു. എന്തെങ്കിലും കുഴപ്പമുണ്ടായാൽ ജന്നലിൽകൂടി കിടങ്ങിൽ ചാടി നീന്തിക്കൊള്ളണം."

"അങ്ങിനെതന്നെ" എന്ന് ഇബ്രാഹിം പറഞ്ഞു. "കൊള്ളാം. ഞാൻ എത്രനേരം കാത്തുനില്ക്കണം." എന്നു കോപസൂചകമായ ഒരു സ്വരം വെളിയിൽ കേൾക്കപ്പെട്ടു.

ഇബ്രാഹിം സയ്യദ്ഖാൻ യവനികാന്തർഭാഗത്തിൽ മറഞ്ഞു. ഫിറോസ്ഖാൻെറ കൈത്തോക്ക കീശയ്ക്കുള്ളിൽ കടന്നു. ഉടനെ വിളറിയ മുഖത്തോടുകൂടി താടിക്കാരനായ സുൽത്താൻ അകത്തു പ്രവേശിച്ചു.

സുൽത്താൻ പറഞ്ഞു;—"ഹാ പ്രഭോ, നിങ്ങളെ കണ്ടതിൽ വളരെ സന്തോഷം. എനിക്ക് ആ പട്ടികളെപ്പററി നിങ്ങളോടു ചോദിക്കേണ്ടതുണ്ട്. എന്നാൽ പറയൂ."

മുഹദീൻ:—"കല്പിച്ചു ക്ഷമിക്കണം. അമൃതേത്തു കാലമായി."

സുൽത്താൻ:—"ശരി! ശരി! നമുക്ക് ഒരുമിച്ചാവാം ആഹാരം. പട്ടികളെപ്പററി സംസാരിക്കാൻ അപ്പോൾ ഉത്സാഹമുണ്ട്. വരൂ!" (പ്രഭുവിൻെറ കൈക്കപിടിച്ചുകൊണ്ട്) "മുഹദീൻ, നിങ്ങൾ മുമ്പിൽ നടക്കു. ഫിറോസ്, നിങ്ങളും വരണം."

ജലാലുദീനു ഭക്ഷണം കഴിക്കാൻ വലിയ രുചിയില്ലായിരുന്നു. അയാൾ സുൽത്താൻെറ എതിർവശത്താണ് ഇരുന്നത്. ഫിറോസ്ഖാൻ സുൽത്താൻെറ പിന്നിലായി ഇരുന്നു. അദ്ദേഹത്തിൻെറ കൈയിൽ ഒരു തോക്ക് നീട്ടിപ്പിടിച്ചിരിക്കുന്നതു ജലാലുദീൻ കണ്ടു. മുഹദീൻ വാതുക്കൽ കാത്തുനിന്നു.

സുൽത്താൻ:—"നിങ്ങൾ ഒന്നും തിന്നുന്നില്ലല്ലോ. നിങ്ങൾക്കു സുഖക്കേടൊന്നുമില്ലെന്നു ഞാൻ വിശ്വസിക്കുന്നു."

ജലാലുദീൻ:—(ഇടറിയസ്വരത്തിൽ) "അടിയനു് എന്തോ ഇന്നു നല്ല സുഖമില്ല."

സുൽത്താൻ:—"കൊള്ളാം. എനിക്ക നല്ല വിശപ്പുണ്ടു് അതുകൊണ്ടു് ഞാൻ ആഹാരം കഴിക്കുന്നതിനിടയിൽ പട്ടികളേപ്പററിയുള്ള വിവരം പറയൂ."

ജലാലുദീൻ പട്ടികളേ വളത്തുന്ന സമ്പ്രദായത്തേപ്പററി പറയാൻതുടങ്ങി. എന്നാൽ അയാളുടെ പ്രസംഗം തിരുമേനിക്ക നേരേ മനസ്സിലായില്ല. അവിടുന്നു് അക്ഷമനായി.

സുൽ:—"എനിക്ക മനസ്സിലാകുന്നില്ല. ഒന്നുകൂടി പറയൂ."
ജലാലുദീൻ വീണ്ടും പറഞ്ഞു:—

സുൽ:—"ഹാ മുമ്പിലത്തേതിൽ നിന്ന കുറേക്കൂടി നല്ലപോലെ മനസ്സിലാകുന്നുണ്ടു്. ഇല്ലേ ഫിറോസ്" എന്നു് ദുസ്ഥനാഥൻെറ നേരേ തിരിഞ്ഞു് അവിട്ടന്നു ചോദ്യംചെയ്തു. ഫിറോസ്ഖാൻ പെട്ടെന്നു് തോക്കിനെ കസാലയുടെ കീഴിൽ ഒളിച്ചുകൊണ്ടുപറഞ്ഞു;-

"നല്ലപോലെ മനസ്സിലാകുന്ന തിരുമേനീ! പ്രഭു തിരുമനസ്സുന്നത്തിക്കാൻ വിചാരിക്കുന്ന കാൎയ്യമെല്ലാം ഞാൻ അറിയുന്നുണ്ടു്."

സുൽ:—(ചിരിച്ചുംകൊണ്ടു്) "എനിക്ക പകുതി മനസ്സിലാകുന്നുണ്ടു്. പക്ഷേ അതു മതിയാകും."

"മതിയെന്നാണ എൻെറയും അഭിപ്രായം" എന്നു ഫിറോസ്ഖാൻ ഒരു മന്ദഹാസത്തോടുകൂടി പറഞ്ഞു.

പട്ടികളേപ്പററിയുള്ള പ്രധാനപ്പെട്ട കാൎയ്യം ഈ വിധത്തിൽ കലാശിച്ചപ്പോൾ പ്രഭുവിന്നു് എന്തോ സ്വന്തകാൎയ്യം പറയാനുണ്ടെന്നുള്ളതു സുൽത്താൻ ഓൎത്തു.

"ഇനി എന്താ നിങ്ങൾക്കു് എന്നോടു് ഒരു കാൎയ്യം പറയാനുണ്ടെന്നു പറഞ്ഞതു്?" എന്നു സുൽത്താൻ ചോദിച്ചു.

ജലാ:—"തിരുവുള്ളമുണ്ടായി ക്ഷമിക്കണം. ആ കാൎയ്യം തിരുമേനിയെ മാത്രം കേൾപ്പിക്കാനുള്ളതാണു്."

സുൽ:—"ആ കാൎയ്യം അത്ര രഹസ്യമാണോ?"

ജലാ:—"അടിയൻ. അതു തിരുമേനി മാത്രമേ കേൾക്കാവൂ."

ജലാലുദീനെ തനിച്ചു സുൽത്താൻെറ മുമ്പിൽ ആക്കിയിട്ടു പോ

കരുതെന്നു ഫിറോസ്ഖാൻ നിശ്ചയിച്ചു. അദ്ദേഹം മുന്നോട്ടു തല നീട്ടി ചിരിച്ചുകൊണ്ടു തിരുമേനിയുടെ ചെവിയിൽ ഇങ്ങിനെ മന്ത്രിച്ചു:—

"ഉസ്മാൻഖാൻെറ പക്കൽനിന്നുള്ള സന്ദേശങ്ങൾ മററാരും കേൾക്കാൻ പാടില്ലാത്തവിധം അത്ര മഹത്തരങ്ങളാണ്."

"ഇതാണോ നിങ്ങളുടെ കാൎയ്യം?"എന്നു സുൽത്താൻ പരുഷനായി ചോദിച്ചു.

ജലാ:—"തിരുമനസ്സുകൊണ്ടു ഉസ്മാൻഖാൻപറഞ്ഞത......"

സുൽ:—"അതു് പഴയ കഥതന്നെ. അയാൾക്ക് തിരിച്ചുവരണം അല്ലേ? അത്രേയുള്ളോ? അതല്ല വേറേ വല്ലതുമുണ്ടോ?"

ജലാലുദീൻ ഒന്നും മിണ്ടാതെ ഇരുന്നു.

സുൽ:—(അക്ഷമനായിട്ടു്) "നിങ്ങൾ ഊമയാണോ?"

ജലാലു:—"അതു്—അതു് അവിടുന്നു കല്പിക്കുംപോലെ പഴയ കഥ തന്നെ."

"എന്നാൽ എന്നെ കാണണമെന്നു നിങ്ങൾ ആവശ്യപ്പെട്ടതു് എന്നെ അപമാനിയ്ക്കാനാണെന്നു ഞാൻ വിചാരിക്കുന്നു. ഫിറോസ്ഖാൻ, പ്രഭുവിനെ വേണ്ടപോലെ സൽക്കരിച്ചയയ്ക്കണം. എൻെറ കുതിര ഇപ്പോൾ ദ്വാരത്തിൽ തയ്യാറായി നില്ക്കയാണ്. പ്രഭോ, ഇപ്പോഴത്തേയ്ക്കു വന്ദനം. മുഹദീൻ വരൂ"ഇത്രയും പറഞ്ഞിട്ടു് സുൽത്താൻ എഴുന്നേററു് വെളിക്കുകടന്നു.

മുഹദീൻ ഫിറോസ്ഖാൻെറ നേരേ അൎത്ഥവത്തായി ഒന്നു നോക്കി. ദുർഗ്ഗനാഥൻ ആശ്വാസകരമാകുംവണ്ണം തലകുലുക്കി. മുഹദീൻ സുൽത്താനെ അനുഗമിച്ചു പുറത്തിറങ്ങി മുറിയുടെ കതകടച്ചു. ഇതിനിടയിൽ ജലാലുദീൻ പെട്ടെന്നു വാതലിലേക്കു ചാടി. ഫിറോസ്ഖാൻ അയാളെ കടന്നുപിടിച്ചു അയാളുടെ ചെവിക്കുനേരേ തോക്കു ചൂണ്ടിക്കൊണ്ടു പറഞ്ഞു.

"നിങ്ങൾ കതകുതുറന്നാൽ നിങ്ങളുടെ തലയ്ക്കു ഞാൻ വെടിവയ്ക്കും."

അദ്ദേഹം ഇങ്ങിനെ പറഞ്ഞപ്പോൾ കതകിൽ ആരോ തട്ടുന്ന ശബ്ദം കേൾക്കപ്പെട്ടു.

"കതകു തുറക്കൂ" എന്ന് അദ്ദേഹം ജലാലുദീനോടു പറഞ്ഞു. മന്ദസ്വരത്തിൽ ഉച്ചരിക്കപ്പെട്ട ഒരു ശാപവചനത്തോടുകൂടി പ്രഭു

അനുസരിച്ചു. കൈയിൽ ഒരെഴുത്തോടുകൂടി ഒരു ഭൃത്യൻ പടിയ്ക്കൽ നി ല്ക്കുന്നതായി കാണപ്പെട്ടു. "അതു വാങ്ങിക്ക" എന്നു ഫിറോസ്ഖാൻ പറഞ്ഞു. എന്തെന്നാൽ ആ എഴുത്ത് ജലാലുദീൻെറ മേൽവിലാസത്തിൽ വന്നതായിരുന്നു.

ഭൃത്യൻ വണങ്ങിയ ശേഷം കതകടച്ചിട്ടുപോയി.

ഫിറോസ്:—"എന്നെപ്പോലെ ഒരു നല്ല സ്നേഹിതൻെറ അടുത്തു് നിങ്ങൾക്കു യാതൊരു രഹസ്യവും പാടില്ല. അതുകൊണ്ടു വേഗത്തിൽ എഴുത്തുപൊട്ടിയ്ക്കു."

പ്രഭു എഴുത്തു പൊളിയ്ക്കാൻ തുടങ്ങി.

ഫിറോസ്:—"നിങ്ങൾ അതു കീറിക്കളകയോ പൊടിച്ചുകളകയോ ചെയ്താൽ ഞാൻ ഉടൻ നിങ്ങളേ വെടിവെയ്ക്കും. നിങ്ങൾക്കു എൻെറ വാക്കിനേ വിശ്വസിയ്ക്കാം. ഇനി അതു വായിക്കൂ."

ജലാലുദീൻ എഴുത്തുതുറന്നിട്ടു ഫിറോസ്ഖാൻെറ നേരേനോക്കി.

ഫിറോസ്:—"പ്രഭോ! അവിടുന്ന് അതുവായിക്കണം."

ജലാലുദീൻ താഴെ പറയുംപ്രകാരം വായിച്ചു

"മംടസ്-എൻ. ദ്രോണേശ്വരം."

ഫിറോസ്:—വളരെ വന്ദനം. ഏതുസ്ഥലത്തുനിന്നാണ് ഇതയച്ചിരിക്കുന്നതു്?"

ജലാ:—"ഗോൽക്കണ്ടയിൽ നിന്ന്."

ഫിറോസ്:—"ഇതിൻെറ അൎത്ഥമെന്തെന്നു നിങ്ങൾ പരിഭ്രമിക്കുന്നില്ലേ?"

ജലാ:—"ഇതിൻെറ അൎത്ഥമെന്തെന്ന് ഒന്നും എനിക്കറിഞ്ഞുകൂടാ."

ഫിറോസ്—:"ഇതു് ഒരു മേൽവിലാസമാണെന്നാണ് ഞാൻ വിചാരിക്കുന്നതു്."

ജലാ:—"മേൽവിലാസമോ. എനിക്കാവിചാരമേ ഉണ്ടായില്ല. മംടസ് എന്തെന്ന് എനിക്കറിഞ്ഞുകൂടാ."

ഫിറോസ്:—"ഇതു മംടസിൻെറ മേൽവിലാസമാണെന്നു ഞാൻ വിചാരിക്കുന്നില്ല."

ജലാലു:—"പിന്നെ ആരുടെ?"

ഫിറോ:—"എന്താ സംശയം? ഗോൽക്കണ്ടയിൽ ഉസ്മാൻഖാൻെറ ഇപ്പോഴത്തെ മേൽവിലാസം."

# ആറാം അദ്ധ്യായം.

## ഇബ്രാഹിം സയ്യദ്ഖാൻ രാജധാനിയിലേയ്ക്കു പോകുന്നു.

നാസർ ഉദ്ദീന്റെ ക്ഷീണം അതിവേഗത്തിൽ തീൎന്നു. തൽഫലമായി ഇബ്രാഹിം സയ്യദ്ഖാൻ ഗോൽക്കണ്ടയിലേക്കു പുറപ്പെട്ടു് മുപ്പതുനാഴിക കഴിയുന്നതിനു മുമ്പുതന്നെ നാസർഉദ്ദീനും യാത്രയാരംഭിച്ചു. ചന്ദ്രഗിരിദുർഗ്ഗത്തിൽവച്ചു് ജലാലുദ്ദീൻ സുൽത്താനെ സന്ദർശിച്ച ദിവസം (വെള്ളിയാഴ്ച) കാലത്തുതന്നെ അദ്ദേഹം ഗോൽക്കണ്ടാനഗരത്തിലുള്ള തന്റെ ഗൃഹത്തിൽ ചെന്നുചേൎന്നു. വീട്ടിൽ എത്തിയ ഉടൻ വിവരം ചന്ദ്രഗിരി ദുർഗ്ഗനാഥനെ ധരിപ്പിയ്ക്കാൻ നാസർഉദ്ദീൻ അദ്ദേഹത്തിനു് ഒരെഴുത്തയച്ചു. അനന്തരകരണീയങ്ങളെപ്പററി സയ്യദ്ഖാനുമായി ആലോചിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു ഫിറോസ്ഖാനു് ഈ എഴുത്തു കിട്ടിയതു്.

അവരുടെ സ്ഥിതി അല്പം വിഷമമുള്ള ഒന്നായിരുന്നു. ജലാലുദ്ദീൻ പരാജിതനായി കാണപ്പെട്ടു എങ്കിലും അയാളെ തങ്ങളുടെ ദൃഷ്ടിപഥത്തിൽനിന്നും വിട്ടയയ്ക്കാൻ അവൎക്കു ധൈൎയ്യമുണ്ടായില്ല. സയ്യദ്ഖാനു് തന്റെ മുറിവിട്ടു വെളിയിൽ ഇറങ്ങാൻ നിവൃത്തിയില്ലായിരുന്നു. സുൽത്താന്റെ അഭാവം അധികസമയം നിലനില്ക്കുന്നതല്ലായിരുന്നു. അവിടുന്നു തിരിച്ചെഴുന്നള്ളുന്നതിനുമുമ്പു സയ്യദ്ഖാനെ അവിടെനിന്നു അയയ്ക്കുകയും ജലാലുദ്ദീനെ വല്ല സ്ഥലത്തും ബന്ധനസ്ഥനാക്കിയശേഷം ഉസ്മാന്റെ കൈയിൽനിന്നും എഴുത്തു വീണ്ടെടുക്കാൻ പരിശ്രമിക്കയും ചെയ്യേണ്ട ആവശ്യം അത്യാസന്നമായിരുന്നു.

അവർ ഇരുന്ന മുറി വളരെ വിസ്തൃതമായ ഒന്നായിരുന്നു. അതിന്റെ ഒരു കോണിൽ നിരായുധനായി ഹതാശനായ ജലാലുദ്ദീൻ തന്റെ ശത്രുക്കൾ ആവശ്യപ്പെടുന്ന ഏതുനിബന്ധനയേയും അനുസരിയ്ക്കാൻ സന്നദ്ധനായി ഇരുന്നിരുന്നു. വാതിലിനു സമീപത്തായി മുഹദ്ദീൻ വിജയസൂചകമായ അട്ടഹാസത്തോടുകൂടിയും ഫിറോസ്ഖാൻ കൎക്കശമായ മുഖപ്രകൃതിയോടുകൂടിയും ഇബ്രാഹിം പ്രശാന്തമായി ഉന്മേഷസമേതമായ മനഃസ്ഥിതിയോടുകൂടിയും സ്ഥിതിചെയ്തിരുന്നു. അവർ മന്ദസ്വരത്തിൽ സംഭാഷണം ചെയ്യുകയായിരുന്നു. പെട്ടെന്നു ഫിറോസ്ഖാൻ ഒരു കടലാസ്സെടുത്തു് എഴുതാൻ തുടങ്ങി. അദ്യസന്ദേശം നാസർ ഉദ്ദീന്റെ പേൎക്കായിരുന്നു. നാസർ ഉദ്ദീൻ ഉടൻ

ചന്ദ്രഗിരിയിൽ എത്തണമെന്നായിരുന്നു അതിലേ താല്പര്യം. അവർ വീണ്ടും ഗാഢമായ ആലോചന തുടങ്ങി. സയ്യദ്ഖാൻ പുറപ്പെട്ടവിച്ച ഒരഭിപ്രായത്തേപ്പററി അവർ വാഗ്വാദംചെയ്തു.

ഇബ്രാ:—"ഈ ഉപായം ആപൽക്കരമാണെങ്കിലും ഇപ്പോഴത്തെ സ്ഥിതിക്ക വെട്ടെന്നു പ്രവർത്തിക്കപ്പെടേണ്ട ഒന്നാണ്. പക്ഷെ ഞാൻ ഇന്നു പകൽ മുഴുവനും ഇവിടെ താമസിയ്ക്കേണ്ടിവരും. അതു സാദ്ധ്യമാണോ?"

ഫിറോസ്:—"ദുർഗ്ഗത്തിൽ താമസിയ്ക്കാൻ നിവൃത്തിയില്ലെങ്കിലും നിങ്ങൾക്ക് കാട്ടിൽ ഒളിച്ചിരിക്കാമല്ലോ ഞാൻ അവിടെ വന്നു നിങ്ങളെ കണ്ടുകൊള്ളാം."

ഉടൻ സയ്യദ്ഖാൻ ഒരു കടലാസു കൈയിൽ എടുത്ത് ജലാലുദീൻറെ പേരുവെച്ചു താൻ എഴുതിയ സന്ദേശം വായിച്ചു.

"മംടസ് എൻ. ഭ്രാണേശ്വരം, ഗോൽക്കണ്ടാ. എല്ലാം നേരെയായി. ഞാൻ കൊണ്ടുവന്നതു് അദ്ദേഹത്തിനെ ഏൽപ്പിച്ചു. എന്നാൽ നിങ്ങളുടെ കൈയിൽ ഇരിക്കുന്നതു കാണ്മാൻ അദ്ദേഹം ആഗ്രഹിക്കുന്നു. അദ്ദേഹവും ഞാനും ഇന്നുരാത്രി പത്തുനാഴിക ഇരുട്ടുമ്പോൾ മൃഗയാമന്ദിരത്തിൽ ഉണ്ടായിരിക്കും. ഈ സംഗതിയിൽ യാതൊരു സംശയവും ജനിച്ചിട്ടില്ല."

ഇബ്രാഹിം സയ്യദ്ഖാൻ ആ കടലാസിനെ ഫിറോസ്ഖാൻറെ കൈയിൽ കൊടുത്തു. മുഹദീൻ ദുർഗ്ഗനാഥൻറെ പുറകിൽനിന്നും എത്തിനോക്കിക്കൊണ്ട് ഉൽക്കണ്ഠയോടുകൂടി എഴുത്തുവായിച്ചു.

ഫിറോ:—"ഞാനാണെങ്കിൽ ഈ എഴുത്തനുസരിച്ചു വരുമോ എന്നു സംശയമാണ്."

ഇബ്രാ:—"പക്ഷേ ഉസ്മാൻഖാൻ വരുമല്ലോ. രാജ്ഞി അറിയാതെ സുൽത്താൻ അയാളേക്കാണാൻ ആഗ്രഹിക്കുമെന്നുള്ള വിവരം അയാൾ ഊഹിക്കും. നിങ്ങൾ എൻറെ സ്നേഹിതനായതുകൊണ്ടു കാര്യം നിങ്ങളേയും അറിയിക്കാതെ കഴിച്ചുകൂട്ടണമെന്നു തിരുമേനി ആഗ്രഹിക്കുന്നതു സംഗതമാണെന്ന് ഉസ്മാൻ വിചാരിയ്ക്കും. സുൽത്താൻ തനിച്ചിരിക്കാൻ ആഗ്രഹിക്കുമ്പോൾ സാധാരണ പോകാറുള്ള മൃഗയാമന്ദിരത്തിലല്ലാതെ മററെങ്ങും ഇപ്പോഴും പോകുമെന്നു ശങ്കിക്കാൻ ഇടയില്ല. ഈ സന്ദേശം ഉസ്മാനെ അവിടെ വരുത്തും. സംശയിക്കേണ്ട."

മുഹദീൻ:—"അയാറും വരുമ്പോറും?"

ഇബ്രാ:—"വരുമ്പോറും ജലാലുദീൻ കണ്ടതുപോലെ ഒരു സുൽത്താനെയും അദ്ദേഹത്തിന്റെ പിന്നിൽ ഫിരോസ്ഖാനെയും കാണും."

മുഹദീൻ:—"പക്ഷെ അയാറും അവിടത്തെ അറിയുമല്ലോ"

ഇബ്രാ:—(പുഞ്ചിരിയോടുകൂടി) "അതെ അറിയുമെന്നു തന്നെയാണ് എന്റെ വിചാരം. ഇതിനിടയില് നാസർ ഉദീനെ ഇവിടെ വരുത്തി സുൽത്താൻതിരുമേനിയെ സൂക്ഷിയ്ക്കാൻ നിയോഗിക്കാം."

മുഹദീൻ:— ജലാലുദീനെ എന്തുചെയ്യും"?

ഇബ്രാ:—"അതു നിങ്ങളുടെ ജോലിയാണ് മുഹദീൻ. ഫിറോസ്! ദൌലത്ത് മന്ദിരത്തിൽ ആരെങ്കിലും താമസമുണ്ടോ?"

ഫിരോസ്:—"ഇല്ല. അതിന്റെ ഉടമസ്ഥൻ ആ സ്ഥലം നാസർ ഉദീനെ ഏല്പിച്ചിരിയ്ക്കയാണ്."

ഇബ്രാ:—"കൊള്ളാം. എന്നാൽ നാസർഉദീന്റെ സ്നേഹിതന്മാരായ ജലാലുദീനും മുഹദീനും ഇന്നുതന്നെ ദൌലത്ത്മന്ദിരത്തിലേയ്ക്കു പോകട്ടെ. ചന്ദ്രഗിരിയിലെ ദുർഗ്ഗനാഥൻ മുഹദീന് ഒരു ദിവസത്തേ അവധികൊടുക്കണം. രണ്ടുപേരും ഇന്നത്തേ രാത്രി ദൌലത്ത്മന്ദിരത്തിൽ കഴിച്ചുകൂട്ടണം. അവരിൽ ഒരാറും കണ്ണടയ്ക്കുകയോ തോക്കിൽനിന്നു കൈ പിൻവലിയ്ക്കുകയോ ചെയ്യരുത്."

മുഹദീൻ:—"അതു വളരെ നല്ലത്."

ഇങ്ങിനെ അവരുടെ പ്രവൃത്തിപദ്ധതി രൂപീകരിയ്ക്കപ്പെട്ടു. അവക്ക് ഉസ്മാൻഖാനെ തോല്പിക്കണമെങ്കിൽ ജലാലുദീനെ തങ്ങളുടെ പിടിയിൽ വെച്ചുകൊണ്ടിരിയ്ക്കണം. തങ്ങറും പ്രയോഗിയ്ക്കാൻ നിശ്ചയിച്ചിട്ടുള്ള ഉപായത്തിൽ ജലാലുദീന്റെ നാമം ഉപയോഗിയ്ക്കയും എന്നാൽ അയാളേ മാർഗ്ഗത്തിൽനിന്നും അകററുകയും ചെയ്യാൻ സാധിച്ചാൽ ഉസ്മാൻഖാനെ കബളിപ്പിച്ചു വധിയ്ക്കാൻ അവക്ക കഴിയും. അതേ അയാളേ വധിയ്ക്കണമെന്നു തന്നെയായിരുന്നു അവരുടെ നിശ്ചയം.

ഫിറോസ്:—"നാം ഇപ്പോറും മര്യാദനോക്കേണ്ട ആവശ്യം ഇല്ല. മഹാരാജ്ഞിയുടെ അഭിമാനം പണയത്തിലാകുന്ന ഘട്ടം അടുത്തിരിയ്ക്കുന്നു. അവൻ-ആ ഉസ്മാൻ-ഒരു ഘാതകനാണുതാനും."

മുഹമ്മദീൻ എഴുന്നേററു വെളിക്കുകടന്നു. സയ്യദ്ഖാനും ഫിറോസ്ഖാനും, തങ്ങൾ ജലാലുദ്ദീൻെറ സംഗതിയിൽ പ്രവൎത്തിയ്ക്കാൻ നിശ്ചയിച്ചിരിയ്ക്കുന്നതെന്തെന്ന് അയാളെ അറിയിച്ചു. അയാൾ അവരുടെ വാക്കിനെ അശ്രദ്ധനായി കേട്ടു.

ഇബ്രാ:—(കൃപാൎദ്രമായ വീക്ഷണത്തോടെ) "പ്രഭോ, ഞാൻ അവിടത്തെ ഉപദേശിയ്ക്കുയാണ്. ഈ സംഗതിയിൽ അവിടുന്ന് ബുദ്ധിപൂൎവം മൎയ്യാദയോടുകൂടി പ്രവൎത്തിയ്ക്കുകയാണെങ്കിൽ ഇനിയും അവിടത്തേയ്ക്ക് ഒരു മാന്യനെന്ന പേരിനെ ലഭിക്കാൻ അവസരമുണ്ട്."

ഇത്രയും പറഞ്ഞിട്ട് അദ്ദേഹം തിരിഞ്ഞു

അല്പംകഴിഞ്ഞു മുഹമ്മദീൻ തിരിച്ചുവന്നു. അയാൾക്കും ജലാലുദ്ദീനും, സവാരിചെയ്യാനുള്ള കുതിരകളെ തയ്യാറാക്കി ദുൎഗ്ഗദ്വാരത്തിൽ നിൎത്തിയിരുന്നു. സയ്യദ്ഖാനിൽനിന്നും അവസാനമായി ചില നിൎദ്ദേശങ്ങൾകൂടി കേട്ടശേഷം മുഹമ്മദീൻ തൻെറ തടവുകാരനെ കൈകാട്ടി വിളിച്ചു. അവർ ഒരുമിച്ച് സ്നേഹിതന്മാരെന്ന നിലയിൽ അവിടെ നിന്നും തിരിച്ചു.

ദുൎഗ്ഗത്തിലുള്ള ഇബ്രാഹിം സയ്യദ്ഖാൻെറ സാന്നിദ്ധ്യം നിമിഷംപ്രതി അപൽസൂചകമായി തോന്നി. അവിടെനിന്നും ആരുടെ കണ്ണിലും പെടാതെ അദ്ദേഹത്തെ വെളിക്കു കടത്തുന്ന കാൎയ്യമായിരുന്നു വളരെ വിഷമമുള്ളതു്. ഈ സംഗതി സാധിയ്ക്കാൻവേണ്ടി, ദുൎഗ്ഗത്തിലെ പട്ടാളക്കാർ ഒരുമണിയ്ക്ക് ഉദ്യാനഭൂമിയിൽ അണിനിരന്നു അഭ്യാസപരീക്ഷ നടത്തണമെന്നും അതു കാണ്മാൻ എല്ലാ ഭൃത്യന്മാരെയും അനുവദിച്ചിരിക്കുന്നു എന്നും ദുൎഗ്ഗനാഥൻ ആജ്ഞാപിച്ചു. ഈവിധത്തിൽ ആരും കാണാതെ ഇബ്രാഹിമിനെ വനത്തിൽ കടത്തിവിടാമെന്ന് ഫിറോസ്ഖാൻ ആശിച്ചു. കാട്ടിൽ ഒരു തണലുള്ള സ്ഥലം അവരുടെ സങ്കേതമായും നിശ്ചയിച്ചു.

ഫിറോസ്ഖാൻ ഇബ്രാഹിമിൻെറ യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യാൻ തുടങ്ങിയപ്പോൾ റോസാനാറാ മഹാരാജ്ഞി സയ്യദ്ഖാൻ ഇരിക്കുന്ന മുറിയിൽ കടന്നുചെന്നു. ആദ്യമായി സയ്യദ്ഖാൻ പ്രയോഗിക്കാൻ നിശ്ചയിച്ചിരിക്കുന്ന ഉപായങ്ങൾ എന്തെല്ലാമെന്ന് അവൾ മനസ്സിലാക്കി. ഉസ്മാൻഖാനോടു നേരിടുമ്പോൾ അദ്ദേഹത്തിനു പറ്റാവുന്ന അപത്തുകളെ ഓൎത്തു മഹാരാജ്ഞി വിറച്ചു എങ്കിലും

അദ്ദേഹത്തിന്റെ ശക്തിയിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്ന അവരം വിജയത്തെപ്പററി ലേശവും സംശയിച്ചില്ല. എന്നാൽ തന്റെ എഴുത്തുമൂലം അദ്ദേഹത്തിന് ഈ ആപൽഘട്ടത്തിൽ ചാടാൻ ഇടവന്നതിനാൽ അവരം തന്നത്താൻ നിന്ദിച്ചു. ഇതുകേട്ട് ഇബ്രാഹിം തന്റെ കഞ്ചുകത്തിനടിയിൽ നിന്നും എഴുത്തിന്റെ പകപ്പെടുത്തു വായിച്ച് രാജ്ഞിയുടെ മുമ്പിൽ വെച്ചുതന്നെ അതിനെ ചുംബിച്ചു.

"ഇതിൽ എത്രവാക്കുകരം ഉണ്ടോ അത്രയും ജീവനും എനിക്കുണ്ടായിരുന്നു എങ്കിൽ ഓരോ വാക്കിനും ഞാൻ ഓരോജീവനെ ഉപേക്ഷിക്കുമായിരുന്നു" എന്നു അദ്ദേഹം പറഞ്ഞു.

റോസാ:—"സയ്യദ്, ഇന്നലെ രാത്രിയിൽ എനിക്ക് അത്ഭുതകരമായ ഒരു സ്വപ്നമുണ്ടായി. ഞാൻ രാജധാനിയിൽ ആയിരുന്നു എന്ന് എനിക്കു തോന്നി. അവിടെ എല്ലാവരും സുൽത്താനെപ്പററി സംസാരിച്ചുകൊണ്ടിരുന്നു, അവർ അവിടത്തെപ്പററിയാണു പറഞ്ഞത്. അവിടുന്നു സുൽത്താനായിരുന്നു. ഒടുവിൽ അവിടുന്നു സാക്ഷാൽ സുൽത്താനായി; ഞാൻ അവിടുത്തെ പട്ടമഹിഷിയുമായി. ഉടനേ ഞാനും ഫിറോസ്ഖാനും നാസർ ഉദീനും അവിടന്ന് സുൽത്താനാണെന്നു അവിടത്തോടു പറഞ്ഞു. എന്നാൽ അവിടുന്ന് അതു കേട്ടതായി ഭാവിച്ചില്ല. അവിടത്തെ മുഖം വിളറിയിരുന്നു. ഒടുവിൽ ഞങ്ങരം അവിടത്തെ അടുക്കൽ യാചിച്ചപ്പോരം അവിടന്നു സുൽത്താനാണെന്നു തന്നത്താൻ പറഞ്ഞു. ഞങ്ങരംക്കു സന്തോഷമായി." ഇത്രയും പറഞ്ഞിട്ട് രാജ്ഞി അദ്ദേഹത്തിന്റെ തോളിൽ കൈവെച്ചു.

ഇബ്രാ:—"എന്റെ മഹാരാജ്ഞീ, സ്വപ്നത്തിൽ നമ്മുടെ ആശകളും ഭയങ്ങളും സമ്മിശ്രമായിക്കാണും. അതു വിശ്വസിക്കാനില്ല. ഞാൻ സുൽത്താനല്ല. പക്ഷേ ആരോഗ്യമുള്ള ഒരു പുരുഷനാണ്."

സ്വപ്നത്തെപ്പററിയുള്ള സംഭാഷണം ഇങ്ങിനെ അവസാനിച്ചപ്പോരം ഫിറോസ്ഖാൻ വന്നുചേർന്നു. ദുർഗ്ഗത്തിലെ നിവാസികളെല്ലാം പട്ടാളക്കാരുടെ അഭ്യാസം കാണ്മാനായി ഉദ്യാനഭൂമിയിൽ പോയിരിക്കയാണെന്നും അതുകൊണ്ടു സയ്യദ്ഖാനു വെളിക്കു കടക്കാൻ അതാണ് അവസരമെന്നും അദ്ദേഹം അറിയിച്ചു.

"യാത്രാകുളയാൻ സമയമില്ല, വേഗം! എന്നു ദുർഗ്ഗനാഥൻ പറഞ്ഞു

ഇബ്രാഹിം വാതിലിലേയ്ക്ക നടന്നു. എന്നാൽ വെളിയിൽ ഉണ്ടായ ഒരു ശബ്ദം അദ്ദേഹത്തിൻെറ ഗതിയേ തടുത്തു. അദ്ദേഹം പകുതിവഴിയിൽ നിന്നു. ഫിറോസ്ഖാൻ ഖഡ്ഗമുഷ്ടിയിൽ കൈവച്ചുകൊണ്ട് കവാടത്തിനു നേരേ ഓടി. ഇടനാഴിയിൽകൂടി ഒരു കാലൊച്ചകേൾക്കപ്പെട്ടത് മുറിയുടെ നടയിൽ വന്നുനിന്നു.

അവർ കാത്തുനിന്നു. മന്ദമായ ഒരു ഘട്ടനശബ്ദം കവാടത്തിന്മേൽ കേൾക്കപ്പെട്ടു. എന്നിട്ടും അവർ അനങ്ങിയില്ല. ഘട്ടനം വീണ്ടും തുടൎന്നുകൊണ്ടിരുന്നു.

ഫിറോസ്:—"വാതിൽ തുറക്കണം. സയ്യദ്, മറയുടെ ഉള്ളിൽ."

മഹാരാജ്ഞി ഇരുന്നു. ഫിറോസ്ഖാൻ ഒരുകെട്ട കടലാസു മേശപ്പുറത്തിട്ടു. അങ്ങിനെ അവർ കണക്കുനോക്കുന്ന ഭാവത്തിൽ ഇരുന്നു. എന്നാൽ വെളിയിൽനിന്നും ഉച്ചൈസ്തരമായിട്ടുകൂടിയ ഒരു സ്വരം ഇങ്ങിനെ പറയുന്നതു കേൾക്കപ്പെട്ടു.

"വേഗം വേഗം."

മുഹദീൻെറ സ്വരം അവൎക്കു മനസ്സിലായി. മഹാരാജ്ഞി ചാടി എഴുന്നേററു. സയ്യദ്ഖാൻ യവനികയ്ക്കുള്ളിൽനിന്നും പുറത്തുവന്നു. ഫിറോസ്ഖാൻ കതകുതുറന്നു. മുഹദീൻ പരിഭ്രമിച്ചു കിതച്ചുകൊണ്ട് അകത്തു പ്രവേശിച്ചു.

ഫിറോസ്:—"എന്താ?"

ഇബ്രാ:—(സംശയഗ്രസ്തനായി) "ജലാലുദീൻ ഓടിക്കളഞ്ഞോ?"

മുഹ:—"അതെ അയാൾ കടന്നുകളഞ്ഞു. പട്ടണംകഴിഞ്ഞു ഞങ്ങൾ രാജപാതയിൽ എത്തിയപ്പോൾ അയാൾ ഇങ്ങിനെ പറഞ്ഞു. "ദൌലത്ത് മന്ദിരംവരെ നാം മെല്ലെ പോകാനാണോ നിശ്ചയം" വേഗത്തിൽ പോകണമെന്ന് എനിക്കു വിചാരമില്ലായിരുന്നു. എങ്കിലും ഞങ്ങൾ കുതിരകളെ അല്പം വേഗത്തിൽവിട്ടു. എന്നാൽ എൻെറ കുതിര മുട്ടുകുത്തിവീണു. കൈത്തോക്ക് എൻെറ കൈയിൽനിന്നു താഴെപ്പോയി.

ഇബ്രാ:—"അയാൾ അതു കണ്ടോ?"

മുഹ:—"അയാൾകണ്ടു. അവൻ നശിക്കട്ടെ! ഉടൻതന്നെ അയാൾ അതിശീഘ്രഗതിയിൽ കുതിരയെഓടിച്ചു രാജധാനിയിലേക്കുള്ള വഴിയേ പാഞ്ഞുപോയി. ഞാൻ കുതിരയേ നേരേനിൎത്തി പുറകെ ഓടി മൂന്നുതവണ വെടിവെച്ചു."

ഇബ്രാ:—"വെടികൊണ്ടോ?"

മുഹ:—"എന്നാണ് എനിക്ക തോന്നുന്നതു്. അയാൾ കടിഞാണി നേ ഒരു കൈയിൽനിന്നും മറേറ കൈയിലേയ്ക്കുമാററി കൈ തിരുമ്മുന്നതു ഞാൻകണ്ടു. ഞാൻ അതിവേഗത്തിൽ അയാളേ പിൻതുടൎന്നു. എന്നാൽ അയാളുടെ കുതിര എന്റേതിനേക്കാൾ വേഗമുള്ളതായിരുന്നതുകൊണ്ടു് അയാൾ വളരെ ദൂരത്തിലായി. അതുകൊണ്ടു് അയാളെ ഉപേക്ഷിച്ചിട്ടു വിവരം പറയാൻ ഞാൻ ഇങ്ങോട്ടുപോന്നു. പ്രഭോ, ഇനിമേൽ എന്നെ യാതൊരു കാൎയ്യത്തിനും നിയോഗിച്ചയയ്ക്കരുതു്."

മുഹദീന്റെ മുഖത്തു ലജ്ജയും വ്യസനവും സ്ഫുടമായി കാണപ്പെട്ടു. സയ്യദ്ഖാൻ മുന്നോട്ടുനീങ്ങി അയാളുടെ തോളിൽ കൈവച്ചുകൊണ്ടുപറഞ്ഞു.

"അതു ദൈവഗത്യാ ഉണ്ടായ ഒരു സംഭവമല്ലേ."

മഹാരാജ്ഞി എഴുനേററു അയാളുടെ സമീപത്തണഞ്ഞു.

മുഹദീൻ വിജയമല്ല പരിശ്രമമാണ് ശ്ലാഘയേ അൎഹിക്കുന്നതു്" എന്നു അവൾ കരുണാമസൃണമായി പറഞ്ഞു.

ഒരുനിമിഷനേരത്തേയ്ക്കു എല്ലാവരും നിശ്ശബ്ദരായി നിന്നു.

ഫിറോസ്:—"എന്താ ഇനിച്ചെയ്യേണ്ടതു്. ജലാലുദീൻ രാജധാനിക്കു പോയല്ലോ."

ഇബ്രാ:—നിങ്ങൾ ഇവിടെ താമസിക്കണം. ഞാൻ നേരേ ഗോൽകൊണ്ടയിലേക്ക പോയി ഉസ്മാനും ജലാലുദീനും നഗരത്തിൽ ഉണ്ടെങ്കിൽ കണ്ടുപിടിയ്ക്കാം."

"എന്നെക്കൂടിക്കൊണ്ടുപോകണേ"എന്നു് മുഹദീൻ അശയോടുകൂടി അപേക്ഷിച്ചു.

ദുൎഗ്ഗനാഥൻ നിഷേധഭാവത്തിൽ തലകുലുക്കിക്കൊണ്ടു പറഞ്ഞു.

"നിങ്ങളേ ഇവിടെ ആവശ്യമുണ്ടു്. ഉസ്മാൻഖാൻ ജലാലുദീനുമായി ഇവിടെ വരുന്നു എന്നു് വിചാരിക്കുക."

ഇബ്രാ:—"എന്നെ കുതിരലായത്തിൽ കൊണ്ടുപോയി എനിക്കു് ഒരു നല്ല കുതിരയേ തരിക. തപാൽ വണ്ടിയിൽ പോകാൻ എനിക്ക ധൈൎയ്യമില്ല."

ഫിറോസ്:—"വത്സ! പോകാം. മുഹദ്ദീൻ, മഹാരാജ്ഞിയുടെ അടുത്തുനില്ക്കു."

സയ്യദ്ഖാൻ വാതിലിനെ സമീപിച്ചു് തിരിഞ്ഞു മഹാരാജ്ഞിയുടെ നേരേ നോക്കി. റോസാന്നാ ഒരു പ്രതിമയെപ്പോലെ നിശ്ചലയായി അദ്ദേഹത്തെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. സയ്യദ്ഖാൻ ദുർഗ്ഗനാഥനെ അനുഗമിച്ചു കുതിരലായത്തിൽ എത്തി.

"ശരി; എന്തെല്ലാമാണു് എന്നോടു പറയാനുള്ളതു്?" എന്നു ഇബ്രാഹിം ചോദിച്ചു.

ഫിറോസ്:—"കിടങ്ങിനെ ചുററിപ്പോയി പുറകിലുള്ള റോഡിൽ കടക്കണം. അവിടുന്നുള്ള വഴി നിങ്ങൾക്കറിയാം. ഇരുട്ടുന്നതിനുമുമ്പു് നിങ്ങൾ രാജധാനിയിൽ കടക്കരുതു്. പിന്നെ രാത്രിയിൽ താമസിക്കണമെങ്കിൽ..."

ഇബ്രാ:—"മത്തു് നാസർ ഉദ്ദീന്റെ ഗൃഹത്തിലാവാം. അവിടെന്നു നേരേ ഉസ്മാൻഖാൻ താമസിക്കുന്ന സ്ഥലത്തുപോകാം."

ഫിറോസ്: "അതേ—ഇബ്രാഹിം!"

ഇബ്രാ:—"ശരി!"

ഫിറോസ്:—"ഇത്തവണ അവന്റെ കഥതീക്കണം."

ഇബ്രാ:—"എന്നാൽ കഴിയുന്നതു ശ്രമിക്കാം. പക്ഷേ അയാൾ മൃഗയാമന്ദിരത്തിൽ ചെന്നാലോ? ജലാലുദ്ദീനെ കണ്ടില്ലെങ്കിൽ അയാൾ തീച്ചയായും പോകും."

ഫിറോസ്:—"അങ്ങിനെയാണെങ്കിൽ ഞാൻ അവിടെ ഉണ്ടായിരിക്കും."

ഇബ്രാ:—"അവൻ ഇവിടെ വന്നാലോ?"

ഫിറോസ്:—"മുഹദ്ദീൻ മരിച്ചാലും അയാളേ സുൽത്താന്റെ സന്നിധിയിൽ കടക്കാൻ അനുവദിക്കയില്ല."

ഇബ്രാ:—"വന്ദനം."

ഫിറോസ്:—"ഭാഗ്യം നിങ്ങളെ അനുഗ്രഹിക്കട്ടെ."

സയ്യദ്ഖാൻ വേഗത്തിൽ കുതിരയേഓടിച്ചു കിടങ്ങിനെ ചുററി രാജപാതയിൽ കടന്നു. ചന്ദ്രഗിരിയിലെ അരണ്യപ്രദേശത്തുകൂടി അദ്ദേഹം ഗോൽക്കണ്ടാനഗരംനോക്കി യാത്ര തുടന്നു. അദ്ദേഹത്തിനു് മുമ്പു് വളരെ അകലത്തായി പ്രതികാരേച്ഛാകലുഷമായ ഹൃദയത്തോടുകൂടി ജലാലുദ്ദീനും യാത്രചെയ്തുകൊണ്ടിരുന്നു.

# ഏഴാം അദ്ധ്യായം.

---

## ഇസ്മായിൽ കൊണ്ടുവന്ന സന്ദേശം.

ഒരുമണിയോടുകൂടി ഫിറോസ്ഖാന്റെ സന്ദേശം നാസർഉദീനു ലഭിച്ചു. ഉടൻതന്നെ യാത്രയ്ക്കുള്ള ഒരുക്കങ്ങളും അദ്ദേഹം ചെയ്തുതുടങ്ങി. സയ്യദ്ഖാന്റെ ഭൃത്യനായ കാദർ തപാൽവണ്ടികളുടെ സമയവിവരപ്പട്ടികയുമായി ഉടനെ അവിടെ എത്തി. പട്ടിക അനുസരിച്ചു നാലുമണിവരെ തപാൽ വണ്ടികൾ ഒന്നും പോകുന്നില്ലെന്ന് അവർ മനസ്സിലാക്കി. നാലുമണിക്കു പുറപ്പെടുകയാണെങ്കിൽ ആറുമണികഴിഞ്ഞിട്ടുമാത്രമേ ദുർഗ്ഗത്തിൽ എത്തുകയുള്ളു.

കാദർ:—“പ്രഭോ പ്രത്യേകിച്ചും ഒരു വണ്ടിപിടിച്ചു പോകരുതോ. ഞാൻപോയി അതിന് ഏർപ്പാടുചെയ്തുവരാം.”

നാസർ ഉദീൻ സമ്മതിച്ചു. കാദർ പുറപ്പെട്ടു. കാൽ മണിക്കൂർ കഴിഞ്ഞു നാസർ ഉദീൻ തന്റെ വണ്ടിയിൽ കയറി തപാൽ വണ്ടി ആഫീസിലേയ്ക്കു പുറപ്പെട്ടു.

അദ്ദേഹം ദ്രോണേശ്വരം വീഥിയിൽ എത്തിയപ്പോൾ വണ്ടിക്കാരൻ വണ്ടിയിൽനിന്നു ചാടിയിറങ്ങി അത്ഭുതപരവശനായി ഇങ്ങിനെ പറഞ്ഞു:—

“പ്രഭോ, അതാ ബാൽബൻ പോകുന്നു. കശാപ്പുകാരന്റെ പീടിക കടന്നു.!”

നാസർ ഉദീൻ വണ്ടിയിൽ എഴുന്നേറ്റുനിന്നു ബാൽബന്റെ പിൻഭാഗം കണ്ടു. അവൻ ആളുകളുടെ ഇടയിൽ കൂടി ഒളിച്ചു് ബദ്ധപ്പെട്ടുപോകയായിരുന്നു. തന്നെ അവൻ കണ്ടതുകൊണ്ട് അതിവേഗത്തിൽ പോകയാണെന്നു നാസർ ഉദീൻ ഊഹിച്ചു, അതു ബാൽബൻ തന്നെയാണോ എന്ന് അദ്ദേഹത്തിനു സംശയംതോന്നി. എന്നാൽ വണ്ടിക്കാരൻ ഇങ്ങിനെ പറഞ്ഞു.

“അതു ബാൽബൻതന്നെ. പ്രഭോ! തീർച്ചയായി അതു ബാൽബൻതന്നെ.”

അവിടെ എന്താണു ചെയ്യേണ്ടതെന്നു നാസർ ഉദീൻ സംശയിച്ചുനിന്നില്ല. ബാൽബനെ പിടികൂടുകയോ അല്ലാത്തപക്ഷം

അവൻ ഏതു സ്ഥലത്തേക്കാണു പോകുന്നതെന്നു മനസ്സിലാക്കുകയാ ചെയ്താൽ ഉസ്മാൻഖാന്റെ പ്രവൃത്തികളേപ്പററി ഒരു തുമ്പുണ്ടാകുമെന്നു അദ്ദേഹം ആശിച്ചു. വണ്ടിക്കാരനെ അവിടെ നില്ക്കാൻ കല്പിച്ചിട്ടു് അദ്ദേഹം താഴത്തിറങ്ങി തന്റെ പഴയ ഭൃത്യനെ പിൻതുടൎന്നു.

ഭ്രോനേശ്വരം വീഥിയിലെ ഗൃഹങ്ങളുടെ നമ്പരുകൾ ആ തെരുവിന്റെ അവസാന സ്ഥാനമായ തപാൽവണ്ടി ആഫീസിന്റെ അതിൎത്തിമുതലാണു തുടങ്ങുന്നതു്. ആ വീഥി വളരെ നീളമുള്ളതായിരുന്നു. ബോൽബന്റെ പുറകേ പുറപ്പെട്ടപ്പോൾ നാസർ ഉദീൻ നൂറാം നമ്പർഗൃഹത്തിനു സമീപം നില്ക്കയായിരുന്നു. അവിടെ നിന്നും പത്തൊൻപതാം നമ്പർ ഗൃഹത്തിലേയ്ക്കു ഏകദേശം മുക്കാൽ നാഴിക ദൂരമുണ്ടായിരുന്നു. ബോൽബൻ എവിടേയ്ക്കാണു പോകുന്നതെന്നുള്ള യാതൊരുവിവരവും അദ്ദേഹത്തിനു അറിഞ്ഞുകൂടായിരുന്നു. ചന്ദ്രഗിരിദുൎഗ്ഗത്തിൽ വെച്ചു ഫിറോസ്ഖാൻ ജലാലുദീനെക്കൊണ്ടു നിൎബന്ധിച്ചു വായിപ്പിച്ച ആ എഴുത്തിൽ വിവരിച്ചിട്ടുള്ള പത്തൊൻപതാം നമ്പർ ഗൃഹത്തെപ്പററി യാതൊരറിവും നാസർഉദീനു ഉണ്ടായിരുന്നില്ല. പത്തൊൻപതും പതിനെട്ടും എല്ലാം അദ്ദേഹത്തിനു ഒരുപോലെ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഏകവിചാരം ബോൽബനെ സമീപിക്കണമെന്നായിരുന്നു.

അവന്റെ പിന്നാലേ അദ്ദേഹം പോയി. തന്റെ പിന്നാലെ നാസർഉദീൻ വരുന്നുണ്ടെന്നു ബാൽബൻ അറിഞ്ഞു. ബോൽബൻ കൂടക്കൂടെ തിരിഞ്ഞുനോക്കുന്നതും വേഗത്തിൽ നടക്കുന്നതും അദ്ദേഹം കണ്ടു. അവർ വീഥിയുടെ അവസാനസ്ഥലത്തെ സമീപിച്ചപ്പോൾ നാസർ ഉദീനിൽനിന്നും നാല്പതടി അകലെയായി ബാൽബൻ നടക്കുകയായിരുന്നു. അപ്പോൾ ഒരഹിതസംഭവം നേരിട്ടു. ബോൽബനെ മാത്രം നോക്കിക്കൊണ്ടു വേഗത്തിൽ നടന്ന നാസർഉദീൻ ഒരു തടിച്ചവൃദ്ധന്റെ മേൽ തട്ടിവീഴാൻ ഭാവിച്ചു. ആ പരിഭ്രമത്തിനിടയിൽ തന്റെ പഴയ ഭൃത്യന്റെ ഗതിയിൽനിന്നും, അറിയാതെതന്നെ തന്റെ കണ്ണുകളേ പിൻവലിയ്ക്കേണ്ട ആവശ്യം നാസർ ഉദീനു നേരിട്ടു. നാസർ ഉദീൻ വൃദ്ധനോടു ക്ഷമായാചനം ചെയ്തു വീണ്ടും മുന്നോട്ടു നോക്കിയപ്പോൾ ബോൽബനെ കാണ്മാനില്ലായിരുന്നു. അദ്ദേഹം മേല്പോട്ടു നോക്കി. തന്റെ ഒരു വശത്തായി കണ്ട വീട്ടിന്റെ നമ്പർ ഇരുപത്തിമൂന്നായിരുന്നു. അതിന്റെ വാതിലടച്ചിരുന്നു. അദ്ദേഹം വീണ്ടും കുറേക്കൂടി മുന്നോട്ടു നടന്നു് പത്തൊൻപതാം നമ്പർ ഗൃഹത്തെ സമീപിച്ചു. അതു് ഒരു വൃത്തികെട്ട പഴയ കെട്ടിടമായിരുന്നു. അതു് വില

കുറഞ്ഞ സാമാനങ്ങൾ വില്ക്കുന്ന ഒരു പീടികയായിരുന്നു. പീടികയുടെ വാതിൽ തുറന്നിരുന്നു. എന്നാൽ ആ ഗൃഹത്തേയും ബാൽബെനെയും തമ്മിൽ ഘടിപ്പിക്കത്തക്ക യാതൊരു ലക്ഷണവും അവിടെ കാണ്മാനില്ലായിരുന്നു. അദ്ദേഹം മുന്നോട്ടുനടക്കാൻ ഭാവിച്ചപ്പോൾ ഒരു വൃദ്ധ വാതിലിൽകൂടി തല കാണിച്ചു ചുററും നോക്കിത്തുടങ്ങി. അദ്ദേഹം അവളുടെ നേരേ മുമ്പിൽതന്നെ നില്ക്കുകയായിരുന്നു. വൃദ്ധ ഒന്നു ഞെട്ടുന്നതു് അദ്ദേഹം കണ്ടു. അദ്ദേഹവും ആശ്ചര്യഭരിതനായി ഒന്നു പുറകോട്ടുമാറി. എന്തെന്നാൽ അവർ പരസ്പരം പരിചയക്കാരായിരുന്നു. ചന്ദ്രഗിരി ദുർഗ്ഗത്തിലെ കല്ലറയിലെ രഹസ്യം നാസർ ഉദീൻ മുതലായവരേ ധരിപ്പിച്ച കാസിമിന്റെയും ഇബ്രാഹിംസയ്യദ്ഖാന്റെ കരത്താൽ മരണംപ്രാപിച്ച അഹമ്മദിന്റെയും അമ്മയായ മംടസ് ആയിരുന്നു ആ സ്ത്രീ.

നാസർ:—“ഹാ! മംടസ്! ഗോൽക്കണ്ടയിൽ നിങ്ങൾ കച്ചവടം തുടങ്ങിയിട്ടു് എത്രകാലമായി?”

മംടസ്:—“ഏകദേശം ആറുമാസമായി.”

നാസർ:—(വൃദ്ധയേ സൂക്ഷിച്ചുനോക്കിക്കൊണ്ടു്) “ഞാൻ ഇതിനു മുമ്പു നിങ്ങളേ ഇവിടെ കണ്ടിട്ടില്ലല്ലോ.”

മംടസ്:—“എന്റെ ഈ ചെറിയ പീടിക അവിടത്തെ മഹിമയേറിയ സഹായത്തേ ഒരിക്കലും അർഹിക്കുന്നില്ല.”

നാസർ മുകളിലുള്ള ജന്നലുകളിലേക്കു നോക്കി. അവയെല്ലാം അടച്ചിരുന്നു.

നാസർ:—“ഇതു നല്ല വീടുതന്നെ. എന്നാൽ അതൊന്നു വൃത്തിയാക്കി മിനുക്കി വെയ്ക്കേണ്ടിയിരുന്നു. നിങ്ങൾ തനിച്ചാണോ ഇവിടെ താമസിക്കുന്നതു്?”

മംടസ്:—“ചിലപ്പോൾ തനിച്ചായിരിക്കും. ചിലപ്പോൾ അങ്ങിനെയല്ലതാനും. സൌകര്യമുള്ളപ്പോൾ ഞാൻ വാടകക്കാരേ താമസിപ്പിക്കുന്നുണ്ടു്.”

നാസർ:—“ഇപ്പോൾ വാടകക്കാർ താമസമുണ്ടോ?”

മംടസ്:—“ഒരു മനുഷ്യനുമില്ല പ്രഭോ! അതാണു കഷ്ടം.” ഇതുകേട്ടു നാസർ ഉദീൻ തന്ത്രത്തിൽ ഇങ്ങനെ ചോദിച്ചു.

"ഇപ്പോൾ ഇങ്ങോട്ടു കയറിയ മനുഷ്യൻ സാമാനം വാങ്ങാൻ വന്നവൻ മാത്രമാണോ?"

മംടസ്:--(ആശ്ചര്യസൂചകമായ സ്വരത്തിൽ) "സാമാനം വാങ്ങാൻ ആരെങ്കിലും വന്നെങ്കിൽ കൊള്ളാമായിരുന്നു പക്ഷേ ആരും വന്നുകാണുന്നില്ല."

നാസർ ഉദീൻ അവളുടെ മുഖത്തുതന്നെ സൂക്ഷിച്ചുനോക്കി. അവളും കൂസൽകൂടാതെ അദ്ദേഹത്തെ നോക്കി.

ഈ സമയത്തു കാദർ തന്റെ അടുക്കലേക്കു ബദ്ധപ്പെട്ടു വരുന്നതു് അദ്ദേഹം കണ്ടു- നാസർ ഉദീന്റെ വണ്ടിയേ തേടി അയാൾ നടക്കുകയായിരുന്നു. ഉടൻതന്നെ അദ്ദേഹത്തെ കാദർ കണ്ടു. അയാൾ പറഞ്ഞു.

"പ്രഭോ അഞ്ചുനിമിഷത്തിനുള്ളിൽ വണ്ടിപോകും."

വൃദ്ധയുടെ മുഖത്തു് ഒരു മന്ദഹാസത്തിന്റെ ഛായ കാണപ്പെട്ടു ബോൽബെനും, പക്ഷേ അയാളുടെ കൂട്ടുകാരും അവിടെ ഉണ്ടെന്നു നാസർഉദീൻ തീർച്ചപ്പെടുത്തി. എന്നാൽ അദ്ദേഹത്തിന്റെ അത്യകർത്ത്യം കല്പനയനുസരിച്ചു ചന്ദ്രഗിരിയിൽ എത്തുകയായിരുന്നു.

അദ്ദേഹം അവിടെ നിന്നു നടന്നു. ഉടൻ ആഹ്ലാദസൂചകമായ ഒരു ചിരിയുടെ ശബ്ദം ആ ഗൃഹത്തിൽനിന്നും കേൾക്കപ്പെട്ടു. വൃദ്ധയുടെ ചില്ലികൾ കോപംകൊണ്ടു ചുളിഞ്ഞു. ഒരു നിമിഷനേരത്തേയ്ക്കു അവളുടെ അധരം വിറച്ചു. ഉടൻ അവളുടെ മുഖം വീണ്ടും പ്രശാന്തമായി. എന്നാൽ ആ ചിരി ആരുടേതെന്നു നാസർ ഉദീൻ അറിഞ്ഞു. നാസർഉദീനു സംഗതി മനസ്സിലായി എന്നു വൃദ്ധയും ഊഹിച്ചിരിക്കണം. നാസർ ഉദീൻ താൻ ഒന്നും അറിഞ്ഞില്ലെന്നു ഭാവിച്ചു ഉദാസീനനായി വൃദ്ധയുടെ നേരേ തലകുലുക്കിക്കൊണ്ടു അദ്ദേഹം കാദറുമായി അവിടെനിന്നു പോയി. തപാൽവണ്ടി അഫീസിൽ ചെന്നയുടൻ നാസർ ഉദീൻപറഞ്ഞു.

"കാദർ, ഉസ്മാൻഖാൻ ആ വീട്ടിലുണ്ടു്."

കാദർ ഒട്ടും ആശ്ചര്യം ഭാവിക്കാതെ അദ്ദേഹത്തിന്റെ മുഖത്തു നോക്കി.

"വാസ്തവമാണു്. ഞാൻ അവിടെ പോയി സൂക്ഷിക്കട്ടെയോ?" എന്നു കാദർ ചോദിച്ചു.

നാസർ: "വേണ്ട; എന്നോടുകൂടി വരൂ."

നാസർ ഉദീൻ മൂന്നരമണിയോടുകൂടി ചന്ദ്രഗിരിയിൽ എത്തി നാലുമണിക്കു ദുർഗ്ഗത്തിലും ചെന്നുചേന്നു. മഹാരാജ്ഞി വളരെ കരുണയോടുകൂടി അദ്ദേഹത്തെ സ്വീകരിച്ചു. തിരുമുമ്പിൽ നിന്നും അദ്ദേഹം ഫിറോസ്ഖാൻെറ സമീപത്തേയ്ക്കു പോയി. ഫിറോസ്ഖാൻ മുഹദീനമൊന്നിച്ചു അദ്ദേഹത്തിൻെറ മുറിയിൽ ഇരിയ്ക്കുയായിരുന്നു. ഉസ്മാൻഖാൻെറ ശരിയേപ്പററിയുള്ള തൻെറ സംശയം ദുർഗ്ഗനാഥൻെറ വാക്കുകളാൽ സ്ഥിരപ്പെട്ടുകൊണ്ടു നാസർ ഉദീൻ തൃപ്തിപ്പെട്ടു. എന്നാൽ ദ്രോണേശ്വരത്തിലേ സിംഹഗഹ്വരത്തിൽ തലയിടാൻ ഇബ്രാഹിം സയ്യദ്ഖാൻ അങ്ങോട്ടു പോയിരിക്കുന്നു എന്നറിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ മുഖം വിവർണ്ണമായി. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—

"അവിടെ അവർ മൂന്നുപേരും ഉണ്ടായിരിക്കും. ഉസ്മാൻഖാൻ, ജലാലുദീൻ, ബാൽബൻ."

ഫിറോസ്:—"ഉസ്മാൻഖാൻെറ കാര്യം നിശ്ചയം പറയാൻ പാടില്ല. നമ്മുടെ എഴുത്തിൻെറ വാസ്തവം അറിയിക്കത്തക്കവണ്ണം സമയത്തിന്നു ജലാലുദീൻ അവിടെ എത്തുകയാണെങ്കിൽ ഉസ്മാൻ അവിടെത്തന്നെയിരിക്കും. എന്നാൽ ഇവിടെയും, മൃഗയാമന്ദിരത്തിലും അവനെ നാം കാത്തുനില്ക്കുന്നു. അവൻ എവിടെയായിരുന്നാലും അവനെ നേരിടാൻ നാം സന്നദ്ധന്മാരാണ്. സയ്യദ്ഖാൻ ഗോൽക്കണ്ടയിലുണ്ട്. നമുക്കു രണ്ടുപേക്കും മൃഗയാമന്ദിരത്തിൽ പോകാം. മുഹദീൻ മഹാരാജ്ഞിയോടുകൂടി ഇവിടെയും ഉണ്ടായിരിക്കും."

അവൎക്കു ലഭിച്ച അല്പസമയംകൊണ്ട് അവർ ആഹാരംകഴിച്ചു അപ്പോഴേയ്ക്കും 'മണി അഞ്ചുകഴിഞ്ഞു.

ഫിറോസ്:—"സുൽത്താൻ തിരുമനസ്സുകൊണ്ട് നായാട്ടുകഴിഞ്ഞു വേഗം എഴുന്നള്ളും."

എന്നാൽ മണി ആറടിച്ചു; സുൽത്താനെ കാണ്മാനില്ല. അല്പസമയംകഴിഞ്ഞു മഹാരാജ്ഞി അവരെ തിരുമുമ്പിൽ ചെല്ലാൻ കല്പിച്ചിരിക്കുന്നതായി ഒരു പട്ടക്കാരൻ വന്നറിയിച്ചു. ആജ്ഞയനുസരിച്ച് അവർ തിരുമുമ്പിൽ എത്തി. സുൽത്താൻ വരാൻ താമസിക്കുന്നതുകൊണ്ട് രാജ്ഞി അസ്വാസ്ഥ്യയായി അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു.

റോസാ:—"അവിട്ടന്നു തിരിച്ചുവരാത്തതു വളരെ അത്ഭുതകരമായിരിക്കുന്നു." ഈ വാക്കുകളോടുകൂടി അവൾ രാജപാതയിലേക്കു നോക്കി.

മണി ഏഴ്, എട്ട്, ഇങ്ങനെ കഴിഞ്ഞു. അവരുടെ അസ്വാസ്ഥ്യം വർദ്ധിച്ചു. നേരം നല്ലപോലെ ഇരുട്ടി. അവർ എന്തുചെയ്യേണ്ടു എന്നറിയാതെ പരവശരായി.

ഒടുവിൽ വനത്തിൽ നിന്നും രാജപാതയിലേക്കു പ്രവേശിച്ച കുതിരകളുടെ ഖുരധ്വനി നാസർഉദ്ദീന്റെ കർണ്ണങ്ങളിൽ പെട്ടു. മുഹമ്മദീൻ ഉടനേ അഹ്ലാദഭരിതനായിപ്പറഞ്ഞു "അതാ അവർ വരുന്നു." മഹാരാജ്ഞി നിന്നു. മററുള്ളവർ അവരുടെ ചുററും കൂടി. ഖുരധ്വനി സമീപിച്ചുവന്നു. താമസംവിനാ അശ്വാരൂഢന്മാരായ മൂന്നു പേരെ അവർ കണ്ടു. അവർ സുൽത്താന്റെ നായാട്ടുകാരായിരുന്നു. അവർ സന്തോഷത്തോടുകൂടി പാടിക്കൊണ്ടു വരികയായിരുന്നു. മഹാരാജ്ഞിയും കൂട്ടകാരും അശ്വസിച്ചു. സുൽത്താനു് അപത്തൊന്നുമില്ലെന്നു് അവർ തീർച്ചയാക്കി. എന്നാൽ അദ്ദേഹം വരാത്തതെന്തു്?

മുഹ:—"സുൽത്താൻതിരുമേനി ക്ഷീണിച്ചതുകൊണ്ടു് മെല്ലെ പുറകേ വരികയായിരിക്കും."

സുൽത്താന്റെ പ്രധാന നായാട്ടുകാരനായ ഇസ്മായിൽ മഹാരാജ്ഞിയുടെ മുമ്പിൽ എത്തി വന്ദിച്ചുനിന്നു.

റോസാ:—"കൊള്ളാം ഇസ്മായിൽ! സുൽത്താൻ എവിടെ?"

ഇസ്മായിൽ:—"സുൽത്താൻ തിരുമനസ്സുകൊണ്ടു് ഒരു സന്ദേശം അയച്ചിട്ടുണ്ടു്."

റോസാ:—"എന്താ അതു്?"

ഇസ്മാ:—"തിരുമേനി നായാട്ടിൽ വളരെ ക്ഷീണിച്ചിരിക്കയാണു്. അവിടന്നു് ഒരു വലിയ കാട്ടുപന്നിയെക്കൊന്നു. അതിനെ മൃഗയാമന്ദിരത്തിൽ ഇട്ടിരിക്കയാണു്. അതിനെ കൊറുക്കുന്നതിനു നാളെക്കാലത്തു് അടിയങ്ങൾ ചെല്ലണമെന്നു കല്പിച്ചു. തിരുമേനി ഇന്നു മൃഗയാമന്ദിരത്തിൽ തന്നെ താമസിക്കുന്നു. കല്പനപ്രകാരം അടിയന്റെ അനുജൻ ഹൈദരും കൂടെ താമസിക്കുന്നു."

ഫിറോസ്: "മൃഗയാമന്ദിരത്തിലോ?"

ഇസ്മാ:—"അതേ! നാളെക്കാലത്തു ഹൈദരുമൊന്നിച്ചു തിരുമേനി ഇവിടെ എഴുന്നള്ളും."

ഇസ്മായിൽ വീണ്ടും മഹാരാജ്ഞിയെ വന്ദിച്ചശേഷം പിൻവാങ്ങി.

അല്പനേരത്തേയ്ക്കു അവർ എല്ലാവരും നിശ്ശബ്ദരായിനിന്നു. ഒടുവിൽ നാസർഉദ്ദീൻ ഇങ്ങിനെ പറഞ്ഞു.

"നമ്മുടെ കള്ളയെഴുത്തു ഉസ്മാനു കിട്ടി. അവൻ മൃഗയാമന്ദിരത്തിൽ പോയെങ്കിലോ?"

ഫിറോസ്ഖാൻ സമയം വൃഥാ വ്യയം ചെയ്യാതെ ഇങ്ങിനെ പറഞ്ഞു.

"മുഹദീൻ! പറഞ്ഞതുപോലെതന്നെ നിങ്ങൾ ഇവിടെ താമസിക്കണം. യാതൊന്നും മാററമില്ല. ഉടൻ എനിക്കും നാസർഉദ്ദീനും കുതിരകളെ കൊണ്ടുവരൂ."

മുഹദീൻ ഒരു ബാണംപോലെ കുതിരലായത്തിലേക്കു പാഞ്ഞു.

ഫിറോസ്:—(മഹാരാജ്ഞിയോട്) "നിശ്ചയത്തിനു യാതൊരു മാററവുമില്ല തിരുമേനീ. പക്ഷേ ഉസ്മാൻ മൃഗയാമന്ദിരത്തിൽ എത്തുന്നതിനു മുമ്പു ഞങ്ങൾ അവിടെ ചെന്നുചേരണം."

അവർ നേരംനോക്കി; ഏകദേശം എട്ടുനാഴികയിരുട്ടി.

മഹാരാജ്ഞി ഭയാക്രാന്തയായി ചോദിച്ചു.

"നിങ്ങൾ സമയത്തിനു അവിടെ എത്തുമോ?"

ഫിറോസ്:—(വണങ്ങിക്കൊണ്ട്) "നിശ്ചയമായിട്ടും."

റോസാ:—"എൻെറ എഴുത്തു സുൽത്താനെ കാണിക്കാൻ നിങ്ങൾ അവനെ അനുവദിക്കയില്ലല്ലോ."

ഫിറോസ്:—(മന്ദഹാസത്തോടെ) "ഒരിക്കലുമില്ല തിരുമേനീ!"

നാസർ:—"ഇതാ കുതിരകൾ വന്നു."

അവർ കുതിരപ്പുറത്തുകയറി വായുവേഗത്തിൽ മൃഗയാമന്ദിരത്തിലേയ്ക്കു പാഞ്ഞു.

നാസർ:—"നാം സമയത്തിനു എത്തുമോ?"

ഫിറോസ്:—"എനിക്കു തോന്നുന്നില്ല. എങ്കിലും നമുക്കു കഴിയുന്നതും ശ്രമിക്കാം.

പെട്ടെന്നു അവരുടെ പിന്നിലായി കുതിര ഓടുന്ന ശബ്ദം കേൾക്കപ്പെട്ടു.

ഫിറോസ്:—(കുതിരയേ നിർത്തിയിട്ടു) "അതെന്തെന്നു നമുക്കു നോക്കാം."

ഒരുനിമിഷം കഴിഞ്ഞു അശ്വാരൂഢനായ ഒരാൾ അവരുടെ അടുത്തെത്തി. ഫിറോസ്ഖാൻ വെറുപ്പോടുകൂടി ഒന്നു അട്ടഹസിച്ചു.

നാസർ:—അല്ല! ഇതു കാദറാണോ?"

"അതേ പ്രഭോ" എന്നു ഇബ്രാഹിംസയ്യദ്ഖാൻെറ ഭൃത്യൻ ഉത്തരം പറഞ്ഞു.

ഫിറോസ്:—"നിനക്കെന്തുവേണം."

കാദർ:—"ഞാൻ നാസർഉദീൻതിരുമേനിക്കു കൂട്ടായിവന്നു."

ഫിറോസ്:—"ഇതേതു കുതിര?"

കാദർ:—"ലായത്തിൽ ശേഷിച്ചതിൽ ഏററവും നല്ലതു്. ഞാൻ തിരുമേനിയോടുകൂടി എത്തുകയില്ലേ എന്നു ഭയപ്പെട്ടു.

ഫിറോസ്ഖാൻ മേൽമീശ കടിച്ചു ശണ്ഠകൂട്ടി. എന്നാൽ ഒടുവിൽ പൊട്ടിച്ചിരിച്ചു.

നാസർ:—"കൊള്ളാം ഈ കുതിര എൻേറതാണു്."

കാദർ:—(ബഹുമാനസൂചകമായി) "അതേ പ്രഭോ."

ഒരു നിമിഷം എല്ലാവരും നിശ്ശബ്ദരായി നിന്നു. വീണ്ടും ഫിറോസ്ഖാൻ ചിരിച്ചുംകൊണ്ടു പറഞ്ഞു.

"എന്നാൽ മുമ്പോട്ടു"

അവർ മൂന്നുപേരും വനത്തിലേക്കു പാഞ്ഞു.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

## എട്ടാം അദ്ധ്യായം.

### ഷേബറിൻെറ പ്രകൃതം!

ഇതിന്നിടയിൽ ഫിറോസ്ഖാൻ മുതലായവർ തീരെ പ്രതീക്ഷിക്കാത്ത ഒരു സംഭവം നടന്നു. സുൽത്താൻ മൃഗയാമന്ദിരത്തിലേക്കു പോയിട്ടില്ലായിരുന്നു എങ്കിൽ അവരുടെ ഉപായം അന്നു വിജയകരമായിപരിണമിക്കുമായിരുന്നു. അവരുടെ എഴുത്തിനെപ്പററി ജലാലുദീൻ ഉസ്മാൻഖാനു മുന്നറിവു കൊടുത്തിരുന്നു എങ്കിൽ താഴെ വിവരിക്കുന്ന അഹിതസംഭവം നടക്കുകയില്ലായിരുന്നു. നായാട്ടു കഴിഞ്ഞു സുൽത്താൻ വളരെ ക്ഷീണിച്ചിരുന്നതിനാൽ മൃഗയാമന്ദിരത്തിൽ അന്നത്തെരാത്രി കഴിച്ചുകൂട്ടാമെന്നുറച്ചു. ജലാലുദീൻ ഗോൽക്കണ്ടയിൽ എത്തുന്നതിനുമുമ്പു ഉസ്മാൻ അവിടം വിട്ടതിനാൽ അവർ തമ്മിൽ കാണ്മാൻ സംഗതിയായില്ല. എഴുത്തനുസരിച്ചു നേരത്തേതന്നെ മൃഗയാമന്ദിരത്തിൽ എത്തണമെന്നു ഉസ്മാൻ നിശ്ചയിച്ചു.

ഈ നിശ്ചയമനുസരിച്ചു ഉസ്മാൻ സന്ധ്യയോടുകൂടി ചന്ദ്രഗിരിയിൽ എത്തി. ജലാലുദീൻ ഗോൽക്കണ്ടയിൽ എത്തിയപ്പോൾ ഉസ്മാൻ യാത്രയായി എന്നറിഞ്ഞതുകൊണ്ടു് അയാളുടെ വരവിനെ കാത്തു് അവിടെത്തന്നെ താമസിച്ചു.

ഈ സംഗതികളൊന്നും മൃഗയാമന്ദിരത്തിലേക്കു യാത്രചെയ്തുകൊണ്ടിരുന്ന നാസർഉദീൻ മുതലായവർ അറിഞ്ഞില്ല. ജലാലുദീൻ ഉസ്മാനെ കണ്ടോ ഇല്ലയോ എന്നുള്ള സംഗതിയെപ്പററി അവക്കു യാതൊരറിവും ഇല്ലായിരുന്നു. അവർ തമ്മിൽ കണ്ടിട്ടില്ല എന്നും ഉസ്മാൻ മൃഗയാമന്ദിരത്തിൽ എത്തുമെന്നും ഉള്ള വിചാരത്തിന്മേൽ അവർ പ്രവത്തിച്ചു. അവർ അതിവേഗത്തിൽ യാത്രചെയ്തു. ഫിറോസ്ഖാനായിരുന്നു ആ സംഘത്തിൻെറ നേതാവു്. അവർ ഉദ്ദിഷ്ടസ്ഥലത്തെത്തുന്നതുവരെ യാതൊന്നും അന്യോന്യം മിണ്ടിയില്ല.

പെട്ടെന്നു് ഫിറോസ്ഖാൻ തൻെറ മുമ്പിൽ ചൂണ്ടിക്കാണിച്ചു. മൃഗയാമന്ദിരം അവരുടെ മുമ്പിലായി കാണപ്പെട്ടു. അവർ കുതിരപ്പുറത്തുനിന്നും താഴെയിറങ്ങി കുതിരകളെ വൃക്ഷങ്ങളിൽ കെട്ടിയിട്ടു് നിശ്ശബ്ദരായി വേഗത്തിൽ മുന്നോട്ടു നടന്നു.

നാസർഉദീനും കാദറും ആ മന്ദിരത്തിന്റെ ദ്വാരംവരെ ഫിറോസ്ഖാനെ അനുഗമിച്ചു. ഇവിടെ ഫിറോസ്ഖാൻ തന്റെ ഖഡ്ഗത്തേ ഉറയിൽനിന്നും ഇളക്കി. മററു രണ്ടുപേരും തങ്ങളുടെ കൈത്തോക്കുകളും എടുത്തു. മന്ദിരത്തിനകത്തു വെളിച്ചമില്ലായിരുന്നു. വാതിൽ അടച്ചിരുന്നു. എല്ലാം നിശ്ശബ്ദമായി കാണപ്പെട്ടു. ഫിറോസ്ഖാൻ വാതിലിൽ തട്ടി. എന്നാൽ അകത്തുനിന്നും യാതൊരുത്തരവും ഉണ്ടായില്ല. അദ്ദേഹം കതകു തള്ളിത്തുറന്നു്, അകത്തു കടന്നു. അവരുടെ വഴി അന്ധകാരമയമായി കണ്ടു.

"നമ്മുടെ നിശ്ചയമനുസരിച്ചു നിങ്ങൾ ഇവിടെ നില്ക്കണം. തീപ്പെട്ടി ഇങ്ങുതരൂ. ഞാൻ അകത്തു കടക്കാം" എന്നു ഫിറോസ്ഖാൻ പറഞ്ഞു.

കാദർ തീപ്പെട്ടി കൊടുത്തു ഫിറോസ് അകത്തു കടന്നു. അദ്ദേഹം മൂന്നുനാലടി പോകുന്നതുവരെ അദ്ദേഹത്തിന്റെ രൂപം കൂട്ടുകാരുടെ നയനങ്ങൾക്കു ഗോചരമായി. പിന്നീടു് അതു ക്രമേണ അസ്പഷ്ടമായി ഒടുവിൽ തീരെമറഞ്ഞു. അല്പംകഴിഞ്ഞു് ആശ്ചര്യസൂചകമായ ഒരു സ്വരവും അതിനെ തുടർന്നു് ആരോ വീഴുന്ന ശബ്ദവും ഖഡ്ഗം കല്ലുകളിൽ ഉരസുന്ന ധ്വനിയും കേൾക്കപ്പെട്ടു. ഉടനേ തീപ്പെട്ടിക്കോൽ ഉരയ്ക്കുന്നതും ഫിറോസ് എഴുന്നേല്ക്കുന്നതും ആയശബ്ദം കേൾക്കപ്പെട്ടു. അടുത്ത നിമിഷത്തിൽ ഫിറോസ് പടിവാതിലിൽ പ്രത്യക്ഷനായി.

നാസർ:—"എന്താ അതു്?"
ഫിറോസ്:—"ഞാൻ കാൽതട്ടി വീണു."
നാസർ:—"എന്തോന്നിൽ കാൽതട്ടി"
ഫിറോസ്:—"വന്നുനോക്കൂ."

നാസർഉദീൻ ഫിറോസിനെ അനുഗമിച്ചു. ഗൃഹത്തിനുള്ളിൽ കടന്നു് അവർ പത്തടി നടന്നു. ഉടനേ ഫിറോസ്ഖാൻ തീപ്പെട്ടിക്കോൽ ഉരച്ചു. അവരുടെ മുമ്പിലായി കറുത്ത ഒരു വസ്തു കിടക്കുന്നതു് കാണപ്പെട്ടു.
നാസർ:—"ഇതു് തിരുമേനിയുടെ നായാട്ടുപട്ടി ബേബർ അല്ലേ?"

പട്ടിയെ അവർക്കു നല്ലവണ്ണം അറിയാമായിരുന്നു. അവൻ സുൽത്താന്റെ വിശ്വസ്തനായിരുന്നു. സുൽത്താൻ നായാട്ടിനു പോകുന്ന അവസരങ്ങളിൽ അവൻ അദ്ദേഹത്തെ അനുഗമിച്ചുവന്നു. ഫിറോസ്ഖാൻ പട്ടിയുടെ തലയിൽ കൈവച്ചു. അവന്റെ നെററിയിൽ

ഒരു വെടിയുണ്ട ഏററിരുന്നു. മററൊന്ന് അവൻെറ ഭുജത്തെ ശിഥിലമാക്കിയിരുന്നു.

"വരൂ" എന്നുപറഞ്ഞുകൊണ്ട് ഫിറോസ്ഖാൻ മുമ്പോട്ടുനടന്നു. നാസർ ഉദ്ദീൻ പിന്നാലേ പോയി.

ഈ സമയത്ത് അവരുടെ വലത്തുഭാഗത്തായി ഒരു ദീനസ്വരവും അതിനെ തുടന്ന് ആരോ ഇഴയുന്ന ശബ്ദവും കേൾക്കപ്പെട്ടു. ഫിറോസ്ഖാൻ ഒരു വിളക്കുകണ്ടു. അതിൻെറ സഹായത്താൽ, ഹൈദർ വിഷണ്ണവദനനായി താഴെ കമിഴ്ന്നു കിടക്കുന്നതു കാണപ്പെട്ടു.

"അതാരു്?" എന്നു ഹൈദർ ക്ഷീണിച്ച സ്വരത്തിൽ ചോദിച്ചു.
ഫിറോസ്:—(മുന്നോട്ടുചെന്നിട്ട്) "എന്താ നിങ്ങൾക്കു ഞങ്ങളേ അറിയാമല്ലോ. ഇവിടെ എന്തു സംഭവിച്ചു.?"

സാധു ഹൈദർ വളരെ ക്ഷീണിച്ചിരുന്നു. അയാളുടെ തലച്ചോറിനും അല്പം കേടുതട്ടിയിരുന്നു.
ഹൈദർ:—"പ്രഭോ, എനിക്കു കണക്കിനുപററി. ഇനി ഞാൻ നായാട്ടിനു പോകുമെന്നു തോന്നുന്നില്ല."

ഇങ്ങിനെ പറഞ്ഞുകൊണ്ടു അയാൾ ഒരു വലിയ ശബ്ദത്തോടുകൂടി നിലത്തുവീണു.
നാസർ ഉദ്ദീൻ മുന്നോട്ടു ഓടി അയാളെ പൊക്കിയെടുത്ത് തൻെറ ശരീരത്തോടു ചേർത്തിരുത്തി.
"ഇവിടെ നടന്ന സംഭവങ്ങൾ എന്തെല്ലാമെന്നു ഞങ്ങളോടു പറയൂ!" എന്ന് ഫിറോസ്ഖാൻ ആജ്ഞാപിച്ചു.

മന്ദമായ ദീനസ്വരത്തിൽ അയാൾ കഥ പറയാൻ ആരംഭിച്ചു. അത്താഴം കഴിഞ്ഞു സുൽത്താൻ പള്ളിയറയിൽ എത്തി ഉറക്കം തുടങ്ങി. ഹൈദർ മേശ തുടച്ചുകൊണ്ടു നില്ക്കയായിരുന്നു. പെട്ടെന്ന് ഒരാൾ തൻെറ മുമ്പിൽ വന്നുനില്ക്കുന്നതു് അയാൾ കണ്ടു. തൻെറ അരികിൽ എത്തിയ ആൾ ആരെന്നു ഹൈദർ അറിഞ്ഞില്ലെങ്കിലും അയാൾ സുന്ദരനും യുവാവും ആണെന്നു മനസ്സിലാക്കി. അയാൾ ഒരു കൈ അരയിൽ വെച്ചു മററുകൈകൊണ്ടു ഒരു ചെറിയ പെട്ടി പിടിച്ചിരുന്നു.
ഉസ്മാൻ:—"ഞാൻ വന്നിരിക്കുന്നു എന്നു സുൽത്താനെ അറിയിക്കണം. അദ്ദേഹം എന്നെ പ്രതീക്ഷിച്ചിരിക്കയാണ്."

വിചാരിച്ചിരിക്കാതെ ഒരന്യൻ അകത്തു പ്രവേശിച്ചതുകൊണ്ട് ഹൈദർ അല്പം പകച്ചു എങ്കിലും ധൈര്യശാലിയായിരുന്നതിനാൽ സ്വസ്വാമിയെ രക്ഷിക്കാൻ സന്നദ്ധനായിരുന്നു. ആഗതന്റെ ഗംഭീരമായ നോട്ടത്താൽ പ്രേരിതനായിട്ട് അയാളുടെ മുഖത്തുതന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് ഹൈദർ പള്ളിയറയിലേക്കു കടന്നു. "സുൽത്താൻ എന്തെങ്കിലും കൂടുതൽ വിവരങ്ങൾ ചോദിക്കുന്നപക്ഷം എന്റെ കൈയിൽ പെട്ടിയും എഴുത്തും ഉണ്ടെന്നു പറയണം" എന്ന് ഉസ്മാൻഖാൻ (ആഗതൻ ഉസ്മാൻഖാനായിരുന്നു) പറഞ്ഞു ഹൈദർ തല കുനിച്ചുകൊണ്ട് തിരുമനസ്സിലെ സമീപത്തെത്തി. സുൽത്താൻ ഉറങ്ങുകയായിരുന്നു. ഹൈദർ അദ്ദേഹത്തെ ഉണർത്തി വിവരം പറഞ്ഞപ്പോൾ അദ്ദേഹം അത്ഭുതപരവശനായി എഴുത്തിനേയോ പെട്ടിയേയോ പററി തനിക്കു യാതൊരറിവുമില്ലെന്നും താൻ ഒരു സന്ദർശകനെയും പ്രതീക്ഷിക്കുന്നില്ലെന്നും സുൽത്താൻ കല്പിച്ചു. ഹൈദർക്ക് വീണ്ടും ഭയം വർദ്ധിച്ചു. വന്നവന്റെ കൈയിൽ ഒരു തോക്കുണ്ടെന്ന് അയാൾ മെല്ലെ പറഞ്ഞു. സുൽത്താൻ ഭീരുവല്ലായിരുന്നു. അദ്ദേഹം കിടക്കയിൽനിന്നും ചാടിഎഴുന്നേററു. അതേസമയത്തിൽതന്നെ ആ വലിയ നായാട്ടുപട്ടി കട്ടിലിന്റെ കീഴ്നിന്നും പുറത്തുവന്നു. എന്നാൽ അന്യനായ ഒരാൾ അവിടെ വന്നിട്ടുണ്ടെന്ന് ആ പട്ടി ഒരു നിമിഷത്തിനുള്ളിൽ മനസ്സിലാക്കി. അവൻ ചെവിപൊക്കിപ്പിടിച്ച് ഒരു ചെറിയ ഗർജ്ജനം പുറപ്പെടുവിച്ചുകൊണ്ട് തന്റെ യജമാനന്റെ മുഖത്തേയ്ക്കുനോക്കി. ആ സമയത്തു, വെളിയിൽ കാത്തുനിന്ന മുഷിഞ്ഞ ഉസ്മാൻഖാൻ വാതലിന്റെ നേരേ പ്രത്യക്ഷപ്പെട്ടു.

സുൽത്താൻ ആയുധം ധരിച്ചിട്ടില്ലായിരുന്നു. ഹൈദരും അതുപോലെതന്നെയായിരുന്നു. അവർ നായാട്ടിന് ഉപയോഗിക്കുന്ന ആയുധങ്ങൾ അടുത്തമുറിയിൽ സൂക്ഷിച്ചിരുന്നു. ഉസ്മാൻഖാൻ അവിടേയ്ക്കുള്ള വഴി തടുത്തുനില്ക്കുയായിരുന്നു.

"അവിടുന്ന് എന്നെ പ്രതീക്ഷിച്ചിരിക്കയായിരുന്നില്ലേ?" എന്നു ഉസ്മാൻ വന്ദിച്ചുകൊണ്ടു ചോദിച്ചു.

സുൽ:—"ഇല്ല (കോപത്തോടെ) നിങ്ങൾ ഇവിടെ വരുവാൻ എങ്ങിനെ ധൈര്യപ്പെട്ടു."

"അവിടുന്ന് എന്നെ കാത്തിരുന്നില്ലേ" എന്നു ഉസ്മാൻ വീണ്ടും ചോദിച്ചു. തന്നെ ചതിയിൽ അകപ്പെടുത്താൻ എന്തോ തന്ത്രം പ്രയോഗിച്ചിട്ടുണ്ടെന്ന് അയാൾക്ക് ഒരു സംശയംതോന്നി. അയാൾ

തന്റെ കൈത്തോക്കിനെ വലിച്ചെടുത്തു. ഒരാർത്തനാദത്തോടുകൂടി ഹൈദർ സുൽത്താന്റെ മുമ്പിൽ കടന്നുനിന്നു. സുൽത്താൻ വീണ്ടും കിടക്കയിൽവീണു. ഉസ്മാൻഖാൻ സംഭ്രാന്തനായി ജലാലുദീനെപ്പററി എന്തോ പറഞ്ഞുകൊണ്ടു് മുന്നോട്ടുവന്നു.

“മാറിനില്ലു! മാറിനില്ലു! എന്നു സുൽത്താൻ ഗർജ്ജിച്ചു. ഉസ്മാൻ നിന്നു. തന്റെ ഇടത്തുകൈയിൽ ഇരുന്ന പെട്ടിയെ നീട്ടിക്കൊണ്ടു അയാൾ ഇങ്ങിനെ പറഞ്ഞു.

“തിരുമേനി ഇതു നോക്കണം. നമുക്കു് പിന്നീട്ട് സംസാരിക്കാം.”

സുൽത്താൻ ഹൈദരോട്ട് മെല്ലെപ്പറഞ്ഞു.

“അതെന്താ? ഇങ്ങോട്ടെടുക്കൂ.”

സുൽത്താന്റെ ശരീരത്തേ മറച്ചുനിന്നിരുന്ന ഹൈദർ അദ്ദേഹത്തെ വിട്ടുപോകാൻ ഭയപ്പെട്ടു. ഉസ്മാൻഖാൻ അക്ഷമനായി നിന്ദാസൂചകമായ ഒരു ചിരിയോടുകൂടി ഇങ്ങിനെ ഉറക്കെ പറഞ്ഞു.

“നിങ്ങൾക്കു ഇങ്ങോട്ടുവരാൻ ഭയമാണെങ്കിൽ ഇതാപിടിച്ചോളൂ.”ഈ വാക്കുകളോടുകൂടി അയാൾ പെട്ടിയെ മുമ്പോട്ട് എറിഞ്ഞു.

ഈ ധിക്കാരത്തിന്റെ ഫലം ഉടനേ ഉണ്ടായി. ഒരു ഭയങ്കരമായ ഗർജ്ജനത്തോടുകൂടി ബേബർ മുന്നോട്ടുചാടി ഉസ്മാന്റെ കണ്ഠത്തിൽ പതിച്ചു. പട്ടി അവിടെ ഉണ്ടായിരുന്ന കഥ ഉസ്മാൻ അറിഞ്ഞിട്ടില്ലായിരുന്നു. ഭയോൽഭ്രുതമായ ഒരു ശബ്ദം അയാളിൽനിന്നുണ്ടായി. അയാൾ കൈത്തോക്കെടുത്തു പ്രതിയോഗിയുടെനേരേ വെടിവെച്ചു. വെടി പട്ടിയുടെ തോളിൽകൊണ്ടു. എന്നാൽ ഉണ്ടയേററപ്പോൾ പ്രവൃദ്ധരോഷനായിത്തീർന്ന ആ ശ്വാനൻ വീണ്ടും അതിശക്തിയോടുകൂടി ഉസ്മാന്റെ മാറിൽ പതിച്ചു. ഉസ്മാൻ നിലത്തു വീണു. തനിക്കു് ഏററവും പ്രിയപ്പെട്ട ബേബറിന്റെ സ്ഥിതിയോർത്തു രോഷാകുലനായ സുൽത്താൻ ഓടി അടുത്തമുറിയിൽ കടന്നു. ഹൈദർ അദ്ദേഹത്തിന്റെ പിന്നാലെ എത്തി. ഇതിനിടയിൽ ഉസ്മാഖാൻ പട്ടിയേ തള്ളിദൂരത്താക്കിയിട്ട് പടിവാതിലിലേക്കു പാഞ്ഞു. അവിടെ ഹൈദർ ഒരു കുന്തവുമായി നിന്നിരുന്നു. സുൽത്താൻ തന്റെ ഇരട്ടക്കുഴൽത്തോക്കും കയ്യിലാക്കി മുറിയ്ക്കുവെളിയിൽ കടന്നു. ഉസ്മാൻ വീണ്ടും തിരുമേനിയുമായി ഒരു സംഭാഷണത്തിനാവശ്യപ്പെട്ടു. സുൽത്താൻ തന്റെ തോക്കയെത്തി ഉസ്മാന്റെനേരേ വെടിവെച്ചു. ഉസ്മാൻ

ചാടി കതകിൻെറ ഇടയിൽ മറഞ്ഞു. വെടിയുണ്ട ചുവരിന്മേൽ ചെന്നുതറച്ചു. ഉടനേ ഹൈദർ കുന്തവുമായി അയാളുടെ അടുത്തെത്തി. യാതൊരു സംശയവുംകൂടാതെ ഉസ്മാൻ ഹൈദരേ വെടിവെച്ചു നിലംപതിപ്പിച്ചു. സുൽത്താൻ വീണ്ടും തോക്കുയർത്തി.

"ഛൂ! ശവമേ നിനക്കു വേണമെന്നു നിർബ്ബന്ധമാണെങ്കിൽ ഇതാ വാങ്ങിക്കോ" എന്നുപറഞ്ഞുകൊണ്ട് ഉസ്മാൻ സുൽത്താൻെറ നേരേ തോക്കുനീട്ടി. രണ്ടുവെടികൾ ഒരേസമയത്തിൽ അവിടെ മുഴങ്ങി. എന്നാൽ ഉസ്മാന് ലാക്കുപിഴച്ചില്ല. സുൽത്താനു ലാക്കുതെറ്റി. വെടിയേററ സുൽത്താൻ നിലംപതിച്ചു. ഹൈദർ അതിദീനനായി നിലവിളിച്ചു.

ഉസ്മാൻഖാൻ തിരഞ്ഞു വാതിലിലേയ്ക്കു നടന്നു. ദുസ്സഹമായ വേദനകൊണ്ടു ദീനസ്വരം പുറപ്പെടുവിച്ചും ഇടയ്ക്കു കോപംകൊണ്ടു ഗർജ്ജിച്ചും ബേബർ വളരെ പണിപ്പെട്ട് ഉസ്മാൻെറ പുറകെ എത്തി. ഉസ്മാൻതിരിഞ്ഞു. വീണ്ടും ഒരു വെടിയുടെ ശബ്ദം കേൾക്കപ്പെട്ടു. അതിനെ തുടൎന്നു ഭയങ്കരമായ ഒരട്ടഹാസവും ഉണ്ടായി. ഉസ്മാൻ ഊക്കോടുകൂടി കതകടച്ചിട്ടു വെളിയിലേക്കു നടന്നു

ഹൈദരിൻെറ ഈ കഥ അവർ നിശ്ചലന്മാരായി നിന്നുകേട്ടു. അയാൾ ശവത്തെപ്പോലെ വിളറിയിരുന്നു. നാസർഉദീൻ വളരെ ദീനനായി ഹൈദരിനെ നോക്കി. അവർ എല്ലാവരും കുറേനേരം മിണ്ടാതെനിന്നു. "ഇതാണു നമ്മുടെ പരിശ്രമം! ഇതാണു നമ്മുടെ ഉപായം! ഇവരുടെ മരണമാണ് അതിൻെറ ഫലം" എന്ന് അവർ അന്യോന്യം പറഞ്ഞു. ആ സംഭവത്തെപ്പററി ചിന്തിക്കുന്നതുപോലും അവൎക്കു ദുഃസഹമായി. എന്തെന്നാൽ അവരുടെ പ്രവൃത്തികൊണ്ടു സുൽത്താൻ മരണംപ്രാപിച്ചു.

എന്നാൽ അദ്ദേഹം മരിച്ചുപോയോ എന്നു അവൎക്കു നിശ്ചയമില്ലായിരുന്നു. ഇതുവരെയും അദ്ദേഹത്തിൻെറ ശരീരം അവർ കണ്ടില്ല. അവർ തിരിഞ്ഞു ഭക്ഷണമുറിയുടെ കതകു തള്ളിത്തുറന്നു. കാദർ വിളക്കെടുത്തുകൊണ്ട് അവരുടെ പുറകെ എത്തി. അവർ അകത്തു കടന്നുനോക്കി. സുൽത്താനെ അവിടെ കണ്ടില്ല. അവരുടെ ഉള്ളിൽ ആശ ഉദിച്ചു. അദ്ദേഹം മരിച്ചിട്ടില്ലെന്ന് അവൎക്കുതോന്നി. നാസർ ഉദീൻ സുൽത്താൻെറ കിടക്കമുറിയിലേക്കു പാഞ്ഞു. കാദറും ഫിറോസ്ഖാനും അദ്ദേഹത്തെ അനുഗമിച്ചു. അവർ മുറിയിൽപ്രവേശിച്ചു പെട്ടെന്നു പുറകോട്ടുമാറി.

സുൽത്താൻ കിടക്കയുടെ അരികിലായി കമിഴ്ന്നുകിടക്കുന്നതു കാണപ്പെട്ടു. അദ്ദേഹം അനങ്ങിയില്ല. ഒരുനിമിഷനേരത്തേക്കു അവർ തിരുമേനിയെത്തന്നെ നോക്കിക്കൊണ്ടുനിന്നു. ഒടുവിൽ അവർ ഒരുമിച്ചു മുന്നോട്ടുനീങ്ങി. നാസർഉദീൻ കുനിഞ്ഞു വിറയ്ക്കുന്ന കൈകളോടുകൂടി തിരുമേനിയെ പൊക്കിയെടുത്തു. അദ്ദേഹം മൃതനായിരുന്നു.

ഫിറോസ്ഖാൻ നാസർഉദീന്റെ തോളിൽ കൈവച്ചു. നാസർഉദീൻ തിരിഞ്ഞുനോക്കി. ഫിറോസ് തറയിലേക്കു ചൂണ്ടിക്കാണിച്ചു. മഹാരാജ്ഞിയുടെ കാര്യദർശി അങ്ങോട്ടുനോക്കി. സുൽത്താന്റെ ദേഹത്തിൽനിന്നും പ്രവഹിച്ച രക്തംപുരണ്ട പെട്ടി അവിടെ കിടന്നിരുന്നു. മരിയ്ക്കുന്നതിനുമുമ്പായി സുൽത്താൻ ആ പെട്ടിയെ അന്വേഷിച്ചു പള്ളിയറയിൽ പ്രവേശിച്ചിരിക്കണമെന്നു അവർ ഊഹിച്ചു.

ഫിറോസ്ഖാൻ ഉൽക്കണ്ഠയോടുകൂടി കുനിഞ്ഞു.

“അതു തുറന്നിട്ടുണ്ടോ” എന്നു് അദ്ദേഹം മന്ദസ്വരത്തിൽ ചോദിച്ചു.

അതിൽ ചുററികെട്ടിയിരുന്ന നാട അതേസ്ഥിതിയിൽതന്നെ ഇരുന്നു. മുദ്രവച്ചിരുന്ന മെഴുകുമാത്രം ഇളക്കി കാണപ്പെട്ടു. അവരുടെ രഹസ്യം മനസ്സിലാക്കാതെതന്നെ തിരുമേനി മരിച്ചു എന്നു് അവർ തീർച്ചപ്പെടുത്തി.

---

# ഒൻപതാം അദ്ധ്യായം.

## സുൽത്താൻ മൃഗയാമന്ദിരത്തിൽ.

സുൽത്താനെ വധിച്ചകഥ നാടൊട്ടുക്കു പരസ്യമാക്കി. ഉസ്മാൻ ഖാനെ പിൻതുടൎന്നു ബന്ധനത്തിലാക്കാൻ വേണ്ട പരിശ്രമം ചെയ്യണമെന്നായിരുന്നു നാസർഉദീന്റെ ആദ്യത്തെ വിചാരം. അദ്ദേഹം ദുർഗ്ഗനാഥന്റെ അടുത്തുചെന്നു ഇങ്ങനെ പറഞ്ഞു.

“നമുക്കു വിവരം ജനങ്ങളെ അറിയിക്കണം. നിങ്ങൾ ചന്ദ്രഗിരിയ്ക്കു പോകുമെങ്കിൽ ഞാൻ ഗോൽക്കണ്ടയിലേക്കു പുറപ്പെടാം.

"ജനങ്ങളെ അറിയിക്കയോ?" എന്നു തന്റെ മേൽമീശ തടവി കൊണ്ടു ഫിറോസ്ഖാൻ ചോദിച്ചു.

നാസർ:—"അതേ, തിരുമനസ്സിലെ മരണവൃത്താന്തം രാജ്യമെല്ലാടുക്കു് അറിഞ്ഞാൽ ജനങ്ങൾ ഇളകി ഉസ്മാനെ അന്വേഷിച്ചു പുറപ്പെടും. അവനു് ഇവിടെനിന്നും രക്ഷപ്പെടാൻ നിവൃത്തിയില്ലെന്നാകും."

ഫിറോസ്:—"അങ്ങിനെ അവനെ പിടികൂടാമെന്നാണു് അല്ലേ?"

നാസർ:—"അതേ, നിശ്ചയമായിട്ടും."

ഫിറോസ്:—"അവനെ ബന്ധിക്കയോ കൊല്ലുകയോ ചെയ്യണം."

നാസർ:—"എന്നാൽ നമുക്കങ്ങിനെ ചെയ്യാം."

ഫിറോസ്:—"മഹാരാജ്ഞിയുടെ തിരുവെഴുത്തു് അവന്റെ കയ്യിൽ ഉള്ളപ്പോഴോ?"

നാസർഉദീൻ അക്കഥ മറന്നുപോയിരുന്നു.

ഫിറോസ്:—"പെട്ടി നമ്മുടെ കയ്യിൽ കിട്ടിയിട്ടുണ്ടു്. എഴുത്തു അവന്റെ കയ്യിൽ ഇരിക്കുന്നതേയുള്ളു".

അപ്പോഴത്തെ സങ്കടാവസ്ഥയിലും നാസർഉദീൻ ഉള്ളുകൊണ്ടു ഒന്നു ചിരിച്ചു. എഴുത്തു് ഉസ്മാന്റെ കയ്യിൽതന്നെ ഇരിക്കയാണു്. അയാളെ ബന്ധനസ്ഥനാക്കിയാൽ അയാൾ തന്റെ മോചനത്തിനു ആ എഴുത്തിനെ ഉപയോഗിക്കും. അവർ ഉസ്മാന്റെ മരണത്തെ കാംക്ഷിച്ചു. എന്നാൽ ആ മരണം അവരുടെ കൈകൊണ്ടല്ലാതെ മറെറാരാളുടെ കൈകൊണ്ടു സംഭവിക്കുന്നതിൽ അവർ ഭയപ്പെട്ടു. ഈ ചിന്തകൾ നാസർ ഉദീന്റെ ഹൃദയത്തിൽ കടന്നുകൂടി അദ്ദേഹത്തെ ഇതികർത്തവ്യതാമൂഢനാക്കി.

നേരം പാതിരാവോടടുത്തു. ഉസ്മാൻഖാൻ അപ്പോൾ വളരെ അകലത്തായിരുന്നു. ഇബ്രാഹിംസയ്യദ്ഖാൻ അയാളെ അന്വേഷിച്ചു ഗോൽക്കണ്ടയിൽ നടന്നു.

നാസർ ഉദീൻ:—(സുൽത്താന്റെ ശവശരീരത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) "അതിനെ നാം ഇനി എന്തുചെയ്യും?"

ഫിറോസ്:—(മേൽമീശ പിരിച്ചുകൊണ്ടു്) "എഴുത്തു തിരിച്ചു കിട്ടുന്നതുവരെ ഒന്നും ചെയ്യാനില്ല.

നാസർ:—"അതുവരെ കാത്തിരിക്കുന്നതു വിഷമമല്ലേ?"

ഫിറോസ്:—"അതെന്താ? ഒരു വിഷമവുമില്ല. മേൽ വിഷമമായി വരാമെങ്കിലും ഇപ്പോൾ അങ്ങിനെ ആയിട്ടില്ല. ഒന്നു രണ്ടു ദിവസത്തിനകം ഉസ്മാനെ പിടികൂടാമെങ്കിൽ വിഷമം നീങ്ങും. എഴുത്തു കയ്യിൽ കിട്ടാമെങ്കിൽ കാൎയ്യമെല്ലാം നേരെയാക്കാം."

"അവിടുന്നു ഒരു പുതിയകഥ സൃഷ്ടിക്കുമായിരിക്കും അല്ലേ?" എന്നു കാദർ ധൈൎയ്യജനകമായ സ്വരത്തിൽ ചോദിച്ചു.

ഫിറോസ്—"അതെ കാദർ, ഞാൻ ഒരു കഥ നിൎമ്മിക്കും. അല്ലെങ്കിൽ നിങ്ങളുടെ യജമാനൻ എനിക്കുവേണ്ടി ഒരു കഥ നിൎമ്മിക്കും. കഥ ഉണ്ടാക്കിയാലും ഇല്ലെങ്കിലും എഴുത്തു കയ്യിൽ കിട്ടണം.

അവർ ഒരുമിച്ചുകൂടി. കാദർ ഫിറോസ്ഖാൻ ഇരുന്ന കസാലയെ അവലംബിച്ചുനിന്നു.

വിളക്കിലെ എണ്ണ മിക്കവാറും തീൎന്നു. വെളിച്ചം മങ്ങിത്തുടങ്ങി. ഇടയ്ക്കിടയ്ക്കു പാവപ്പെട്ട ഹൈദർ ചില ദീനസ്വരങ്ങൾ പുറപ്പെടുവിച്ചു. ഒടുവിൽ ഫിറോസ്ഖാൻ ഇങ്ങിനെ പറഞ്ഞു:—"മഹാരാജ്ഞിയെ വിവരം അറിയിക്കണം. അവർ ചന്ദ്രഗിരിയിൽ താമസിച്ച്, സുൽത്താൻ ഒന്നു രണ്ടു ദിവസത്തേയ്ക്കു മൃഗയാമന്ദിരത്തിൽ ഇരിക്കാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു എന്നു ജനങ്ങളെ അറിയിക്കട്ടെ. ഇതിനിടയിൽ നാസർ ഉദീൻ! നിങ്ങളും മുഹദീനുമൊരുമിച്ചു ഗോൽക്കൊണ്ടയിൽ എത്തി സയ്യദ്ഖാനെ കാണണം. നിങ്ങൾ മൂന്നുപേരും കൂടി ഉസ്മാനെ അന്വേഷിച്ചുപിടിച്ചു എഴുത്തു കരസ്ഥമാക്കണം."

നാസർ:—"നിങ്ങളോ?"

ഫിറോസ്:—"ഞാനും കാദറും ഇവിടെത്താമസിയ്ക്കാം. എന്റെ ആജ്ഞകൊണ്ടു വെളിയിൽ നിൎത്താവുന്ന ആരെങ്കിലും ഇവിടെ വന്നാൽ സുൽത്താനു സുഖക്കേടാണെന്നു പറയും. ആ വൎത്തമാനം പരസ്യമായി ജനങ്ങൾ വരികയാണെങ്കിൽ അവർ അകത്തുകടക്കട്ടെ.

നാസർ.—"ശവശരീരമോ?"

ഫിറോസ്:—"നിങ്ങൾ പോയിക്കഴിഞ്ഞാൽ ഉടൻ ഞങ്ങൾ തൽക്കാലത്തേയ്ക്കു മൂന്നു ശവക്കുഴികൾ ഉണ്ടാക്കും."

അവർ അനന്തരകരണീയത്തെപ്പറ്റി ഇങ്ങനെ തീൎച്ചപ്പെടുത്തി. സുൽത്താനുവേണ്ടി ഒരു ശവക്കുഴി ഉണ്ടാക്കി ആവശ്യം നേരിടുന്ന

ങ്കിൽ അദ്ദേഹത്തിന്റെ ശരീരം അതിൽ അടക്കം ചെയ്യണമെന്നും ഹൈദർ മരിക്കുന്നപക്ഷം അയാളെ ഗൃഹത്തിന്റെ പുറാശത്തുള്ള അങ്കണത്തിൽ നിക്ഷേപിക്കണമെന്നും ജേബറിന്റെ ശരീരം തങ്ങളുടെ കുതിരകളേ കെട്ടിയിരിക്കുന്ന വൃക്ഷത്തിന്റെ ചുവട്ടിൽ ഇടണമെന്നും അവർ നിശ്ചയിച്ചു. സുൽത്താനെ മറവുചെയ്യാൻ നിശ്ചയിച്ച സ്ഥലം മല്യക്കല്ലറയായിരുന്നു. ഈ നിശ്ചയം കഴിഞ്ഞ ഉടൻ നാസർ ഉദീൻ എഴുന്നേററു. ഉടനെ ഹൈദർ ദീനസ്വരത്തിൽ തന്നെ വിളിക്കുന്നതു് അദ്ദേഹം കേട്ടു. നാസർ ഉദീൻ ആ വനപാലകന്റെ സമീപത്തുചെന്നു് അവനെ ആശ്വാസിപ്പിച്ചുകൊണ്ടിരുന്നു.

ഏകദേശം അഞ്ചുമണിയോടുകൂടി ഹൈദർ മരിച്ചു. നാസർ ഉദീൻ തന്റെ ചങ്ങാതിമാരോടു യാത്രപറഞ്ഞു കുതിരപ്പുറത്തു കയറി ദുർഗ്ഗത്തിലേയ്ക്കു ഓടിച്ചുപോയി. നേരം വെളുത്തുതുടങ്ങി. തണുത്ത ഇളംകാററു വീശിക്കൊണ്ടിരുന്നു പ്രഭാതത്തിന്റെ ആഗമനത്തോടുകൂടി നാസർ ഉദീൻ ഉത്സാഹഭരിതനായി. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആശ പുനർജ്ജീവിച്ചു.

ചന്ദ്രഗിരിദുർഗ്ഗം പ്രത്യക്ഷമായി. അദ്ദേഹം ആഹ്ലാദത്തോടുകൂടി ആ ദുർഗ്ഗത്തെ സമീപിച്ചു. ഒരു നിമിഷം കഴിഞ്ഞു് ആശ്ചര്യഭരിതനായി അദ്ദേഹം ഒന്നു നിലവിളിച്ചു. തലേദിവസം രാത്രിയിൽ കേതുദണ്ഡത്തിൽ പറന്നുകൊണ്ടിരുന്ന കൊടിക്കൂറ ഇപ്പോൾ കാണ്മാനില്ലായിരുന്നു. സുൽത്താനോ മഹാരാജ്ഞിയോ ദുർഗ്ഗത്തിൽ താമസിക്കുന്ന കാലത്തു് കൊടി അവിടെ പറന്നുകൊണ്ടിരിക്കുന്നതു് പുരാതനകാലം മുതല്ക്കേ ഉള്ള നടപ്പായിരുന്നു. ആ പതാക ഇബ്രാഹിംഷാ പാദുഷാമനുവേണ്ടി ഇനിയൊരിക്കലും ചലിക്കയില്ലെങ്കിലും റോസാനറാ മഹാരാജ്ഞിയുടെ നേർക്കുള്ള ബഹുമാനത്തേ അതു് എന്തുകൊണ്ടു സൂചിപ്പിച്ചില്ല? നാസർഉദീൻ തന്റെ കുതിരയേ അതിവേഗത്തിൽ പായിച്ചു.

പത്തു നിമിഷത്തിനുള്ളിൽ അദ്ദേഹം ദുർഗ്ഗദ്വാരത്തിൽ എത്തി. ഒരു ഭൃത്യൻ അദ്ദേഹത്തിന്റെ അരികിലേയ്ക്കു ഓടിവന്നു. അദ്ദേഹം കുതിരപ്പുറത്തു നിന്നിറങ്ങി ഭൃത്യനോടിങ്ങനെ പറഞ്ഞു.

“എനിക്കു മഹാരാജ്ഞിയെ കാണണം. സുൽത്താൻ തിരുമനസ്സുകൊണ്ടു് ഒരു സന്ദേശം അയച്ചിട്ടുണ്ടു്.”

ഭൃത്യൻ പരിഭ്രമിച്ചുനോക്കി. എന്നാൽ അപ്പോൾതന്നെ സുൽത്താന്റെ മടപ്പള്ളിക്കാരൻ മുബാറക്ക് വാതുക്കൽവന്നു.

"ദുർഗ്ഗനാഥൻകൂടി വന്നില്ലേ പ്രഭോ?" എന്ന് അയാൾ ചോദിച്ചു.

നാസർ:—"ഇല്ല. ദുർഗ്ഗനാഥൻ സുൽത്താൻ തിരുമേനിയുമൊന്നിച്ചു മൃഗയാമന്ദിരത്തിൽ താമസിക്കുന്നു. മഹാരാജ്ഞിയ്ക്കു് ഒരു സന്ദേശം കൊടുക്കാനുണ്ടു്; അതിനായിട്ടാണു് ഞാൻ വന്നതു്."

മുബാറക്ക്:—"മഹാരാജ്ഞി ഇവിടെയില്ല. ഇന്നു വെളുപ്പിനു് തിരുമനസ്സുകൊണ്ടു് പള്ളിയുണർന്നു വസ്ത്രം ധരിച്ചുകഴിഞ്ഞശേഷം ഉപസേനാധിപൻ മുറദീർസാഹേബിനെ കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. സാഹേബ് വന്ന ഉടൻ അവിടുന്നു ദുർഗ്ഗത്തിൽനിന്നു യാത്രതിരിച്ചു."

നാസർ:—"എവിടേയ്ക്കു്."

മുബാ:—"ഗോൽക്കണ്ടാനഗരത്തിലേക്ക്. ഇത്ര പെട്ടെന്നു എഴുന്നള്ളുന്നു നിശ്ചയിച്ചതിനു യാതൊരു കാരണവും അവിടുന്നു പറഞ്ഞില്ല. ഒരു പരിചാരികയും മുഹദീൻ സാഹേബും കൂടെ പോയിട്ടുണ്ടു്.

നാസർഉദ്ദീൻ നിരാശനായി. അദ്ദേഹത്തിനു രാജധാനിയിൽ എത്താതെ ഗത്യന്തരമില്ലെന്നു വന്നു. ആ നഗരത്തിൽ വെച്ചുതന്നെ നാടകാഭിനയം നടക്കേണ്ട ഘട്ടം നേരിട്ടു. അവിടെ ഇബ്രാഹിം സയ്യദ്ഖാനും ജലാലുദ്ദീനും ഉണ്ടെന്നുള്ളതു തീർച്ചയായി. ഉസ്മാനും മിക്കവാറും രാജധാനിയിൽതന്നെ ഉണ്ടായിരിക്കാൻ ഇടയുണ്ടെന്നും അദ്ദേഹത്തിനു തോന്നി. മഹാരാജ്ഞിയും ഇപ്പോൾ അവിടെ എത്തിയിരിക്കും. സുൽത്താന്റെ മരണത്തെപ്പറ്റി ഉസ്മാൻ മാത്രം അല്ലെങ്കിൽ പക്ഷേ ജലാലുദ്ദീനുംകൂടി അറിഞ്ഞിട്ടുണ്ടെന്നു നാസർ ഉദ്ദീൻ നിശ്ചയിച്ചു. മഹാരാജ്ഞി വിധവയായ വിവരം അവിടത്തെ ധരിപ്പിക്കുന്നതിനും ഉസ്മാനെ നേരിടുന്നതിനുമായി അദ്ദേഹം രാജധാനിക്കു പോകാൻ തീർച്ചപ്പെടുത്തി.

ഒൻപതുമണിയോടുകൂടി നാസർ ഉദ്ദീൻ രാജധാനിക്കു തിരിച്ചു. നാലുമണിക്കൂറുനേരത്തെ സവാരികൊണ്ടു് അദ്ദേഹം ഗോൽക്കണ്ടയിൽ എത്തി. അദ്ദേഹം വീട്ടിൽ കയറാതെ കൊട്ടാരത്തിലേക്കു പോകാൻ ഉദ്ദേശിച്ച് കുതിരയെ തിരിച്ചു. വഴിയിൽവെച്ച് അദ്ദേഹം തന്റെ ഭാര്യാസഹോദരനായ ഖാമർഖാനെ കണ്ടുമുട്ടി.

"ഹാ! നാസർ, നിങ്ങൾ ഒരു മാസത്തേക്കു ചന്ദ്രഗിരിയിൽ താമസിക്കുമെന്നാണു ഞാൻ വിചാരിച്ചതു്."

നാസർ:—(മന്ദഹാസത്തോടെ) "മഹാരാജ്ഞിയുടെ മനസ്സു പെട്ടെന്നു മാറി."

കാമർ:–"നിങ്ങൾ വേഗം ഇവിടെ തിരിച്ചെത്തുമെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ മഹാരാജ്ഞി വന്ന വിവരം ഞാനറിഞ്ഞില്ല."

നാസർ:—"പിന്നെ ഞാൻ വരുമെന്നു നിങ്ങൾ എങ്ങിനെ അറിഞ്ഞു?"

കാമർ:—"നിങ്ങൾ സുൽത്താൻ തിരുമേനിയോടുകൂടി വരുമെന്നു ഞാൻ ഊഹിച്ചു. തിരുമേനിയോടുകൂടിയല്ലേ നിങ്ങൾ വന്നതു്?"

നാസർ:—"അല്ലെങ്കിലും ഞാൻ തിരുമനസ്സിലെ കാര്യമായിട്ടാണു് വന്നിരിക്കുന്നതു്."

കാമർ:—"അതേ അതുശരി. സുൽത്താൻ ഇവിടെ തിരിച്ചെഴുന്നള്ളിയെന്നു കേട്ട ഉടൻ നിങ്ങളും വന്നിരിക്കുമെന്നു ഞാൻ തീർച്ചയാക്കി."

നാസർ:—(ദീർഘശ്വാസത്തോടെ) "സുൽത്താൻ ഇവിടെയുണ്ടോ?"

കാമർ:—"എന്താസംശയം? നിങ്ങൾ അറിഞ്ഞില്ലേ. അദ്ദേഹം നഗരത്തിലുണ്ടു്."

നാസർഉദീൻ ഇതു കേട്ടില്ല. ഒരു നിമിഷനേരത്തേയ്ക്കു് അദ്ദേഹം ഒന്നും മിണ്ടാൻ ശക്തനായില്ല. ഒടുവിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

"ഞാൻ കൊട്ടാരത്തിലേയ്ക്കു പോകട്ടേ."

ഈ വാക്കുകളോടുകൂടി അദ്ദേഹം കുതിരയെ പായിച്ചു. സത്യാ അദ്ദേഹം മനസ്സിലാക്കി. ഇബ്രാഹിംസയ്യദ്ഖാൻ നഗരത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തെ ചിലർ കണ്ടു സുൽത്താനാണെന്നു വിചാരിച്ചു. ഏതായാലും അതു് ഒരാശ്വാസമായി നാസർഉദീൻ വിചാരിച്ചു. എങ്കിലും ഇബ്രാഹിംസയ്യദ്ഖാനെ രക്ഷിയ്ക്കാൻ മരിച്ചുപോയ സുൽത്താനെക്കൊണ്ടു സാധിക്കയില്ലല്ലോ എന്നോർത്തു് അദ്ദേഹം വിഷാദിച്ചു.

## പത്താം അദ്ധ്യായം.

### സുൽത്താൻ ഗോൽക്കൊണ്ടാനഗരത്തിൽ.

മൃഗയാമന്ദിരത്തിലെ അഹിതസംഭവങ്ങൾ നടന്ന രാത്രിയിൽ തന്നെ ഇബ്രാഹിംസയ്യദ്ഖാൻ വഴിയിൽ യാതൊരാപത്തും കൂടാതെ ഗോൽക്കൊണ്ടാനഗരത്തിൽ ചെന്നുചേൎന്നു. ഭാഗ്യത്താൽ അന്നത്തെ രാത്രി രാജധാനിയിൽ വലിയ കൊടുങ്കാറ്റും മഴയും ഉണ്ടായതുകൊണ്ടു ആളുകൾ അപൂൎവ്വമായി മാത്രമേ തെരുവുകളിൽ സഞ്ചരിച്ചിരുന്നുള്ളു. അതിനാൽ സയ്യദ്ഖാൻ ആരുടേയും കണ്ണിൽ പെടാതെതന്നെ നാസർ ഉദീന്റെ ഗൃഹദ്വാരത്തിൽ എത്തി. ഇവിടെ സ്വല്പം അപൽശങ്കയ്ക്കു ഇടയുണ്ടായി. നാസർഉദീന്റെ ഭൃത്യന്മാരാരും തെരുവിൽ കാണപ്പെട്ടില്ല. അദ്ദേഹത്തിന്റെ ഭാൎയ്യക്കു മാത്രമേ ഇബ്രാഹിം സയ്യദ്ഖാനെ പരിചയമുണ്ടായിരുന്നുള്ളു. കഴിഞ്ഞ സംഭവങ്ങളൊന്നും അറിഞ്ഞിട്ടില്ലാത്ത അവൾ ആ അവസരത്തിൽ സയ്യദ്ഖാനെ പ്രതീക്ഷിച്ചിരുന്നതുമില്ല.

ഇബ്രാഹിം ഗൃഹദ്വാരത്തിൽ കുതിരയെ നിറുത്തി താഴത്തിറങ്ങി മണിയടിച്ചു. ഒരു ഭൃത്യൻ വാതിലിൽ എത്തിയപ്പോൾ ഒരു കൎക്കശസ്വരം പ്രഭ്വിയെപ്പററി ചോദിച്ചു. തുറന്നുകിടന്ന വാതിലിൽ ഒരന്യനെ നിറുത്തിയിട്ടുപോകാൻ ഭൃത്യൻ മടിച്ചു. അയാൾ ക്ഷമായാചനം ചെയ്തു കതകടച്ചിട്ട് തന്റെ സ്വാമിനിയെ അന്വേഷിച്ച് അകത്തുപോയി. ആ സമയത്തിൽ സന്നിഹിതനായ ആഗതന്റെ ദേഹവൎണ്ണനകേട്ടപ്പോൾ പ്രഭ്വിക്കു കാൎയ്യം മനസ്സിലായി. അവൾ ഇങ്ങിനെ പറഞ്ഞു

“ശരി, എനിക്കു് അദ്ദേഹത്തെ അറിയാം. നീ അദ്ദേഹത്തെ മഴയിൽ നിറുത്തിയിട്ടല്ല പോന്നതെന്നു ഞാൻ വിശ്വസിക്കുന്നു.”

ഭൃത്യൻ അസ്പഷ്ടാക്ഷരത്തിൽ മാപ്പുചോദിച്ചു. അലിയാ അക്ഷമയായി കൈകുടഞ്ഞുകൊണ്ടു പറഞ്ഞു “നീ എന്തു മണ്ടനാണെടാ” ഈ വാക്കുകളോടുകൂടി അവൾ തന്നെ താഴത്തേയ്ക്കു് ഓടിവന്നു കതകു തുറന്നു. പ്രഥമവീക്ഷണത്തിൽ തന്നെ പ്രഭ്വിയുടെ സംശയം സ്ഥിരപ്പെട്ടു. അവൾ ഇങ്ങിനെ പറഞ്ഞു.

“അവിടുന്നാണോ ഇതു്? ബുദ്ധിഹീനനായ എന്റെ ഭൃത്യൻ അവിടത്തെ മഴയിൽ നിറുത്തി. ദയചെയ്തു് അകത്തുവരണം. ഓ!

അവിടത്തെ കുതിര വെളിയിൽ നില്ക്കയാണ്." (ഭൃത്യനെ നോക്കി) പ്രഭുവിൻെറ കുതിരയെ കുതിരാലയത്തിൽ കൊണ്ടുകെട്ടു."

ഭൃത്യൻ വളരെ മടിയോടുകൂടി മഴയത്തിറങ്ങി. ഇബ്രാഹിംസയ്യദ്ഖാൻ അലിയാ പ്രഭ്വിയെ അനുഗമിച്ച് അകത്തു കടന്നു. പ്രഭ്വി താഴത്തെ നിലയിലുള്ള ഒരു ചെറിയ മുറിയിലേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി ഇരുത്തി. സയ്യദ്ഖാൻ പുഞ്ചിരിയോടുകൂടി അവളെ അഭിവാദിച്ചു.

"പ്രഭ്വി! ഏവിടത്തെ പ്രഭ്വിയാണ്?" എന്ന് സയ്യദ്ഖാൻ മന്ദഹാസത്തോടുകൂടി ചോദിച്ചു.

അലിയാ:—"അത് അയാൾ ചോദിയ്ക്കയില്ല. എന്തു കാര്യം സംബന്ധിച്ചാണ് അവിടുന്ന് ഇവിടെ വന്നത്. വല്ല വിശേഷസംഭവവും ഉണ്ടായോ?"

തൻെറ അറിവിൽ പെട്ടതെല്ലാം സയ്യദ്ഖാൻ പ്രഭ്വിയോടു പറഞ്ഞു.

"എനിക്ക് ഇവിടെനിന്നു വെളിയിൽപോയി ആവശ്യപ്പെട്ടപ്പോൾ ആരും കാണാതെ തിരിച്ചുവരാൻ സൌകര്യമുണ്ടോ?" എന്നു അദ്ദേഹം ചോദിച്ചു.

"രാത്രിയിൽ പടിവാതിൽപൂട്ടും. ഇവിടത്തെ ഗൃഹനായകൻെറയും അടുക്കളക്കാരൻെറയും പക്കൽ മാത്രമേ താക്കോലുകൾ ഉള്ളൂ." എന്ന് അവൾ പറഞ്ഞു.

സയ്യദ്ഖാൻെറ നേത്രങ്ങൾ ആ മുറിയിലെ വാതായനങ്ങളെ പരിശോധിച്ചു.

ഇബ്രാ:—"ഇവിടെക്കൂടി കടക്കാതിരിക്കത്തക്കവണ്ണം ഞാൻ അത്ര തടിച്ചിട്ടില്ല."

അലിയാ:—"ഞാൻ രാത്രിമുഴുവൻ ഉണർന്നിരുന്നു ഈ മുറിയിൽ ആരെയും കടക്കാൻ അനുവദിക്കുകയില്ല"

ഇബ്രാ:—(മന്ദഹാസത്തോടെ) "എന്നാൽ ഞാൻ കല്പനകൾ പുറപ്പെടുവിക്കാം."

അലിയാ:—"അവ അക്ഷരംപ്രതി അനുഷ്ഠിയ്ക്കപ്പെടും."

ഇബ്രാ:—"എന്നാൽ ഈറൻമാറാൻ വസ്ത്രവും അല്പം അത്താഴവും."

പ്രഭ്വി അദ്ദേഹത്തെ വേറൊരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. വസ്ത്രം മാറിക്കഴിഞ്ഞശേഷം അദ്ദേഹം അത്താഴത്തിനിരുന്നു. തനിക്കു

very very bad book.

പ്രഭുവുമായി ചില കാൎയ്യങ്ങൾ പറയാനുള്ളതിനാൽ ഉറങ്ങാൻ അല്പം താമസിക്കുമെന്നും അതുവരെ അടുക്കളക്കാരൻ കാത്തിരിയ്ക്കേണ്ട ആവശ്യമില്ലെന്നും പറഞ്ഞു് പ്രഭു അയാളെ ഉറങ്ങാൻ അയച്ചിട്ടു് വീണ്ടും സയ്യദ്ഖാൻെറ സമീപത്തെത്തി വിവരം അദ്ദേഹത്തെ അറിയിച്ചു.

അവർ താഴത്തെ മുറിയിൽവന്നു് അല്പനേരം സംഭാഷണം ചെയ്തുകൊണ്ടിരുന്നു; മണി പന്ത്രണ്ടായി. ഉടൻ സയ്യദ്ഖാൻ എഴുനേററു വിളക്കിനെ താഴ്ത്തി പതുക്കെ ജന്നൽതുറന്നു വെളിയിലേയ്ക്കു നോക്കി.

"ഞാൻ പോയാൽ ഉടൻ ജന്നൽ അടയ്ക്കണം. ഞാൻ തിരിച്ചു വരുമ്പോൾ ജന്നലിൽ ഇങ്ങിനെകൊട്ടും. അപ്പോൾ തുറക്കണം" എന്നദ്ദേഹം പറഞ്ഞു.

കൊടുംകാററു് അതിഭയങ്കരമായി വീശിക്കൊണ്ടിരുന്നു. വീഥിയിൽ ഒരു ജീവിയെ കാണ്മാനില്ല. പുതപ്പുകൊണ്ടു ദേഹംമൂടി അദ്ദേഹം ജന്നലിൽകൂടി മെല്ലെ താഴത്തിറങ്ങി

ആ സമയത്തു് വെളിയിൽ ആരുംതന്നെ സഞ്ചരിയ്ക്കുന്നില്ലെന്നു് സയ്യദ്ഖാനും പ്രഭുവിനും തോന്നി. എന്നാൽ വെളിയിലേക്കു് ഉന്തിനിന്നിരുന്ന ഒരു ചുമരിൻെറ നിഴലിൽ മറഞ്ഞു് ഒരാൾ അവിടെ നടന്നസംഭവങ്ങളെല്ലാം സൂക്ഷിച്ചുകൊണ്ടിരുന്നു.

ആ നിശാസന്ദർശകൻ ആരെന്നു് അന്ധകാരത്തിൻെറ നിബിഡതകൊണ്ടു് ആ ചാരൻ അറിഞ്ഞില്ല. എന്നാൽ റാസർ ഉദീൻെറ ഗൃഹത്തെ ഗൂഢമായി സന്ദർശിച്ചു് ഉടൻതന്നെ പുറത്തുകടന്ന ആ ദീർഘകായനെ പിൻതുടരുന്നതു് തൻെറ സ്വാമിയുടെ കാൎയ്യസാദ്ധ്യത്തിനു സഹായമായിരിക്കുമെന്നു് അയാൾ വിചാരിച്ചു. അതനുസരിച്ചു സയ്യദ്ഖാൻ റോഡിലേയ്ക്കിറങ്ങിയപ്പോൾ തടിച്ച ഒരു വാമനാകാരൻ, താൻ മറഞ്ഞിരുന്ന സ്ഥലത്തുനിന്നും പുറത്തുവന്നു് വളരെ മുൻകരുതലോടുകൂടി അദ്ദേഹത്തെ പിൻതുടൎന്നു. സയ്യദ്ഖാൻ ദ്രോണേശ്വരത്തേയ്ക്കു തിരിഞ്ഞപ്പോൾ ബാൽബെൻ (ആ ചാരൻ ബാൽബെനായിരുന്നു) വേഗത്തിൽ നടന്നു് അദ്ദേഹത്തിൽനിന്നും നൂറടി അകലത്തെത്തി. കൊടുങ്കാററുള്ള ഒരു രാത്രിയിൽ ഇത്ര ദൂരത്തിൽ അനുഗമിക്കുന്നതു് അപകടകരമല്ലെന്നു് ബാൽബെൻ വിചാരിച്ചു.

എന്നാൽ ഇബ്രാഹിംസയ്യദ്ഖാൻ അതിശ്രദ്ധയോടുകൂടി നടക്കുകയായിരുന്നു. തന്നെ ആരോ പിൻതുടരുന്നുണ്ടെന്നു അദ്ദേഹം ക്ഷ

ന്നത്തിൽ മനസ്സിലാക്കി. അദ്ദേഹം സ്വഗതിയിൽ യാതൊരു ഭേദവും വരുത്തുകയോ നില്ക്കുകയോ ചെയ്തില്ല. എന്നാൽ ൧൯-ാം നമ്പർ ഗൃഹത്തിനെതിരെയുള്ള റോഡുകടന്നു് അദ്ദേഹം തന്റെ ഗതിയെ മന്ദമാക്കി. അദ്ദേഹത്തിന്റെ ഗതിമാന്ദ്യത്തിനനുസരിച്ചു പുറകിൽവന്ന കാലടികളും മന്ദമായിഭവിച്ചു. അവയുടെ ശബ്ദം അടുത്തുകേട്ടില്ല.

സയ്യദ്ഖാൻ പെട്ടെന്നു നിന്നു. അദ്ദേഹം എന്തോ ചിന്തയിൽ മുഴുകിയവൻ എന്നപോലെ കാണപ്പെട്ടു. തന്നെ അനുഗമിക്കുന്നതു ഉസ്മാൻഖാനായിരിക്കുമോ എന്നു് അദ്ദേഹം സംശയിച്ചു. തോക്കും കയ്യിലാക്കിക്കൊണ്ടു് അദ്ദേഹം നേരെതിരിഞ്ഞു ബാൽബന്റെ സമീപത്തേയ്ക്കു നടന്നുതുടങ്ങി.

ബാൽബൻ ഇതുകണ്ടു് തലകുനിച്ചുകൊണ്ടു അതിവേഗത്തിൽ തെരുവിൽക്കൂടി നടന്നു. അതാരെന്നു് അത്ഭുതപ്പെട്ടുകൊണ്ടു ഇബ്രാഹിം റോഡിന്റെ മദ്ധ്യത്തിൽ നിശ്ചലനായിനിന്നു. ബാൽബൻ ചൂളം വിളിച്ചുകൊണ്ടു മുമ്പോട്ടു വന്നു. ഇബ്രാഹിം വേഗത്തിൽ അവന്റെ നേരേ ചെന്നു ഇങ്ങിനെ ചോദിച്ചു.

"സ്നേഹിതാ! നിങ്ങൾ ഈ അസമയത്തു സഞ്ചരിക്കുന്നല്ലോ."

ബാൽബൻ ഒന്നു ഞെട്ടി. അവൻ സയ്യദ്ഖാനെ അറിഞ്ഞോ ഇല്ലയോ എന്നുള്ളതു സംശയമാണു്.

ബാൽ:—"വീടില്ലാത്ത ഒരു കുട്ടിയ്ക്കു് അസമയത്തും സമയത്തും വെളിയിൽ സഞ്ചരിക്കാനല്ലേ നിവൃത്തിയുള്ളു."

ബാൽബന്റെ ശബ്ദവർണ്ണന നാസർ ഉദ്ദീനിൽനിന്നും കേട്ടിരുന്ന ഇബ്രാഹിം ഇപ്പോൾ അവനെ അറിഞ്ഞു.

ഇബ്രാ:—(അനുകമ്പാസൂചകമായ സ്വരത്തിൽ) "വീടില്ലേ കഷ്ടം! എന്നാൽ എന്നോടുകൂടിവരൂ. ഞാൻ ഒരു നല്ല വീടുകാണിച്ചുതരാം." ഈ വാക്കുകളോടുകൂടി അദ്ദേഹം ബാൽബന്റെ കയ്യ് കടന്നുപിടിച്ചുകൊണ്ടു നടന്നുതുടങ്ങി.

ബാൽബനു് ആയുധമൊന്നും ഇല്ലായിരുന്നു. ഇബ്രാഹിമിന്റെ മുഷ്ടിയിൽ അവൻ വെറും ഒരു ശിശുമാത്രമായിരുന്നു. അദ്ദേഹത്തെ അനുസരിയ്ക്കാതെ അവനു നിവൃത്തിയില്ലെന്നായി. അവർ ഒരുമിച്ചു ദ്രോണേശ്വരം വീഥിയിൽ നടന്നു.

വേഗത്തിൽ അവർ തെരുവിന്റെ അവസാനസ്ഥലത്തെ സമീപിച്ചു. സയ്യദ്ഖാൻ പീഠികകളുടെ മുൻഭാഗം പരിശോധിയ്ക്കാൻ തുടങ്ങി.

"വലിയ ഇരുട്ടായിരിക്കുന്നു, കുഞ്ഞേ! പത്തൊൻപതാം നമ്പർ ഏതെന്നു നിനക്കു കണ്ടുപിടിയ്ക്കാമോ?"

ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ അദ്ദേഹത്തിന്റെ മുഖത്തു് ഒരു മന്ദഹാസം പ്രസരിച്ചു. ബാൽബൻ ഒരു സമർത്ഥനായ വഞ്ചകനായിരുന്നു. സയ്യദ്ഖാന്റെ മുഷ്ടിയിൽ അമർന്നിരുന്ന അവന്റെ ഹസ്തം വിറച്ചു.

"പത്തൊൻപതോ!" എന്നു് അവൻ തൊണ്ടവിറയലോടുകൂടി ചോദിച്ചു.

ഇബ്രാ:—(മംടസ്സിന്റെ ചെറിയ പീഠികയുടെ പടിയ്ക്കൽ എത്തിയപ്പോൾ) "ഹാ! ഇതുതന്നെയാണു് ഞാൻ പറഞ്ഞ പീഠികയെന്നുതോന്നുന്നു. ഒന്നൊന്നും ഒൻപതെന്നുമല്ലേ മുകളിൽ എഴുതിയിരിക്കുന്നതു്! ദയചെയ്തു മണിയടിക്കു. എന്റെ കൈ എടുക്കാൻ നിവൃത്തിയില്ല."

വാസ്തവത്തിൽ സയ്യദ്ഖാന്റെ കൈകൾ രണ്ടും പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്നു. ഒന്നു ബാൽബന്റെ ഹസ്തത്തെ അതിബലമായി പിടിച്ചിരുന്നു. മറ്റൊന്നു കൈത്തോക്കിനെ വഹിച്ചിരുന്നു. ഇരുട്ടിനിടയിലും അതു തിളങ്ങുന്നതു ബാൽബൻ കണ്ടു.

"കേട്ടോ കുഞ്ഞേ, എനിക്കുവേണ്ടി നിങ്ങൾ മണിയടിയ്ക്കണം." എന്നു സയ്യദ്ഖാൻ പറഞ്ഞു.

ബാൽ:—"ഇവിടെ മണിയൊന്നുമില്ല."

ഇബ്രാ:—"എന്നാൽ നീ കതകിൽ മുട്ടണം."

ബാൽ:—"ഇങ്ങിനെയല്ലേ കൊട്ടേണ്ടതു്? എന്നു അംഗ്യത്തോടുകൂടി ചോദിച്ചു."

ഇബ്രാ:—"നീ സാധാരണ ഇവിടെ എങ്ങിനെ കൊട്ടുന്നോ ആ രീതിയിൽ വേണം."

ബാൽ:—"എനിക്കതറിഞ്ഞുകൂടാ."

ഇബ്രാ:—"എനിക്കും അറിഞ്ഞുകൂടല്ലോ. നിനക്കു ഊഹിക്കരുതോ!

ബോൽ:—"കൊട്ടുന്ന സംപ്രദായത്തെപ്പററി എനിക്ക് ഒന്നും അറി യാൻ പാടില്ല."

ഇബ്രാ:—"ശരി ഏതായാലും നമുക്കൊന്നു ശ്രമിയ്ക്കാം. കുഞ്ഞേ നീ വാതിലിൽമുട്ടി സ്വല്പനേരംശ്രദ്ധിയ്ക്കു. നിനക്ക് അതറിയാം."

തോക്കു തന്റെ നേരേ നീട്ടിയിരിക്കുന്നതുകണ്ടു ബോൽബെൻ അ നുസരിച്ചു. അവൻ കയ്യുയർത്തി ആദ്യം ഉച്ചത്തിലും പിന്നീട് വളരെ മൃദുവായും കതകിൽ തട്ടി. മന്ദമായ ഘട്ടനങ്ങൾ തെരുതെരെ അഞ്ചു തവണ ആവർത്തിക്കപ്പെട്ടു. ബോൽബെനെ കാത്ത് ആരോ അകത്തുനി ന്നിരുന്നതായി വെളിപ്പെട്ടു. എന്തെന്നാൽ ഉടൻതന്നെ കവാടത്തെ ബന്ധിച്ചിരുന്ന ചങ്ങല അഴിക്കുന്ന ശബ്ദം കേൾക്കപ്പെട്ടു. പിന്നെ തഴുതുനീക്കുന്ന ശബ്ദവും കേട്ടു. കതകുതുറന്നു. ഇബ്രാഹിം ബോൽ ബെന്റെ ഭുജത്തിൽ നിന്നും തന്റെ പിടിവിട്ടു. ഉത്തര ക്ഷണത്തിൽ തന്നെ അവന്റെ കഴുത്തിനു പിടികൂടി ഊക്കോടുകൂടി അവനെ റോ ഡിലേയ്ക്കുതള്ളി. അടുത്ത നിമിഷത്തിൽ അദ്ദേഹം വാതലിൽചാടി വീണു.

സയ്യദ്ഖാൻ അകത്തുകടന്നു പെട്ടെന്നു വാതിലും ബന്ധിച്ചു. ബോൽബെൻ ഓടയിലും കിടന്നു. ഇബ്രാഹിം ഉടൻതന്നെ തന്റെ കൈത്തോക്കിനെ നേരേപിടിച്ചു. താൻ അഹിതനായ ഉസ്മാൻഖാ നെ കാണുമെന്നാണ് അദ്ദേഹം അശിച്ചതു്.

എന്നാൽ ഉസ്മാൻഖാനോ ജലാലുദ്ദീനോ ഗൃഹനായികയായ വൃദ്ധയോ അല്ലായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യ ക്ഷപ്പെട്ടതു്. ദീർഘിച്ചു തന്വായി മനോഹരമായ കൃഷ്ണശരീരത്തോ ടുകൂടിയ ഒരു പെൺകിടാവു് കയ്യിൽ വിളക്കുമായി തന്റെ മുമ്പിൽ നില്ക്കുന്നതാണ് അദ്ദേഹം കണ്ടതു്. ആ കുട്ടി മംടസ്സിന്റെ മകളാ യ ഫാത്തിമായായിരുന്നു.

ഇബ്രാഹിമിനെ കണ്ടപ്പോൾ അവളുടെ കൈകൾ വിറച്ചു. വിളക്കു മിക്കവാറും താഴെ പോകുമെന്നുള്ള സ്ഥിതിയായി. ഭയം, സന്തോഷം, ആശ്ചര്യം ഈ രസങ്ങൾ സമ്മേളിച്ചു ഒരു ഛായ അവ ളുടെ നീലനയനങ്ങളിൽ കളിയാടി.

"സുൽത്താൻ തിരുമനസ്സുകൊണ്ടു! അവിടുത്തെ അടിയൻ എ വിടെ വച്ചു കണ്ടാലും അറിയും."

ഇബ്രാ:—"എന്നാൽ നിങ്ങൾ എന്നെ സഹായിക്കുമല്ലോ"

ഫാത്തി:—"അടിയൻെറ ജീവനോടുപ്പോലും ഉപേക്ഷിച്ചു്."

ഇബ്രാ:—"അതുവേണ്ട. എനിക്കൊരു കാൎയ്യം അറിഞ്ഞാൽ മതി. ഇതാരുടെ വീടാണു്."

ഫാത്തി:—"അടിയൻെറ അമ്മയുടെ."

ഇബ്രാ:—"ഹാ! അവൾ വാടകക്കാരെ താമസിപ്പിക്കുന്നുണ്ടു് . ഇല്ലേ?"

ഫാത്തി:—"ഉണ്ടു്."

ഇബ്രാ:—"ഇപ്പോൾ ഇവിടെ ആരു താമസിക്കുന്നു?"

ഫാത്തി:—"ജലാലുദീൻപ്രഭു."

ഇബ്രാ:—"അയാൾ ഇവിടെ എന്തുചെയ്യുന്നു?"

ഫാത്തി:—"അദ്ദേഹത്തിൻെറ കൈ മുറിഞ്ഞു വേദനകൊണ്ടു കട്ടിലിൽ കിടന്നു നിലവിളിയ്ക്കുകയാണു്."

ഇബ്രാ:—"ഇവിടെ മറ്റാരെയാരും താമസമില്ലേ?"

ഫാത്തി:—"കല്പിച്ചു ഉസ്മാൻഖാൻപ്രഭുവിനെപ്പററി ചോദിക്കയായിരിക്കും. അദ്ദേഹം ഇവിടെയില്ല. അവിടത്തെ കാണ്മാൻ പോയിരിയ്ക്കയാണു്."

ഇബ്രാ:—"എന്നെക്കാണ്മാനോ? ഇതു നിങ്ങളോടാരുപറഞ്ഞു."

ഫാത്തി:—"ബാൽബൻ പറഞ്ഞു"

ഇബ്രാ:—"ഈ മറയൻപ്രഭു എന്നെ കാണ്മാൻ എവിടേയ്ക്കു പോയിരിയ്ക്കയാണു്?"

ഫാത്തി:—"തിരുമനസ്സുകൊണ്ടു അദ്ദേഹത്തെ കണ്ടില്ലേ?"

ഇബ്രാ:—"ഇല്ല. ഞാൻ നേരേ ചന്ദ്രഗിരി ദുൎഗ്ഗത്തിൽനിന്നും വരികയാണു്."

ഫാത്തി:—"ഹാ! പക്ഷെ അവിടുന്നു മൃഗയാമന്ദിരത്തിൽ ഉണ്ടെന്നു നിശ്ചയിച്ചുകൊണ്ടാണു അദ്ദേഹം പോയിരിക്കുന്നതു്. ഓ! ഇപ്പോൾ അടിയൻ ഓൎക്കുന്നു. ജലാലുദീൻപ്രഭു ഇവിടെ വന്നപ്പോൾ ഉസ്മാൻഖാനെ കാണാത്തതുകൊണ്ടു വളരെ നിരാശനായി."

ഇബ്രാ:—"ഹാ! അയാൾ നേരത്തേപോയി അല്ലേ? ഇപ്പോൾ കാൎയ്യം മനസ്സിലായി. നാം ഉസ്മാൻഖാനയച്ചു ഒരു സന്ദേശവുംകൊണ്ടായിരുന്നു ജലാലുദീൻ വന്നതു്."

ഫാത്തി:—"എന്നിട്ടു അവർ തമ്മിൽ കാണ്മാൻ ഇടവന്നില്ല തിരുമേനി!"

ഇബ്രാ: "അതുതന്നെകുഞ്ഞേ. അതു വളരെ നിരാശാജനകംതന്നെ. എന്നാൽ ഉസ്മാൻ എപ്പോഠം തിരിച്ചുവരുമെന്നറിയാമോ?"

ഫാത്തി:—"കാലത്തു എട്ടുമണിയ്ക്കു."

ഇബ്രാ:—"ഞാൻ പതിനൊന്നുമണിക്കു ഇവിടെവന്നു ബാൽബൻ മുട്ടിയതുപോലെ വാതിലിൽ മുട്ടിയാൽ നിങ്ങഠം കതകു തുറക്കുമോ?"

ഫാത്തി:—"അടിയൻ ഇവിടെ തയ്യാറായി നില്ക്കാം."

ഇബ്രാ:—പിന്നെ ഞാൻ ഈ രാത്രി ഇവിടെ വന്നിരുന്നു എന്നു ആരോടും പറയരുതു്. നിങ്ങഠം അങ്ങിനെ വാക്കുതരുമോ?"

ഫാത്തി:—"കല്പിക്കുന്നതുപോലെയെല്ലാം അടിയൻ ചെയ്യാം. എന്നാൽ—എന്നാൽ അവിടുന്നു വന്നവിവരം ബാൽബൻ അറിഞ്ഞിട്ടുണ്ടല്ലോ."

ഇബ്രാ:—"ബാൽബൻ അറിഞ്ഞിട്ടുണ്ട്. അതുകൊണ്ടെന്തു്? അവൻ വന്നുചോദിച്ചാൽ നിങ്ങഠം എന്നോട്ടു് ഒന്നും പറഞ്ഞില്ലെന്നു പറയണം. ഞാൻ നിങ്ങളെ ഭയപ്പെടുത്തി എങ്കിലും യാതൊരു വിവരവും നിങ്ങഠം എന്നെ അറിയിച്ചില്ലെന്നുപറയൂ. എന്താ?"

ഫാത്തി:—"അവിടുന്നു ഇവിടെ വന്നിരുന്ന വിവരം ബാൽബൻ അവരോടു പറയും."

ഇബ്രാ:—"അതിനു നിവൃത്തിയില്ല. എങ്കിലും ഞാൻ ഇനി ഇവിടെ എപ്പോഠം തിരിച്ചുവരുമെന്നുള്ള വിവരം അവർ അറികയില്ലല്ലോ, അതുമതി. എന്നാൽ ഞാൻ പോകുന്നു."

ഇബ്രാഹിം വാതിൽ തുറന്നു പുറത്തിറങ്ങി വീണ്ടും വാതിലടച്ചു. ബാൽബൻ വീട്ടിൽ കടന്നാൽ പക്ഷേ ആ പെൺകുട്ടിയിൽനിന്നും വിവരം അറിഞ്ഞേയ്ക്കുമെന്നു അദ്ദേഹം ശങ്കിച്ചു. അതുകൊണ്ടു് അവൻ വെളിയിൽ എവിടെയെങ്കിലും ഒളിച്ചിരിക്കുന്നുണ്ടോ എന്നു അറിവാനായി സയ്യദ്ഖാൻ ഇരുട്ടിൽകൂടി അവിടെയെല്ലാം പരിശോധിച്ചു. അവനെ വീട്ടിനുള്ളിൽ കടക്കാൻ അനുവദിക്കരുതെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം.

# പതിനൊന്നാം അദ്ധ്യായം.

## കാൎയ്യദൎശിയുടെ പതി കണ്ടതു്.

രാത്രി ക്രമേണ ക്ഷയിച്ചുതുടങ്ങി. അധികം താമസിക്കാതെ തന്നെ തെരുവുകളിൽ ജനസഞ്ചാരം തുടങ്ങും. അതിനു മുമ്പായി ഇരുട്ടിന്റെ സഹായത്തോടുകൂടി സയ്യദ്ഖാന് വീട്ടിൽ എത്തേണ്ടിയിരുന്നു. അല്ലെങ്കിൽ സുൽത്താൻ രാജധാനിയിൽ എത്തിയിരിക്കുന്നു എന്നുള്ള വൎത്തമാനം നാടൊട്ടുക്കു പ്രസിദ്ധമായി തന്മൂലം തനിക്കു ആപത്തുണ്ടാകുമെന്നു് അദ്ദേഹം ഭയപ്പെട്ടു. എന്നാൽ വെളുക്കാൻ അല്പം കൂടി സമയമുണ്ടായിരുന്നതിനാൽ അതിനുള്ളിൽ ബാൽബനെ കണ്ടുപിടിക്കാൻ അദ്ദേഹം ഉറച്ചു. ഈ നിശ്ചയത്തോടുകൂടി ഇബ്രാഹിം ഗൃഹത്തിന്റെ നിഴലിൽ മറഞ്ഞിരുന്നു.

അനേകനിമിഷങ്ങൾ കഴിഞ്ഞു. പ്രശാന്തമായ ആ വീഥിയിൽ ബാൽബനോ മററാരെങ്കിലുമോ ഉള്ള ലക്ഷണം കാണപ്പെട്ടില്ല. മനുഷ്യാകൃതി എവിടെയെങ്കിലും കാണ്മാനുണ്ടോ എന്നു നോക്കാനായി ഇബ്രാഹിം തന്റെ ശിരസ്സിനെ അങ്ങോട്ടുമിങ്ങോട്ടും തിരിച്ചു. അല്പനേരത്തേക്കു് അദ്ദേഹത്തിന്റെ ഈ ശ്രമം വിഫലമായി ഭവിച്ചു. എന്നാൽ അധികതാമസം കൂടാതെതന്നെ താൻ തേടിയതു് അദ്ദേഹത്തിന്റെ കണ്ണിൽപെട്ടു. തെരുവിന്റെ അവസാനസ്ഥലത്തുനിന്നും മൂന്നു് അസ്പഷ്ടമായ രൂപങ്ങൾ ചലിക്കുന്നതു് അദ്ദേഹം കണ്ടു. അവർ വേഗത്തിലും എന്നാൽ വളരെ സൂക്ഷിച്ചും നടക്കുകയായിരുന്നു. ആപത്തുണ്ടെന്നു ബോധം വന്നതിനാൽ ഇബ്രാഹിം തന്റെ തോക്കു കയ്യിലാക്കിക്കൊണ്ടു് മംടസ്സിന്റെ വസതിയുടെ വാതലിൽനിന്നും അഞ്ചാറടി അകലെ വലത്തുഭാഗത്തായി മാറിനിന്നു. മൂന്നുപേരും അടുത്തുവന്നു. ഇബ്രാഹിം കണ്ണുതുറിച്ചു നോക്കി അവരാരെന്നറിവാൻ ശ്രമിച്ചു. ആ ഇരുട്ടത്തു് അവർ ആരെന്നു നിൎണ്ണയിക്കാൻ കഴിഞ്ഞില്ലെങ്കിലും നടുവിൽ നടക്കുന്നതു് ബാൽബനാണെന്നു അദ്ദേഹം ഊഹിച്ചു. അതു ബാൽബനാണെങ്കിൽ അവനു മററു സ്നേഹിതന്മാർകൂടി ഉണ്ടെന്നു നിശ്ചയമായി. അവർ ആരെയോ അന്വേഷിച്ചു നടക്കുന്നതായി അവരുടെ ഭാവത്തിൽനിന്നും വെളിപ്പെട്ടു. വളരെ മുൻകരുതലോടുകൂടി ഇബ്രാഹിം ക്രമേണ ആ പീടികയുടെ അരികിൽനിന്നു നീങ്ങി ദൂരത്തെത്തി. ഇരുപതടി ദൂരത്തായപ്പോൾ അദ്ദേഹം അവിടെനിന്നുകൊണ്ടു ബാൽബനെ തന്റെ തോക്കിനു ലക്ഷ്യമാക്കി.

ഇബ്രാഹിംസയ്യദ്ഖാനെ അപായപ്പെടുത്താനായി ബാൽബെൻ രണ്ടുപേരെ കൂട്ടിച്ചുകൊണ്ടുവന്നിരിക്കയാണെന്നുള്ള സംഗതി ഇപ്പോൾ സ്പഷ്ടമായി. സയ്യദ്ഖാൻ വീടുവിട്ടു പോയിട്ടുണ്ടെങ്കിൽ തന്റെ രണ്ടു കൂട്ടുകാൎക്കും അഞ്ചുരുപാവീതം പ്രതിഫലം കൊടുക്കാമെന്നും അല്ലാത്ത പക്ഷം അദ്ദേഹം പുറത്തുവരുമ്പോൾ അദ്ദേഹത്തെ വധിച്ച് പത്തുരുപാവീതം സമ്മാനം വാങ്ങിക്കൊള്ളണമെന്നുമായിരുന്നു ബാൽബെൻ ചെയ്തിരുന്ന ഏൎപ്പാട്.

ബാൽബെൻ:— (ഗൃഹദ്വാരത്തിൽ എത്തിയപ്പോൾ,)

"ഇതാണു വീട്. ഞാൻ കതകിൽ മുട്ടാം. അയാൾ വെളിയിലേക്കു ഓടിവരുന്നപക്ഷം അയാളുടെ തലയ്ക്കടിക്കാൻ തയ്യാറായിട്ടു നിങ്ങൾ നില്ക്കണം. അയാളുടെ കയ്യിൽ ആറു വെടിതീരുന്ന ഒരു തോക്കുണ്ട്. കാൎയ്യം വേഗത്തിൽ കഴിയണം. നിങ്ങൾ തയ്യാറായോ?"

ഓരോ ഘാതകനും ഉദ്ധൃതമായ ഗദയോടുകൂടി വാതിലിന്റെ ഓരോവശത്തു നിന്നു. ബാൽബെൻ കതകിൽ മുട്ടാൻ കൈപൊക്കി.

എന്നാൽ അതിനു സമയം കിട്ടുന്നതിനുമുമ്പു സയ്യദ്ഖാൻ പാഞ്ഞുവന്ന് അവന്റെ കണ്ഠത്തിനു പിടികൂടി. ഘാതകന്മാർ രണ്ടുപേരും ഒന്നു പരിഭ്രമിച്ചു. ബാൽബെൻ തന്റെ കയ്യിൽ ഉണ്ടായിരുന്ന കത്തികൊണ്ട് ഇബ്രാഹിമിനെ കുത്തി. എന്നാൽ കുത്തേല്ക്കുന്നതിനു മുമ്പ് അദ്ദേഹം സാമൎത്ഥ്യത്തോടുകൂടി ഒഴിഞ്ഞുകളഞ്ഞു. ബാൽബെൻ വീണ്ടും മുന്നോട്ടുചാടി കത്തി ഓങ്ങിക്കൊണ്ട് അവന്റെകൂട്ടുകാരോട് ഇങ്ങിനെ വിളിച്ചു പറഞ്ഞു:—"ശവങ്ങളേ! ഇവനെ അടിക്കിൻ! ഇവനെ അടിക്കിൻ!"

ഘാതകന്മാരിൽ ഒരുവൻ മുന്നോട്ടുചാടി. സംശയിച്ചുനില്ക്കുന്നതു് അപൽക്കരമെന്നു ഇബ്രാഹിമിനുതോന്നി. കൊടുങ്കാററിന്റെയും മഴയുടെയും ആരവത്തിന്നിടയിൽ ഒരു വെടിയുടെ ശബ്ദം അവിടെ മുഴങ്ങി. ബാൽബെൻ ഓടി തന്റെ കൂട്ടുകാരിൽ ഒരുവന്റെ പുറകിൽ മറയാൻ ശ്രമിച്ചു എങ്കിലും അവനതു സാധിച്ചില്ല. അതിദീനമായ ഒരു രോദനത്തോടുകൂടി അവൻ നിലംപതിച്ചു.

മററു ഘാതകന്മാർ സംത്രസ്തരായി പിന്മാറി. സയ്യദ്ഖാൻ ഒന്നു ചിരിച്ചു. അൎദ്ധനിരുദ്ധമായ ഒരു ശബ്ദം ഘാതകന്മാരിൽ ഒരുവന്റെ അധരത്തിൽ നിന്നും പുറപ്പെട്ടു. സയ്യദ്ഖാനെത്തന്നെ തുറിച്ചു നോക്കിക്കൊണ്ട് അയാൾ മന്ദമായി ഇടറിയ സ്വരത്തിൽ ഇങ്ങ

നെ പറഞ്ഞു:—“അയ്യോ! സുൽത്താൻ തിരുമനസ്സുകൊണ്ടു്!” ഘാതകന്റെ ഭയസൂചകമായ നോട്ടം കണ്ടു് ഇബ്രാഹിം വീണ്ടും ചിരിച്ചുപോയി.

ഇബ്രാ:—“അവനെ കാലിലും തലയിലും തൂക്കിപ്പിടിച്ചു എടുക്കുവിൻ. വേഗം! പോലീസുകാർ വരണമെന്നു നിങ്ങൾക്കാഗ്രഹമില്ലല്ലോ. അവനെ പൊക്കി എടുപ്പിൻ.

ബാൽബെൻ വീണ്ടും ഒരു ദീനസ്വരം പുറപ്പെടുവിച്ചു. സയ്യദ് ഖാൻവെച്ചു വെടി അവന്റെ തലയുടെ ഒരുവശത്തുമാത്രമേ ഏററുള്ളു. അതുകൊണ്ടു അവൻ മരിച്ചില്ല. ഇബ്രാഹിം അല്പനേരത്തേയ്ക്കു ആലോചനയിൽ മുഴുകിനിന്നു. എന്നാൽ അദ്ദേഹത്തിന്റെ ചിന്തയ്ക്കു പെട്ടെന്നു വിഘാതം നേരിട്ടു.

ഘാതകന്മാരിൽ ഒരുവൻ പോലീസ്! പോലീസ്! എന്നു വിളിച്ചുപറഞ്ഞു. ഉടൻ അശ്വങ്ങളുടെ ശഫധ്വനി കേൾക്കപ്പെട്ടു. ഒരുനിമിഷനേരംപോലും താമസിക്കാതെ ആ രണ്ടു ഘാതകന്മാരും അവിടെനിന്നും പാഞ്ഞു.

ക്ഷണത്തിൽ ഇബ്രാഹിം അവിടെനിന്നോടി. അല്പദൂരം പോയശേഷം അദ്ദേഹം ഒരുസ്ഥലത്തു മറഞ്ഞുനിന്നുകൊണ്ടു ശ്രദ്ധിച്ചു.

ആൾ ഓടുന്നതുകണ്ടു പോലീസുകാർ വേഗത്തിൽ കൃത്യസ്ഥലത്തെത്തി. അവർ കുതിരപ്പുറത്തു നിന്നിറങ്ങി. ബാൽബെൻ ബോധരഹിതനായി കിടന്നതുകൊണ്ടു് അവിടെ നടന്ന സംഭവങ്ങൾ അവനിൽനിന്നും ഗ്രഹിക്കാൻ അവർക്കു സാധിച്ചില്ല. അവരുടെ മനസ്സു കുഴങ്ങി. അവർ രണ്ടുപേർമാത്രമേ ഉണ്ടായിരുന്നുള്ളു. മുറിവേററവനെ ശുശ്രൂഷിക്കയും ഓടിയവരെ പിൻതുടരുകയും വേണ്ടിയിരുന്നു. അവർ പത്തൊൻപതാംനമ്പർ ഗൃഹത്തിലേയ്ക്കുനോക്കി. അവിടെയെല്ലാം നിശ്ശബ്ദമായിരുന്നു. ഓടിപ്പോയവർ പോലീസുകാരുടെ നയനപഥത്തിൽനിന്നും മറഞ്ഞു.

ഇബ്രാഹിംസയ്യദ്ഖാൻ വിശേഷവിധിയായി ഒന്നും കേൾക്കാത്തതുകൊണ്ടു താൻ മറഞ്ഞിരുന്ന സ്ഥലത്തുനിന്നും നടന്നു നാസർ ഉദീന്റെ ഗൃഹത്തെ സമീപിച്ചു. നേരം വെളുത്തുതുടങ്ങി. തെരുവിൽ ജനങ്ങൾ ഗതാഗതം ആരംഭിച്ചു.

ഇബ്രാഹിം നാസർ ഉദീന്റെ ഗൃഹത്തിൽനിന്നു നൂറടി ദൂരത്തെത്തിയപ്പോൾ ഒരുവണ്ടി പെട്ടെന്നു് അദ്ദേഹത്തിന്റെ മുമ്പിൽ ചെന്നു

നിന്നു. രണ്ടുസ്ത്രീകൾ വണ്ടിക്കകത്തുനിന്നു താഴെയിറങ്ങി. ഇവരിൽ ഒരുവൾ പ്രൌഢയും രണ്ടാമത്തവൾ യുവതിയുമായിരുന്നു.

സയ്യദ്ഖാനെ കണ്ടഉടൻ ആ പ്രൌഢയായ സ്ത്രീ ആശ്ചര്യഭരിതയായി സ്തിമിതയായിനിന്നു. അദ്ദേഹത്തിനു അവളെ അറിയാമായിരുന്നു. സുൽത്താൻതിരുമനസ്സിലെ കാര്യദർശിയായ ഹസ്സൻഖാൻെറ ഭാര്യയായിരുന്നു ആ സ്ത്രീ.

"ഈശ്വരാ! ഇതു സുൽത്താൻ തിരുമേനിയല്ലേ" എന്ന് അവൾ തൻെറ പുത്രിയുടെ കയ്യുപിടിച്ചുകൊണ്ടു പറഞ്ഞു.

സയ്യദ്ഖാൻ അകപ്പെട്ടു. സ്ത്രീകൾമാത്രമല്ല അവരുടെ ഭൃത്യന്മാരും അദ്ദേഹത്തെ കണ്ടു.

ഓട്ടക എന്നുള്ളതു് അസാദ്ധ്യമായിത്തീന്നു. അദ്ദേഹം അവരുടെ സമീപത്തുകൂടി കടന്നുപോയി. അവർ അദ്ദേഹത്തെ വന്ദിച്ചു. അദ്ദേഹം അതിനെ ആദരിച്ചു.

ഇബ്രാഹിം അതിവേഗത്തിൽ നാസർ ഉദീൻെറ ഗൃഹത്തിൽ കടന്നു. മുഖത്തിൽ സ്ഫുരിച്ച ഒരു മന്ദഹാസത്തോടുകൂടി അദ്ദേഹം പ്രവേശിയുടെ മുറിയിലേക്ക് ഓടി. തെരുവിൽ നടന്ന സംഭവങ്ങൾ കണ്ടുനിന്ന അലിയാ സംഭ്രാന്തയായി ഇങ്ങിനെ ചോദിച്ചു.

"അവർ അവിടത്തെ കണ്ടു, ഇല്ലേ?"

ഇബ്രാ:—"അതിനു സംശയമില്ല." ഇത്രയും പറഞ്ഞിട്ട് അദ്ദേഹം പൊട്ടിച്ചിരിച്ചു. അദ്ദേഹം തുടന്നു പറഞ്ഞു.

"സുൽത്താൻ രാജധാനിയിൽ വന്നിട്ടുണ്ടെന്ന് ആ സ്ത്രീകൾ ഇപ്പോൾ ഹസ്സൻഖാനെ അറിയിക്കും. അതു കേൾക്കുന്നതു നല്ല നേരംപോക്കായിരിക്കും."

അദ്ദേഹത്തിൻെറ മുഖം വീണ്ടും ഗാംഭീര്യത്തെ അവലംബിച്ചു. അദ്ദേഹം പറഞ്ഞു.

"നിങ്ങളുടെ ഭൃത്യന്മാരിൽ ഒരാളെ ഇപ്പോൾതന്നെ ഹസ്സൻഖാൻെറ ഗൃഹത്തിലേയ്ക്കയക്കണം. ഒരത്യാവശ്യകാര്യമായി സുൽത്താൻ നാസർഉദീനെ കാണ്മാനായി അദ്ദേഹത്തിൻെറ വീട്ടിൽ വന്നു എന്നും നാസർഉദീനെക്കാണ്മാൻ സംഗതിയാകാഞ്ഞതുകൊണ്ട് കാ

ത്സുദർശിയെ ഉടൻ കൂട്ടിക്കൊണ്ടുവരാൻ കല്പിച്ചിരിക്കുന്നു എന്നു ഹസ്സനേ അറിയിക്കണം.”

അവൾ ആശ്ചൎയ്യഭരിതയായി അദ്ദേഹത്തിന്റെ മുഖത്തു നോക്കിക്കൊണ്ടുനിന്നു. അദ്ദേഹം തുടൎന്നുപറഞ്ഞു.

“ഹസ്സൻഖാനെവിളിച്ച് വല്ലതും ഒരു കള്ളംപറഞ്ഞാൽ ആ സ്ത്രീകളുടെ നാക്ക് അടങ്ങിയിരിക്കും. ഇല്ലെങ്കിൽ സുൽത്താൻ രാജധാനിയിൽ എത്തിയിരിക്കുന്നു എന്നുള്ള വൎത്തമാനം ഇപ്പോൾ കാട്ടുതീപോലെ പടൎന്നുപിടിക്കും.”

അലിയാ:—“അങ്ങിനെ ചെയ്യാം.”

ഇബ്രാ:—“ഭൃത്യൻവശം ഒരെഴുത്തു കൊടുത്തയച്ചാൽമതി.”

പ്രഭ്വി എഴുത്തു തയ്യാറാക്കി ഭൃത്യനെ ഏല്പിച്ചു. സുൽത്താൻ തിരിച്ചെഴുന്നള്ളിയ വിവരം ഹസ്സൻഖാൻ സ്വപത്നിയുടെ മുഖത്തു നിന്നും അറിഞ്ഞ ഉടൻതന്നെ തിരുമനസ്സിലെ കല്പനയുടെ വിവരത്തിനു എഴുത്തുംകൊണ്ട് അലിയാപ്രഭ്വിയുടെ ഭൃത്യനും അവിടെ എത്തി.

## പന്ത്രണ്ടാം അദ്ധ്യായം.

### അവരുടെ എല്ലാവരുടെയും മുമ്പിൽവച്ച്.

ഇബ്രാഹിംസയ്യദ്ഖാന്റെ പ്രവൃത്തി അത്യാപൽക്കരമായ ഒന്നായിരുന്നു എങ്കിലും അദ്ദേഹത്തിനു കിട്ടിയിട്ടുള്ള അറിവിനെ അടിസ്ഥാനമാക്കിക്കൊണ്ട് നോക്കുന്നതായാൽ ഏററവും പ്രശസ്തമായ ഒരു പദ്ധതിയെയാണ് അദ്ദേഹം സ്വീകരിച്ചതെന്നുള്ളതിൽ യാതൊരു സംശയവും ഇല്ല. തന്റെ രാജധാനിക്കുള്ള വരവു് രഹസ്യമായിരിക്കേണ്ടതാണെന്നും അതുകൊണ്ട് ഹസ്സൻഖാന്റെ ഭാൎയ്യയോടും പുത്രിയോടും ആ വിവരം ധരിപ്പിക്കണമെന്നും അദ്ദേഹത്തോടു പറയാൻ ഇബ്രാഹിം നിശ്ചയിച്ചു. സുൽത്താനെന്നുള്ള നിലയിൽ തന്റെ ഈ വിധമുള്ള കല്പനയ്ക്കു് ശക്തിയുണ്ടായിരിക്കുമെന്നും അദ്ദേഹം ആശിച്ചു.

കാര്യങ്ങളെല്ലാം ഉദ്ദേശിച്ചതുപോലെ സാധിക്കുന്നപക്ഷം അന്നു ഇരുട്ടുന്നതിനുമുമ്പ് എഴുത്തുകൈക്കലാക്കി നശിപ്പിച്ചശേഷം സയ്യദ് ഖാന് ഗോൽക്കൊണ്ടാരാജ്യം വിട്ടുപോവാൻ സാധിക്കുമായിരുന്നു. തിരുമനസ്സിലെ കാര്യദർശി വിശ്വസ്തനായ ഒരാളായിരുന്നതിനാൽ അദ്ദേഹത്തെ വിശ്വസിച്ചതിൽ സയ്യദ്ഖാൻ സമുചിതമായി പ്രവർത്തിച്ചു എന്നുള്ളതു് നിർവ്വിവാദമാണു്. എന്നാൽ മഹാരാജ്ഞിയുടെ പക്ഷക്കാർ രാജധാനിയിൽ ചെയ്ത സകല പരിശ്രമങ്ങളും സുൽത്താൻെറ മരണംനിമിത്തം വിഫലമായി ഭവിച്ചതേഉള്ളൂ.

സുൽത്താൻെറ കാര്യദർശി ബുദ്ധിപൂർവ്വമായി പ്രവർത്തിച്ചു. തിരുമനസ്സിലെ കല്പന ലഭിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹം തൻെറ രണ്ടു ഭൃത്യന്മാരെയും വിളിച്ച്, സുൽത്താനെ അവർ കണ്ടവിവരം ആരോടും മിണ്ടിപ്പോകരുതെന്നും മിണ്ടിയാൽ ശിരശ്ഛേദമാണു ശിക്ഷയെന്നും പറഞ്ഞു ഭയപ്പെടുത്തി. ഈ രഹസ്യം പുറത്തുപറയരുതെന്നു് തൻെറ പത്നിയോടും മക്കളോടും അദ്ദേഹം ആജ്ഞാപിച്ചു. സുൽത്താൻ എന്തോ അത്യാവശ്യമായ സ്വകാര്യം പ്രമാണിച്ചാണു് രാജധാനിയിൽ എത്തിയതെന്നും ഹസ്സൻ ഊഹിച്ചു. അതുകൊണ്ടു് അതിനെ മറച്ചുവെയ്ക്കാൻ വേണ്ട ആജ്ഞകൾ കൊടുത്തശേഷം കാര്യദർശി തിരുമേനിയെ കാണ്മാനായി നാസർഉദ്ദീൻെറ ഗൃഹത്തിൽ എത്തി.

ഇബ്രാഹിം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കയായിരുന്നു. അലിയാ പ്രഭ്വി ഉടൻതന്നെ വന്നു കാര്യദർശിയെ സ്വീകരിച്ചിരുത്തി, തൻെറ ഭർത്താവു് അവിടെ ഇല്ലാത്തതുകൊണ്ടു് പ്രഭ്വി വളരെ ക്ഷമായാചനം ചെയ്തു. സുൽത്താൻ നാസർഉദ്ദീനെ കാണ്മാൻ വന്ന കാര്യം എന്തെന്നു് തനിക്കു ഊഹിക്കാൻ നിവൃത്തിയില്ലെന്നും അവൾ ഹസ്സൻഖാനെ അറിയിച്ചു.

"അഞ്ചുമണിയോടുകൂടി സുൽത്താൻ ഇവിടെ വരുമെന്നും അവിടത്തെ സ്വീകരിക്കാൻ തയ്യാറായിരുന്നുകൊള്ളണമെന്നും മാത്രമേ അദ്ദേഹം എനിക്കു എഴുതിയിട്ടുള്ളൂ" എന്നു് പ്രഭ്വി പറഞ്ഞു.

സുൽത്താൻ വന്നു് കരുണാസമേതം ഹസ്സൻഖാനോടു കുശലം ചോദിച്ചു. തല്ക്കാലത്തേയ്ക്കു കാര്യദർശിയിൽനിന്നും മറച്ചുവെയ്ക്കേണ്ടതായ ഒരു രഹസ്യസംഗതി തനിക്കു സാധിക്കാനുള്ളതിനാൽ താൻ ചന്ദ്രഗിരിയിൽനിന്നും പുറപ്പെട്ടതാണെന്നും അതുകൊണ്ടു് തൻെറ സാന്നിദ്ധ്യം പരസ്യമാക്കരുതെന്നും സയ്യദ്ഖാൻ കാര്യദർശിയെ അറിയിച്ചു. ഹസ്സൻഖാൻ വളരെ വിനീതനായി കല്പനയെ സ്വീകരിച്ചു.

നാസർഉദീന്റെ ഗൃഹത്തിൽ ഈ സംഗതികൾ നടന്നുകൊണ്ടിരിക്കുമ്പോൾ മഹാരാജ്ഞിയും മുഹദീനും രാജധാനിക്കു യാത്രചെയ്കയായിരുന്നു. അവൾ പെട്ടെന്ന് ചന്ദ്രഗിരിനഗരം വിടുവാനുള്ള കാരണം അവളുടെ അപരിമിതമായ ഉൽക്കണ്ഠയായിരുന്നു. വഴിമദ്ധ്യേ അവളുടെ വിചാരവും സംഭാഷണവും ഇബ്രാഹിമിനു നേരിട്ടേക്കാവുന്ന വിപത്തിനെപ്പററിയായിരുന്നു. മഹാരാജ്ഞിക്കു തന്നെപ്പററി യാതൊരു ചിന്തയുമില്ലായിരുന്നു. ഉസ്മാൻഖാനുമായിഉള്ള പിണക്കത്തിൽ സയ്യദ്ഖാന് മരണം നേരിട്ടേക്കുമോ എന്ന് ആ സാധ്വി ഭയപ്പെട്ടു. അദ്ദേഹം സജീവനായിരിക്കുന്നു എന്നറിയുന്നതുവരെ അവൾക്കു് മനഃസ്വാസ്ഥ്യം ഉണ്ടാകുന്നതല്ലായിരുന്നു. സയ്യദ്ഖാന് യാതൊരാപത്തും നേരിടുന്നതല്ലെന്ന് ഉറപ്പായി പറഞ്ഞു മുഹദീൻ സ്വസ്വാമിനിയെ ആശ്വസിപ്പിച്ചു.

റോസാ:—"അദ്ദേഹം എവിടെ താമസിക്കുന്നു എന്നറിയാൻ നിവൃത്തിയില്ലല്ലോ."

മുഹ:—"അടിയനു തോന്നുന്നത് അദ്ദേഹം നാസർഉദീൻ പ്രഭുവിന്റെ ഗൃഹത്തിൽ ഉണ്ടായിരിക്കുമെന്നാണ്."

റോസാ: "എന്നാൽ വേഗം നമുക്കു അങ്ങോട്ടുപോകാം."

ആദ്യമായി കൊട്ടാരത്തിൽ എത്തി പിന്നീട് അലിയാപ്രഭുവിനെ സന്ദർശിക്കാനെന്നുള്ള വ്യാജേന അങ്ങോട്ടു പോകുന്നതാണു നല്ലതെന്ന് മുഹദീൻ അഭിപ്രായപ്പെട്ടു. അതനുസരിച്ച് മഹാരാജ്ഞി കൊട്ടാരത്തിൽ ചെന്നു. അല്പം പാലുമാത്രം കഴിച്ചശേഷം റോസാനറാ തന്റെ വണ്ടി കൊണ്ടുവരുവാൻ കല്പിച്ചു. ഒൻപതുമണിയോടുകൂടി അവൾ നാസർഉദീന്റെ ഗൃഹത്തിലെയ്ക്കുതിരിച്ചു. ഉപസേനാധിപൻ മുഹദീൻമാത്രം അവളെ അനുഗമിച്ചു.

മഹാരാജ്ഞിയുടെ വണ്ടി നാസർ ഉദീന്റെ വസതിയുടെ പടിക്കൽ ചെന്നുചേർന്നു. രാജകീയശകടത്തെ കണ്ടപ്പോൾ ആളുകൾ അവിടെ കൂട്ടംകൂടി; റോസാനറാ വണ്ടിയിൽനിന്നിറങ്ങി കാണികളുടെ അഭിവാദ്യത്തെ ശിരശ്ചാലനത്താൽ സ്വീകരിച്ചുകൊണ്ട് വേഗത്തിൽ പടികടന്നു. അലിയാപ്രഭു മഞ്ചത്തിൽനിന്നെഴുന്നേററ് സംഭ്രാന്തനായി താഴത്തേയ്ക്കു് ഓടിച്ചെന്നു തിരുമേനിയെ സ്വീകരിച്ചു. അതിനു മുമ്പുതന്നെ ആ ഗൃഹത്തിലെ ഭൃത്യവർഗ്ഗം മഹാരാജ്ഞിയെ ഉപചരിയ്ക്കാൻ പടിയ്ക്കൽ എത്തിക്കഴിഞ്ഞിരുന്നു. പ്രഭുവിനെനോക്കി മന്ദഹസിച്ചുകൊണ്ട് മഹാരാജ്ഞി ശീഘ്രഗതിയിൽ മുന്നോട്ടുനടന്നു

ഇബ്രാഹിംസയ്യദ്ഖാനും ഹസ്സൻഖാനുംതമ്മിൽ സംഭാഷണം ചെയ്തുകൊണ്ടിരിയ്ക്കയായിരുന്നു. തങ്ങളുടെ ആജ്ഞകൂടാതെ ഗൃഹദ്വാരം തുറക്കപ്പെട്ടതിൽ അവർ അത്ഭുതപരവശന്മാരായി. ഹസ്സൻഖാനും ഒരു മൂലയിൽ ഇരിയ്ക്കുന്നായിരുന്നു. ഇബ്രാഹിം പെട്ടെന്നെഴുന്നേററു ആ മുറിയുടെ വാതിലിങ്കലേയ്ക്കു നടന്നു. മഹാരാജ്ഞി അവിടെ കൂടിയിരുന്നവരെ എല്ലാം മറന്നു് അതിവേഗത്തിൽ സയ്യദ്ഖാന്റെ മുറിയിൽ കടന്നു് അദ്ദേഹത്തിന്റെ രണ്ടു കരങ്ങളേയും കൂട്ടിപ്പിടിച്ചുകൊണ്ടു് ആഹ്ലാദഭരിതയായി ഇങ്ങിനെ ഉറക്കെപ്പറഞ്ഞു.

"ഓ! ഈശ്വരസഹായത്താൽ അവിടത്തേയ്ക്കു് യാതൊരാപത്തും ഉണ്ടായില്ലല്ലൊ."

ഒരു നിമിഷനേരത്തേയ്ക്കു് അവിടെ എല്ലാം നിശ്ശബ്ദമായി. ഭൃത്യന്മാർ ബഹുമാനം നിമിത്തവും, കാര്യദർശി ചിന്തയാലും, അലിയാപ്രഭ്വിയും മുഹദീനും ആശ്ചര്യഭാരത്താലും മൌനത്തെ അവലംബിച്ചു. മഹാരാജ്ഞി നാലുപുറവും നോക്കി. അവൾ ഹസ്സൻഖാനെ കണ്ടു. അദ്ദേഹം അതിവിനീതനായി തൊഴുതുകൊണ്ടു നിൽക്കയായിരുന്നു. റോസാനറാ പെട്ടെന്നു തിരിഞ്ഞു പ്രഭ്വിയുടെ നിശ്ചലന്മാരായ ഭൃത്യന്മാരുടെ നേരേനോക്കി. താൻ വിചാരശൂന്യയായി ചെയ്ത പ്രവൃത്തി അവളുടെ സ്മൃതിപഥത്തിൽ പെട്ടു. ആ സാദ്ധ്വി ദീർഘമായി ഒന്നു നിശ്വസിച്ചു. മുഖം വിവർണ്ണമായി. അവൾ പെട്ടെന്നു് ഒന്നു ഞെട്ടി മുന്നോട്ടുവീണു. സയ്യദ്ഖാൻ അവളെ താങ്ങി. അദ്ദേഹം മന്ദമായും എന്നാൽ സുശ്രാവ്യമായും ഉള്ള സ്വരത്തിൽ പറഞ്ഞു.

"ഓമനേ, എല്ലാം മംഗളമായി നടക്കുന്നു."

അലിയാപ്രഭ്വി മുഹദീന്റെ ഭുജത്തിൽ കടന്നുപിടിച്ചു. അദ്ദേഹം തിരിഞ്ഞുനോക്കി. അവളുടെ മുഖവും വിളറിക്കാണപ്പെട്ടു. എന്നാൽ അവളുടെ നയനങ്ങൾ ഒരു സന്ദേശത്തെ വഹിച്ചിരുന്നു. ഉപസേനാധിപന്നു കാര്യം മനസ്സിലായി. അദ്ദേഹം ഉടൻ സയ്യദ്ഖാന്റെ മുമ്പിൽ മുട്ടുകുത്തി പാദത്തെ തൊട്ടു വന്ദിച്ചു.

"മുഹദീൻ, നിങ്ങളെ കണ്ടതിൽ എനിക്കു വലിയ ആനന്ദമുണ്ടു്" എന്നദ്ദേഹം പറഞ്ഞു.

ഒരു ക്ഷണനേരത്തേയ്ക്കു ആപത്തു ദൂരീകരിയ്ക്കപ്പെട്ടു. എങ്കിലും കാര്യങ്ങളെല്ലാം പരാജയോന്മുഖമായി കാണപ്പെട്ടു. ഇബ്രാഹിം

സയ്യദ്ഖാൻ എന്ന പേരോടുകൂടിയ ഒരാൾ ഉണ്ടെന്ന പരക്കെ വെളിയിൽ അറിഞ്ഞിരിയ്ക്കാം. അദ്ദേഹം ഒരിയ്ക്കൽ ഗോൽക്കൊണ്ടാസിംഹാസനത്തെ അലംകരിച്ചിരുന്നു എന്നുള്ള രഹസ്യവും, അത്യാവശ്യം നേരിടുന്നപക്ഷം ഹസ്സൻഖാനെ അറിയിയ്ക്കാമെന്ന് അവർ വിചാരിച്ചു. പക്ഷേ എന്തുതന്നെ വന്നാലും, ഒരിയ്ക്കലും പുറത്തു പറയാൻ പാടില്ലാത്ത മറ്റൊരു രഹസ്യം ഉണ്ടായിരുന്നു. സയ്യദ്ഖാനും, റോസാനറയും തമ്മിൽ ഉള്ള പ്രണയം! ആ കഥ ഒരിയ്ക്കലും ആരോടും, ഹസ്സൻഖാനോടുപോലും, പറയത്തക്കതല്ലായിരുന്നു ഈ രഹസ്യം അദ്ദേഹം അറിഞ്ഞാൽ പുറത്തു വിടുകയില്ലെങ്കിലും സുൽത്താനോടു പറയാതിരിയ്ക്കാൻ അദ്ദേഹത്തിന്ന് നിവൃത്തിയില്ലാതെ വരും. അതുകൊണ്ടു ഭാവിയിൽ നേരിടാവുന്ന എല്ലാ വിഷമതകളെയും സഹിയ്ക്കാൻ ഇബ്രാഹിം സന്നദ്ധനായി.

അദ്ദേഹം മഹാരാജ്ഞിയെ ഒരു കട്ടിലിൽ കൊണ്ടുപോയി കിടത്തി എന്നിട്ടു വീണ്ടും കുശ്മദർശിയുടെ സമീപത്തെത്തി. താൻ രാജധാനിയിൽ എത്തിയിട്ടുള്ള കഥ രഹസ്യമായിത്തന്നെ വെച്ചുകൊള്ളണമെന്നും വീണ്ടും താൻ ആളയയ്ക്കുമ്പോൾ വന്നുചേരണമെന്നും പറഞ്ഞു് അദ്ദേഹം ഹസ്സൻഖാനെ യാത്രയാക്കി

ഫിറോസ്ഖാൻ, നാസർഉദ്ദീൻ ഇവരിൽനിന്നും യാതൊരു വർത്തമാനവും അറിയാത്തതുകൊണ്ടു് ഇബ്രാഹിം അസ്വസ്ഥനായി. വിശിഷ്യ സുൽത്താൻ നായാട്ടിന്നു പോയദിവസം രാത്രിയിൽ അവിടുന്നു മൃഗയാമന്ദിരത്തിൽതന്നെ താമസിച്ചു എന്നു മഹാരാജ്ഞി പറഞ്ഞറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭയം ഒന്നുകൂടി വർദ്ധിച്ചു. ഫിറോസ്ഖാൻ, നാസർ ഉദ്ദീൻ, സുൽത്താൻ, ഉസ്മാൻഖാൻ എന്നിവർ എവിടെയാണെന്നു അദ്ദേഹത്തിന്നു അറിവില്ലായിരുന്നു. യഥാർത്ഥ സുൽത്താന്റെ ആഗമനത്തോടുകൂടി തന്റെ കള്ളി പുറത്താകത്തക്കവണ്ണം അപായകരമായ നിലയിൽ അദ്ദേഹം രാജധാനിയിൽ അകപ്പെടുകയും ചെയ്തു.

എങ്കിലും അനേകം ആപത്തുകളുടെ മദ്ധ്യത്തിലും ഇബ്രാഹിം സ്വമനോധൈര്യം വെടിഞ്ഞില്ല. രണ്ടു സംഗതിമാത്രം അദ്ദേഹത്തിന്നു പ്രധാനമായി സാധിയ്ക്കേണ്ടതുണ്ടായിരുന്നു. ഉസ്മാൻ എഴുത്തോടുകൂടി ജീവിച്ചിരിയ്ക്കുന്നെങ്കിൽ അയാളെ വധിച്ച് എഴുത്തു കൈക്കലാക്കുക. ഇതു സാധിച്ചാൽ ആരും അറിയാതെ ഗോൽക്കൊണ്ടാരാജ്യത്തിൽനിന്നും പുറത്തു കടത്തുക. ഈ രണ്ടു കാര്യവും പെട്ടെന്നു നടത്താൻ അദ്ദേഹം ഉറച്ചു.

ഈ സമയത്തു നാസർ ഉദീൻ സ്വപത്നിയ്ക്കയച്ച എഴുത്തുംകൊണ്ടു് ഒരു ഭടൻ അവിടെ പ്രവേശിച്ചു. മുഹദീൻ എഴുത്തു പൊളിച്ചു വായിച്ചു. അതു താഴെ പറയും പ്രകാരമായിരുന്നു.

"ഞാൻ ഗോൽക്കണ്ടയ്ക്കു വരുന്നുണ്ടു്. സുൽത്താൻ ഇന്നും മൃഗയാമന്ദിരത്തിൽ താമസിക്കാൻ തീർച്ചപ്പെടുത്തിയിരിക്കയാണു്. ഉസ്മാൻ അവിടെ ചെന്നിരുന്നു. എന്നാൽ ഞങ്ങൾ അവിടെ എത്തും മുമ്പു് അയാൾ പോയി. അയാൾ രാജധാനിയിൽ എത്തിയിട്ടുണ്ടോ എന്നുള്ള വിവരം എനിക്കറിയാൻ പാടില്ല. അയാൾക്കു തിരുമേനിയോട്ടു് ഒന്നും പറയാൻ സാധിച്ചിട്ടില്ല."

"ഓ! അവൻ അവരുടെ കയ്യിൽ അകപ്പെട്ടില്ലല്ലോ" എന്നു മുഹദീൻ നിരാശനായി പറഞ്ഞു.

ഇബ്രാ:—(വിജയസൂചകമായ സ്വരത്തിൽ) "ഇല്ല! പക്ഷെ അവൻ തിരുമേനിയോട്ടു് ഒന്നും പറഞ്ഞില്ലല്ലോ! ഇവിടെ നോക്കു! സുൽത്താൻ ഇന്നും മൃഗയാമന്ദിരത്തിൽ താമസിക്കാൻ തീർച്ചപ്പെടുത്തിയിരിക്കയാണു്. അതു ഭാഗ്യമായി. നമുക്കു ഒരുദിവസത്തെ ഇടകൂടി കിട്ടി."

മുഹ:—"അതു ശരി! എന്നാൽ ഉസ്മാൻ എവിടെ?"

ഇബ്രാ:—"അവൻ നഗരത്തിൽ ഉണ്ടെങ്കിൽ ഒരു മണിക്കൂറിനകം നമുക്കു വിവരമറിയാം. അതേ, ഞാൻ അവനെ അന്വേഷിച്ചു പുറപ്പെടാം. നമുക്കു ഇന്നത്തെ ദിവസം കൂടിയുണ്ടല്ലോ."

നാസർഉദീന്റെ സന്ദേശം അവരെ ധൈര്യപ്പെടുത്തി. ഇബ്രാഹിം മഹാരാജ്ഞിയുടെ നേരെ തിരിഞ്ഞു് ഇങ്ങിനെ പറഞ്ഞു.

"തിരുമേനി ധൈര്യമായിരിക്കണം. അല്പസമയത്തിനുള്ളിൽ നമ്മെ ചുററിയിരിക്കുന്ന ആപത്തു നീങ്ങും."

റോസാ:—"അതു കഴിഞ്ഞാൽ?"

ഇബ്രാ:—"അതു കഴിഞ്ഞാൽ അവിടത്തെയ്ക്കു മനഃസ്വാസ്ഥ്യത്തോടു കൂടിയിരിക്കാം. അവിടത്തെ രക്ഷിച്ചതുകൊണ്ടുള്ള അഭിമാനം എനിക്കും ഉണ്ടാകും."

---

# പതിമൂന്നാം അദ്ധ്യായം.

## വീണ്ടും ഒരു സുൽത്താനെ സൃഷ്ടിച്ചു.

ദീർഘിച്ച് മനോഹരമായ ശരീരത്തോടുകൂടിയ ആ പെൺകിടാവു ദ്രോണേശ്വരവീഥിയിലുള്ള പത്തൊൻപതാം നമ്പർ പീടികയുടെ വാതിൽ തുറക്കുകയായിരുന്നു. അവളുടെ അമ്മയായ മംടസ് ചുമരോടു ചാരിനിന്നു് ബോൽബൻ വരാഞ്ഞതുകൊണ്ടു് കോപാകുലയായി എന്തോ മന്ത്രിക്കുന്നു. ബോൽബൻ അപ്പോൾ വരുന്ന കാര്യം പ്രയാസമാണെന്നു വായനക്കാർക്കറിയാമല്ലോ. അവൻ പോലീസ് കച്ചേരിയോടു ചേർന്ന വൈദ്യശാലയെ ശരണംപ്രാപിച്ചിരിക്കയായിരുന്നു. അവൻ തലേദിവസം രാത്രിയിൽ ചാരനായിപ്പോയി എന്നല്ലാതെ മററു വിവരങ്ങൾ മംടസ്സിനറിവില്ലായിരുന്നു.

"അവൻ തിരിച്ചുവന്നില്ലെന്നുള്ളതു നിനക്കു തീർച്ചയായി അറിയാമോ?" എന്നു് അവൾ സ്വപുത്രിയോടു ചോദിച്ചു.

ഫാത്തിമാ:—"അയാൾ വന്നതായി ഞാൻ കണ്ടില്ല."

മംടസ്:—അവൻ പോയിട്ടിപ്പോൾ മുപ്പതു നാഴിക കഴിഞ്ഞിരിക്കുന്നു. ഇതുവരെ ഒരു വർത്തമാനവും അറിഞ്ഞില്ല. ഉസ്മാൻപ്രഭു ഇപ്പോൾ വരും."

ആ പെൺകിടാവു യാതൊരു മറുപടിയും പറഞ്ഞില്ല. അവളുടെ ജോലിതീർന്ന ഉടൻ അവൾ തെരുവിലേക്കുനോക്കി നിലയായി. നേരം അഞ്ചുനാഴിക പുലർന്നു. തെരുവുകളിൽ ജനസഞ്ചാരം തുടങ്ങി. അനവധി സാമാനവണ്ടികൾ രാജപാതയിൽകൂടി കടന്നുപൊയ്ക്കൊണ്ടിരുന്നു. വണ്ടികൾ വളരെ മന്ദഗതിയിൽ സഞ്ചരിക്കയായിരുന്നു. അവയിൽ ഒന്നു് ആ പീടികയുടെ മുൻവശത്തു നിന്നു. വണ്ടിക്കാരൻ താഴത്തു ചാടി വണ്ടിയുടെ പുറകിൽചെന്നു് ഇങ്ങിനെ പറഞ്ഞു.

"പ്രഭോ, ദ്രോണേശ്വരത്തിൽ പത്തൊൻപതാംനമ്പർ പീടിക ഇതാ!"

"ശരി, ഞാൻ ഇറങ്ങാം" എന്നു് അകത്തിരുന്ന ആരോ പറഞ്ഞു.

മംടസ്:—(തൃപ്തിസൂചകമായ സ്വരത്തിൽ) "ഹാ! അതു പ്രഭുവാണ്.

അ കള്ളൻ ബാൽബനെപ്പററി ഇപ്പോഠം അദ്ദേഹം എന്തു പറയുമോ?''

ഉസ്മാൻഖാൻ വണ്ടിയ്ക്കകത്തുനിന്നും തല നീട്ടി അങ്ങുമിങ്ങും നോക്കി. വണ്ടിക്കാരന്ന രണ്ടു വെള്ളിനാണയം കൊടുത്തിട്ടു താഴത്തു ചാടി അതിവേഗത്തിൽ പീടികയിലേയ്ക്കു കടന്നു. വണ്ടി മുന്നോട്ടു നീങ്ങി.

"ഭാഗ്യംകൊണ്ടു് ഈ വണ്ടിക്കാരനെ കിട്ടി. അതിനകത്തു ഒളിച്ചിരിക്കാൻ നല്ല സൌകര്യം. എന്റെ മുഖം സൌന്ദര്യമുള്ളതാണെങ്കിലും തല്ക്കാലം അതിനെ ഗോൽക്കൊണ്ടയിൽ എല്ലാവരെയും കാണിക്കാൻ നിവൃത്തിയില്ല. അമ്മേ എന്തെല്ലാം വിശേഷം?" എന്നു ഉസ്മാൻ സന്തോഷത്തോടുകൂടി പറഞ്ഞു.

മംടസ്:—"അവിടുന്നു പോയ സമയത്തുള്ള വിശേഷമല്ലാതെ ഒന്നുമില്ല. അ കുരുത്തംകെട്ട ബാൽബൻ ഇന്നലെ രാത്രി ഇവിടെനിന്നു പോയി."

ഉസ്മാൻ:—"ശരി, എന്നിട്ടു് ഇതുവരെ തിരിച്ചു വന്നില്ല അല്ലേ?"

മംടസ്:—"ഇതുവരെ വന്നില്ല!"

ഉസ്മാൻ:—"ഹ്ം! വേറെ ആരും വന്നില്ലേ?"

വൃദ്ധ ഇല്ലെന്നുള്ള ഭാവത്തിൽ തലകുലുക്കി. ആ പെൺകിടാവു് തന്റെ അധരത്തിൽ സ്ഫുരിച്ച മന്ദഹാസത്തെ മറയ്ക്കാനായി മുഖം തിരിച്ചു. "വേറെ ആരും" എന്നു പറഞ്ഞതു് സുൽത്താനെ ഉദ്ദേശിച്ചാണെന്നു് അവഠം സംശയിച്ചു. അവഠം ആ സംഗതി അവരിൽനിന്നും മറച്ചു. സുൽത്താന്റെ കല്പന അപ്രകാരമാണല്ലോ.

ഉസ്മാൻ:—"എന്നാൽ ജലാലുദീൻ വന്നിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു."

മംടസ്:—"ഓ! വന്നിട്ടുണ്ടു്. അവിടുന്നു പോയ ഉടൻ അദ്ദേഹം വന്നു. അദ്ദേഹത്തിന്റെ കൈ ഒടിഞ്ഞുപോയി."

ഉസ്മാൻ—(ഉല്കണ്ഠയോടെ) "അദ്ദേഹം എവിടെ?"

മംടസ്:—"മുകളിലുണ്ടു്."

ഉസ്മാൻ:—"ശരി! അമ്മേ എനിക്കു വല്ലതും ആഹാരം തരണം."

മംടസ്:—"ഫാത്തിമാ തരുമല്ലോ."

ആ പെൺകിടാവു് ഉസ്മാനെ അനുഗമിച്ചു. അവർ രണ്ടു പേരുംകൂടി ആ ഗൃഹത്തിൻെറ മുകളിലത്തെ നിലയിൽ കയറി. ഉസ്മാൻ ഒരു കതകുതുറന്നു. ആ മുറിയിൽ തേക്കിൽ ചെയ്ത ഒരു മേശയും നാലഞ്ചു കസാലകളുമുണ്ടായിരുന്നു. മുറിയുടെ ഒരററത്തായി മുറിവേററ ജലാലുദീൻ ഒരു കട്ടിലിൽ കിടന്നിരുന്നു. ഉസ്മാൻ രോഗിയെ നോക്കി മന്ദഹസിച്ചുകൊണ്ടു് പടിയ്ക്കൽത്തന്നെ നിന്നു. ഫാത്തിമാ ഒരു അലമാര തുറന്നു് പാത്രങ്ങൾ എടുക്കുകയായിരുന്നു. ജലാലുദീൻ കിടക്കയിൽ നിന്നു ചാടിഎഴുന്നേററു ഉസ്മാൻെറ സമീപത്തേയ്ക്കു ഓടിച്ചെന്നു് ഇങ്ങിനെ ഉറക്കെ ചോദിച്ചു.

"ഉസ്മാൻ, നിങ്ങൾ അവരുടെ കയ്യിൽനിന്നു രക്ഷപ്പെട്ടോ?"

ഉസ്മാൻ:—(മുന്നോട്ടു നടന്നു് ഒരു കസാലയിൽ ഇരുന്നിട്ടു്) "എന്നു വിചാരിയ്ക്കേണ്ടിയിരിക്കുന്നു."

ഫാത്തിമാ വെളിയിൽ പോകുന്നതുവരെ രണ്ടുപേരും മിണ്ടിയില്ല. അവൾ പോയഉടൻ ജലാലുദീൻ കഥതുടങ്ങി. ഫിറോസ് ഖാൻ മുതലായവർ തന്നെ വലയിൽ അകപ്പെടുത്തിയ ഘട്ടംമുതൽ അയാൾ പറയാൻ തുടങ്ങി. ഉസ്മാൻ ഭക്ഷണംകഴിക്കയായിരുന്നു. കഥയുടെ മദ്ധ്യത്തിൽ ഇബ്രാഹിം/സയ്യദ്ഖാൻെറ പേരുപറഞ്ഞപ്പോൾ ഉസ്മാൻ ഒന്നു ഞെട്ടി ജലാലുദീൻെറ മുഖത്തേയ്ക്കു ജ്വലിക്കുന്ന നേത്രങ്ങളോടുകൂടി നോക്കി. കഥയുടെ അവസാനത്തിൽ ഉസ്മാൻ ഒന്നു മന്ദഹസിച്ചു. അയാൾ പറഞ്ഞു.

"ഹാ! വളരെ സാമൎത്ഥ്യത്തോടുകൂടിയാണു അവർ വലവെച്ചതു്. നിങ്ങൾ അതിൽ അകപ്പെട്ടതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല"

ജലാ:—"ഇനി നിങ്ങളുടെകഥയെങ്ങിനെ, നിങ്ങൾക്കെന്തുപററി?"
ഉസ്മാൻ:—"എൻെറ കഥയോ? ആ കള്ളയെഴുത്തിൽ കണ്ടതുപോലെയെല്ലാം ഞാൻ പ്രവൎത്തിച്ചു."
ജലാ:—"നിങ്ങൾ മൃഗയാമന്ദിരത്തിൽ പോയോ?"
ഉസ്മാൻ:—"എന്താ സംശയം?"
ജലാ:—"അവിടെ നിങ്ങൾ എന്തുകണ്ടു?"

ഉസ്മാൻ:—"അവിടെ ഞാൻ സുൽത്താൻെറ വനപാലകനെയും വേട്ടപ്പട്ടിയേയും സുൽത്താനെയും കണ്ടു."

ജലാ:—ഹാ! അപ്പോൾ നിങ്ങൾ എഴുന്നുകൊടുത്തു ഇല്ലേ?"

ഉസ്മാൻ:—"കഷ്ടം! ഇല്ല സ്നേഹിതാ. ഞാൻ ആ പെട്ടി അദ്ദേഹത്തിന്റെ മുമ്പിൽ എറിഞ്ഞു കൊടുത്തു. പക്ഷേ അതു തുറക്കാൻ അദ്ദേഹത്തിനു സമയമുണ്ടായില്ലെന്നാണു തോന്നുന്നതു്."

ജലാ:—"അതെന്താ? അതെന്താ?"

ഉസ്മാൻ എഴുന്നേററു ജലാലുദ്ദീന്റെ അടുത്തുചെന്നിരുന്നു് അയാളുടെ മുഖത്തുനോക്കി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

"സഹോദരാ ആ, വേട്ടപ്പട്ടി എന്നെ കടിക്കാൻ ശ്രമിച്ചു. കൂടാതെ ആ വനപാലകൻ എന്നെ കുത്തുമായിരുന്നു. സുൽത്താൻ എന്നെ വെടിവയ്ക്കാനും ശ്രമിച്ചു."

ജലാ:—"ശരി! ശരി! എന്നിട്ടെന്തുസംഭവിച്ചു?"

ഉസ്മാൻ:—എന്നാൽ അവക്കാക്കും അവരുടെ ആഗ്രഹം സാധിച്ചില്ല. അതാണുണ്ടായതു് പ്രിയസഹോദരാ."

ജലാലുദ്ദീൻ തുറിച്ച നേത്രങ്ങളോടുകൂടി ഉസ്മാനെനോക്കി. ആ കണ്ടകൻ പ്രശാന്തമായി മന്ദഹസിച്ചു. അയാൾ തുടന്നുപറഞ്ഞു.

"എന്തുകൊണ്ടെന്നാൽ ദൈവം എന്നെ സഹായിച്ചു. ഇനി ആ പട്ടി എന്നെ കടിയ്ക്കുയോ വനപാലകൻ എന്നെ കുത്തുകയോ ചെയ്കയില്ല."

സ്വല്പനേരത്തേയ്ക്കു് അവർ പരസ്പരം ഒന്നും മിണ്ടിയില്ല. ഒടുവിൽ ജലാലുദ്ദീൻ ഭയത്തോടുകൂടി വളരെ മന്ദമായി ഇങ്ങനെ ചോദിച്ചു.

"സുൽത്താനോ?"

ഉസ്മാൻ:—"സുൽത്താനോ! അദ്ദേഹം ഇനിഒരിക്കലും എന്നെ വെടിവയ്ക്കുയില്ല. വരൂ നിങ്ങളോടു സ്വല്പവിശേഷംകൂടി ഞാൻ പറയാം." ഈ വാക്കുകളോടുകൂടി ഉസ്മാൻ ഒരു കസാലനീക്കി ജലാലുദ്ദീന്റെ അടുത്തിട്ടു് അതിൽ ഇരുന്നു.

അയാളുടെ വാക്കുകൾ ഒന്നും ജലാലുദ്ദീൻ കേട്ടില്ല. ഉസ്മാന്റെ തുമ്പില്ലായ്മ വരുത്തിവെച്ച അപത്തുകളെ വിചാരിച്ചു ജലാലുദ്ദീൻ ഭയവിഹ്വലനായി. അയാൾ ചാടിഎഴുന്നേററു് ഇങ്ങിനെ ഉറക്കെ പറഞ്ഞു.

"നമുക്ക ഇവിടെനിന്നും ഓടിപ്പോകണം! വേഗം!"

ഉസ്മാൻ:—"വേണ്ടാ! ഓടിപ്പോകണ്ടാ! പോകുന്ന പക്ഷം മെല്ലെ നടന്നു പോയാൽ മതി"

ജലാ:—"എനിയ്ക്കിനി ഈ കാര്യത്തിൽ യാതൊരു കൂട്ടുകെട്ടുമില്ല."

ഉസ്മാൻ:—"ഹാ! സഹോദരാ, നിങ്ങൾ വേഗത്തിൽ നിരാശനാകുന്നല്ലോ ഭാഗ്യദോഷംകൊണ്ടു നമ്മുടെ ഗുണവാനായ സുൽത്താൻ പൊയ്പ്പോയി. ഇനി നമുക്ക ഗുണവതിയായ മഹാരാജ്ഞിയുണ്ടല്ലോ. ഇതുകൂടാതെ അവിടത്തെ എഴുത്തും നമ്മുടെ കയ്യിലുണ്ട്."

ജലാ:—"എനിയ്ക്കിനി അക്കാര്യമൊന്നുമില്ല."

ഉസ്മാൻ:—"ഇബ്രാഹിം സയ്യദ്ഖാനെവിടെ? നിങ്ങൾ അയാളെപ്പററി വല്ലതും കേട്ടോ?"

ജലാ:—"അയാൾ എവിടെയെന്ന് എനിക്കറിവാൻ പാടില്ല."

ഉസ്മാൻ:—"നമുക്ക് അതു കണ്ടുപിടിക്കണം."

ജലാലുദീൻ കോപത്തോടുകൂടി ഉസ്മാൻെറ നേരെ തിരിഞ്ഞു. "എനിക്ക് ഇതിൽ യാതൊരു കയ്യുമില്ല. മേൽ നിങ്ങളുടെ സംഗതിയിൽ ഞാൻ തലയിടുകയുമില്ല. ഞാൻ അപ്പോൾ അവിടെ ഇല്ലായിരുന്നു. സുൽത്താൻ അവിടെ ഉണ്ടെന്നും എനിക്കറിവില്ലായിരുന്നു. അതുകൊണ്ടു ഞാൻ ഇതിൽ കുററക്കാരനല്ല."

ഉസ്മാൻ:—"അതെല്ലാം വാസ്തവംതന്നെ."

ജലാ:—"ഉസ്മാൻ! നിങ്ങൾക്ക പണം വേണമെങ്കിൽ ഞാൻ തരാം. ഈശ്വരനെ വിചാരിച്ചു അതുംകൊണ്ട് ഇവിടെ നിന്നു പൊയ്ക്കൊള്ളൂ."

ഉസ്മാ:—"സഹോദരാ, എനിയ്ക്കു, യാചിയ്ക്കാൻ വലിയ ലജ്ജതോന്നുന്നു. എനിക്ക കുറെ പണംവേണം. എൻെറ വിലയേറിയ വസ്തു കൈവശമുണ്ടോ എന്നുനോക്കട്ടെ. ഹാ! ഉണ്ട്."

ഈ വാക്കുകളോടുകൂടി അയാൾ മഹാരാജ്ഞിയുടെ എഴുത്തിനെ തൻെറ കഞ്ചുകത്തിനടിയിൽ നിന്നും വെളിക്കെടുത്തു.

പിന്നീട്ട അയാാം ജന്നലിൻെറ അട്ടത്തുചെന്ന വെളിയിലേയ്ക്കു നോക്കി. പുരുഷന്മാരും സ്ത്രീകളും അവരവരുടെ ജോലിയ്ക്കും വിനോദത്തിനുമായിട്ട തെരുവിൽകൂടി ഗതാഗതംചെയ്യുകൊണ്ടിരുന്നു. നഗരത്തിൽ അസാധാരണമായ ഉണർച്ച ഒന്നും ഇല്ലായിരുന്നു. അരമനയുടെ മുകളിലായി രാജകീയപതാക കാററിൽ ചലിക്കുന്നതു ഉസ്മാൻ കണ്ടു. അപ്പോാം നേരം ഏകദേശം പത്തുനാഴിക പുലന്നു.

"ജലാലുദീൻ, ഇങ്ങോട്ടുവരു. വെളിയിലേക്ക് ഒന്നുനോക്കൂ" എന്ന് ഉസ്മാൻപറഞ്ഞു.

ജലാലുദീൻ ജന്നലിൽകൂടി വെളിയിലേയ്ക്കുനോക്കി.

"നിങ്ങാം വിശേഷവിധിയായിഎന്തെങ്കിലും കാണുന്നുണ്ടോ?" എന്നു ഉസ്മാൻ ചോദിച്ചു.

ജലാ:—"ഇല്ല; ഒന്നും കാണുന്നില്ല."

ഉസ്മാൻ:—"ഒന്നും കാണുന്നില്ല. അതു വിചിത്രംതന്നെ. എന്തെന്നാൽ ഇന്നലേരാത്രിയിൽ ഫിറോസ്ഖാനോ മഹാരാജ്ഞിയുടെ ഭൃത്യവർഗ്ഗത്തിൽ ആരെങ്കിലുമോ മൃഗയാമന്ദിരത്തിൽ പോയിരിയ്ക്കുമെന്നു നിങ്ങാം വിചാരിക്കുന്നില്ലേ?"

ജലാ:—"നിശ്ചയമായിട്ടും അവർ അങ്ങിനെ തീച്ചപ്പെടുത്തിയിരുന്നു."

ഉസ്മാൻ:—"എന്നാൽ അവർ സുൽത്താനെ കണ്ടിരിയ്ക്കും. സഹോദരാ, പിന്നെന്താ ഗോൽക്കണ്ടാനഗരം ദുഃഖമാചരിക്കാത്തതു്. കൊടിതാഴ്ത്താത്തതെന്തു്? എനിക്കു മനസ്സിലാകുന്നില്ല."

ഈ വാക്കുകളോടുകൂടി അയാാം ഒന്നു മന്ദഹസിച്ചു. അയാാം തുടന്നുപറഞ്ഞു.

"ആ വൃദ്ധനായ ഫിറോസ്ഖാൻ വീണ്ടും ഒരു സുൽത്താനെ സൃഷ്ടിച്ചിരിയ്ക്കുമെന്നാണ് എനിക്കു തോന്നുന്നതു്. അങ്ങിനെ ആണെങ്കിൽ—"

ഇത്രയും പറഞ്ഞിട്ടു് അയാാം ഗാഢമായ ചിന്തയിൽ മുഴുകിയവനെന്നപോലെ നിന്നു. തൻെറ കയ്യിൽ തലകൊടുത്തുകൊണ്ടു് ജലാലുദീൻ ഇരുന്നു. പരിഭ്രമംനിമിത്തം അയാാം ക്ഷീണിച്ചിരുന്നു. താൻ അറിയാതെ തലേദിവസം രാത്രിയിൽ ഉണ്ടായ സംഭവങ്ങളെ ഓത്തു് അയാാം വിലപിച്ചു. ക്ഷതമേററ അയാളുടെ കരം അയാാംക്കു ദുസ്സഹമായ വേദനയെ ഉണ്ടാക്കി.

ഉസ്മാൻ അയാളുടെ മുമ്പിൽചെന്നു ഇങ്ങിനെ പറഞ്ഞു.

"ജലാലുദ്ദീൻ! അവർ എന്തുചെയ്യുന്നു എന്ന് എനിക്കറിയണം. നിങ്ങൾ പോയി സുൽത്താനെ കാണാൻ സമയം ചോദിയ്ക്കണം."

ജലാ: "പക്ഷേ സുൽത്താൻ—"

ഉസ്മാൻ:—"ശരി. നിങ്ങൾ സുൽത്താനെ കാണണമെന്നാവശ്യപ്പെട്ടപ്പോൾ നമുക്ക് അതിനെപ്പററി കൂടുതൽ വിവരമറിയാം. "ഇതു കേൾക്ക."

സമീപത്തിരുന്നുകൊണ്ട് ഉസ്മാൻഖാൻ തന്റെ സഹോദരൻ ചെയ്യേണ്ട കാര്യത്തെപ്പററി ഉപദേശിച്ചു. അതു് ഇപ്രകാരമായിരുന്നു. അദ്യമായി രാജധാനിയിൽ ഒരു സുൽത്താനുണ്ടോ എന്നു കണ്ടുപിടിയ്ക്കണം. യഥാർത്ഥസുൽത്താന്റെ മരണവൃത്താന്തം മറച്ചുവെയ്ക്കാൻ ഭാവമില്ലെങ്കിൽ ഉടൻ അവിടെ നിന്നും ഓടി രക്ഷപ്പെടണമെന്നായിരുന്നു ഉസ്മാന്റെ വിചാരം. അന്യരാജ്യത്തിൽ അഭയംപ്രാപിച്ച് അവിടെ ഇരുന്നുകൊണ്ട് എഴുത്തിനെ പരസ്യമാക്കുമെന്നു പറഞ്ഞു മഹാരാജ്ഞിയെ ഭയപ്പെടുത്തി ആപത്തു കൂടാതെ ഗോൽക്കണ്ടയിൽ തിരിച്ചെത്താമെന്നു അയാൾ ആശിച്ചു. നേരേമറിച്ച് ജലാലുദ്ദീൻ രാജധാനിയിൽ ഒരു സുൽത്താനെക്കാണുകയും യഥാർത്ഥസുൽത്താന്റെ മരണവാർത്ത ജനങ്ങൾ അറിയാതിരിയ്ക്കുകയും ചെയ്താൽ ഉസ്മാനെ പ്രബലനാക്കുന്ന വേറൊരു രഹസ്യം കൂടി അയാൾക്ക ലഭിയ്ക്കും. എന്തെന്നാൽ രാജധാനിയിൽ ഉള്ള സുൽത്താൻ ആരെന്ന് അയാൾക്കറിയാമായിരുന്നു. ഈ സംഗതിയെ അടിസ്ഥാനമാക്കിക്കൊണ്ട് അയാളുടെ ധിക്കാരമേറിയ ഹൃദയം നവമായ ഉപായങ്ങളെ സൃഷ്ടിച്ചു. ഇബ്രാഹിം സയ്യദ്ഖാന്റെ രഹസ്യത്തെ മറച്ചുവെച്ച് അദ്ദേഹത്തെ സുൽത്താനായിത്തീരുന്നതിന് താൻകൂടി സഹായിക്കാമെന്ന് വാക്കുകൊടുക്കുക. സയ്യദ്ഖാൻ അതുപേക്ഷിക്കുന്ന പക്ഷം യഥാർത്ഥസുൽത്താന്റെ മരണത്തെപ്പററി ഉസ്മാൻ രാജധാനിയിലെ തെരുവുകളിൽ ഇറങ്ങി നിന്നുകൊണ്ട് പരസ്യമായി വിളിച്ചു പറക. ഇവയായിരുന്നു അയാളുടെ നൂതനോപായങ്ങൾ. ഇങ്ങിനെയുള്ള ആലോചനയോടുകൂടി അയാൾ തുടർന്നുപറഞ്ഞു.

"ഫിറോസ്ഖാനോ ഞാനോ അദ്യമായി മൃഗയാമന്ദിരത്തിൽ എത്തിയതല്ല എന്നു് ആൎക്ക പറയാൻ കഴിയും. ഞങ്ങളിൽ ആൎക്കാണു് സുൽത്താനേ കൊല്ലേണ്ട ആവശ്യം നേരിട്ടിരുന്നതു്? സുൽത്താന്റെ അഭിമാനത്തെ ഇല്ലാതാക്കുന്നതിനായി ചെയ്യപ്പെട്ട ഒരു

പ്രവൃത്തിയേ സംബന്ധിച്ച് അദ്ദേഹത്തെ ധരിപ്പിയ്ക്കാൻ ഉദ്യമിച്ച ഫി നിയ്ക്കോ അതല്ല, അദ്ദേഹത്തിൻെറ സ്ഥാനത്തെ അപഹരിച്ച ഒരാളിൻെറ സഹകാരിയായ ഫിറോസ്ഖാനോ; ഹാ! അവർ ഇനിയും ഉസ്മാൻഖാനെ അറിഞ്ഞിട്ടില്ല."

ഈ വാക്കുകളോടുകൂടി ഉസ്മാൻ തൻെറ സഹോദരൻെറ നേരേ നോക്കി. ജലാലുദീൻെറ അംഗുലികൾ വിറച്ചുകൊണ്ടിരുന്നു. അയാളുടെ കപോലങ്ങൾ വിളറിയിരുന്നു. ഉസ്മാൻെറ വാക്കുകൾ അയാളെ സോദ്വേഷനാക്കി.

"എന്നാൽ സുൽത്താനെ ഞാൻ എവിടെയാണന്വേഷിയ്ക്കേണ്ടതു്" എന്നയാൾ ചോദിച്ചു.

ഉസ്മാൻ:—"കൊട്ടാരത്തിലോ നാസർഉദീൻെറ ഗൃഹത്തിലോ അന്വേഷിയ്ക്കണം."

ജലാ:—"നിങ്ങൾ ഇവിടെത്തന്നെയിരിയ്ക്കുമോ?"

ഉസ്മാൻ:—"ഇവിടെനിന്നും പോകേണ്ട അത്യാവശ്യം നേരിട്ടില്ലെങ്കിൽ നിശ്ചയമായി ഞാൻ ഇവിടെത്തന്നെയിരിയ്ക്കും."

ജലാലുദീൻ മേശപ്പുറത്തു കിടന്ന ഒരു കൈത്തോക്കെടുത്തു തൻെറ കീശയ്ക്കുള്ളിൽ നിക്ഷേപിച്ചു.

"നിവൃത്തിയുണ്ടെങ്കിൽ വെടി വെയ്ക്കരുതു്" എന്നു് ഉസ്മാൻ പറഞ്ഞു.

ഇതിനുത്തരമൊന്നും പറയാതെ ജലാലുദീൻ അതിവേഗത്തിൽ ഗൃഹദ്വാരത്തിലെത്തി. അവിടെ മാർജ്ജനകർമ്മത്തിൽ പ്രവൃത്തയായിരുന്ന ഫാത്തിമായെ അയാൾ കണ്ടു.

"അവിടുന്നു് വെളിയിലേയ്ക്കു പോകയാണോ" എന്നു് അവൾ ചോദിച്ചു.

ജലാ:—"അതേ; എനിക്കല്പകാര്യമുണ്ടു്."

ഫാത്തി:—"ഉസ്മാൻപ്രഭുവോ. അദ്ദേഹവും വെളിയിൽ പോകുന്നോ?"

ജലാ:—"അദ്ദേഹം എൻെറ കൂടെയില്ലെന്നു നിനക്കറിയാമല്ലോ. നിനക്കിതെല്ലാം അറിഞ്ഞിട്ടെന്തുവേണം പെണ്ണേ. വഴിയിൽ നിന്നു മാറി നില്ക്കു്."

അവൾ ഉത്തരമൊന്നും പറയാതെ വഴി മാറിക്കൊടുത്തു. അയാൾ വേഗത്തിൽ പടികടന്നു പാഞ്ഞുപോയി. വിജയസൂചകമായ മന്ദസ്മേരത്തോടുകൂടി അവൾ അയാളുടെ പിന്നാലെ നോക്കി. പതിനൊന്നു മണിയ്ക്കു തയ്യാറായിരിക്കണമെന്നു സുൽത്താൻ അവളോടു കല്പിച്ചിട്ടുണ്ടല്ലോ. അപ്പോൾ മണി പത്തായിരുന്നു. വേഗത്തിൽ സുൽത്താൻ അവളുടെ സഹായം വേണ്ടിവരും.

---

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

## പതിന്നാലാം അദ്ധ്യായം

### രാജധാനിയിൽ വർത്തമാനമറിയുന്നു.

ദ്രോണേശ്വരവീഥിയിലെ പത്തൊൻപതാം നമ്പർ ഗൃഹത്തിൽ നിന്നും ദ്രുതഗതിയിൽ ഇറങ്ങിപ്പോയ ജലാലുദീൻ ഒരു വാടകവണ്ടിയിൽ കയറി നേരേ നാസർഉദീൻെറ ഗൃഹത്തിലേക്ക് തിരിച്ചു. പടിയ്ക്കൽ എത്തിയപ്പോൾ അയാൾ സുൽത്താൻെറ കാര്യദർശിയെ കണ്ടു.

"പ്രിയപ്പെട്ട ഹസ്സൻ, ഇവിടെയെന്താ വിശേഷം?" (അവിടെ കൂടി നിന്നിരുന്ന ജനങ്ങളെ കണ്ടുകൊണ്ട്) ജലാലുദീൻ ചോദിച്ചു:—"ഈ ആളുകളൊക്കെ ഇവിടെ കൂടിയിരിക്കുന്നതെന്തിന്? ഹാ! കൊട്ടാരത്തിലെ വണ്ടിയല്ലേ ഈ നില്ക്കുന്നത്?"

ഹസ്സൻ:—"മഹാരാജ്ഞി പ്രഭുവിയേ കാണാൻ വന്നിരിക്കയാണ്. തിരുമേനി തിരിച്ചു വരുന്നതു കാണാനാണ് ഈ ജനങ്ങൾ ഇവിടെ കൂടിനില്ക്കുന്നത്."

ജലാ:—"നിങ്ങളും മഹാരാജ്ഞിയെ കാണാൻ പോയതായിരിക്കും; അല്ലേ?"

ഹസ്സൻ:—"അതേ; ഞാൻ അവിടത്തെ കാണാൻ പോയതാണ്."

ജലാ:—"വളരെ നേരത്തെയാണല്ലോ."

ഹസ്സൻ:—"അതേ, എനിക്കല്പം കാര്യമുണ്ടായിരുന്നു."

ജലാ:—"എനിക്കും ഒരത്യാവശ്യകാര്യമുണ്ട്. അതു പക്ഷേ സുൽത്താൻ തിരുമേനിയെക്കണ്ടു സാധിക്കേണ്ടതാണ്."

ഹസ്സൻ:—"ശരി."

ജലാ:—"അതിരിക്കട്ടെ നിങ്ങൾ എന്നെ സഹായിക്കണം. സുൽത്താൻ ചന്ദ്രഗിരിയിലാണോ?"

കാര്യദർശി ഒന്നുകുഴങ്ങി. ജലാലുദീൻ തുടൎന്നുപറഞ്ഞു.

"മഹാരാജ്ഞി ദയചെയ്ത് പക്ഷേ എന്നെ സഹായിച്ചേയ്ക്കും. അവിടത്തെ അടുക്കൽ അപേക്ഷിയ്ക്കാം. പക്ഷേ അവിടുന്ന് ഉപേക്ഷിയ്ക്കാറുമതി." ഇങ്ങനെ പറഞ്ഞുകൊണ്ട് അയാൾ വാതിൽപടി കയറി.

ഹസ്സൻ:—"ഹേ! സ്നേഹിതാ! അതു നിവൃത്തിയില്ല. മഹാരാജ്ഞി വേറൊരാളുമായി സംസാരിക്കയാണ്. ഇപ്പോൾ ഉപദ്രവിക്കുന്നത് അവിടുത്തേക്കു ഇഷ്ടമായിരിക്കയില്ല."

ജലാലുദീൻ അതു വകവയ്ക്കാതെ കതകിനുമുട്ടി. വാതിൽ തുറക്കപ്പെട്ടു. മഹാരാജ്ഞിയെ കാണ്മാൻ താൻ കാത്തുനില്ക്കുന്നതായി അറിയിക്കാൻ അയാൾ ഭൃത്യനോടു പറഞ്ഞു. പിന്നീടു പടികടന്ന് അയാൾ വാതിലോടു ചേൎന്നുനിന്നു. മഹാരാജ്ഞി അകത്തിരുന്നു സംസാരിക്കുന്നതു അയാൾ കേട്ടു.

മുറിയുടെ വാതിൽ തുറന്നു ഭൃത്യൻ വെളിയിൽവന്നു. അയാളുടെ പുറകേ മുഹഡീനും എത്തി. അദ്ദേഹം ഭൃത്യനെ പിന്നിട്ടു ജലാലുദീന്റെ അടുത്തുചെന്നു.

"വീണ്ടും നാം തമ്മിൽ കണ്ടല്ലോ" എന്നു മുഹഡീൻ തല വണങ്ങിക്കൊണ്ടു പറഞ്ഞു.

ജലാലുദീനെ കാണ്മാൻ അപ്പോൾ സമയമില്ലാത്തതിനാൽ മഹാരാജ്ഞി വ്യസനിക്കുന്നു എന്നുള്ള വിവരം ഭൃത്യൻ വന്നു പറഞ്ഞു. ജലാലുദീൻ തലകുലുക്കി. സുൽത്താൻ എവിടെയാണെന്നറിയാമോ എന്ന് അയാൾ മുഹഡീനോടു ചോദിച്ചു.

മുഹ:—(പുഞ്ചിരിയോടുകൂടി) "ഇനിയും നിങ്ങൾ സുൽത്താനെക്കാണ്മാൻ ആഗ്രഹിക്കുന്നോ?"

ഈ അധിക്ഷേപത്തെ ഗണിക്കാതെ അയാൾ നിന്ദാസൂചകമായ സ്വരത്തിൽ പറഞ്ഞു.

"നമ്മുടെ ഗുണവാനായ സുൽത്താനെ കണ്ടുപിടിക്കാൻ വളരെ വിഷമമായിരിക്കുന്നു. അദ്ദേഹം എവിടെയാണെന്ന് കാര്യദർശിക്കു അറിയാൻ പാടില്ല. അറിയാമെങ്കിലും പറയുന്നില്ല."

മുഹ:—"പക്ഷേ ഇപ്പോൾ ആരെയും കാണ്മാൻ അവിടത്തേക്ക് സൌകൎയ്യമില്ലായിരിക്കും."

ജലാ:—"അങ്ങനെ വരാം."

പെട്ടെന്നു അകത്തുനിന്ന് ഒരു സ്വരം കേൾക്കപ്പെട്ടു. അതു് ഉച്ചമായി സ്ഫുടമായിരുന്നു. മുഹദീൻ പകച്ചു നോക്കി. ജലാലുദീൻ പരിഭ്രമിച്ചു എങ്കിലും വിജയസൂചകമായ ഒരുനോട്ടം അയാളുടെ മുഖത്തു സ്ഫുരിച്ചു.

"അതു ജലാലുദീൻ പ്രഭുവാണോ" എന്ന് ഇബ്രാഹിം അകത്തുനിന്നും വിളിച്ചുചോദിച്ചു. അതാണെങ്കിൽ അകത്തുവിട്ടു കതകടയ്ക്കൂ."

അദ്ദേഹത്തിൻെറ സ്വരത്തിൽ ജലാലുദീനെ ഭയപ്പെടുത്തത്തക്ക എന്തോ ഉണ്ടായിരുന്നു. അയാൾ ഓടാൻ ഭാവിക്കുന്നതുപോലെ ഞെട്ടി പുറംതിരിഞ്ഞു. അടുത്തനിമിഷത്തിൽ മുഹദീൻ ഒരു വശത്തേയ്ക്കു തള്ളപ്പെട്ടു. ഒരു ക്ഷണനേരത്തേയ്ക്കു പൊക്കംകൂടിയ ഒരു രൂപം പടിക്കൽ പ്രത്യക്ഷമായി. വെളിയിൽ കൂടിനിന്നിരുന്ന ജനങ്ങൾ അദ്ദേഹത്തെ ഒരു നോക്കുകണ്ടു സുൽത്താനെ അവർ അറിഞ്ഞു സന്തോഷിച്ചു. ജലാലുദീൻെറ കരം ബലമേറിയ ഒരു മുഷ്ടിയാൽ ഗ്രഹിക്കപ്പെട്ടു വിമുഖനായും എന്നാൽ നിരാശ്രയനായും അയാൾ വീണ്ടും വാതിൽ കടന്നു. കതകടച്ചിട്ടു മുഹദീൻ പുറകെ എത്തി.

ഇബ്രാഹിംസയ്യദ്ഖാൻ ജലാലുദീനെ അതിവേഗത്തിൽ ഗൃഹത്തിൻെറ പിന്നിലേയ്ക്കു കൊണ്ടുപോയി. ഉദ്യാനത്തിനെതിരേ ഉള്ള ഒരു ചെറിയ മുറിയിൽ അവർ പ്രവേശിച്ചു.

"കതകടയ്ക്കൂ മുഹദീൻ" എന്നു പറഞ്ഞുകൊണ്ടു് സയ്യദ്ഖാൻ ജലാലുദീൻെറ നേരേ തിരിഞ്ഞു് ഇങ്ങിനെ പറഞ്ഞു. "പ്രഭോ നിങ്ങൾ ഒരു സംഗതി മനസ്സിലാക്കാനാണ് വന്നിരിക്കുന്നതു്. അതിപ്പോൾ അറിഞ്ഞോ?"

ജലാലുദീൻ ധൈൎയ്യസമേതം ഇങ്ങിനെ മറുപടി പറഞ്ഞു.

"കാഹോ! എനിക്കു ഒരു വ്യാജവേഷധാരിയോടു് ഇടപെടേണ്ടിയിരിക്കുന്നു എന്നറിയാം."

ഇബ്രാ:—"അതുതന്നെ! വ്യാജവേഷധാരികൾക്കു് അവരുടെ കള്ളി പുറത്താകുന്നതു് ഇഷ്ടമില്ലെന്നറിയാമല്ലോ."

ജലാലുദ്ദീന്റെ കവിൾത്തടം വിളറി. അയാൾ അവരുടെ പിടിയിൽപെട്ടുപോയി. അവരുടെ രഹസ്യം അയാൾ അറിഞ്ഞു. ഉസ്താന്റെ പക്കൽനിന്നും താൻ അറിഞ്ഞ രഹസ്യം അവർ മനസ്സിലാക്കിയോ എന്ന് അയാൾ ഭയപ്പെട്ടു.

ഇബ്രാ:—"കേൾക്കു, അല്പനേരത്തേയ്ക്കു ഞാൻ ഗോൽക്കണ്ടാ സുൽത്താനാണ്. ഈ സമയത്തിനുള്ളിൽ നിങ്ങളുടെ സഹോദരനുമായി എനിക്കു ഒരു കണക്കു തീർക്കാനുണ്ട്. അയാളുടെ കയ്യിലുള്ള ഒരുവസ്തു എനിക്കുവേണം. ഞാൻ അവനെ അന്വേഷിച്ചു പുറപ്പെടാൻ തുടങ്ങുകയാണ്. അവനെ കണ്ടുപിടിക്കുന്നതുവരെ നിങ്ങൾ മുഹമ്മദീനോടുകൂടി ഇവിടെ താമസിക്കണം. ഞാൻ ജയിച്ചാലും ശരി, തോറാലും ശരി, ഇന്നത്തെ രാത്രികൊണ്ട് ഞാൻ രാജധാനിയിൽനിന്നും വളരെ അകലെ എത്തും. സുൽത്താന്റെ സ്ഥാനം വീണ്ടും അദ്ദേഹത്തിനു സ്വീകരിക്കത്തക്കവണ്ണം ഒഴിഞ്ഞിരിക്കും.

ജലാലുദ്ദീൽ ചെറുതായി ഒന്നു ഞെട്ടി. വിജയകരമായ ഒരു നോട്ടം അയാളുടെ മുഖത്തിൽ സ്ഫുരിച്ചു. സുൽത്താൻ മരിച്ച വിവരം അവർ അറിഞ്ഞിരുന്നില്ല.

ഇബ്രാഹിം ഒന്നുകൂടി അയാളുടെ സമീപത്തണഞ്ഞു മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു.

"നിങ്ങൾ ഇതിൽ തലയിടുന്നതെന്തിനെന്ന് എനിക്കറിയാൻ പാടില്ല. നിങ്ങളുടെ സഹോദരന്റെ ഉദ്ദേശങ്ങൾ എനിക്കു നല്ലപോലെ അറിയാം. നിങ്ങളുടെ നിർഭാഗ്യയായ മഹാരാജ്ഞിയെ അധഃപതിപ്പിക്കത്തക്കവണ്ണം ഹീനങ്ങളായ ആ ഉദ്ദേശങ്ങൾ മഹത്തരങ്ങളെന്നു നിങ്ങളും വിചാരിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു."

ജലാലുദ്ദീൻ മറുപടിയൊന്നും പറഞ്ഞില്ല.

ഇബ്രാ:—"മുഹമ്മദീൻ, ഇയാളെ ഇവിടെ സൂക്ഷിച്ചുകൊള്ളണം. ഞാൻ തിരിച്ചുവന്നിട്ട് പിന്നീടു വേണ്ട കാര്യങ്ങളെപ്പററി ആലോചിക്കാം. ഞാൻ തിരിച്ചുവന്നില്ലെങ്കിൽ നാസർഉദ്ദീൻ ഇപ്പോൾ ഇവിടെ എത്തും. അദ്ദേഹവുമായി ആലോചിച്ചു വേണ്ടതു ചെയ്തുകൊള്ളൂ."

ഇത്രയും പറഞ്ഞിട്ട് ഇബ്രാഹിം മഹാരാജ്ഞിയുടെ സന്നിധിയിൽ പ്രവേശിച്ചു. അലിയാപ്രഭ്വിയും അവിടെ ഉണ്ടായിരുന്നു. മഹാരാജ്ഞി ചാടിയെഴുന്നേററു ഇബ്രാഹിമിന്റെ അടുത്തുചെന്നു.

ഇബ്രാ:—"ഇനി ഒരുനിമിഷം താമസിക്കാൻ പാടില്ല. സുൽത്താൻ ഇവിടെയുണ്ടെന്നു വെളിയിൽ കൂടിനില്ക്കുന്ന ആളുകൾക്കൊക്കെ അറിയാം. ഈ വർത്തമാനം ക്ഷണത്തിൽ നഗരം മുഴുവനറിയും. ഇതു സുൽത്താനറിവാൻ ഇടയാകരുതെന്നു ഫിറോസ്ഖാൻ എഴുതി അയയ്ക്കണം. എനിക്ക് എൻെറ കാര്യം സാധിച്ച് ഉടൻ ഇവിടെനിന്നു കടക്കണം. ഞാൻ പോയാൽ ഉടൻ അവിടുന്നു കൊട്ടാരത്തിൽ എത്തുകയും വേണം."

ഇബ്രാഹിം ഇങ്ങിനെ സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ ഒരു വണ്ടി വീട്ടിൻെറ പടിക്കൽവന്നു. നാസർ ഉദീൻ വണ്ടിയിൽനിന്നും പുറത്തു ചാടി. സുൽത്താൻ തൻെറ ഗൃഹത്തിലുണ്ടെന്ന് വഴിയിൽ വച്ച് ഹസ്സൻഖാൻ പറഞ്ഞു' അദ്ദേഹം അറിഞ്ഞു. അലിയാപ്രവേശി പടിക്കലേക്ക ഓടിവന്ന് കതകുതുറന്നു.

നാസർ:—"അലിയാ, അദ്ദേഹം ഇവിടെ ഉണ്ടെന്നു ഈ നില്ക്കുന്നവർക്കെല്ലാമറിയാമോ? അദ്ദേഹം സുൽത്താനാണെന്ന് അവർ ധരിച്ചിട്ടുണ്ടോ?"

അലി:—"ഉണ്ട്. ഞങ്ങൾക്ക യാതൊരു നിവൃത്തിയുമില്ലാതെയായി. അദ്ദേഹംതന്നെ പടിക്കൽ ചെന്നുനിന്നു."

കാര്യങ്ങൾ നാസർ ഉദീൻ ഉദ്ദേശിച്ചിരുന്നതിൽനിന്നും വിഷമമായിട്ടാണു കലാശിച്ചത്. ഒന്നുരണ്ടുപേരല്ല വലിയ ഒരുകൂട്ടം ആളുകൾ സുൽത്താൻ രാജധാനിയിൽ ഉണ്ടെന്നറിഞ്ഞു. എന്നു മാത്രമല്ല അദ്ദേഹത്തെ കാണുകയും ചെയ്തു.

അദ്ദേഹം എവിടെ? അദ്ദേഹം എവിടെ? എന്നു നാസർഉദീൻ ചോദിച്ചു. അലിയാ മുറിയിലേക്ക വഴികാണിച്ചു.

മഹാരാജ്ഞിയും സയ്യദ്ഖാനും അടുത്തു നിൽക്കുകയായിരുന്നു. നാസർഉദീനെ കണ്ടഉടൻ അദ്ദേഹം ഓടി അടുത്തുചെന്നു ചോദിച്ചു.

"അപത്തൊന്നുമില്ലേ?"

നാസർ ഉദീൻ ഇബ്രാഹിമിൻെറ കയ്യു കടന്നുപിടിച്ചുകൊണ്ട് ഉറക്കെ ചോദിച്ചു.

"അവർ നിങ്ങളെ സുൽത്താനെന്നു വിചാരിച്ചിരിക്കയാണോ?"

ഇബ്രാ:—"അതേ! എൻെറ ഈശ്വരാ, നിങ്ങൾ എന്തിനാ പേടിക്കുന്നത്. ഞാൻ ഇന്നുരാത്രി ഇവിടംവിടും."

നാസർ ഉദീൻെറ സംഭ്രമംകണ്ടു് അവർ മൂന്നുപേരും അദ്ദേഹത്തിൻെറ ചുററുംകൂടി. ഇബ്രാഹിം വീണ്ടും അദ്ദേഹത്തെ ധൈര്യപ്പെടുത്താൻ ശ്രമിച്ചു.

ഉസ്മാനുമായുള്ള ഇടപാടുതീർക്കാൻ അധികനേരം വേണ്ടാ. നമുക്ക് ആ എഴുത്തുകിട്ടണം. ഇല്ലെങ്കിൽ അതു സുൽത്താൻെറ കയ്യിൽ അകപ്പെട്ടും."

നാസർ:—"സുൽത്താൻ ഒരിക്കലും ആ എഴുത്തു കാണുകയില്ല. ഉസ്മാൻതന്നെ അതിനു സംഗതിയാക്കിയിട്ടുണ്ട്."

ഇബ്രാ:—"നിങ്ങൾ പറയുന്നതിൻെറ അർത്ഥമെന്തു്? നിങ്ങൾ ഉസ്മാനെ കണ്ടോ? എന്നിട്ട് എഴുത്തു കയ്യിലാക്കിയില്ലേ?"

നാസർ:—"ഇല്ലാ! ഇല്ലാ! പക്ഷേ സുൽത്താനു് ഇനി അതൊരിക്കലും വായിക്കാൻ സാധിക്കയില്ല."

സയ്യദ്ഖാൻ നാസർ ഉദീനെ പിടിച്ചുകലുക്കി. "എന്തുകൊണ്ടു്? എന്തുകൊണ്ടു സാധിക്കയില്ല?" എന്നു് അദ്ദേഹം ചോദിച്ചു.

നാസർഉദീൻ തലചൊറിഞ്ഞു് ഒരു ഊമയെപ്പോലെ അവരുടെ നേരേ നോക്കിക്കൊണ്ടു പറഞ്ഞു.

"അദ്ദേഹത്തിനു് ഇനി ഒരിക്കലും ആ എഴുത്തുകാണാൻ സാധിക്കയില്ല. അദ്ദേഹം മരിച്ചുപോയി."

അലിയാപ്രഭേി ഒന്നു നിലവിളിച്ചു.

ഇബ്രാഹിം മിണ്ടുകയോ അനങ്ങുകയോ ചെയ്തില്ല. മഹാരാജ്ഞി ആശ്ചര്യം ഭയം ഈ രസങ്ങൾ ഇടകലർന്ന കണ്ണുകളോടുകൂടി നാസർ ഉദീൻെറ നേരേ നോക്കി.

"ഉസ്മാൻ അവിടത്തെ കൊന്നു" എന്നു നാസർ ഉദീൻ പറഞ്ഞു.

ഇബ്രാ:—"അതു് എപ്പോഴായിരുന്നു?"

നാസർ:—"ഇന്നലെ രാത്രിയിൽ."

ഇബ്രാ:—"പിന്നെ..............അദ്ദേഹം മൃഗയാമന്ദിരത്തിൽതന്നെ ഉണ്ടോ?"

നാസർ:—"അതേ ഫിറോസ്ഖാനും കാദറുംകൂടിയുണ്ടു്. വിവരം ആരും അറിഞ്ഞിട്ടില്ല."

സയ്യദ്ഖാൻെറ അധരോഷ്ഠങ്ങൾ തമ്മിൽ മുറുകെ അമർന്നു. ഒരു കോപാന്ധരായ അദ്ദേഹത്തിൻെറ മുഖത്തു കാണപ്പെട്ടു. അദ്ദേഹത്തിൻെറ നീലനയനങ്ങൾ ഒരു പ്രത്യേകരീതിയിലുള്ള രസത്തെ സ്ഫു

രിപ്പിച്ചു. തന്റെ ഏകചിന്തയിൽ അദ്ദേഹം മററെല്ലാം വിസ്മരിച്ചതു പോലെ കാണപ്പെട്ടു.

നാസർ: "എന്താ ഇനി ചെയ്യേണ്ടതു് ഇബ്രാഹിം!"

ഇബ്രാ:—"ഞാൻ ഉസ്മാനെ കൊല്ലാൻ പോകയാണ്. ശേഷമെല്ലാം അതുകഴിഞ്ഞു സംസാരിക്കാം."

അദ്ദേഹം മുറിവിട്ടു വെളിയിലിറങ്ങി ഇങ്ങനെ ആജ്ഞാപിച്ചു.

"ആളുകളെ അവിടെനിന്നും മാററൂ. എനിക്കു കുറച്ചുനേരം ശാന്തമായിരിക്കണമെന്നു് അവരോടു പറയൂ. പിന്നെ നാലുപുറവും മറച്ച ഒരു വണ്ടി കൊണ്ടുവരണം. പത്തു നിമിഷത്തിനകംവേണം. നാസർ, സുൽത്താൻ രാജധാനിയിൽ ഉണ്ടെന്നും മദ്ധ്യാഹ്നത്തോടുകൂടി അദ്ദേഹത്തിന്റെ കല്പന ചന്ദ്രഗിരിയിൽ എത്തുമെന്നും ഫിറോസ് ഖാനെ അറിയിക്കണം. ഉസ്മാനെ കൊന്നുകഴിഞ്ഞു് ഞാൻ രാജ്യത്തിന്റെ അതിർത്തി കടക്കാൻ പോകുമ്പോൾ മൃഗയാമന്ദിരം സന്ദർശിക്കാം."

അദ്ദേഹം പോകാനായി തിരിഞ്ഞു. മഹാരാജ്ഞി അദ്ദേഹത്തെ വിളിച്ചു.

"അവിടുന്നു പോകുന്നതിനുമുമ്പു് എന്നെവന്നു കാണണം."

ഇബ്രാ:—"അങ്ങിനെ തന്നെ."

ഉടൻ നാസർഉദീൻ ഭയവിഹ്വലനായി ചാടി എഴുന്നേററു.

"അയ്യോ! ഈശ്വരാ! ഉസ്മാൻ നിങ്ങളെകൊന്നുകളഞ്ഞാലോ" എന്നു് അദ്ദേഹം സയ്യദ്ഖാനോടു ചോദിച്ചു.

ഇബ്രാഹിം ആശ്ചര്യത്തോടുകൂടി തിരിഞ്ഞു നാസർഉദീനെ നോക്കി.

"അവൻ എന്നെ കൊല്ലുകയില്ല" എന്നദ്ദേഹം പറഞ്ഞു.

മഹാരാജ്ഞി വീണ്ടും സയ്യദ്ഖാന്റെ മുഖത്തുനോക്കിപ്പറഞ്ഞു.

"അവിടുന്നു വരുമല്ലോ!"

ഇബ്രാ:—"സംശയമില്ല." ഈ വാക്കുകളോടുകൂടി അദ്ദേഹം മഹാരാജ്ഞിയുടെ കൈപിടിച്ചു ചുംബിച്ചുകൊണ്ടു് ആ ഗൃഹംവിട്ടിറങ്ങി.

മഹാരാജ്ഞി നിശ്ചലയായി സ്വല്പനേരം നിന്നു. ഉടൻ പെട്ടെന്നുതിരിഞ്ഞു് അവൾ അലിയാ പ്രഭ്വിയുടെ മടിയിൽവീണു കൈകൊണ്ടു മുഖംപൊത്തി ഒരു കുഞ്ഞിനെപ്പോലെ കരഞ്ഞുതുടങ്ങി. പ്രഭ്വി ബാഷ്പവർഷത്തോടെ നാസർഉദീന്റെ മുഖത്തു നോക്കി. നാസർ ഉദീൻ തിരിഞ്ഞു വെളിയിൽ കടന്നു.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYA…

# പതിനഞ്ചാം അദ്ധ്യായം.

---

## ഫിറോസ്ഖാൻെറ വിനോദം.

ചന്ദ്രഗിരിയിലെ ദുർഗ്ഗനാഥനും ഇബ്രാഹിം സയ്യദ്ഖാൻെറ ഭൃത്യൻ കാദറും മൃഗയാമന്ദിരത്തിൽ ഇരുന്നു ഭക്ഷണം കഴിക്കയായിരുന്നു. ആ ഗൃഹത്തിൻെറ കവാടങ്ങളെല്ലാം ദൃഢമായി ബന്ധിയ്ക്കപ്പെട്ടിരുന്നു. ആവശ്യപ്പെട്ടുന്നപക്ഷം സുൽത്താൻെറയും ഹൈദരിൻെറയും ശരീരം മറയ്ക്കാനുള്ള ഒരുക്കങ്ങളെല്ലാം അവർ ചെയ്തിരുന്നു. തിരുമേനിയേ ആരെങ്കിലും അന്വേഷിയ്ക്കുന്നതായാൽ അവിടുന്നു ഹൈദരോടുകൂടി പ്രഭാതത്തിൽതന്നെ കുതിരപ്പുറത്തു കയറിപ്പോയിഎന്നും വൈകുന്നേരം തിരിച്ചെത്തുമെന്നും എവിടേയ്ക്കാണു പോകുന്നതെന്ന് അവിടുന്നു കല്പിച്ചിട്ടില്ലെന്നും പറയാൻ അവർ നിശ്ചയിച്ചു. ഈ നിശ്ചയത്തോടുകൂടി അവർ നാസർഉദ്ദീനിൽനിന്നുള്ള വർത്തമാനത്തേ പ്രതീക്ഷിച്ചിരുന്നു.

ഭക്ഷണം കഴിഞ്ഞു് ഫിറോസ്ഖാൻ പുകവലിയ്ക്കാൻ തുടങ്ങി. അദ്ദേഹം ചില്ലിചുളിച്ചു് ഒരു പുഞ്ചിരിയോടുകൂടി ഇങ്ങനെ പറഞ്ഞു.

"കാദർ, നിങ്ങളെന്താ വിചാരിക്കുന്നതു്." ചൊടിയും സാമർത്ഥ്യവുമുള്ള ആ ഭൃത്യനെ അദ്ദേഹത്തിനു വലിയ ഇഷ്ടമായിരുന്നു.

കാദർ:—"പ്രഭോ, ഞാൻ വിചാരിയ്ക്കുന്നതു് മറ്റൊന്നുമല്ല. സുൽത്താൻ തിരുമനസ്സുകൊണ്ടു മരിച്ചുപോയ സ്ഥിതിയ്ക്കു ജീവിച്ചിരിയ്ക്കുന്ന എൻെറ സ്വാമിക്ക് തിരുമനസ്സിലേ സ്ഥാനം ലഭിയ്ക്കാൻ നിവൃത്തിയില്ലെങ്കിൽ അതു വലിയ കഷ്ടംതന്നെ."

ബഹുമാന്യമായ ഒരു അഭിപ്രായത്തേ പുറപ്പെടുവിക്കുന്ന ഭാവത്തിൽ കാദർ ഫിറോസ്ഖാൻെറ നേരേ നോക്കി.

ഫിറോ:—(ചിരിച്ചുകൊണ്ടു്) "ഒരു ഉചിതമായ വിചാരംതന്നെ കാദർ! എന്നാൽ അതു് അസാദ്ധ്യമാണെന്നു നിങ്ങൾ വിചാരിയ്ക്കുന്നില്ലേ?"

കാദർ:—"അസാദ്ധ്യമെന്നു അവിടുന്നു് പറകയാണെങ്കിൽ എനിക്കു് അവിടത്തേ അഭിപ്രായത്തോടു യോജിയ്ക്കാൻ നിവൃത്തിയില്ല."

ഫിറോ:—"ഹാ! അങ്ങിനെയാണോ? ശരി, നാം ഇപ്പോൾ തനിച്ചല്ലല്ലൊ ഉള്ളൂ. അതു് എങ്ങിനെ സാദ്ധ്യമാകുമെന്നു് നമുക്കാലോചിക്കാം. കേൾക്കട്ടേ."

കാദർ:—"എൻെറ സ്വാമി രാജധാനിയിൽ ഉണ്ടു്."

ഫിറോ:—"ശരി! അങ്ങിനെ വരാം."

കാദർ:—"എനിയ്ക്കു നിശ്ചയംതന്നെ. അദ്ദേഹം അവിടെ കാണപ്പെട്ടാൽ ജനങ്ങൾ അദ്ദേഹത്തെ സുൽത്താനാണെന്നു വിചാരിയ്ക്കും."

ഫിറോ:—"അതു വാസ്തവംതന്നെ കാദർ."

അല്പനേരത്തെ മൌനത്തിനുശേഷം കാദർ തുടന്നു പറഞ്ഞു.

"സുൽത്താനെ കൊന്ന കഥ പുറത്തുപറയുന്നതു് വലിയ വിഷമമേറിയ ഒരു കാര്യമാണു്."

ഫിറോ:—"ആ കഥ ശരിയാക്കി പറയാൻ വളരെ വിഷമംതന്നെ."

കാദർ:—"സുൽത്താൻ രാജധാനിയിൽ വെച്ചു വധിയ്ക്കപ്പെട്ടു എന്നു തെളിയിക്കാൻ പ്രയാസമാണു്. എന്നാൽ ദൈവഗത്യാ എൻെറ സ്വാമിയ്ക്കു് രാജധാനിയിൽ വെച്ചു മരണത്തിനിടവന്നാൽ—"

ഫിറോ:—"അയ്യോ! ഈശ്വരൻ അതിനിടവരുത്താതിരിയ്ക്കട്ടെ."

കാദർ:—"എൻെറ യജമാനൻ വധിയ്ക്കപ്പെട്ടാലും, സുൽത്താൻ ശരിയായ അവസരത്തിൽ വധിയ്ക്കപ്പെട്ടു എന്നു വരുത്താൻ പ്രയാസമാണു്."

ഫിറോസ്ഖാൻ ചിന്താവിഷ്ടനായി കാണപ്പെട്ടു. ഒടുവിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—

"അതെല്ലാം വാസ്തവംതന്നെ. എന്നാൽ സയ്യദ്ഖാൻ സുൽത്താനാകുന്നപക്ഷം യഥാൎത്ഥസുൽത്താൻെറയും ഹൈദറിൻെറയും ശവശരീരങ്ങൾ മറവുചെയ്യുന്നതിനു് അസൌകൎയ്യവും വിഷമവും നേരിടും."

വീണ്ടും കാദർ കുറച്ചുനേരം മിണ്ടാതിരുന്നു. ഒടുവിൽ അയാൾ ഇങ്ങിനെ പറഞ്ഞു.

"പ്രഭോ, സമയംപോകാൻവേണ്ടി മാത്രം ഞാൻ പറയുന്നതാണു്. എൻെറ അഭിപ്രായമനുസരിച്ചു പ്രവൎത്തിക്കുന്നതു ശരിയല്ലായിരിക്കും."

ഫിറോ:—"ശരി. സമയംപോകാൻ വേണ്ടിത്തന്നെ നമുക്ക് കാൎയ്യത്തേപ്പററി സംസാരിയ്ക്കാം." ഈ വാക്കുകളോടുകൂടി അദ്ദേഹം മുന്നോട്ടാഞ്ഞു് ആ ഭൃത്യന്റെ ശാന്തവും എന്നാൽ ബുദ്ധിസൂചകവുമായ മുഖത്തേയ്ക്കു നോക്കി.

കാദർ:—"ശരി. എന്നാൽ സുൽത്താൻ ഇന്നലെരാത്രി മൃഗയാമന്ദിരത്തിൽ ഉണ്ടായിരുന്നു എന്നും ഇബ്രാഹിംസയ്യദ്ഖാൻ, രിരുമേനിയേക്കാണ്മാൻ അവിടെ ചെന്നിരുന്നുഎന്നും നമുക്കുപറയാം.

ഫിറോ:—"ഞാനും കൂടി ഉണ്ടായിരുന്നോ?"

കാദർ:—"പ്രഭോ അവിടുന്നു തിരുമനസ്സിലെ അംഗരക്ഷകനായി വന്നിരുന്നു."

ഫിറോ:—"നിങ്ങളോ കാദർ! നിങ്ങളും വന്നിരുന്നു അല്ലേ? നിങ്ങൾ എങ്ങിനെ വന്നു?"

കാദർ:—"നാസർഉദ്ദീൻ പ്രഭുവിന്റെ കല്പനയനുസരിച്ചു സുൽത്താന്റെ സ്നേഹിതനായ ഇബ്രാഹിംസയ്യദ്ഖാന്റെ സുഖസൌകൎയ്യാദികൾ അന്വേഷിയ്ക്കാനായി വന്നു. ഇനി സുൽത്താൻ... ... ഇതു ഞാൻ പറയുന്ന കഥ മാത്രമാണേ പ്രഭോ, വെറും ഒരുകഥയേ ഉള്ളൂ."

ഫിറോ:—"നിങ്ങളുടെ കഥ വളരെ രസകരമായിരിക്കുന്നു. കേൾക്കട്ടെ"

കാദർ:—"എന്തോ സ്വാന്തകാൎയ്യം പ്രമാണിച്ചു് സുൽത്താൻ പ്രഭാതത്തിൽ മൃഗയാമന്ദിരം വിട്ടുപോയി. എന്നാൽ ഇബ്രാഹിംസയ്യദ്ഖാനും ഹൈദരും നമ്മളും ഇവിടെത്തന്നെ താമസിച്ചു."

ഫിറോ:—"ഉസ്മാൻഖാൻ ഇവിടെ വന്നിരുന്നോ?"

കാദർ:—"ഇല്ല. നമ്മുടെ അറിവിൽ പെട്ടേടത്തോളം ഇല്ല. എന്നാൽ നാം എല്ലാവരും ക്ഷീണിച്ചു് ഉറങ്ങിപ്പോയി. നേരം അധികം പുലൎന്നിട്ടും നാം ഉണൎന്നില്ല. നാം പരിഭ്രമിച്ചു് ഉണൎന്നിട്ടില്ലായിരുന്നു എങ്കിൽ ഇപ്പോഴും ഉറങ്ങിത്തന്നെ കിടക്കുമായിരുന്നു. പ്രഭോ, ഈ മന്ദിരം—മരംകൊണ്ടുതീൎക്കപ്പെട്ട ഈ മന്ദിരം—ആരുടെയോ സൂക്ഷ്മക്കുറവുകൊണ്ടു തീപിടിച്ചു. തീ കാളിപ്പരന്നതുകൊണ്ടു് നമ്മുടെ ജീവനെ രക്ഷിയ്ക്കാൻ നാം ഓടി പുറത്തുകടന്നു."

ഫിറോ:—"എന്തു് മററുള്ളവരെ ഉണൎത്താൻ നാം യത്നിക്കേണ്ടയോ?"

കാദർ:—"ശരിതന്നെ. പ്രഭോ, മനുഷ്യശക്തിയ്ക്കെത്തിയിടത്തോളമെ

ല്ലാം നാം ചെയ്യണം. ശ്വാസംമുട്ടി മരണം പ്രാപിക്കത്തക്ക നിലയിൽകൂടി നാം അകപ്പെട്ടു എന്നു വരണം."

ഫിറോ:—"പക്ഷേ, നാം അസാധാരണ ധൈര്യത്തോടുകൂടി പരിശ്രമിച്ചു എങ്കിലും നമ്മുടെ ശ്രമം നിഷ്ഫലമായിത്തീൎന്നു അല്ലേ?"

കാദർ:—"ഹാ! പ്രഭോ, നാം എന്തൊക്കെ പരിശ്രമിച്ചിട്ടും ഒടുവിൽ പരാജയമാണുണ്ടായത്. തീ ഈ മന്ദിരം മുഴുവൻ വ്യാപിച്ചു. സഹായം ലഭിക്കുന്നതിനുമുമ്പേ ഈ ഗൃഹം വെന്തു. എന്റെ യജമാനനും പാവപ്പെട്ട ദൈരവും ചാമ്പലായി."

ഫിറോ: "ഹും."

കാദർ:—"ഇല്ലെങ്കിലും അവരുടെ ശരീരം തിരിച്ചറിയാതിരിക്കത്തക്ക വണ്ണം വെന്തുപോയി എന്നെങ്കിലും വരും."

ഫിറോ: "നിങ്ങൾ അങ്ങിനെ വിചാരിയ്ക്കുന്നോ?"

കാദർ:—"സംശയമില്ല; എണ്ണയും, വിറകു , വിളക്കും ശരിയായി ഉപയോഗിക്കാമെങ്കിൽ"

ഫിറോ:—"ഹാ! അപ്പോൾ ഇബ്രാഹിംസയ്യദ്ഖാന്റെ കഥ അവസാനിക്കും."

കാദർ:—"പ്രഭോ, ഞാൻതന്നെ ആ വൎത്തമാനം സ്വാമിയുടെ കുടുംബാംഗങ്ങൾക്ക് അറിവുകൊടുക്കാം.

ഫിറോ:—"നേരേമറിച്ചു ഗോൽക്കണ്ടയിലെ സുൽത്താൻ......"

കാദർ:—"ദീൎഘമായും പ്രജാക്ഷേമകരമായും ഉള്ള രാജ്യഭാരം നടത്തും."

ഫിറോസ്ഖാൻ കാദറിന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. കാദർ ആ വീക്ഷണത്തെ ശാന്തപ്രകൃതിയായി നേരിട്ടു.

"കാദർ, നിങ്ങളുടെ ഈ കഥ ബുദ്ധിപൂൎവ്വം സൃഷ്ടിയ്ക്കപ്പെട്ട ഒന്നു തന്നെ. പക്ഷേ നിങ്ങളുടെ സ്വാമി ഇതൊന്നും അനുവദിക്കുമെന്നു തോന്നുന്നില്ല."

കാദർ:—"ചെയ്തുപോയതിനെ അനുവദിക്കയില്ലെന്നു ശഠിയ്ക്കുന്നതു വൃഥാ സമയം വ്യയംചെയ്യലാണ്. ഇതു് ഒരു നല്ലകഥയല്ലെങ്കിലും വാസ്തവം വെളിപ്പെടുത്തുന്നതിനേക്കാൾ ഇതിനെ സ്വീകരിയ്ക്കുയാണു നല്ലതു്."

ഈ വാക്കുകൾ ഉച്ചരിച്ചുതീൎന്ന ഉടൻ കാദർ ചാടിഎഴുനേററു് പടിയ്ക്കലേക്കു ചൂണ്ടിക്കാണിച്ചു.

കുതിരപ്പുറത്തുകയറിയ ഒരു ഭടൻ മൃഗയാമന്ദിരത്തിലേയ്ക്കു വരികയായിരുന്നു. രണ്ടുപേരും അവിടെനിന്നിറങ്ങി ബേബറിനെ കുഴിച്ചിട്ടിരുന്ന വൃക്ഷച്ചുവട്ടിൽ എത്തി. സന്ദേശവാഹകൻ അവരുടെ അടുത്തുവന്നു് എഴുത്തുകൊടുത്തു.

"വളരെ അത്യാവശ്യമായ സന്ദേശം പ്രഭോ" എന്നു് അയാൾ പറഞ്ഞു.

ഫിറോസ്ഖാൻ എഴുത്തു പൊളിച്ചു. ഇബ്രാഹിംസയ്യദ്ഖാൻെറ കല്പനപ്രകാരം നാസർഉദ്ദീൻ അയച്ച എഴുത്തായിരുന്നു അതു്. ഫിറോസ് ഇങ്ങനെ വായിച്ചു.

"സുൽത്താൻ രാജധാനിയിൽ ഉണ്ടു്. നിങ്ങൾ മൃഗയാമന്ദിരത്തിൽതന്നെ ഉണ്ടായിരിക്കണം. അപ്പൊഴപ്പോൾ കല്പന അയയ്ക്കും. കാൎയ്യങ്ങൾ ഇവിടെ മുറയ്ക്കുനടക്കുന്നു. എന്നാൽഅവസാനിച്ചിട്ടില്ല."

എഴുത്തു വായിച്ചു തീൎന്നശേഷം ഫിറോസ് അതിനെ കാദറിൻെറ പക്കൽ കൊടുത്തു. കാദർ അതിനെ ബഹുമാനസൂചകമായ ഒരു വന്ദനത്തോടുകൂടി വാങ്ങിച്ചു വായിച്ചു. വീണ്ടും നമ്രശിരസ്കനായി അതിനെ തിരിച്ചുകൊടുത്തു.

അതിലേ താല്പൎയ്യപ്രകാരം ഞാൻ പ്രവൎത്തിയ്ക്കാം പ്രഭോ"എന്നു് അയാൾ പറഞ്ഞു.

ഫിറോസ്:—(സന്ദേശവാഹകനോടു്) ശരി, ഇതാ നിങ്ങൾക്കു് ഒരു വെള്ളിനാണയം സമ്മാനമായിരിക്കട്ടെ"

സന്ദേശവാഹകൻ സമ്മാനവും വാങ്ങി കുതിരപ്പുറത്തു കയറി ഓടിച്ചുപോയി.

ഫിറോസ്:—"കാദർ, നിങ്ങളുടെ കഥ വെറും സൃഷ്ടിയാണെന്നു് ഇപ്പോൾ നിങ്ങൾക്കു മനസ്സിലായില്ലേ? എന്തെന്നാൽ ഈ മന്ദിരം ഇന്നലെ രാത്രിയിൽ ദഹിച്ചില്ലെന്നു ആ അശ്വഭടൻ കണ്ടുവല്ലോ."

കാദർ:—അതുശരിതന്നെ: പക്ഷേ........................................"

ഫിറോസ്:—"എന്താ കേൾക്കട്ടേ. നിങ്ങളുടെകഥ എനിക്കു വളരെ രുചിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞല്ലോ"

കാദർ:—"ഇന്നുരാത്രി ഇതു ദഹിച്ചാൽ അതു് അയാൾക്കു കാണാൻ

നിവൃത്തിയില്ലല്ലോ. തീ പിടിയ്ക്കുന്നതു് ഏതു രാത്രിയിലും ആവാം.'

വൃദ്ധനായ ഫിറോസ്ഖാൻ പൊട്ടിച്ചിരിച്ചു. അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

"ഇതിലെന്തോ ഈശ്വരവിലാസമുണ്ട്. അദ്ദേഹം അതിലേയ്ക്കു ജനിച്ചയാളാണ്. ഈ നൂതന സംഗതി താൻ ചെയ്തതാണെന്നു യുവാവായ ഉസ്മാൻ വിചാരിക്കുമായിരിയ്ക്കും. ഇല്ല, വിധി അവനെ ഒരായുധമാക്കി പ്രയോഗിച്ചതേ ഉള്ളു. വിധിതന്നെ ഇബ്രാഹിംസയ്യദ്ഖാനെ വീണ്ടും ഇവിടെ കൊണ്ടുവന്നു. ആ വിധിതന്നെ അദ്ദേഹത്തെ സുൽത്താനാക്കും."

രണ്ടുപേരും തിരിയെ അവരുടെ ചെറിയ മുറിയിൽ കടന്നു. കാദർ മേശയുടെ സമീപത്തുനിന്നു. ഫിറോസ്ഖാൻ മീശ മുറുക്കിക്കൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഒടുവിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

"എനിക്കതു ചെയ്യാൻ ധൈര്യമില്ല. പക്ഷേ വിധി അതു ചെയ്യും. വിധി നമ്മെക്കൊണ്ടു് അതു ചെയ്യിക്കും."

കാദർ:—"എന്നാൽ നമുക്കു തയ്യാറാകാം."

ഫിറോസ്ഖാൻ അയാളുടെ അടുത്തുചെന്നു ഭുജത്തിൽ പിടിച്ചുകൊണ്ടിങ്ങനെപറഞ്ഞു.

"തയ്യാറായിരിക്കയോ?"

"എണ്ണ, വിറക്, വിളക്ക്" എന്നു കാദർ പറഞ്ഞു.

ഫിറോസ്:—"എവിടെ? എവിടെ? ശവശരീരങ്ങളുടെ അടുത്തു വേണമെന്നാണോ നിങ്ങൾ പറയുന്നതു്?"

കാദർ:—"ശവശരീരങ്ങൾ ഇപ്പോൾ കിടക്കുന്നസ്ഥലത്തല്ല. ഓരോന്നു അതതിൻെറ സ്ഥാനത്തു കിടക്കണം."

ഫിറോസ്ഖാൻ അയാളെ തുറിച്ചുനോക്കി; എന്നിട്ട് പൊട്ടിച്ചിരിച്ചു.

"അങ്ങിനെയാകട്ടെ. നിങ്ങൾതന്നെ മുന്നിട്ടുനിന്നുപ്രവർത്തിക്കു. ശരി! നമുക്ക് സന്നദ്ധരായിരിക്കാം. വിധി നമ്മെ അതിലേക്കു പ്രേരിപ്പിക്കുന്നു."

ഉടൻ അവരുടെ പ്രവൃത്തി ആരംഭിച്ചു. സുൽത്താനും ഹൈദരും ജീവിച്ചിരിക്കുമ്പോൾ രാത്രി എവിടെക്കിടക്കുമോ ആ സ്ഥലങ്ങളിൽ

ശവശരീരങ്ങളെ കിടത്തി ബേബറിനെ കുഴിച്ചിട്ടടുത്തു സുൽത്താന്റെ മുറിയിൽ കൊണ്ടിട്ടു. നാലുപുറവും വിറകുകൂട്ടി എണ്ണയൊഴിച്ചു. കാദർ ഇതെല്ലാം അതിവേഗത്തിൽ തീർത്തു.

ജോലി എല്ലാം കഴിഞ്ഞു് അവർ മുഖത്തോടുമുഖം നോക്കിയിരുന്നു. സന്ധ്യാസമയത്തെ പ്രതീക്ഷിച്ചു് അവർ സമയം കഴിച്ചു.

കാദർ:—"മണി ഏകദേശം രണ്ടായിരിക്കും. ഇതിനിടയിൽ രാജധാനിയിൽ എന്തെങ്കിലും നടന്നിരിക്കും."

ഫിറോസ്:—"ഹാ! എന്താ അതു്?"

പെട്ടെന്നു മന്ദിരദ്വാരത്തിൽ ഒരു ഘട്ടനശബ്ദം കേൾക്കപ്പെട്ടു. അവർ ചിന്തയിൽ മുഴുകിയിരുന്നതിനാൽ രണ്ടുപേർ മന്ദിരത്തെ സമീപിച്ചതു അവർ കണ്ടില്ല. സന്ദർശകന്മാർ സുൽത്താന്റെ വേട്ടക്കാരായിരുന്നു. കതകിൽ കൊട്ടിയതു ഹൈദരുടെ സഹോദരനും സുൽത്താന്റെ പ്രധാന വേട്ടക്കാരനുമായ ഇസ്മായിലായിരുന്നു.

ഫിറോസ്ഖാൻ കതകുതുറന്നപ്പോൾ ഇസ്മായിൽ അത്ഭുതപരവശനായി.

ഇസ്മ:—"പ്രഭോ! ക്ഷമിക്കണം. എനിക്കു ഹൈദരെ കാണണം. ഞാൻ അകത്തുപോകട്ടെ" എന്നു പറഞ്ഞുകൊണ്ടു് അയാൾ കുതിരപ്പുറത്തുനിന്നിറങ്ങി.

ഫിറോസ്:—"അകത്തുപോയിട്ടു കാര്യമെന്തു്? ഹൈദർ ഇവിടെയില്ല."

ഇസ്മ:—"ഇവിടെയില്ലേ? പിന്നെ എവിടെ പോയി?"

ഫിറോസ്:—"അയാൾ ഇന്നുകാലത്തു സുൽത്താനോടുകൂടി പോയി."

ഇസ്മ:—"സുൽത്താൻ രാജധാനിയിലുണ്ടല്ലോ. ഞാൻ ചന്ദ്രഗിരിയിൽനിന്നു വരികയാണു്. സുൽത്താൻ, മഹാരാജ്ഞിയുമൊന്നിച്ചു ഗോൽക്കണ്ടയിലുണ്ടെന്നു കേട്ടു. അവിടെ നാസർ ഉദീൻപ്രഭുവിന്റെ ഗൃഹത്തിലാണു് എഴുന്നള്ളിയിരിക്കുന്നതു്."

ഫിറോസ്: —"അതു നല്ല വർത്തമാനം തന്നെ."

ഇസ്മ:—"ഞാൻ നാളെക്കാലത്തിവിടെ വരാം. എനിക്കു ഹൈദരെ കാണണം. അതിനകം അവൻ ഇവിടെ വരികയില്ലേ പ്രഭോ!"

ഫിറോസ്:—"വരും ഇസ്മായിൽ, നാളെക്കാലത്തു അയാൾ ഇവിടെ കാണും."

ഇസ്മാ:—"ഇനി വേറൊരു വൎത്തമാനംകൂടി കേട്ടു. ഉസ്മാൻഖാൻ രാജധാനിയിലുണ്ടുപോലും. തിരുമേനി അങ്ങോട്ടെഴുന്നള്ളിയതിനു കാരണം ഇതായിരിക്കും."

ഫിറോസ്:—"അതു വാസ്തവം ആണെങ്കിൽ അതു മതി തിരുമേനിയെ രാജധാനിയിലേക്കു ആകൎഷിക്കാൻ."

ഇസ്മാ:—"എന്നാൽ നമസ്കാരം."

ഫിറോസ്:—"ദൈവം അനുഗ്രഹിക്കട്ടെ ഇസ്മായിൽ." ആ രണ്ടു നായാട്ടുകാരും കുതിരപ്പുറത്തുകയറി ഓടിച്ചുപോയി. കാദർ കുറച്ചുനേരത്തേയ്ക്കു അവരെത്തന്നെ നോക്കിക്കൊണ്ടുനിന്നു. ഒടുവിൽ ഇങ്ങിനെ പറഞ്ഞു.

സുൽത്താൻ രാജധാനിയിൽ ഉണ്ടെന്നു് എല്ലാവരും അറിഞ്ഞു. ഉസ്മാൻഖാനും അവിടെത്തന്നെയുണ്ടെന്നറിഞ്ഞു പിന്നെ ഉസ്മാൻഖാൻ ചന്ദ്രഗിരിവനത്തിൽ വെച്ചു സുൽത്താനെ വധിച്ചു എന്നു് എങ്ങിനെ സാധിയ്ക്കും? അല്ലെങ്കിൽ സുൽത്താന്റെ ശരീരം എങ്ങിനെ രാജധാനിയിൽ പോകും.!

ഫിറോസ്:—"നിങ്ങളുടെ കടംകഥകളെല്ലാം മതി. നിങ്ങളുടെ അഭിപ്രായമനുസരിച്ചു പ്രവൎത്തിക്കാൻ ഞാൻ തീൎച്ചപ്പെടുത്തി കഴിഞ്ഞു."

കാദർ:—"പ്രഭോ, നാം അങ്ങിനെ പ്രവൎത്തിച്ചില്ലെങ്കിൽ എന്റെ സ്വാമിയെ സംബന്ധിച്ച രഹസ്യം പുറത്താകും."

ഫിറോസ്ഖാൻ ഉത്തരമൊന്നും പറഞ്ഞില്ല. അവർ വീണ്ടും മൌനമവലംബിച്ചു. മദ്ധ്യാഹ്നം അതിക്രമിച്ചു. വനവൃക്ഷങ്ങളുടെ നിഴലുകൾ ദീൎഘിച്ചു തുടങ്ങി. അവർ ഭക്ഷണംകഴിക്കുന്ന കാൎയ്യം തന്നെ മറന്നു. നിശ്ചലരായി അവർ അങ്ങിനെ ഇരുന്നു. നേരം സന്ധ്യയായി. കാദർ വിളക്കുകത്തിക്കാനായി എഴുന്നേറ്റു. മണി ആറുകഴിഞ്ഞു എന്നിട്ടും രാജധാനിയിൽനിന്നും യാതൊരു വൎത്തമാനവും അറിഞ്ഞില്ല.

പെട്ടെന്നു് അശ്വങ്ങളുടെ ഖുരപതനശബ്ദം അവരുടെ ശ്രവണങ്ങളിൽ പതിച്ചു. രണ്ടുപേരും ഗൃഹദ്വാരത്തിലേക്കു് ഓടി. ഗോൽകൊണ്ടാനഗരത്തിൽനിന്നും സന്ദേശവുംകൊണ്ടു് ഒരു ഭടൻ എത്തി.

ദുർഗ്ഗനാഥൻ അശ്വഭടന്റെ കയ്യിൽനിന്നും എഴുത്തു പിടിച്ചു വാങ്ങി പൊളിച്ചു് അതു വായിച്ചശേഷം "എന്റെ ഈശ്വരാ" എന്നുള്ള വിളിയോടുകൂടി അദ്ദേഹം കാദറിന്റെ നേരെ തിരിഞ്ഞു.

"ഹേ രാജസ്രഷ്ടാവേ വരൂ!" എന്നു് അദ്ദേഹം പറഞ്ഞു.

കാദർ ഒരു നിമിഷനേരത്തേയ്ക്കു് അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു നോക്കി. ദുർഗ്ഗനാഥന്റെ നയനങ്ങൾ ആ ഭൃത്യന്റെ കണ്ണുകളോടിടഞ്ഞു. ദുർഗ്ഗനാഥൻ തലകുലുക്കി.

അവർ മരിച്ച സുൽത്താൻ കിടന്ന മുറിയിലേയ്ക്കു പോയി. വിധി അവരെ ശക്തിയോടുകൂടി പ്രേരിപ്പിച്ചു.

---

## പതിനാറാം അദ്ധ്യായം.

---

### ദ്രോണേശ്വരത്തിലെ ജനബാഹുല്യം.

ഇതിനിടയിൽ, ദ്രോണേശ്വരവീഥിയിലെ ഇരുട്ടടഞ്ഞ പഴയ ഗൃഹത്തിൽവെച്ചു സാധിക്കേണ്ടതായ സ്വകർത്തവ്യത്തിൽ ഇബ്രാഹിം സയ്യദ്ഖാൻ ഉന്മുഖനായിത്തീർന്നിരുന്നു. ഉസ്മാൻഖാന്റെ മരണം പോലും തങ്ങളുടെ രഹസ്യത്തെ മറയ്ക്കാൻ പര്യാപ്തമല്ലെന്നു ഇബ്രാഹിമിന്റെ പക്ഷക്കാർക്കു് നല്ല ബോധമുണ്ടായി. ജലാലുദീൻ തല്ക്കാലത്തേയ്ക്കു തടവുകാരനായിരുന്നു എങ്കിലും അയാളെ എല്ലായ്പോഴും ആ സ്ഥിതിയിൽ വെച്ചുകൊണ്ടിരിയ്ക്കാൻ നിവൃത്തിയില്ലായിരുന്നു. ഇതിനും പുറമേ ബാൽബൻ സ്വതന്ത്രനായി വെളിയിൽ സഞ്ചരിച്ചിരുന്നു. എന്നാലും അവർക്കു ഉസ്മാനെ മാത്രമേ ഭയമുണ്ടായിരുന്നുള്ളു.

സുൽത്താന്റെ കല്പന നാസർഉദീന്റെ വസതിയുടെ പടിയ്ക്കൽ കൂടിനിന്നിരുന്ന ജനങ്ങളെ അങ്ങുമിങ്ങും പായിച്ചു. ഇബ്രാഹിം ഒരു വണ്ടിയിൽ കയറി തിരിച്ചു. അദ്ദേഹം നേരെ ദ്രോണേശ്വരത്തേയ്ക്കല്ല തിരിച്ചതു്. തന്നെ അധികം ജനങ്ങൾ സൂക്ഷിയ്ക്കാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അദ്ദേഹം ഒരു വളഞ്ഞ വഴിയേ പോയി. മഹാരാജ്ഞിയുടെ വണ്ടി നാസർഉദീന്റെ ഗൃഹദ്വാരത്തിൽതന്നെ കിടന്നിരുന്നു. എന്തെന്നാൽ അവർ കൊട്ടാരത്തിൽ എത്തി താമ

സിക്കണമെന്നായിരുന്നു നാസർഉദീൻ മുതലായവരുടെ അഭിപ്രായം. പ്രചേരിയും ഭർത്താവും മഹാരാജ്ഞിയെ അനുഗമിക്കാൻ തയ്യാറായി നിന്നു. സമയമായപ്പോൾ നാസർ ഉദീൻ മഹാരാജ്ഞിയുടെ സമീപത്തുചെന്ന് പുറപ്പെടാൻ അനുവാദം ചോദിച്ചു.

മഹാരാജ്ഞി എഴുന്നേററു ഇങ്ങനെ പറഞ്ഞു.

"ശരി, പോകാം. നില്ക്കൂ, പക്ഷേ ജലാലുദീൻ എവിടെ?"

ജലാലുദീൻ ഗൃഹത്തിന്റെ പിൻവശത്തുള്ള ഒരു മുറിയിലാണെന്നും അവിടെ മുഹദീൻ അയാളെ സൂക്ഷിച്ചുകൊണ്ടു നില്ക്കയാണെന്നും നാസർ ഉദീൻ അറിയിച്ചു. മഹാരാജ്ഞി ഒരു ക്ഷണനേരത്തേയ്ക്ക് ആലോചിച്ചു. ഒടുവിൽ അവർ ഇങ്ങിനെപറഞ്ഞു. "എനിയ്ക്ക് അയാളെക്കാണണം. പോയി കൂട്ടിച്ചുകൊണ്ടുവരിക."

നാസർ ഉദീൻ ജലാലുദീനെ റോസാനറയുടെ അടുക്കലേയ്ക്കു കൊണ്ടുചെന്നു വിട്ടിട്ട് വെളിയിൽ കടന്നു. അവർ തമ്മിൽ നടന്ന സംഭാഷണമെന്തെന്ന് ആരും അറിഞ്ഞില്ല. എന്നാൽ ഒന്നു നിശ്ചയമായി. മഹാരാജ്ഞിയ്ക്ക് എതിരായി ഒരക്ഷരം പുറത്തുപറകയില്ലെന്നു ജലാലുദീൻ സത്യം ചെയ്തു. റോസാനറാ നാസർ ഉദീനെ വിളിച്ച് ഇങ്ങിനെ കല്പിച്ചു.

"ജലാലുദീനെ നമുക്കു വിശ്വസിക്കാം. അയാളുടെ സഹോദരനു വിപരീതമായി ഒന്നും പ്രവർത്തിയ്ക്കണമെന്ന് നാം അയാളോട് അവശ്യപ്പെടുന്നില്ല. അയാൾ മിണ്ടാതിരിക്കണമെന്നേ നാം പറയുന്നുള്ളു. പ്രഭു അയാളുടെ വാക്കനുസരിച്ചു പ്രവർത്തിയ്ക്കും."

ഈ കാര്യത്തിൽ അയാളെ വിശ്വസിക്കയല്ലാതെ വേറെ നിവൃത്തിയുണ്ടായിരുന്നില്ല.

നാസർ:—"എന്നാൽ വണ്ടി തയ്യാറായോ എന്ന് ഞാൻ നോക്കാം."

റോസാ:—"അങ്ങിനെയാകട്ടെ നാസർ!"

നാസർ ഉദീൻ വെളിയിൽ കടന്നു. സമർത്ഥനായ ഉപസേനാധിപൻ തന്റെ കൈത്തോക്കു പരിശോധിയ്ക്കുന്നത് അദ്ദേഹം കണ്ടു.

"അതു് ഇനി ദൂരെവെച്ചേയ്ക്കാം" നാസർഉദീൻ പറഞ്ഞു. "ജലാലുദീൻ തടവുകാരനല്ല. അയാൾ നമ്മിൽ ഒരാളായിപ്പോയി."

മുഹദീൻെറ നയനങ്ങൾ പ്രകാശിച്ചു. വിറയ്ക്കുന്ന തൻെറ ഹസ്തങ്ങളേ അദ്ദേഹം നാസർഉദീൻെറ തോളിൽ വെച്ചു.

മുഹ:—"എന്നാൽ ഇനി ബാൽബൻ മാത്രമല്ലേ ഉള്ളു. ജലാലുദീൻ നമ്മുടെ പക്ഷത്തായാൽ പിന്നെ ബാൽബനെ മാത്രമേ ഭയപ്പെടാനുള്ളു.

നാസർഉദീന് മുഹദീൻെറ ആശയം മനസ്സിലായി. ജലാലുദീൻ അവരുടെ പക്ഷം ചേൎന്ന സ്ഥിതിയ്ക്ക് ഉസ്മാനൊഴിച്ചു പിന്നെ ബാൽബനേ ഉള്ളു.

നാസർ ഉദീനും ഭാൎയ്യയും മഹാരാജ്ഞിയുടെ വണ്ടിയിൽ കയറി. മുഹദീനും ജലാലുദീനും മറ്റൊരു വണ്ടിയിൽ അവരുടെ പുറകെ പോയി. വണ്ടിയിൽ വെച്ച്, ഇബ്രാഹിംസയ്യദ്ഖാൻ രാജധാനിയിൽ എത്തിയ സമയം മുതലുള്ള സകല കഥകളും അലിയാപ്രഭേ മഹാരാജ്ഞിയേ ധരിപ്പിച്ചു. മഹാരാജ്ഞി അധികം സംസാരിച്ചില്ല. ജലാലുദീൻെറ വാഗ്ദാനത്തെ അവൾ വിസ്മരിച്ചതുപോലെ തോന്നി. അവൾ വീണ്ടും ഭയത്തിനു വശംവദയായി. അവർ അധികം താമസിക്കാതെ കൊട്ടാരത്തിൽ ചെന്നുചേൎന്നു.

ഇബ്രാഹിം സയ്യദ്ഖാൻ അവരെ പിരിഞ്ഞിട്ട് ഏകദേശം രണ്ടുമണിക്കൂറായി. പിന്നീട് അദ്ദേഹത്തെ സംബന്ധിച്ച യാതൊരു വൎത്തമാനവും അവർ കേട്ടില്ല. നാസർ ഉദീനു സഹിയ്ക്കവയ്യാതെയായി. അദ്ദേഹം എഴുനേറ്റ് മഹാരാജ്ഞിയുടെ സന്നിധിയിൽ പ്രവേശിച്ചു.

"ഞാൻ ഇവിടെ നില്ക്കണമെന്നു തിരുമനസ്സുകൊണ്ടു വിചാരിയ്ക്കുന്നുണ്ടോ? ഇല്ലെങ്കിൽ എനിക്ക് സ്വല്പനേരത്തേയ്ക്കു വെളിയിൽ പോകാൻ കല്പനതരുമോ?" എന്ന് നാസർ ഉദീൻ ചോദിച്ചു.

റോസാ:—"നാസർ, നിങ്ങൾ എവിടേയ്ക്കു പോകാൻ ആഗ്രഹിയ്ക്കുന്നു?"

നാസർ:—"ദ്രോണേശ്വരത്തേയ്ക്കു"

"മഹാരാജ്ഞി എഴുനേറ്റു നാസർഉദീൻെറ പുറത്തു തട്ടിക്കൊണ്ടുപറഞ്ഞു.

നാസർ സൃഷ്ടിച്ചവൻ നിങ്ങളേ അനുഗ്രഹിയ്ക്കട്ടെ. ഞാൻ ദുസ്സഹമായ മനോവേദനയോടുകൂടിയിരിയ്ക്കയായിരുന്നു. എന്നാൽ നിങ്ങളേ ഉപദ്രവിയ്ക്കാൻ എനിയ്ക്കു മടിയുമുണ്ടായിരുന്നു. എന്നാൽ

നിങ്ങൾ പോക. എന്റെ പ്രിയസ്നേഹിതാ! പോയി അദ്ദേഹത്തിന്റെ സ്ഥിതി അറിഞ്ഞുവന്നു പറയണം.”

രണ്ടു സ്ത്രീകളേയും കൊട്ടാരത്തിൽ വിട്ടിട്ട് നാസർഉദീൻ യാത്രയായി. അദ്ദേഹം നേരേ ദ്രോണേശ്വരത്തേയ്ക്കു നടന്നു.

നേരം ഉച്ചതിരിഞ്ഞു. അപ്പോൾ ആഹാരസമയമായിരുന്നതിനാൽ അധികം ആളുകളെ വഴിയിൽ കണ്ടില്ല. തെരുവിൽ ആഘോഷങ്ങളൊന്നുമില്ലായിരുന്നു. ഗോൽക്കണ്ടയിലെ രാജകീയ പതാക കേതുദണ്ഡത്തിൽ ചലിച്ചുകൊണ്ടിരുന്നു. ഫിറോസ്ഖാൻ രഹസ്യത്തെ പുറത്തു വിടാതിരുന്നതുകൊണ്ട് തങ്ങളുടെ സുൽത്താൻ രാജധാനിയിൽ ഉണ്ടെന്നു ജനങ്ങൾ വിചാരിച്ചു. നാസർഉദീൻ ആ ഗൃഹത്തെ സമീപിച്ചപ്പോൾ അതിന്റെ മുമ്പിൽ പത്തുപന്ത്രണ്ടുപേർ നില്ക്കുന്നതു കാണപ്പെട്ടു. അദ്ദേഹം ഉദാസീനനെന്നപോലെ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

വേഗത്തിൽ അവിടെ ഒരു മാററമുണ്ടായി. വേലക്കാർ ആഹാരം കഴിഞ്ഞു് ഗൃഹങ്ങളിൽനിന്നും പുറത്തു വന്നുതുടങ്ങി. പത്തൊൻപതാം നമ്പർ ഗൃഹത്തിന്റെ പടിയ്ക്കൽ കൂടിയിരുന്ന ജനങ്ങൾ സുൽത്താൻ അതിനകത്തുണ്ടെന്ന് വേലക്കാരോടു പറഞ്ഞു. അങ്ങിനെ ആ കൂട്ടം വർദ്ധിച്ചു് ഏകദേശം ഇരുനൂറാളുകളായി. നാസർഉദീൻ ആ ജനക്കൂട്ടത്തിൽനിന്നും അല്പം അകലത്തു മാറിനടന്നുകൊണ്ടിരുന്നു. ആ സ്ഥിതിയിൽ തന്റെ തോളിലാരോ കൈവെച്ചതായി അദ്ദേഹത്തിനു തോന്നി. അദ്ദേഹം തിരിഞ്ഞുനോക്കി. മുഹദീൻ തന്റെ അടുത്തു നില്ക്കുന്നതു കാണപ്പെട്ടു. അദ്ദേഹത്തോടുകൂടെ ജലാലുദീനുമുണ്ടായിരുന്നു.

“നിങ്ങൾ ഇവിടെയും വന്നോ? കൊള്ളാം. ഇവിടെ ഒന്നും നടക്കുന്ന ലക്ഷണം കാണുന്നില്ല” എന്നു് നാസർ ഉദീൻ പറഞ്ഞു.

എന്തെന്നാൽ പത്തൊൻപതാം നമ്പർ ഗൃഹത്തിൽ യാതൊരു ഒച്ചയും ഉള്ളതായി കാണപ്പെട്ടില്ല. ജന്നലുകളും കതകുകളും അടച്ചിരുന്നു. വില്പനയ്ക്കുപോലും അന്നു് ആ ചെറിയ പീടിക തുറക്കപ്പെട്ടില്ല.

മുഹദീൻ ഒരു പുഞ്ചിരിയോടുകൂടി തലകുലുക്കി. ജലാലുദീൻ നാസർ ഉദീന്റെ വാക്കുകളെ ശ്രദ്ധിച്ചില്ല. അയാൾ വലിയ അസ്വാസ്ഥ്യത്തോടുകൂടി ഗൃഹദ്വാരത്തിലേയ്ക്കു നോക്കിക്കൊണ്ടുനിന്നു. നാസർഉദീൻ മുഹദീനോടു സംസാരിക്കാൻ ഭാവിച്ചപ്പോൾ ജനസം

ഛത്തിൻെറ അപ്പുറത്തായി ബാൽബൻെറ തല കാണപ്പെട്ടു. ആ തലയെച്ചുററി ഒരു വെള്ളത്തുണി കെട്ടപ്പെട്ടിരുന്നു.

മുഹദീനോടു യാതൊന്നും സംസാരിക്കാതെ നാസർ ഉദ്ദീൻ ഒളിച്ചു് ബാൽബൻെറ അടുത്തെത്തി. ബാൽബൻെറ തലയ്ക്കു പററിയ മുറിവു് വലിയ അപകടമുള്ളതല്ലായിരുന്നതിനാൽ അവൻ വൈദ്യശാലയിൽനിന്നും വേഗം ഇറങ്ങി. ആ ഗൃഹത്തിലേയ്ക്കുള്ള ഇബ്രാഹിമിൻെറ സന്ദർശനത്തിൻെറ ഫലമെന്തെന്നറിവാനായിരുന്നു അവനും അപ്പോൾ അവിടെ എത്തിയതു്.

അവൻ നാസറുദ്ദീനെ കണ്ടില്ല. എന്തെന്നാൽ ജലാലുദ്ദീനെപ്പോലെതന്നെ അവനും പത്തൊൻപതാംനമ്പർ ഗൃഹത്തിൻെറ നേരേ സൂക്ഷിച്ചുനോക്കിക്കൊണ്ടു നില്ക്കയായിരുന്നു. അവനെ പിടിക്കണമെന്നായിരുന്നു നാസർഉദ്ദീൻെറ വിചാരം. അദ്ദേഹം വളരെ സൂക്ഷിച്ചു ബാൽബൻെറ പിന്നിലെത്തി. അവൻ മുമ്പോട്ടുതന്നെ നിർന്നിമേഷനായി നോക്കിനില്ക്കയായിരുന്നു. നാസർഉദ്ദീൻ അവൻെറ കയ്യു മുറുകെപ്പിടിച്ചു. അവൻ തിരിഞ്ഞുനോക്കി അദ്ദേഹത്തെ കണ്ടു

"ഇങ്ങിനെ നാം വീണ്ടും തമ്മിൽകണ്ടു" എന്നു് നാസർ ഉദ്ദീൻ പറഞ്ഞു.

ബാൽബൻ പരിഭ്രാന്തനായി അദ്ദേഹത്തിൻെറ മുഖത്തു നോക്കി.

നാസർ:—"നീയും സുൽത്താനെക്കാണാൻ നില്ക്കയാണോ?"

ബാൽ:—"സുൽത്താനോ?"

നാസർ:—"അതേ, അദ്ദേഹം രാജധാനിയിൽ ഇല്ലേ? നിൻെറ തലയിൽ ഈ മുറിവു് ആരു ഏല്പിച്ചു."

ബാൽബൻ നാസർഉദ്ദീൻെറ പിടിയിൽനിന്നും തൻെറ കൈ വിട്ടുവിക്കാൻ ശ്രമിച്ചു. പക്ഷെ അതു മുറുകെ പിടിക്കപ്പെട്ടിരിക്കുന്നതായി അവൻ കണ്ടു.

"എൻെറ സഖി എവിടെ?" എന്നു് അദ്ദേഹം ചോദിച്ചു. ആ ചോദ്യത്തിനു് ബാൽബൻെറ ഉത്തരം എന്തെന്നു കേൾക്കാൻ സാധിക്കുന്നതിനു മുമ്പായി ആ ഗൃഹദ്വാരത്തിൻെറ പിന്നിൽനിന്നും ഒരു ശബ്ദം അദ്ദേഹത്തിൻെറ ചെവിയിൽ എത്തി. ആരോ വാതലിൻെറ സമീപത്തേയ്ക്കു് ഓടിവരുന്നതുപോലെയാണു് നാസർഉദ്ദീനു്

തോന്നിയതു്. ഉൽക്കണ്ഠയോടുകൂടി അദ്ദേഹം ബാൽബന്റെ കയ്യയച്ചിട്ടു് മുന്നോട്ടുകുതിച്ചു. ഒരമത്തിയ ചിരിയോടുകൂടി അവൻ അവിടെനിന്നും പാഞ്ഞുപോയി. അവന്റെ നേരേനോക്കാൻ അദ്ദേഹത്തിനു സമയമുണ്ടായില്ല. അതിൻമുമ്പായി രണ്ടാളുകൾ ജനക്കൂട്ടത്തിൽകൂടി തിക്കിത്തിരക്കി പടിവാതിലിലേയ്ക്കു് ഓടുന്നതു് അദ്ദേഹം കണ്ടു. അവർ മുഹദീനും ജലാലുദീനുമായിരുന്നു.

ഒരു നിമിഷനേരമെങ്കിലും മടിച്ചുനില്ക്കാതെ നാസർഉദീനും അവരോടുകൂടി പൊത്താനായി ആളുകളുടെ ഇടയിൽകൂടി തിക്കിത്തുടങ്ങി. എല്ലാവരും ഭയപ്പെട്ടു വഴിമാറി. അവർ മൂന്നുപേരും മുന്നിട്ടു ഗൃഹദ്വാരത്തിൽ എത്തിയപ്പോൾ കതകുതുറന്നു് ഒരു പെൺകുട്ടി വെളിയിലേക്കു് ഓടിവന്നു. അവളുടെ കുന്തളം സ്രസ്തമായും മുഖം വിളറിയും നയനങ്ങൾ ഭയസൂചകങ്ങളായും ഇരുന്നു. പടിക്കൽനിന്നുകൊണ്ടു് അവൾ ആ ജനസംഘത്തെനോക്കി ഇങ്ങനെ വിളിച്ചുപറഞ്ഞു.

"സഹായിക്കിൻ! സഹായിക്കിൻ! സുൽത്താൻ! സുൽത്താൻ!"

## പതിനേഴാം അദ്ധ്യായം.

### യുവാവായ ഉസ്മാൻഖാനും വ്യാജസുൽത്താനും.

ഉസ്മാൻഖാൻ ജലാലുദീന്റെ വരവിനെ കാത്തുനില്ക്കയായിരുന്നു. സുൽത്താന്റെ മരണത്തെപ്പററി രാജധാനിയിലെ പ്രജകളെ അറിയിക്കാൻ ഉചിതമായ അവസരമേതെന്നു് അയാൾ ചിന്തതുടങ്ങി. ജലാലുദീൻ, ബാൽബൻ ഇവരെ ഒഴിച്ചാൽ ഉസ്മാൻ ഒരു രാജ്യത്തിന്റെ ഏകശത്രുവായി നിന്നിരുന്നു. അയാൾ ജീവിച്ചിരിയ്ക്കുന്ന കാലത്തോളം വിശ്രമമെന്നുള്ളതറിയാത്ത ഒരുകൂട്ടം ധീരന്മാർ അയാൾക്കെതിരായി പ്രവർത്തിച്ചുകൊണ്ടുമിരുന്നു. ഉസ്മാനു രക്ഷയായി അയാളുടെ ഉല്ലന്നമായ ധിഷണാശക്തിയും, അസാധാരണധൈര്യവും റോസാനറയുടെ എഴുത്തും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇങ്ങനെയുള്ള ആളുകൾ ഒരിക്കലും പശ്ചാത്തപിക്കാറില്ല. പക്ഷേ സുൽത്താന്റെ മരണത്തിനിടയാക്കിയ തന്റെ സാഹസകർമ്മത്തെപ്പററി അയാൾ ഖേദിക്കുന്നുണ്ടായിരിക്കും. എങ്കിലും ആ അഹിതസംഭവത്തെപ്പററി

യാതൊരറിവും ലഭിച്ചിട്ടില്ലാത്ത, രാജധാനിയിലേക്ക നോക്കിക്കൊണ്ടു നിന്നപ്പോൾ ഉസ്മാൻെറ അധരത്തിൽ ഒരു മന്ദഹാസം പ്രസരിച്ചു.

മംടസ് അട്ടുക്കളയിൽ ഭക്ഷണം പാകംചെയ്തുകൊണ്ടു നില്ക്കയായിരുന്നു. ജലാലുദീൻ തിരിച്ചുവരാത്തതുകൊണ്ടും ബാൽബെൻ വല്ല കള്ളുകടയിലുംകയറി കുടിച്ചു ബോധരഹിതനായി കിടക്കകയായിരിക്കമെന്നുള്ള വിചാരത്താലും അവൾ കൂടക്കൂടെ കോപാകുലയായി എന്തോ പറഞ്ഞുകൊണ്ടിരുന്നു. അട്ടുക്കളയുടെ കതക് തുറന്നുകിടന്നിരുന്നു. ഫാത്തിമാ തറയിലുള്ള പൊടി തുടച്ചുകൊണ്ടിരുന്നു. അവളുടെ മുഖം പ്രസാദപേശലമായും നയനങ്ങൾ പ്രഭാപൂരിതങ്ങളായും കാണപ്പെട്ടു. അവൾ കൂടക്കൂടെ സ്വകൃത്യത്തിൽനിന്നും വിരമിച്ച് എന്തോ ശ്രദ്ധിയ്ക്കുന്നതുപോലെ തല ഉയർത്തി ചെവി വട്ടംപിടിച്ചു. സുൽത്താൻ അവളുടെ സഹായം ആവശ്യപ്പെട്ട സമയം കഴിഞ്ഞു എന്നിട്ടും അവിടുന്ന് വന്നില്ല.

തെരുവിൽ ശകടചക്രങ്ങൾ അതിവേഗത്തിൽ ഉരുളുന്ന ശബ്ദം കേൾക്കപ്പെട്ടു. എന്നിട്ട് അവ ആ ഗൃഹത്തെ സമീപിച്ചു. ആ പെൺകിടാവിൻെറ സൂക്ഷ്മദൃഷ്ടികൾക്ക് ബഹിർഭാഗത്തായി ശീഘ്ര ഗതിയിൽ പര്യടനംചെയ്യുന്ന രണ്ടു പാദങ്ങൾ ഗോചരീഭവിച്ചു.

ഫാത്തിമാ ഒരു ബാണംപോലെ ഗൃഹദ്വാരത്തിലേക്ക പാഞ്ഞു. വാതിൽ തുറന്നു; വീണ്ടും അടച്ചു. വൃദ്ധ അട്ടുക്കളവാതിലിൽവന്നു. ജനലുകളെല്ലാം അടച്ചിരുന്നതിനാൽ മുറികളും മുകളിലേക്കുള്ളവഴിയും അന്ധകാരമയമായിരുന്നു. സ്വപുത്രിയുടെ സമീപത്തുകൂടി നടക്കുന്ന ആ രൂപം ബാൽബെനെക്കാൾ പൊക്കംകൂടിയതെന്നു ആ വൃദ്ധ കണ്ടു. അവൾ ഇങ്ങിനെ ചോദിച്ചു.

"ആരതാരു? ഇന്ന് പീടിക അടച്ചിരിക്കയാണ്. നിങ്ങൾക്ക് അകത്തുവരാൻ പാടില്ലാ."

ഇബ്രാ:—"പക്ഷേ ഞാൻ അകത്തു വന്നുകഴിഞ്ഞു. നിങ്ങൾക്ക് എന്നെ അറിഞ്ഞുകൂടേ? ഉസ്മാൻഖാൻ എവിടേ? ഈ വാക്കുകളോടുകൂടി അദ്ദേഹം മുന്നോട്ടുനടന്നു.

വൃദ്ധ വിവൃതവദനയായി ഇബ്രാഹിമിൻെറ നേരേനോക്കി. അവൾക്ക് ഒന്നും ചെയ്വാൻ കഴിഞ്ഞില്ല. തൻെറ മാതാവിൻെറ സംഭ്രമംകണ്ട് ആ പെൺകിടാവും ഭയപ്പെട്ടു.

മംടസ്:—(ത്രസ്തമായ സ്വരത്തിൽ) "അദ്ദേഹം മുകളിലുണ്ട്."

സയ്യദ്ഖാന് ഇത്രയും മാത്രമേ അറിയേണ്ടിയിരുന്നുള്ളു. വൃദ്ധയുടെ സമീപത്തുകൂടി കടന്നു അദ്ദേഹം കോണിപ്പടി കയറാൻതുടങ്ങി.

മംടസ് സ്തബ്ദയെന്നപോലെയും അവളുടെ പുത്രി ഭയാക്രാന്തയായും എന്നാൽ താൻ സുൽത്താന്റെ കല്പനയെ അനുസരിച്ചു എന്നുള്ള വിചാരത്താൽ വിജയസൂചകമായ മുഖഭാവത്തോടുകൂടിയും, അദ്ദേഹത്തെത്തന്നെ നോക്കിക്കൊണ്ടു നിന്നു. ഇബ്രാഹിം കോണിപ്പടിയുടെ ഒരു മൂല കടന്ന് അവരുടെ കണ്ണിൽനിന്നും മറഞ്ഞു. വൃദ്ധ കോപസൂചകമായ ചില ശപഥവചനങ്ങളോടുകൂടി കട്ടുകാളയ്യുള്ളിൽ വീണു.

ഫാത്തിമാ കോണിപ്പടി കയറി സുൽത്താന്റെ പിന്നാലെ എത്തി. അദ്ദേഹം കതകുതുറന്നു ഉസ്മാൻ ഇരുന്ന മുറിയിലേക്കു കടക്കുന്നതു് അവൾ കണ്ടു. അവൾ ബാക്കിപ്പെട്ട ശേഷമുള്ള പടികൾ കയറി വാതിലിൽ എത്തി. ഇബ്രാഹിം അകത്തു കടന്ന ഉടൻ വാതിലടച്ചു. അവിടെ നടക്കുന്ന സംഭവങ്ങൾ എന്തെന്നറിവാനായി ആ പെൺകിടാവു വാതിലിനരികേ പതുങ്ങിയിരുന്നു. കതകിൽ ഉള്ള വിടവിൽകൂടി അകത്തു നടക്കുന്ന സംഭവം അവൾക്കു സ്പഷ്ടമായി കാണാമായിരുന്നു.

ഉസ്മാൻഖാനു പ്രേതങ്ങളിൽ വിശ്വാസമില്ലായിരുന്നു. അയാൾ കൊന്നയാളുകൾ അവർ വീണ സ്ഥലത്തുതന്നെ കിടക്കുന്നു. അവരെ അടക്കംചെയ്ത സ്ഥലത്തുതന്നെ അവർ ദീർഘനിദ്രയെ പ്രാപിച്ചു. ഇബ്രാഹിമിനെ കണ്ടപ്പോൾ അയാൾക്കു യാതൊരത്ഭുതവും ഉണ്ടായില്ല. സയ്യദ്ഖാൻ അകത്തുകടന്നപ്പോൾ ഉസ്മാൻ ജന്നലിന്റെ സമീപത്തു നില്ക്കുയായിരുന്നു. ഇബ്രാഹിമിനെ കണ്ടപ്പോൾ അയാൾ മുമ്പോട്ടുവന്നു മേശമേൽ കയ്യൂന്നിക്കൊണ്ടു നിന്നു.

"ഹാ! നാടകനടൻ!" എന്ന് നിന്ദാസൂചകമായ ഹാസത്തോടുകൂടി പറഞ്ഞുകൊണ്ട് ഉസ്മാൻ തന്റെ കുപ്പായക്കീശയിൽ കയ്യിട്ടുംകൊണ്ടു നിലയായി.

ഇബ്രാ:—"അതേ നാടകനടൻതന്നെ. ഇത്തവണ ഈ നാടനു് അധികനേരം അഭിനയിക്കേണ്ട ആവശ്യമില്ല."

ഉസ്മാൻ:—ഇന്ന് ആരുടെ വേഷമാണ് അഭിനയിക്കാൻ നിശ്ചയിച്ചിരിക്കുന്നതു്."

ഇബ്രാ:—"എന്താ നിങ്ങൾ എന്നെ സുൽത്താനെന്നു വിളിക്കാത്തതു്?"

ഉസ്മാൻ:—"രാജധാനിയിലെ പ്രജകൾ നിങ്ങളെ അങ്ങിനെയാണല്ലോ വിളിക്കുന്നതു്."

ഇബ്രാ:—"ഞാൻ ഇവിടെയുണ്ടെന്നറിഞ്ഞവർ മാത്രം അങ്ങിനെ വിളിക്കുന്നു."

ഉസ്മാൻ:—(സന്തോഷവിക്ഷേപത്തോടുകൂടി) "അങ്ങിനെ നഗരം പ്രശാന്തമായും കൊടി കളികളിക്കൊണ്ടുമിരിക്കുന്നു അല്ലേ?"

ഇബ്രാ:—"അതു താഴുന്നതു കാണ്മാനല്ലേ നിങ്ങൾ ഇവിടെ കാത്തുനില്ക്കുന്നതു്?"

ഉസ്മാൻ:—ഒരു മനുഷ്യൻ, തന്റെ കർമ്മത്തെ അന്യന്മാർ അറിഞ്ഞതിന്റെ ലക്ഷ്യം കാണ്മാൻ ആഗ്രഹിക്കുന്നതു സഹജമല്ലേ? എനിക്കു മനസ്സുള്ളപ്പോൾ അതിനെ താഴ്ത്താൻ എനിക്കു കഴിയും."

ഇബ്രാ:—"നിങ്ങൾ സുൽത്താനെ വധിച്ചു എന്നു ജനങ്ങളെ അറിയിക്കുമ്പോൾ—അതു നിങ്ങൾക്കു നല്ലതാണെന്നു വിചാരിക്കുന്നുണ്ടോ?"

ഉസ്മാൻ:—"ക്ഷമിക്കണം. ആ വിധത്തിലല്ല. സുൽത്താനു രണ്ടു ജീവനുള്ള സ്ഥിതിക്കു് അദ്ദേഹത്തിനു രണ്ടു മരണവുമുണ്ടാകാമല്ലോ."

ഇബ്രാ:—"അദ്ദേഹം രണ്ടാമത്തെ മരണം പ്രാപിച്ചാൽ?"

ഉസ്മാൻ:—(തന്റെ കഞ്ചുകത്തിൽ തട്ടിക്കൊണ്ടു ധിക്കാരസൂചകമായ ഒരു ചിരിയോടുകൂടി) "എനിക്കു നല്ല വരവുണ്ടാകുന്ന ഒരു വസ്തു എന്റെ കയ്യിലുള്ളതുകൊണ്ടു ഞാൻ വളരെ സമാധാനത്തോടുകൂടി ജീവിക്കും. ഇക്കാലത്തു മഹാരാജ്ഞിമാർപോലും അവരുടെ എഴുത്തിനെപ്പററി സൂക്ഷിക്കണം."

ഇബ്രാഹിമിന്റെ മുഖം ഗംഭീരപ്രകൃതിയായി. അദ്ദേഹം മേശയുടെ സമീപത്തേയ്ക്കു നീങ്ങി ഗൌരവം സ്ഫുരിക്കുന്ന സ്വരത്തിൽ ഇങ്ങിനെ മന്ദമായി പറഞ്ഞു:—

"ഉസ്മാൻ, നിങ്ങൾ മാത്രമേ ഇപ്പോൾ ഈ കാര്യത്തിൽ ഇടപെട്ടുള്ളൂ. ജലാലുദ്ദീൻ ഒരു തടവുകാരനാണു്. ആ വഞ്ചകനായ ബാൽബെനെ ഇന്നലേ രാത്രി ഞാൻ എതിർത്തു് അവന്റെ തലയടിച്ചു പൊട്ടിച്ചു."

ഉസ്മാൻ:—"ഹാ! നിങ്ങൾ അങ്ങിനെ ചെയ്തോ?"

ഇബ്രാ:—"മഹാരാജ്ഞിയുടെ എഴുത്തു നിങ്ങളുടെ കയ്യിലാണ്. നിങ്ങൾ കീഴടങ്ങുന്നപക്ഷം ഞാൻ നിങ്ങളുടെ ജീവനെ രക്ഷിക്കാമെന്നു വാക്കുതരുന്നു. വത്സ ഉസ്മാൻ, നിങ്ങളുടെ ഉദ്ദേശങ്ങളെല്ലാം പരാജയത്തിൽ കലാശിച്ചു. ഇനി ആ എഴുത്തിനെ തിരിയെ തരൂ."

ഉസ്മാൻ ചിന്താവിഷ്ടനായി അദ്ദേഹത്തിനെ നോക്കി. അയാൾ ചോദിച്ചു.

"ഞാൻ ആ എഴുത്തുതരുന്നപക്ഷം എന്നെ രക്ഷിക്കാമെന്നു നിങ്ങൾ ഏൽക്കുന്നോ?"

ഇബ്രാ:—"ഞാൻ നിങ്ങളുടെ മരണത്തെ തടുക്കാം. അതേ, അപത്തൊന്നുംകൂടാതെ ഞാൻ നിങ്ങളെ ഇവിടെനിന്നയയ്ക്കാം"

ഉസ്മാൻ:—"എവിടെയ്ക്കു്?"

ഇബ്രാ:—"ഒരു ദുർഗ്ഗത്തിലേയ്ക്കു്. അവിടെ ഒരു വിശ്വസ്തനായ ഭടൻ നിങ്ങളെ കാത്തുകൊള്ളും. നിങ്ങളെ സ്വതന്ത്രനാക്കുന്ന കാര്യം അസാദ്ധ്യമാണ്".

ഉസ്മാൻ:—"ഇതാണോ നിങ്ങൾ ചെയ്യാമെന്നുപറയുന്ന സഹായം."

ഇബ്രാ:—"നിങ്ങളുടെനേരേ ചെയ്യാവുന്ന വലിയകാരുണ്യമാണിതു്."

ഉസ്മാൻ പൊട്ടിച്ചിരിച്ചു. പിന്നെ അയാൾ തന്റെ കൈരണ്ടും പൊക്കി കയീണിച്ചവനെപ്പോലെ കോട്ടുവായിട്ടു.

ഇബ്രാഹിം ഒരു ചാട്ടത്തോടുകൂടി ഉസ്മാന്റെമേൽ വീണു. അദ്ദേഹത്തിന്റെ ബലമേറിയ കൈകൾ അയാളുടെ മണിബന്ധത്തെ വലയം ചെയ്തു. ക്രമേണ ഉസ്മാന്റെ ശരീരം വളഞ്ഞു. അയാൾ മേശമേൽ മലന്നുവീണു. രണ്ടുപേരും മിണ്ടിയില്ല. അവരുടെ നയനങ്ങൾ തമ്മിലിടഞ്ഞു. രണ്ടുപേരുടേയും ശ്വാസങ്ങൾ പരസ്പരം മുഖത്തെ വീജനംചെയ്തു.

ഇബ്രാഹിം സാവധാനത്തിലും എന്നാൽ ശക്തിയോടുകൂടിയും ഉസ്മാന്റെരണ്ടുകരങ്ങളേയും പിടിച്ചു് ഒരുമിച്ചുചേക്കാൻപ്രയത്നിച്ചു. അയാളുടെ മണിബന്ധങ്ങൾ തമ്മിൽ ചേന്നു. സയ്യദ്ഖാന്റെ ദക്ഷിണകരത്തിലെ ദീർഘിച്ച അംഗുലികൾ ഉസ്മാന്റെ മണിബന്ധങ്ങളെ ചേത്തു വലയംചെയ്തു. അദ്ദേഹത്തിന്റെ ഇടത്തുകൈ മെല്ലെ പിൻവലിക്കപ്പെട്ടു. ഒരു ക്ഷണത്തിനുള്ളിൽ ഇബ്രാഹിമിന്റെ വാമഹസ്തം ഉസ്മാന്റെ മാറിൽപതിച്ചു കഞ്ചുകത്തെ കീറി അകത്തുകടന്നു.

അടുത്ത നിമിഷത്തിൽ അദ്ദേഹം എഴുത്തിനെ വലിച്ചെടുത്തു. ഒരു നോട്ടത്താൽ അതിലുള്ള മഹാരാജ്ഞിയുടെ മുദ്രയേ അദ്ദേഹം കണ്ടു. സയ്യദ്ഖാന്റെ ക്ഷീണിച്ച ദക്ഷിണഹസ്തം ഇളകി. എഴുത്തും കൊണ്ടു് അദ്ദേഹം പിന്നോട്ടു ചാടി. അദ്ദേഹം അടുത്തനിമിഷത്തിൽ തന്റെ തോക്കു കയ്യിലാക്കി. എന്തെന്നാൽ ഉസ്മാൻ അയാളുടെ കൈത്തോക്കു തന്റെനേരെ നീട്ടിയിരിക്കുന്നതു ഇബ്രാഹിം കണ്ടു. അവർ പരസ്പരം ആയുധങ്ങൾ നീട്ടിക്കൊണ്ടു കുറേനേരം നിന്നു.

ഉസ്മാൻ വെടിവെയ്ക്കാൻ തരംനോക്കി നില്ക്കുകയായിരുന്നു. ഈ യുദ്ധത്തിൽ രണ്ടുപേർക്കും അപായം നേരിടാതിരുന്നാലും വെടിയുടെ ശബ്ദം തനിക്കു് അവിടെനിന്നു രക്ഷപ്പെടാനുള്ള അവസരത്തെ ഇല്ലാതാക്കുമെന്നു് ഉസ്മാൻ ഭയപ്പെട്ടു. ഇതുകൂടാതെ താൻ സയ്യദ്ഖാനെക്കാൾ സമർത്ഥനായ ഒരു ഖഡ്ഗിയാണെന്നും അയാൾ അഭിമാനിച്ചു. അതുകൊണ്ടു ഖഡ്ഗപ്രയോഗത്തിൽ തനിക്കു വിജയവും അവിടെനിന്നും രക്ഷപ്പെടാനുള്ള അവസരവും ലഭിക്കുമെന്നു് ഉസ്മാൻ ആശിച്ചു. അതുകൊണ്ടു വെടിവയ്ക്കാതെ ലക്ഷ്യംമാത്രം നോക്കിക്കൊണ്ടു് അയാൾ പറഞ്ഞു:—

"ഞാൻ തെരുവിൽ നടക്കുന്ന ഒരു വെറും മുട്ടാളനാണു്. അതുകൊണ്ടു തോക്കു പ്രയോഗിക്കാൻ എനിക്കു വലിയ സാമർത്ഥ്യമില്ല. നിങ്ങൾ ഒരു മാന്യനെപ്പോലെ യുദ്ധംചെയ്യുമോ? അതാ ആ ചുമരലമാരയിൽ ഒരു ജോടി വാളുണ്ടു്"

അപ്പോഴും മഹാരാജ്ഞിയ്ക്കു് നേരിട്ടിരുന്ന ആപത്തിനെപ്പററി സയ്യദ്ഖാനു നല്ല ബോധമുണ്ടായിരുന്നു. ഉസ്മാനെ കൊന്നാലും തനിക്കുംകൂടി വെടിയേററു മരണം നേരിടുന്നപക്ഷം മഹാരാജ്ഞിയ്ക്കു് അതു് ഗുണകരമായിത്തീരുന്നതല്ല എന്നു് അദ്ദേഹം അറിഞ്ഞു. എഴുത്തിനെനശിപ്പിക്കാൻ സാധിച്ചെങ്കിൽ മാത്രമേ റോസാനറയ്ക്കുണ്ടാകാവുന്ന അപഖ്യാതി നീങ്ങുകയുള്ളു. ഖഡ്ഗപ്രയോഗത്തിലുണ്ടാകുന്ന ഫലത്തെ അദ്ദേഹം ഭയപ്പെട്ടില്ല. എന്തെന്നാൽ മൂന്നുവർഷത്തിനുമുമ്പു് അദ്ദേഹം ഗോൽക്കണ്ടയിൽനിന്നു ഗൃഹത്തിൽതിരിച്ചെത്തിയകാലം മുതൽ ഇബ്രാഹിം ഖഡ്ഗപ്രയോഗം ശീലിച്ചു് അതിൽ നല്ല പരിചയം സമ്പാദിച്ചിരുന്നു. അതുകൊണ്ടു നിശ്ചിതബുദ്ധിയായി അദ്ദേഹം ഇങ്ങനെപറഞ്ഞു.

"നിങ്ങളുടെ ഇഷ്ടംപോലെ. ഏതായാലും കാൎയ്യം ഇവിടെവച്ചു തന്നെ തീരണം."

ഉസ്മാൻ:—"എന്നാൽ നിങ്ങളുടെ തോക്ക മേശപ്പുറത്തിടുക. എന്റെ തോക്കും ഞാൻ അതിന്റെ അടുത്തുവയ്ക്കാം."

ഇബ്രാ:—"എനിക്ക മാപ്പുതരണം. ദയവുചെയ്തു നിങ്ങളുടെ തോക്കുതന്നെ ആദ്യം താഴെ വയ്ക്കണം."

ഉസ്മാൻ:—"ഞാൻ നിങ്ങളെ വിശ്വസിക്കണം. നിങ്ങൾ എന്നെ വിശ്വസിക്കയില്ല; അല്ലേ".

ഇബ്രാ:—"അതേ, അങ്ങിനെതന്നെ."

ഉസ്മാന്റെ മുഖം അരുണമായി. അയാളുടെ പുരികങ്ങൾ തമ്മിലിടഞ്ഞു. അധരോഷ്ഠങ്ങൾ മുറുകെ അടഞ്ഞു. അയാൾ പറഞ്ഞു:—

"നിങ്ങൾ വെടിവെച്ചില്ലെങ്കിലും എഴുത്തിനെ നശിപ്പിയ്ക്കുമല്ലോ"

ഇബ്രാ:—"വീണ്ടും ഞാൻ നിങ്ങളോടു ക്ഷമായാചനം ചെയ്യുന്നു. രാജധാനിയിലെ ജനങ്ങൾ മുഴുവൻ ഇവിടെവന്നാലും ഞാൻ എഴുത്തു തൊടുകയില്ല."

രോഷസൂചകമായ ഒരു ശപഥവചനത്തോടുകൂടി ഉസ്മാൻ തോക്കിനെ മേശപ്പുറത്തിട്ടു. ഇബ്രാഹിം മുമ്പോട്ടു ചെന്ന് തന്റെ തോക്കിനെ അതിന്റെ സമീപത്തുവെച്ചു. പിന്നീടു അദ്ദേഹം അതുരണ്ടുമെടുത്ത് തുറന്നുകിടന്ന ചുവരലമാരയിൽ കൊണ്ടുവെച്ച് അതിന്റെ മദ്ധ്യത്തിലായി മഹാരാജ്ഞിയുടെ എഴുത്തിനെയും സൂക്ഷിച്ചു.

ഈ സമയമെല്ലാം അവർ താഴ്ന്നസ്വരത്തിൽ സംസാരിക്കയായിരുന്നു. വെളിയിൽ കാത്തിരുന്ന പെൺകിടാവു് അതിൽ ചില അക്ഷരങ്ങൾ മാത്രമേ കേട്ടൊള്ളു. ഇപ്പോൾ ഖഡ്ഗങ്ങൾ മിന്നുന്നതു് അവൾ കതകിന്റെ ദ്വാരത്തിൽകൂടി കണ്ടു. എന്തെന്നാൽ അപ്പോൾ ഉസ്മാൻ വാളെടുത്തു മേശപ്പുറത്തു വെയ്ക്കുകയായിരുന്നു. തന്റെ ശിരസ്സിനെ അല്പമൊന്നു നമിപ്പിച്ചിട്ടു് സയ്യദ്ഖാൻ ഒരു വാളെടുത്തു. രണ്ടുപേരും അവരവരുടെ സ്ഥാനത്തു നിലയായി. ഉസ്മാന്റെ മുഖത്തുണ്ടായിരുന്ന കോപരസം നീങ്ങി. അയാൾ ഇങ്ങിനെ പറഞ്ഞു:—

"ഇടയ്ക്കു് ഒന്നു പറയട്ടെ. നാം വൃഥാ കലഹിക്കയാണു്. നിങ്ങൾക്ക ഗോൽക്കണ്ടയിലെ സുൽത്താനായിരിക്കണമെന്നാഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ ഞാൻ നിങ്ങളുടെ പ്രജകളിൽവച്ച് ഏററവും രാജഭക്തിയുള്ളവനായിരിക്കും."

ഇബ്രാ:—"ഉസ്മാൻ, നിങ്ങൾ എന്നെ വളരെ ബഹുമാനിക്കുന്നു."

ഉസ്മാൻ:—എന്നെ നിങ്ങളുടെ വലിയ വിശ്വസ്തനായിട്ടു സ്വീകരിക്കണം. കൂടാതെ എന്നെ വലിയ ധനവാനാക്കിത്തീക്കയും വേണം. വരൂ! വരൂ! സുൽത്താൻ മരിച്ചുപോയി. അദ്ദേഹം ഒരു മണ്ടനായി ജീവിക്കയും മണ്ടനായിത്തന്നെ മരിക്കയും ചെയ്തു. അദ്ദേഹത്തിൻെറ സ്ഥാനം സ്വീകരിക്കൂ. അപ്പോൾ നിങ്ങൾക്ക് എന്നെ സമ്മാനിക്കാൻ കഴിയും."

ഇബ്രാ:—"ഞാൻ ലോകത്തിലാരെ വിശ്വസിച്ചാലും ഉസ്മാൻഖാനെ വിശ്വസിക്കയില്ല."

ഉസ്മാൻ:—"ഞാൻ അത്രത്തോളം വിശ്വാസമായി പെരുമാറിയാലോ?"

ഇബ്രാ:—"ഓ! ഉസ്മാൻഖാൻ, തൻെറ കൂട്ടുകാരൻെറ കയ്യിൽനിന്നു പ്രതിഫലം പററിക്കൊണ്ടു അയാളെ ചതിക്കുന്നവനാണ്."

വീണ്ടും ഉസ്മാൻെറമുഖം ലജ്ജകൊണ്ട് അരുണമായി. അയാൾ പരുഷസ്വരത്തിൽ പറഞ്ഞു.

"ഇബ്രാഹിംസയ്യദ്ഖാൻ, ഞാൻ നിങ്ങളെ ഇപ്പോൾ ഇവിടെ വെച്ചുകൊല്ലും."

ഇബ്രാ:—"അതിൽ കൂടുതലൊന്നും വേണമെന്നു ഞാനും അഗ്രഹിക്കുന്നില്ല. എന്നാൽ തടുത്തുകൊള്ളൂ."

ഖഡ്ഗങ്ങൾ തമ്മിൽ ഘട്ടനംചെയ്തു. ഫാത്തിമാ വിടവിൽകൂടി നോക്കി. അവളുടെ മുഖം വിളറി. ഖഡ്ഗങ്ങളുടെ കാണിതം അവൾ കേട്ടു. ചിലപ്പോൾ ഒരാൾ ഊക്കോടുകൂടി മുന്നോട്ടു കുതിക്കുന്നതു കാണാം. ചിലപ്പോൾ ഒരാൾ പിന്നോട്ടു ചാടി കഴിയുന്നതും അവളുടെ കണ്ണിൽപെട്ടു. ഉടനെ അഹ്ലാദസൂചകമായ ഒരു സ്വരം കേൾക്കപ്പെട്ടു.

"മിക്കവാറും! മിക്കവാറും!"

ഉസ്മാൻെറ സ്വരം അവൾക്കു സുപരിചിതമായിരുന്നു. സുൽത്താൻ ശാന്തസ്വരത്തിൽ ഇങ്ങനെ ഉത്തരം പറയുന്നതും അവൾ കേട്ടു.

"മിക്കവാറും എന്നുപറഞ്ഞാൽ മുഴുവനും എന്നത്ഥമില്ലല്ലോ."

വീണ്ടും അവൾ ചെവികൊടുത്തു. അല്പനേരത്തേയ്ക്ക് അവർ പ്രവൃത്തിവിഹീനരെന്നപോലെ തോന്നി. എന്നാൽ അകത്തു ശ്വാസി

ക്കുന്ന ശബ്ദമല്ലാതെ മററു ശബ്ദമൊന്നും കേൾക്കപ്പെട്ടില്ല. പെട്ടെന്ന് ഒരാൾ അവളുടെ നയനപഥത്തിൽപെട്ടു. ആ ദീർഘശരീരത്തേയും കറുത്ത തലമുടിയേയും അവൾ അറിഞ്ഞു. അദ്ദേഹം ഓരോ അടി പിന്നിലേയ്ക്കു ഓടിക്കപ്പെട്ടതുപോലെ തോന്നി. അദ്ദേഹം വാതിലിനോടു അടുത്തടുത്തുവന്നു.

അതു് സുൽത്താനായിരുന്നു അവളുടെ സുൽത്താൻ, അവളുടെ പ്രിയപ്പെട്ട സുൽത്താൻ, അപത്തിൽപ്പെട്ടിരിക്കുന്നു. ഒരു ക്ഷണനേരത്തേയ്ക്കു് അവൾ കുനിഞ്ഞുകിടന്നു വീണ്ടും സൂക്ഷിച്ചുനോക്കി. അതിനുശേഷം അവൾ ഭയംകൊണ്ടു് വിറച്ചുകരഞ്ഞുകൊണ്ടു് താഴത്തേയ്ക്കു ചാടി ഓടി.

അവൾ ഗൃഹദ്വാരത്തിൽ എത്തി കതകു തുറന്നു. അവളുടെ നയനങ്ങൾ ജനസംഘത്തിൽ പതിച്ചപ്പോൾ അവയിൽ ഭയാത്ഭുതരസങ്ങൾ സമ്മിശ്രമായി കാണപ്പെട്ടു. ഉടൻ അവൾ നാസർ, മുഹദീൻ, ജലാലുദീൻ എന്നിവരെ കണ്ടു. അവൾ ഉറക്കെ വിളിച്ചുപറഞ്ഞു. ‘ സഹായിക്കണെ! സുൽത്താൻ!”

ഒരുചാട്ടം, നാസർഉദ്ദീൻ വീട്ടിനുള്ളിൽ കടന്നു. “വേഗം!” എന്നു വിളിച്ചുപറഞ്ഞുകൊണ്ടു് മുഹദീൻ പിന്നാലെ കൂടി.

## പതിനെട്ടാം അദ്ധ്യായം.

### സുൽത്താന്റെ വിജയം.

സയ്യദ്ഖാൻ ബലവാനും, മനസ്വിയും, അക്ഷോഭ്യനും, ധൈര്യശാലിയും ആയിരുന്നു. അദ്ദേഹത്തിന്റെ പരിചയമേറിയ കണ്ണും കയ്യും യോജിച്ചു പ്രവർത്തിച്ചിരുന്നില്ലെങ്കിൽ വിജയം സുലഭമല്ലായിരുന്നു. ഉസ്മാന്റെ ദ്രുതചലനവും അക്രമണപടുത്വവും സയ്യദ്ഖാനെ വിഷമിപ്പിച്ചു. ഫാത്തിമാ സഹായത്തിനപേക്ഷിച്ചുകൊണ്ടു പടിതുറന്നപ്പോൾ ഇബ്രാഹിം വലിയ അപൽക്കരമായ ഘട്ടത്തിലായിരുന്നു. അദ്ദേഹത്തിന്റെപരിചിതമായ പാടവം അദ്ദേഹത്തെ രക്ഷിയ്ക്കാൻ മതിയായിരുന്നു. ഇബ്രാഹിം വിശേഷവിധിയായി ഒന്നും ചെയ്തില്ല. എന്നാൽ മിക്കവാറും നിശ്ചലമായ സ്ഥൈര്യത്തോടുകൂടി അദ്ദേഹം ഉസ്മാന്റെ അക്രമണത്തെ സഹിച്ചു.

സ്വപ്രതിപക്ഷിയുടെ സ്ഥൈര്യത്തെ ശിഥിലമാക്കുന്നതു് അസാദ്ധ്യമെന്നു് ഉസ്മാന്റെ ഹൃദയത്തിൽ ഒരു വിചാരം ഉദിച്ചു. ഈ വിചാരം അയാളുടെ നയനങ്ങളിൽ പ്രതിഫലിച്ചതു് സയ്യിദ്ഖാൻ കണ്ടു. തന്റെ ഓരോ ആക്രമണത്തിനും തന്നെ അതിസാമർത്ഥ്യത്തോടുകൂടിയും എന്നാൽ പ്രശാന്തപ്രകൃതിയായും, സയ്യിദ്ഖാൻ തടയുന്നതു കണ്ടു് ഉസ്മാൻ അത്ഭുതപ്പെട്ടു. അയാളുടെ ഉൽപന്നബുദ്ധി ക്ഷണത്തിൽ ഒരു പുതിയ പാഠംപഠിച്ചു. പ്രതിയോഗിയെക്കാൾ കൂടുതൽ സാമർത്ഥ്യം പ്രകടിപ്പിച്ചില്ലെങ്കിൽ വിജയം അസാദ്ധ്യമെന്നു് അയാൾ കണ്ടു. എന്നാൽ കയ്യുകൾകൊണ്ടു സാധിക്കാത്തതു് തലച്ചോറുകൊണ്ടു സാധിക്കാമെന്നു് ഉസ്മാൻ ആശിച്ചു. അയാൾ ഒന്നുരണ്ടടി പിന്നോക്കംവച്ചു. ഉസ്മാൻ ക്ഷീണധൈര്യനെന്നപോലെ കാണപ്പെട്ടു. അയാൾ വാസ്തവത്തിൽ ക്ഷീണിച്ചിരുന്നു. എങ്കിലും അയാൾ ഉള്ളതിൽ കൂടുതൽ ക്ഷീണം ഭാവിച്ചു. ഇബ്രാഹിം ഉസ്മാനെ ആക്രമിച്ചുകൊണ്ടു മുന്നോട്ടണഞ്ഞു. ഉസ്മാൻ തുല്യസാമർത്ഥ്യത്തോടുകൂടി പ്രതിയോഗിയെ തടുത്തു. അയാളുടെ ശക്തി മിക്കവാറും ക്ഷയിച്ചിരുന്നു. ഇനി താൻ ഹൃദയത്തിൽ രൂപീകരിച്ചിരുന്ന ഒരുപായംമാത്രമേ വിജയപ്രദമായി അയാൾ കണ്ടുള്ളു. എന്തെന്നാൽ അയാളുടെ ശ്രദ്ധമുഴുവനും ചുമരലമാരയിലേയ്ക്കു പതിഞ്ഞു. ശക്തിയും സാമർത്ഥ്യവുംകൊണ്ടു സാധിക്കാത്തതു കാപട്യംകൊണ്ടു സാധിക്കാൻ അയാൾ ഉറച്ചു. തോക്കുകൾ അലമാരയിൽ കിടന്നിരുന്നു. ഒരു ക്ഷണനേരത്തെ അവസരം ലഭിച്ചെങ്കിൽ അതിലൊന്നു കയ്യിലാക്കാൻ അയാൾ ഉറച്ചു.

ഉസ്മാൻ അലമാരയോടു സമീപിച്ചു. അയാളുടെ മുഖത്തുനിന്നു വിയർപ്പു് ഒഴുകിക്കൊണ്ടിരുന്നു. ശ്വാസവേഗംകൊണ്ടു് അയാളുടെ മാറിടം പൊട്ടുമെന്നുള്ള നിലയായി. എങ്കിലും സ്വമനോഗതം സാധിയ്ക്കാനുള്ള ശക്തി ഉസ്മാനുണ്ടായിരുന്നു. അയാൾ ഖഡ്ഗത്തിലുള്ള തന്റെ പിടി അയച്ചു. അടുത്ത നിമിഷത്തിൽ സയ്യിദ്ഖാന്റെ ഖഡ്ഗം അതിനെ തട്ടി നിലം പതിപ്പിച്ചു. ഉസ്മാൻ നിരായുധനായി നിന്നു. ഇബ്രാഹിം അനങ്ങിയില്ല.

“അതെടുക്കൂ” എന്നു വഞ്ചനയുടെ വാസ്തവം അറിയാതെ സയ്യിദ്ഖാൻ പറഞ്ഞു.

ഉസ്മാൻ:—(ചകിതനെന്നപോലെ കുറച്ചുകൂടി അലമാരയോടടുത്തുനിന്നിട്ടു്) “ഞാൻ അതെടുക്കുമ്പോൾ നിങ്ങൾ എന്നെ തൊടുകയില്ലെന്നു സത്യംചെയ്യാമോ?”

ഇബ്രാ:—"അങ്ങിനെ ഞാൻ വാഗ്ദത്തം ചെയ്യുന്നു. അതെട്ടക്കു എനിക്കിനി താമസിക്കാൻ വയ്യാ."

ഉസ്മാൻെറ ഹസ്തം മനോവേഗത്തിൽ പിന്നിലേയ്ക്കു പാഞ്ഞു് ഒരു തോക്കിൽ പിടികൂടി. അയാളുടെ കള്ളം മുഴുവനും ഇബ്രാഹിമിനു മനസ്സിലായി. വാഠം താഴെയെറിഞ്ഞിട്ടു അദ്ദേഹം മുന്നോട്ടു ചാടി. തൻെറ ദീർഘമായ ബാഹുക്കഠംകൊണ്ടു് ഉസ്മാൻെറ ശരീരത്തെ വേഷ്ടിച്ചു. എന്നാൽ ഉസ്മാൻ തോക്കു കയ്യിലാക്കി കഴിഞ്ഞു.

ഇതിന്നിടയിൽ ഫാത്തിമാ ഭയാക്രാന്തയായി വിളികൂട്ടി. നാസർഉദീനും മുഹദീനും മുകളിലേക്കു പാഞ്ഞുകയറി അവരുടെ പിന്നിലായി ജലാലുദീനും അയാളെ തുടൎന്നു് ഒരു സംഘം ആളുകളും ആ ഗൃഹത്തിനുള്ളിൽ പിടഞ്ഞുകയറി. ആ വീട്ടിനുള്ളിൽ അകപ്പാടെ ഒരു മുഴക്കമായി. ഇതെല്ലാം കേട്ടുവെങ്കിലും അതിൽ ശ്രദ്ധ പതിപ്പിക്കാതെ നാസർഉദീൻ ഇബ്രാഹിംനിന്ന മുറിയിൽ കടന്നു. പുറകേ മുഹദീനും കടന്നു. പെട്ടെന്നു വാതിൽ തള്ളിഅടച്ചുകൊണ്ടു് മുഹദീൻ കതകിൽ ചാരി നിലകൊണ്ടു. ആ ക്ഷണത്തിൽ ഒരു വെടിയുടെ ശബ്ദം അത്യുച്ചമായി മുഴങ്ങി.

ഉപസേനാധിപനും നാസർഉദീനും നിശ്ചലരായി നിന്നു. അവർ കണ്ട കാഴ്ചതന്നെ അവരുടെ ഗതിയെ തടയുവാൻ പര്യാപ്തമായിത്തീൎന്നു. വെടിയുടെ പുക ചക്രാകൃതിയിൽ അവിടെ പരന്നു. എന്നാൽ രണ്ടുപേൎക്കും മുറിവുപററിയില്ല. ഉസ്മാൻ കയ്യിൽ തോക്കുപിടിച്ചിരുന്നു. അതിൻെറ മുഖം ധൂമത്തെ വമിച്ചു. എന്നാൽ ഉസ്മാനെ അയാളുടെ പരിപന്ഥി ചുമരോടുചേൎത്തു നിൎത്തിയിരിക്കുന്നതായി കാണപ്പെട്ടു. ഇബ്രാഹിം ഒരു കൈകൊണ്ടു് അയാളുടെ വാമഭുജത്തെ പിടിച്ചമൎത്തിയിരുന്നു. മററെക്കൈകൊണ്ടു അദ്ദേഹം ഉസ്മാൻെറ വലത്തേ മണിബന്ധത്തിൽ പിടിച്ചു. ഇബ്രാഹിമിൻെറ മുഖം വിളറിയിരുന്നു. അദ്ദേഹത്തിൻെറ ചുണ്ടുകഠം അന്യോന്യം ചേൎന്നമൎന്നു. നാസർഉദീൻെറ കണ്ണുകഠം സപ്തദ്ഖാൻെറ നേത്രങ്ങളിൽ പതിച്ചു. അവ ദയാഹീനമായും എന്നാൽ പ്രഭാപൂരിതമായും കാണപ്പെട്ടു. നാസർഉദീൻ അദ്ദേഹത്തെ ഈ ഭാവത്തിൽ മുമ്പൊരിക്കലും കണ്ടിട്ടില്ല. നാസർഉദീൻെറ കണ്ണുകഠം ഉടനേ ഉസ്മാൻെറ മുഖത്തിൽ പതിച്ചു. ഉസ്മാൻെറ ദന്തങ്ങഠം അധരത്തെ കടിച്ചമൎത്തുന്നുണ്ടായിരുന്നു. അയാളുടെ നെററിയിലെ ഞരമ്പുകഠം പാടച്ചും സ്വേദകണങ്ങഠം വാൎന്നും കാണപ്പെട്ടു. അയാളുടെ കണ്ണുകഠം സപ്തദഖാൻെറ മുഖത്തിൽത്തന്നെ ഉറപ്പിക്ക

പ്പെട്ടിരുന്നു. ഈ കാഴ്ചയിലുള്ള രസംകൊണ്ടു നാസർഉദീൻ കുറേക്കൂടി അടുത്തുചെന്നു. അവിടെ അപ്പോൾ നടക്കുന്നതെന്തെന്ന് അദ്ദേഹം കണ്ടു. ഉസ്മാന്റെ കൈ ക്രമേണ ഓരോ അംഗുലം വളഞ്ഞു; മുട്ടുമടങ്ങി, സയ്യദ്ഖാന്റെ നേരേ ചൂണ്ടപ്പെട്ട കൈത്തോക്ക് ഇപ്പോൾ ജന്നലിന്റെ നേരെയായി. എന്നാൽ അതിന്റെ ചലനം അവിടെ നിലച്ചില്ല. അതു വൃത്തരേഖയെ തുടർന്നു. ഇപ്പോഴും ഉസ്മാന്റെ കയ്യിൽത്തന്നെയിരുന്ന ആ തോക്ക് അയാളുടെ ഹൃദയത്തിന്റെ നേരെ ചെന്നു. ചലനം നിന്നു, അതു് ഉദ്ദിഷ്ടസ്ഥാനത്തെ പ്രാപിച്ചു.

നാസർഉദീൻ വീണ്ടും ഉസ്മാന്റെ നേരേ നോക്കി. അയാൾ തന്റെ മനോഹരമായ ശിരസ്സിനെ പിന്നോട്ടുചരിച്ച് ചുമർ ചാരിനിന്നിരുന്നു. അയാളുടെ നയനങ്ങൾ സയ്യദ്ഖാനോട് എന്തോ ചോദ്യംചെയ്യുന്ന ഭാവം പ്രകടിപ്പിച്ചു. അതിന്റെ ഉത്തരം പുറപ്പെടേണ്ട സ്ഥാനത്തേയ്ക്കു നാസർഉദീൻ വീണ്ടും നോക്കി. ഇബ്രാഹിം വാക്കുകൊണ്ട് ഉത്തരമൊന്നും പറഞ്ഞില്ല. അതിശീഘ്രഗതിയിലുള്ള ചലനത്താൽ സയ്യദ്ഖാന്റെ കരം ഉസ്മാന്റെ മണിബന്ധത്തിൽനിന്നും കയ്യിലേക്കു ചാടി. അദ്ദേഹത്തിന്റെ തർജ്ജനി ഉസ്മാന്റേതിൽ വിശ്രമിച്ചു. ഉസ്മാന്റെ വിരൽ തോക്കിന്റെ ലക്ഷ്യഭേദിയിലും ഘടിപ്പിക്കപ്പെട്ടു.

ഉസ്മാൻ അവസാനംവരെ മന്ദഹസിച്ചു. ലജ്ജ ഹേതുവായിട്ടു നമ്രമാകാത്ത അയാളുടെ ശിരസ്സു ഭയത്താലും നമ്രമായില്ല. ആ വക്രിച്ച തർജ്ജനി പെട്ടെന്നു അമർത്തപ്പെട്ടു. ഒരു മിന്നൽ, ഒരു ധ്വനി സയ്യദ്ഖാന്റെ കരം അയാളെ ഒരു നിമിഷനേരത്തേക്കു ചുമരോടുചേർത്തു പിടിച്ചുകൊണ്ടുനിന്നു. അതു് അകററിയപ്പോൾ അയാൾ ചുരുണ്ടുകൂടി നിലത്തുവീണു.

വെടി തീർന്നതോടുകൂടിത്തന്നെ മുഹദീനിൽനിന്നും ഒരു ശപഥവചനം പുറപ്പെട്ടു. വാതിലിൽനിന്നും അദ്ദേഹത്തെ തള്ളി ദൂരത്തിട്ടുകൊണ്ട് ജലാലുദീനും പുറകെ ഒരുകൂട്ടം ആളുകളും ആ മുറിയിൽ കടന്നു. അവിടെനടന്ന സംഭവങ്ങൾ എന്തെല്ലാമെന്നും സുൽത്താൻ തിരുമനസ്സുകൊണ്ട് എവിടെയെന്നും അവർ അന്വേഷണം തുടങ്ങി. എന്നാൽ അവിടെക്കണ്ട കാഴ്ച അവരെയും അത്ഭുതപരതന്ത്രരാക്കി അവരുടെ പുരോഗമനത്തെ നിരോധിച്ചു. ജലാലുദീൻ മാത്രം ഒരു ദീർഘശ്വാസത്തോടുകൂടി തന്റെ സഹോദരൻ വീണസ്ഥലത്തേയ്ക്കു് ഓടിച്ചെന്നു. ശേഷമുള്ളവർ തുറിച്ചുനോക്കിക്കൊണ്ടു നിന്നതേ ഉള്ളൂ; ഒരു ക്ഷണനേരത്തേയ്ക്കു് ഇബ്രാഹിം അവരുടെ നേരേ നോക്കി. യാ-

തൊന്നും മിണ്ടാതെ ഉടൻതന്നെ അദ്ദേഹം പിൻതിരിഞ്ഞു. ഉസ്മാനെ കൊന്ന തന്റെ വലത്തുകൈ കൊണ്ടുതന്നെ അദ്ദേഹം എഴുത്തെടുത്തു. പിന്നെ അതു പൊട്ടിച്ചുനോക്കി. കയ്യക്ഷരം അദ്ദേഹത്തിന്റെ സംശയത്തെ എല്ലാം നീക്കി. ആ എഴുത്തിനെ അദ്ദേഹം പലതുണ്ടുകളായി കീറി തീയിൽഇട്ടു അങ്ങിനെ ഒടുവിൽ മഹാരാജ്ഞിയുടെ എഴുത്തു പിന്നെ ഒരിക്കലും ആരുടെ കയ്യിലും അകപ്പെടാത്തവിധം മറയ്ക്കപ്പെട്ടു

തന്റെ ജോലിതീർന്ന ഉടൻ ഇബ്രാഹിം, നാസർഉദീൻ മുതലായവരുടെ നേരേ തിരിഞ്ഞു. അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

“മാന്യരേ, ഈ സംഗരിയുടെ വിശദമായ ഒരു വിവരണം നാം തന്നെ സമയം പോലെ ചെയ്യുന്നതാണ്. ഈ മരിച്ചുകിടക്കുന്നയാൾ ഒരു രഹസ്യകാര്യം സംബന്ധിച്ച് നമ്മെ കാണ്മാൻ ആഗ്രഹിച്ചു. നാം ഇവിടെവന്നു. ഇവിടെവച്ചു നമ്മെ കൊല്ലാൻ ഈയാൾ ശ്രമിച്ചു. ഇത്രയും മാത്രമേ ഇപ്പോൾ നിങ്ങൾ അറിയേണ്ടതുള്ളൂ. ഇനി നാസർഉദീനും മുഹദീനും ഒഴികെ മററുള്ളവരെല്ലാം ദയവുചെയ്തു നമ്മെ പിരിയണം.

വളരെ വൈമുഖ്യത്തോടുകൂടി, വിവൃതവദനന്മാരായി ആശ്ചര്യാക്രാന്തനേത്രന്മാരായ ജനങ്ങൾ തെരുതെരെ പടിക്കുപുറത്തുകടന്നു. ജലാലുദീനും എഴുന്നേററു.

“നിങ്ങൾക്കിഷ്ടമുണ്ടെങ്കിൽ താമസിക്കാം”എന്നു് ഇബ്രാഹിം പറഞ്ഞു. പ്രഭ വീണ്ടും സ്വസഹോദരന്റെ സമീപത്തു മുട്ടുകുത്തി കിടന്നു.

ചുമരോട്ടുചേർന്ന രണ്ടുമൂന്നു കട്ടിലുകൾ കിടക്കുന്നതു കണ്ടു നാസർഉദീൻ ജലാലുദീന്റെ തോളിൽതട്ടി അവിടേയ്ക്കു ചൂണ്ടിക്കാണിച്ചു. അവർ രണ്ടുപേരും കൂടി ഉസ്മാന്റെ ദേഹത്തെ പൊക്കിയെടുത്ത് ഒരു കട്ടിലിൽ കിടത്തി. അയാളുടെ മുഖം വെടിയേൽക്കുന്നതിനുമുമ്പ് എങ്ങിനെയിരുന്നുവോ അതുപോലെ തന്നെ ഇപ്പൊഴുമിരുന്നു. മരണത്തിലും ജീവിതത്തിലും അയാൾ ഗോൽക്കൊണ്ടയിൽ ഉള്ള ആളുകളിൽ വെച്ച് ഏററവും സൌന്ദര്യമുള്ളവനായിരുന്നു.

ഇബ്രാഹിം ഉസ്മാനെപ്പററി ശ്രദ്ധിച്ചില്ല. അദ്ദേഹം നാസർഉദീന്റെനേരേ തിരിഞ്ഞു് ഇങ്ങിനെ പറഞ്ഞു.

“ചത്രു നമുക്കു മഹാരാജ്ഞിയുടെ സമീപത്തു ചെന്നു് എഴുത്തു നശിപ്പിച്ച വിവരം പറയാം.”

എന്തോ പ്രേരണകൊണ്ടു എന്നപോലെ നാസർ ഉദീൻ ജന്നലിൻെറ സമീപത്തു ചെന്നു വെളിയിലേയ്ക്കു നോക്കി; തെരുവിൽ കൂടിനിന്നിരുന്ന ആളുകൾ അട്ടഹാസത്തോടുകൂടി അദ്ദേഹത്തെ വന്ദിച്ചു. ഗൃഹദ്വാരത്തിലെ ജനക്കൂട്ടം നിമിഷംപ്രതി വർദ്ധിച്ചു. സുൽത്താനെ സംബന്ധിച്ചു ആ ജനങ്ങളോടു അവർ എന്തുപറയേണ്ടു എന്നു സംശയിച്ചു. മുഹദീനും വെളിയിലേയ്ക്കു നോക്കി. എന്നിട്ടു പ്രസന്നവദനനായി തിരിഞ്ഞു സയ്യദ്ഖാനോടു പറഞ്ഞു.

“അവിടത്തേയ്ക്കു രാജകീയമായ ആഡംബരത്തോടുകൂടിത്തന്നെ കൊട്ടാരത്തിലേയ്ക്കു പോകാം”

ഇബ്രാഹിം ഒന്നും മിണ്ടാതെ നാസർഉദീൻെറ സമീപത്തണഞ്ഞു അദ്ദേഹത്തിൻെറ കയ്യുപിടിച്ചു. ജലാലുദീനെ ശവശരീരത്തിൻെറ അടുത്തു വിട്ടിട്ട് അവർ പുറത്തുകടന്നു. അവർ കോണിപ്പടിയുടെ ചുവട്ടിൽ എത്തിയപ്പോൾ ആ ഗൃഹത്തിലെ രണ്ടു സ്ത്രീകളും അവിടെ നില്ക്കുന്നതു കണ്ടു. സയ്യദ്ഖാനെ കണ്ട ഉടൻ ആ പെൺകുട്ടി അദ്ദേഹത്തിൻെറ പാദത്തിൽ നമസ്കരിച്ച് അദ്ദേഹം രക്ഷപ്പെട്ടതിൽ ഈശ്വരനോടു നന്ദിപറഞ്ഞു. അദ്ദേഹം തൻെറ കഞ്ചുകത്തിനടിയിൽനിന്നും ഒരു സ്വർണ്ണമാലയെടുത്തു ഫാത്തിമയുടെ കയ്യിൽ കൊടുത്തിട്ട് ഇങ്ങിനെ പറഞ്ഞു. “എൻെറ ഓർമ്മയ്ക്കുവേണ്ടി ഇതിനെ സൂക്ഷിച്ചുകൊള്ളൂ ”

അതുകഴിഞ്ഞ് അദ്ദേഹം വൃദ്ധയുടെ സമീപത്തുചെന്ന് പരുഷസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു. “നിങ്ങളുടെ ഗൃഹത്തിൽ വെച്ചു നടന്ന ഗൂഢാലോചനയിൽ നിങ്ങൾ എത്രത്തോളം പങ്കുകൊണ്ടിട്ടുണ്ടെന്നുള്ളത് എനിയ്ക്കറിയാൻ പാടില്ല എന്നാൽ സൂക്ഷിച്ചുകൊള്ളൂ! നിങ്ങളുടെ സുൽത്താനായ എനിക്ക വിപരീതമായി നിങ്ങളിൽനിന്നും ഒരു വാക്കോ പ്രവൃത്തിയോ ഉണ്ടായാൽ ആ നിമിഷത്തിൽതന്നെ നിങ്ങളെ അതികഠിനമായി ശിക്ഷിയ്ക്കുന്നതാണ്.”

അവറ ഉത്തരമൊന്നും പറഞ്ഞില്ല. ഇബ്രാഹിം മുന്നോട്ടു നടന്നു.

മുഹദീൻ ഓടി മുമ്പിൽ കടന്ന് വാതിൽ തുറന്നു. എന്നിട്ട് വളരെതാണു തൊഴുതുകൊണ്ട് ഒരു വശത്തേയ്ക്കു മാറിനിന്നു. ഇബ്രാഹീം കടന്നുപോയി. വീഥി അത്യന്തം ജനങ്ങളെക്കൊണ്ടു നിറഞ്ഞു. തിരുമേനിയ്ക്കു സ്വാഗതംപറഞ്ഞുകൊണ്ട് അട്ടഹാസഭരിതങ്ങളായ അനേകം സ്വരങ്ങൾ ആകാശത്തിൽ മുഴങ്ങി. സുൽത്താൻ രക്ഷപ്പെട്ട വർത്ത

മാനം നഗരം മുഴുവൻ അറിഞ്ഞു് പ്രജകളെല്ലാം അദ്ദേഹത്തെ ഉപചരിയ്ക്കാൻ അവിടെ എത്തിയിരുന്നു. അവർ ഒരു മാന്യപൌരൻെറ കുതിരവണ്ടിയേ പിടികൂടി കുതിരകളെ അഴിച്ചു മാററിയിട്ടു് അതിനെ ഗൃഹദ്വാരത്തിൽ കൊണ്ടുചെന്നു. ഇബ്രാഹിം പടിയ്ക്കൽ നില്ക്കുകയായിരുന്നു. അദ്ദേഹത്തിൻെറ മുഖം പ്രശാന്തപ്രകൃതിയായിരുന്നു. അദ്ദേഹത്തിൻെറ കൈകൾ വിറച്ചില്ല. അദ്ദേഹം വണ്ടിയിൽ കയറി. നാസർഉദ്ദീനും മുഹദീനും അദ്ദേഹത്തിൻെറ പിന്നാലേതന്നെ വണ്ടിയിൽ കടന്നിരുന്നു. ജനങ്ങൾ ഈച്ചകളെപ്പോലെ വണ്ടിയുടെ നാലുപുറവുംകൂടി. ആളുകളുടെ പുറത്തുകൂടി അല്ലാതെ വണ്ടിയ്ക്കു നീങ്ങാൻ നിവൃത്തിയില്ലെന്നായി. ശകടചക്രങ്ങൾ ചലിച്ചു. പ്രജകൾ എല്ലാവരുംകൂടി വണ്ടിയെ വലിച്ചുകൊണ്ടു് രാജമന്ദിരത്തിലേയ്ക്കു് പ്രയാണമാരംഭിച്ചു. ഇബ്രാഹിം ഇടത്തോട്ടും വലത്തോട്ടും നോക്കി ശിരസ്സിനെ നമിപ്പിച്ചു.

ഒടുവിൽ അവർ കൊട്ടാരത്തെ സമീപിച്ചു. ഇവിടെയും വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. കാര്യദർശിയുടെ വണ്ടി കൊട്ടാരത്തിൻെറ നടയിൽ നില്ക്കുന്നതു് നാസർഉദ്ദീൻ കണ്ടു. അവരുടെ നരാശ്വങ്ങൾ മന്ദഗതിയിൽ അവരെ വലിച്ചുംകൊണ്ടു അരമനയുടെ പടിയ്ക്കൽ എത്തി. അതിഭക്തികൊണ്ടു രോമാഞ്ചകഞ്ചുകിതനായ ഹസ്സൻഖാൻ പടികളിൽക്കൂടി ഓടിയിറങ്ങി സുൽത്താൻെറ സമീപത്തെത്തി താണുതൊഴുതു. ജനസംഘത്തിൽനിന്നും പൊങ്ങിയധ്വനി അവിടെ എല്ലാം മാറെറാലിക്കൊണ്ടു.

എന്നാൽ പെട്ടെന്നു ഒരു പ്രശാന്തത അവിടെ വ്യാപിച്ചു. അതു് ഒരു ക്ഷണനേരം മാത്രമേ നിലനിന്നൊള്ളു. അതു് ഭാവിയായ ഒരു മഹാരവത്തിൻെറ പുരോഗാമി ആയിരുന്നു. നാസർഉദ്ദീൻ സയ്യദ്ഖാൻെറ നേരേ നോക്കി. അദ്ദേഹത്തിൻെറ ശിരസ്സു പെട്ടെന്നു തിരിയുന്നതും കണ്ണുകൾ പ്രകാശിക്കുന്നതും നാസർ ഉദ്ദീൻ കണ്ടു. കുളുർക്കല്ലുകൊണ്ടു പടുത്ത പടികളുടെ മുകളിലായി സ്വഹസ്തത്തെ ഇബ്രാഹിമിൻെറ നേരെ നീട്ടിക്കൊണ്ടു വിളറിയ മുഖത്തോടുകൂടിയ റോസാനറാ മഹാരാജ്ഞി നിന്നിരുന്നു. അവസാനമായി ജനങ്ങളെ നോക്കി ശിരഃകമ്പനം ചെയ്തുകൊണ്ടു് ഇബ്രാഹിം പടികൾ കയറി മഹാരാജ്ഞിയുടെ അടുക്കലെത്തി. അദ്ദേഹം അവളുടെ മുമ്പിൽ മുട്ടുകുത്തി അവളുടെ മനോഹരമായ കരതലത്തെ ഗ്രഹിച്ചു ചുംബിച്ചു. അദ്ദേഹം ഇങ്ങിനെ പറഞ്ഞു എല്ലാം മംഗളകരമായി അവസാനിച്ചു. അവൻ മരിച്ചു. എഴുത്തിനെ ദഹിപ്പിയ്ക്കുകയും ചെയ്തു.”

മഹാരാജ്ഞി അദ്ദേഹത്തെ എഴുന്നേല്പിച്ചു. അവർ പരസ്പരം കൈകോർത്തു പിടിച്ചുംകൊണ്ടു പ്രജകൾക്കഭിമുഖമായി അല്പനേരം നിന്നു. വീണ്ടും ആശീർവാദങ്ങൾ പൊങ്ങി. മുഹദീൻ മുന്നോട്ടുചാടി സ്വശിരസ്ത്രത്തെ കയ്യിൽ പിടിച്ചുകൊണ്ട് പിശാചാവിഷ്ടനായ ഒരുവനെപ്പോലെ ഇങ്ങിനെ വിളിച്ചുപറഞ്ഞു.

“സൃഷ്ടിച്ചവൻ സുൽത്താനെ രക്ഷിയ്ക്കട്ടെ.”

സീമാരീതമായ ഔൽസുക്യത്തോടുകൂടി എല്ലാജനങ്ങളും ആ പല്ലവിയെത്തന്നെ തുടൎന്നു. അങ്ങിനെ അവരെല്ലാവരും—രാജധാനിയിലെ ഉന്നതന്മാരും അധഃകൃതരും—ഒരുപോലെ ആ മദ്ധ്യാഹ്നത്തിൽ അവരുടെ സുൽത്താനെന്നുള്ള നിലയിൽ ഇബ്രാഹിംസയ്യദ്ഖാനു സ്വാഗതം പറഞ്ഞു.

ഒടുവിൽ റോസാനാറാ മഹാരാജ്ഞി മുതലായവർ കൊട്ടാരത്തിനുള്ളിൽ കടന്നു. വെളിയിൽ ജനങ്ങളുടെ ആർപ്പുവിളികൾ മുഴങ്ങിക്കൊണ്ടുതന്നെയിരുന്നു. സയ്യദ്ഖാന്റെ അപേക്ഷപ്രകാരം നാസർഉദീനും പത്നിയും അന്ന് അവിടെത്തന്നെ താമസിച്ചു. മുഹദീൻ വാതിൽ കാത്തുനിന്നിരുന്നു. നേരം സന്ധ്യകഴിഞ്ഞു; ഇരുട്ടിത്തുടങ്ങി. ഉസ്മാനുമായുള്ള ദ്വന്ദ്വയുദ്ധത്തിന്റെ കഥ സയ്യദ്ഖാൻ തന്റെ സ്നേഹിതന്മാരെ കേൾപ്പിച്ചു. ഒടുവിൽ അദ്ദേഹം പറഞ്ഞു.

“നാസർ, നേരം നല്ലപോലെ ഇരുട്ടുമ്പോൾ എനിക്കു പോകണം. മുഹദീൻ എന്നോടുകൂടി വരും. നിങ്ങൾ ഇവിടെ താമസിയ്ക്കണം.”

നാസർ:—“നിങ്ങളെവിടെ പോകുന്നു?”

ഇബ്രാ:—“മൃഗയാമന്ദിരത്തിലേക്ക്. എനിക്കു ഫിറോസ്ഖാനെ കണ്ടു, വേണ്ട ഏർപ്പാടുചെയ്യണം.

നാസർ—“മഹാരാജ്ഞിയോ?”

ഈ വാക്കുകൾ നാസർഉദീൻ വളരെ മന്ദമായിട്ടാണ് ഉച്ചരിച്ചതെങ്കിലും റോസാനാറാ അതുകേട്ടു. അവൾ പെട്ടെന്നു ഞെട്ടിത്തിരിഞ്ഞു. അവൾ മുന്നോട്ടുചാടി ഇങ്ങിനെ പറഞ്ഞു.

“ഇബ്രാഹിം! അവിടുന്ന് പോകരുത്. എനിക്കതു സഹിക്ക വയ്യാ!”

ഇബ്രാഹിം നാസർഉദീനെ അടുത്തുവിളിച്ചു.

അദ്ദേഹം രാജ്ഞിയുടെനേരെ നോക്കിയില്ല. അദ്ദേഹത്തിന്റെ മുഖം വിളറിയും അധരോഷ്ഠങ്ങൾ അമർന്നുമിരുന്നു. റോസാനറാ തേങ്ങിക്കരയുന്ന ശബ്ദം കേൾക്കപ്പെട്ടു. ഇബ്രാഹിം വ്യസനാക്രാന്തനായി ഇരുട്ടിൽ നോക്കി. മഹാരാജ്ഞി തലപൊക്കി അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു ദൃഷ്ടികളെ പ്രേരിപ്പിച്ചു. അവൾ പറഞ്ഞു.

“അവിടുന്നു എന്റെ ഹൃദയം ഭേദിയ്ക്കും.”

## പത്തൊൻപതാം അദ്ധ്യായം.

ഞങ്ങളുടെ സ്നേഹത്തിനും മഹാരാജ്ഞിയുടെ മാനത്തിനുംവേണ്ടി.

ഉസ്മാർഖാൻ മരിച്ചു. അതു അവർക്കെല്ലാം വലിയ ആശ്വാസത്തെ ചെയ്തു. കൊട്ടാരവാതുക്കൽ കൂട്ടമായി നിന്നിരുന്ന ജനങ്ങളെ നോക്കിക്കൊണ്ട് നാസർഉദീൻ വിചാരമഗ്നനായിനിന്നു. ഇബ്രാഹിം മഹാരാജ്ഞിയുടെ സമീപത്തായിരുന്നു. അലിയാപ്രഭു വിശ്രമിക്കയായിരുന്നു. മുഹദീൻ ഭക്ഷണംകഴിക്കാനായിപ്പോയി. അങ്ങിനെ നാസർഉദീൻമാത്രം അവിടെ ശേഷിച്ചു. തങ്ങളുടെ താൽക്കാലികാവസ്ഥയേപ്പറ്റിയുള്ള ചിന്തയിലേക്കു സ്വബുദ്ധിയെ വ്യാപരിപ്പിക്കുന്നതിന് അദ്ദേഹം വളരെ പണിപ്പെട്ടു. അവർ വിഷമങ്ങളാൽ ആവൃതന്മാരായിരുന്നു. അവയെ പരിഹരിക്ക എന്നുള്ളത് അദ്ദേഹത്തിന്റെ ശക്തിയ്ക്കതീതമായിരുന്നു. എന്നാൽ നാസർഉദീന്റെ ആഗ്രഹം ഒന്നുമാത്രമായിരുന്നു അതായത് ഇബ്രാഹിം സുൽത്താനാകണം. അദ്ദേഹത്തിന്റെ ദിവാസ്വപ്നം വളരെദൂരം സഞ്ചരിച്ചു. പ്രസിദ്ധനായ ഒരു സുൽത്താന്റെ പ്രജാക്ഷേമപരമായ ഭരണത്താൽ പരമാനന്ദചിത്തരായ പ്രജകളേയും നാനാമുഖമായ പരിഷ്കാരത്തിന്റെയും അഭിവൃദ്ധിയുടേയും കേന്ദ്രമായ ഒരു മഹാരാജ്യത്തെയും അദ്ദേഹം തന്റെ മനോമുകുരത്തിൽ ദർശിച്ചു.

ഇങ്ങിനെ അദ്ദേഹം കുറേനേരം സ്വപ്നത്തിൽ മുഴുകിനിന്നു. കതകുതുറന്ന് അടയ്ക്കുന്ന ശബ്ദംകേട്ട് നാസർഉദീൻ ഉണർന്നു. അദ്ദേഹം തിരിഞ്ഞുനോക്കി മഹാരാജ്ഞിയെ കണ്ടു.

“അദ്ദേഹം സിംഹാസനം സ്വീകരിയ്ക്കുമോ?”

എന്ന് അദ്ദേഹം വിജയസൂചകമായ സ്വരത്തിൽ ചോദിച്ചു.

റോസാ:—"ഇല്ല! ഇല്ല! അദ്ദേഹം പോകയാണ്."

സ്വമനോരഥം ശിഥിലമായി ഭവിച്ചതുകൊണ്ട് നാസർഉദീൻ അത്യന്തം ക്ഷീണനായി. അദ്ദേഹം സ്തബ്ധനായിനിന്നു.

റോസാ:—"അദ്ദേഹം സുൽത്താനാകണമെന്നു നിങ്ങൾ ആവശ്യപ്പെട്ടോ?"

നാസർ:—"ഹൃദയപൂർവ്വമായിട്ടും"

റോസാ:—"അദ്ദേഹം അതു സമ്മതിയ്ക്കുന്നില്ല. നാസർ, ഇല്ല. എനിയ്ക്ക് അദ്ദേഹത്തെ നിർബന്ധിക്കാനും ധൈര്യമില്ല."

നാസർ: "അദ്ദേഹം ഇവിടെ നിന്നും എങ്ങിനെ പോകുമെന്ന് എനിയ്ക്കു മനസ്സിലാകുന്നില്ല."

അവൾ ഉത്തരമൊന്നും പറഞ്ഞില്ല. ഒരു നിമിഷം കഴിഞ്ഞു വീണ്ടും കതകുതുറന്നു. യാത്രയ്ക്കുള്ള വേഷത്തിൽ സയ്യദ്ഖാനും പുറകേ മുഹദീനും ഇറങ്ങിവന്നു. മുഹദീൻെറ മുഖം നൈരാശ്യമുദ്രിതമായിത്തീർന്നിരിയ്ക്കുന്നതു് നാസർഉദീൻ കണ്ടു. ഇബ്രാഹിം ശാന്തനായും സന്തുഷ്ടമാനസനായും കാണപ്പെട്ടു. അദ്ദേഹം നേരേ മഹാരാജ്ഞിയുടെ സമീപത്തുചെന്നു ഇങ്ങിനെ പറഞ്ഞു.

"അല്പസമയത്തിനുള്ളിൽ കുതിരകൾ തയ്യാറായിവരും." (നാസർഉദീൻെറനേരേ തിരിഞ്ഞിട്ട്) "നാസർ, ഞങ്ങൾ എന്തുചെയ്യാൻ പോകുന്നു എന്ന് നിങ്ങൾക്കറിയാമോ?"

നാസർ:—"അയ്യോ! തിരുമേനീ! അടിയനു് അറിയാൻ പാടില്ല."

"തിരുമേനി! അടിയൻ!" എന്ന് ഇബ്രാഹിം പരിഹാസവിനോദങ്ങൾ ഇടകലർന്ന സ്വരത്തിൽ പറഞ്ഞു. പിന്നെ അദ്ദേഹം മുഹദീൻെറയും നാസർഉദീൻെറയും ഇടയ്ക്കു കടന്നുനിന്ന് അവരുടെ കയ്യു പിടിച്ചുകൊണ്ടു പറഞ്ഞു.

"വഞ്ചകന്മാരേ! സാഹസികന്മാരെ! നിങ്ങൾ എന്തും പ്രവർത്തിയ്ക്കാൻ നാണമൊരുമടിയുമില്ലാത്ത കള്ളന്മാരാണു് ഞാൻ മോഷണക്കാരനാകാഞ്ഞതുകൊണ്ടു നിങ്ങൾ രണ്ടു കരടികളേപ്പോലെ കൽശരന്മാരായിത്തീർന്നിരിയ്ക്കുന്നു.

നാസർ ഉദീൻ ഉത്തരം പറയാൻ അശക്തനായി. സയ്യിദ് ഖാൻെറ ഓരോ വാക്കും അദ്ദേഹത്തിൻെറ സാന്നിദ്ധ്യവും, അദ്ദേഹത്തിൻെറ വേർപാടിനെപ്പററി ഓർത്തപ്പോഠം, നാസർഉദീനു ദുഃസഹമായിത്തോന്നി. ഇബ്രാഹിം ഒന്നു മന്ദമായി ചിരിച്ചു. അദ്ദേഹം പറഞ്ഞു.

"ഇനി ഞങ്ങളുടെ കാര്യപരിപാടി. മുഹമ്മദീനും ഞാനും ഇപ്പോഠംതന്നെ പരസ്യമായി മൃഗയാമന്ദിരത്തിലേയ്ക്കു പുറപ്പെടുകയാണു്. എൻെറ യാത്ര എവിടെയ്ക്കാണെന്നു ജനങ്ങളെ അറിയിച്ചുകൊണ്ടു് അവരുടെ ഇടയിൽ കൂടിത്തന്നെയാണു ഞാൻ സവാരിചെയ്യാൻ നിശ്ചയിച്ചിരിയ്ക്കുന്നതു്. വെളുക്കുന്നതിനു മുമ്പു ഞങ്ങഠം അവിടെ എത്തും. അതെന്തോന്നാ ആ ശബ്ദം?"

കൊട്ടാരത്തിനു വെളിയിൽ കൂടിയിരുന്ന ജനങ്ങളിൽ നിന്നും ആർപ്പുവിളിയുടെ ശബ്ദം വീണ്ടും പുറപ്പെട്ടു. നാസർ ഉദീൻ ജന്നലിൻെറ അടുത്തു് ഓടിച്ചെന്നു. ഉടനേ സുപരിചിതമായ ഒരു സ്വരം അദ്ദേഹത്തിൻെറ കർണ്ണങ്ങളിൽ പതിച്ചു. "വഴിമാറുവിൻ! ശവങ്ങളെ വഴിമാറുവിൻ" നാസർഉദീൻ സംഭ്രമത്തോടുകൂടി തിരിഞ്ഞു. അദ്ദേഹം പറഞ്ഞു.

"അതു് ഫിറോസ്ഖാനാണു്. അദ്ദേഹം ഒരു ഭ്രാന്തനെപ്പോലെ ആളുകളുടെ ഇടയിൽകൂടി കുതിരയെ ഓടിച്ചുവരുന്നു. പുറകേ അവിടത്തെ ഭൃത്യനുമുണ്ടു്.

അവർ മനസ്സുകുഴങ്ങി നിന്നു. സുൽത്താൻെറ മൃതശരീരം മൃഗയാമന്ദിരത്തിൽ ഇട്ടിട്ടു് അവർ എങ്ങിനേ പോന്നു എന്നുള്ള വിചാരം എല്ലാവരുടെയും മനസ്സിൽ ഉദിച്ചു. ഭാഗ്യദോഷത്താൽ സുൽത്താൻെറ ശരീരം മററു വല്ലവരും കണ്ടുപോയോ?

ഒടുവിൽ കതകു തുറന്നു. ഒരു ഭൃത്യൻ പ്രവേശിച്ചു ചന്ദ്രഗിരി ദുർഗ്ഗനാഥൻ വന്നു നില്ക്കുന്ന വിവരം തിരുമനസ്സറിയിച്ചു. ഫിറോസ്ഖാൻെറയും കാദറിൻെറയും വസ്ത്രങ്ങഠം പൊടിനിറഞ്ഞിരുന്നു. അവർ വളരെ വേഗത്തിൽ യാത്ര ചെയ്യുകയായിരുന്നുഎന്നു് അവരുടെ വേഷം തെളിയിച്ചു. ഫിറോസ്ഖാൻ നേരെ ഇബ്രാഹിമിൻെറ അടുത്തണഞ്ഞു ചോദിച്ചു.

"അവനേ കൊന്നോ?"

ഇബ്രാ:—"ഉസ്മാനെ ഞാൻ കൊന്നു."

ഫിറോസ്:—“എഴുന്നേറ്റോ?”

ഇബ്രാ:—“അതിനെ ഞാൻ ദഹിപ്പിച്ചു.”
ഫിറോസ്ഖാൻ ഒരു കസാലയിൽ വീണു.

“വത്സ! എന്തെല്ലാമാണ് ഇന്നിവിടെ നടന്നതെന്നു പറയൂ?” എന്ന് ഫിറോസ് ആവശ്യപ്പെട്ടു.

രാജധാനിയിൽ നടന്ന സംഭവം സംക്ഷിപ്തമായി അവർ ഫിറോസ്ഖാനെ കേൾപ്പിച്ചു. അദ്ദേഹം തൃപ്തിയേയും അതൃപ്തിയേയും സൂചിപ്പിയ്ക്കുന്ന ചില അംഗ്യങ്ങളോടുകൂടി അവരുടെ കഥയെ കേട്ടു. അദ്ദേഹം എന്തോ വർത്തമാനം കൊണ്ടുവന്നിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ ഭാവം പ്രത്യക്ഷപ്പെടുത്തി. കഥ അവസാനിച്ചപ്പോൾ ഇബ്രാഹിം ഫിറോസ്ഖാനോട് ഇങ്ങിനെ ചോദിച്ചു:—“നിങ്ങളുടെ രഹസ്യമോ? അതാരുമറിഞ്ഞിട്ടില്ലല്ലോ?”

ഫിറോസ്:—“അതു രഹസ്യമായിത്തന്നെ ഇരിയ്ക്കുന്നു. സുൽത്താൻ മരിച്ചു വിവരം ആരും അറിഞ്ഞിട്ടില്ല.”

ഇബ്രാ:—“പിന്നെ നിങ്ങൾ എന്തിനു ഇങ്ങോട്ടുപോന്നു?”

ഫിറോസ്:—“ഇനി നിങ്ങളുടെ നിശ്ചയമെന്താണെന്നു ആദ്യം അറിയണം. സുൽത്താൻ ഇന്നലെ രാത്രിമുതൽ മൃഗയാമന്ദിരത്തിൽ മരിച്ചു കിടക്കുമ്പോൾ നിങ്ങൾ ഇന്നു രാജധാനിയിൽ സജീവനായി പ്രത്യക്ഷപ്പെട്ടതിന് എന്തു സമാധാനം പറയാൻ പോകുന്നു?”

ഇബ്രാഹിം മറുപടി പറയാൻ തുടങ്ങിയപ്പോൾ അവർ എല്ലാവരും അദ്ദേഹത്തിന്റെ ചുററും കൂടി. ഫിറോസ്ഖാൻ മാത്രം കസാലയിൽ ചാരിക്കിടന്നു. മഹാരാജ്ഞി തന്റെ മഞ്ചത്തിൽ ഇരുന്നു. അവൾ സയ്യദ്ഖാന്റെ വാക്കുകളെ ശ്രദ്ധിയ്ക്കുന്നതായി കാണപ്പെട്ടില്ല!

ഇബ്രാ:—“രണ്ടുനാഴികയ്ക്കകം എനിയ്ക്കു ഇവിടെനിന്നും പോകണം”

ഫിറോസ്:—“അതു അത്ര എളുപ്പത്തിൽ സാധിയ്ക്കാമെങ്കിൽ.”

ഇബ്രാ:—(മന്ദഹാസത്തോടെ) “വത്സ ഫിറോസ്, ന്യായമനുസരിച്ചു വേണം പ്രവർത്തിക്കാൻ. നാളെക്കാലത്തു് നാം—നിങ്ങളും ഞാനും മുഹമ്മദും—മൃഗയാമന്ദിരത്തിൽ എത്തും.”

ഫിറോസ്:—"ഞാൻ യാത്രചെയ്തു ക്ഷീണിച്ചിരിയ്ക്കുയാണെങ്കിലും അതിനു വിഷമമില്ല."

ഇബ്രാഹിം ഫിറോസ്ഖാൻെറ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. "ഇങ്ങോട്ടുനോക്കൂ ഫിറോസ്. സുൽത്താൻ നാളെ കാലത്തു, മൃഗയാമന്ദിരത്തിൽ എത്തുന്നു."

ഫിറോസ്:—"ഞാൻ ശ്രദ്ധിക്കുന്നുണ്ടു തിരുമേനി."

ഇബ്രാ:—"പിന്നെ അവിടെ എന്തുസംഭവിക്കുന്നു ഫിറോസ്! സുൽത്താൻ അബദ്ധത്തിൽ തന്നത്താനേ വെടിവെയ്ക്കുമോ?"

ഫിറോസ്:—"ചിലപ്പോഠം അങ്ങിനെയും സംഭവിക്കുന്നുണ്ടു്."

ഇബ്രാ:—"അതല്ല അദ്ദേഹത്തിൻെറ വിശ്വസ്തഭൃത്യൻ അബദ്ധത്തിൽ അദ്ദേഹത്തെ വെടിവെച്ചിട്ടു് പശ്ചാത്താപം ഹേതുവായിട്ടു തന്നത്താൻ വധിക്കുമോ?"

ഫിറോസ്:—"അതു വളരെ ഭംഗിയായിരിയ്ക്കുന്നു. ഒരു മനുഷ്യൻ തന്നത്താൻ വെടിവെയ്ക്കുന്ന സമയമേതെന്നു് വൈദ്യന്മാക്കറിയാം."

ഇബ്രാ:—"എൻെറ പ്രിയപ്പെട്ട ഫിറോസ്, വൈദ്യന്മാരെ കൈക്കൂലികൊടുത്തു പാട്ടിലാക്കും."

ഫിറോസ്:—"ഈ രണ്ടുപായങ്ങളും നല്ലതാണെന്നു് എനിക്കു തോന്നും. രണ്ടാമത്തെ ഉപായംതന്നെ പ്രയോഗിച്ചാലെന്തു്?"

ഇബ്രാ:—"പ്രയോഗിച്ചാലെന്താ? നാളെ ഉച്ചയ്ക്കുമുമ്പു്, സുൽത്താൻെറ ദയനീയമായ മരണവൃത്താന്തം രാജ്യമൊട്ടുക്കു പരക്കും."

ഫിറോസ്:—അതു് പ്രജകഠംക്കു വലിയ സങ്കടത്തിനു കാരണമായിത്തീരും."

ഇബ്രാ:—"ഇതിനിടയിൽ ഞാൻ സ്വൈരമായി രാജ്യത്തിൻെറഅതിർത്തി കടക്കും"

ഫിറോസ്:—"ഓ! നിങ്ങഠംക്കു് രക്ഷതന്നെ."

ഇബ്രാ:—"സംശയമില്ല. പിന്നെ നാളെ ഉച്ചയ്ക്കു് നിങ്ങളും മുഹമ്മദീനും സുൽത്താൻെറ ശരീരവുംകൊണ്ടു് രാജധാനിയിലേയ്ക്കു പോരണം."

ഫിറോസ്ഖാൻ എഴുന്നേററു് ഇബ്രാഹിമിൻെറ മുമ്പിൽനിന്നു. അദ്ദേഹം അത്ഭുതജനകമായി കക്കശമായുള്ള സ്വരത്തിൽ പറഞ്ഞു.

"ഈ ഉപായം വളരെ ഭംഗിയുള്ളതാണ്. എന്നാൽ അതിന്റെ ഇടയ്ക്കു് ഒരു പ്രതിബന്ധമുണ്ടു്. സുൽത്താന്റെ ശരീരമില്ലല്ലോ."

ഇബ്രാഹിംസയ്യിദ്ഖാന്റെ ധൈര്യവുംപോലും ചലിച്ചുപോയി. അദ്ദേഹം മുന്നോട്ടു ചാടി ഫിറോസ്ഖാന്റെ കയ്യു കടന്നുപിടിച്ചു.

"ശരീരമില്ലേ? നിങ്ങൾ പറയുന്നതിന്റെ അർത്ഥമെന്തു്?" എന്നദ്ദേഹം വിളിച്ചുപറഞ്ഞു.

ഫിറോസ്ഖാൻ കാദറിന്റെ നേരേ നോക്കി.

പിന്നെ താൻ ഹൃദിസ്ഥമാക്കിയിട്ടുള്ള ഒരു പാഠത്തെ ഉരുവിടുന്നതുപോലെഅദ്ദേഹം വളരെ സാവധാനത്തിലും അക്ഷരവ്യക്തിയോടുകൂടിയും പറഞ്ഞു.

"എണ്ണയും വിറകും സൂക്ഷിച്ചിരുന്ന സ്ഥലത്തു് ഈ പാവം കാദർ സൂക്ഷ്മമില്ലാതെ ഒരു കത്തിച്ച മെഴുകുതിരികൊണ്ടുവെച്ചു. ഇന്നു വൈകുന്നേരം ഏകദേശം അറുമണിയോടുകൂടി ഞാനും കാദറും അത്താഴംകഴിഞ്ഞു് കിടന്നൊന്നു മയങ്ങിപ്പോയി. ഏഴുമണിയോടുകൂടി കാദർവന്ന് എന്നെ വിളിച്ചുണർത്തി. എന്റെ മുറിമുഴുവൻ പുകയായിരുന്നു. മൃഗയാമന്ദിരത്തിനു തീപിടിച്ചിരിക്കുന്നതായി കാണപ്പെട്ടു. ഞാൻ കിടക്കയിൽ നിന്നെഴുന്നേറ്റു പാഞ്ഞു. തീ ഭയങ്കരമായിക്കത്തി. ഞങ്ങൾക്ക് അതു കെട്ടുത്താൻ നിവൃത്തിയില്ലാതായി. ഞങ്ങൾക്ക് ഒരു വിചാരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത്രയും പറഞ്ഞിട്ട് അദ്ദേഹം കാദറിന്റെ മുഖത്തു നോക്കി.

കാദർ:—"ഞങ്ങളുടെ കൂട്ടുകാരനെ രക്ഷിക്കണമെന്നുള്ള വിചാരം മാത്രം."

ഫിറോസ്;—"അദ്ദേഹം കിടന്ന മുറിയുടെ വാതിലിലേക്ക് ഞങ്ങൾ ഓടി. കതകു തുറന്നു ഞാൻ അകത്തു കടക്കാൻ ശ്രമിച്ചു. കടന്നിരുന്നെങ്കിൽ മരണം നിശ്ചയം. കാദർ ശ്രമിച്ചു എന്നിട്ടു് പിന്മാറി. വീണ്ടും ഞാൻ അകത്തേക്ക് പാഞ്ഞു. കാദർ എന്നെ പിന്നാക്കം പിടിച്ചു. ഞങ്ങൾക്ക് ആത്മരക്ഷ ചെയ്യേണ്ടിയിരുന്നു. ഞങ്ങൾ പടിക്കൽ എത്തി. ആ മന്ദിരം വെറും അഗ്നിജ്വാലയായി. കാദർ വല്ലവരെയും സഹായത്തിനു വിളിക്കാമെന്നുദ്ദേശിച്ചു വെളിയിലേക്ക് ഓടി. അയാൾ ഒരു കൂട്ടം

വിറകുവെട്ടികളെ കണ്ടു. അവർ അയാളോടുകൂടി വന്നു. ഇതിനകം മന്ദിരം ചാമ്പലായിരുന്നു. ഞങ്ങൾ അടുത്തുചെന്നു, എന്നാൽ (ഇവിടെ ഫിറോസ്ഖാൻ സ്വരം താഴ്ത്തി) ഞങ്ങൾ, ഝെബെറുടേതെന്നു തോന്നിച്ച ഒരു ശരീരം കണ്ടു. വേറൊരു മുറിയിൽ ഒരു കരിഞ്ഞ ശരീരം കിടന്നിരുന്നു. അതിന്റെ സമീപത്തായി നായാട്ടിനു ഉപയോഗിക്കുന്ന ലോഹശൃംഗം ഉരുകിക്കിടന്നതിനാൽ ആ ദേഹം വനപാലകൻ ഹൈദരുടേതാണെന്നു ഞങ്ങൾ തീർച്ചപ്പെടുത്തി. പിന്നെ യാതൊരാകൃതിയുമില്ലാത്ത ഒരു ദേഹം അവിടെകിടന്നിരുന്നു. ഞങ്ങളും വിറകുവെട്ടുകാരും അതു കണ്ടു. ആരും ആളറിഞ്ഞില്ല. ഞാനും കാദറും മാത്രം അറിഞ്ഞു. ഈ വിവരം സുൽത്താൻതിരുമേനിയെ അറിയിക്കാനായി ഞങ്ങൾ ഉടൻ കുതിരപ്പുറത്തു കയറി തിരിച്ച് ഇവിടെ എത്തി."

ഫിറോസ്ഖാൻ തന്റെ കഥ നിർത്തി. മഹാരാജ്ഞി ഒന്നു നെടുവീർപ്പിട്ടു. അവൾ കൈകൊണ്ടു മുഖംപൊത്തി കുഞ്ഞുങ്ങളെപ്പോലെ കരഞ്ഞു. ഈ കഥകേട്ട് ആശ്ചര്യഭരിതരായ നാസർഉദ്ദീനും മുഹദീനും അതു സത്യമോ അല്ലാ വെറും നേരംപോക്കുമാത്രമാണോ എന്നുള്ള സംശയത്താൽ മൂകന്മാരെപ്പോലെ ഫിറോസ്ഖാനെ തുറിച്ചുനോക്കി. നാസർഉദ്ദീൻ ഫിറോസിന്റെ കഞ്ചുകത്തിൽ പിടിച്ചുവലിച്ചുംകൊണ്ട് ഇങ്ങിനെ ചോദിച്ചു.

"ഒടുവിൽ കണ്ട ശവം ആരുടേതാണ് ഫിറോസ്."

ഫിറോസ്:—"രാജധാനിയിൽനിന്നും സുൽത്താൻ തിരിച്ചെഴുന്നള്ളുമെന്നു വിചാരിച്ച് തന്റെ ഭൃത്യനായ കാദറോടുകൂടി അവിടെ കാത്തിരുന്ന ഒരു ഇബ്രാഹിംസയ്യദ്ഖാനാണ്. അദ്ദേഹം സുൽത്താന്റെ ഒരു വലിയ സ്നേഹിതനാണ്. ഈ അഹിതസംഭവത്തെ സയ്യദ്ഖാന്റെ കുടുംബാംഗങ്ങളെ തെര്യപ്പെടുത്താൻ ബീജാപൂരത്തിലേയ്ക്കു പുറപ്പെടുന്നതിന് അദ്ദേഹത്തിന്റെ ഭൃത്യൻ ഇതാ ഇവിടെ സന്നദ്ധനായി നില്ക്കുന്നു."

പെട്ടെന്ന് ഇബ്രാഹിംസയ്യദ്ഖാൻ സുസ്പഷ്ടമായി ഇങ്ങിനെ പറഞ്ഞു.

"ഇതെല്ലാം വെറും കള്ളമാണ് ഫിറോസ്." ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ സയ്യദ്ഖാന്റെ അധരം വിറച്ചു. നിന്ദാസൂചകമായ ഒരു ഹാസം അതിൽ സ്ഫുരിച്ചു.

ഫിറോസ്:—"മൃഗയാമന്ദിരവും അതിൽ കിടന്ന ദേഹങ്ങളും വെന്തു പോയി എന്നുള്ളതു കള്ളമല്ല. ചില കൃഷിക്കാർ അതിനു സാക്ഷികളാണു്. സുൽത്താൻെറ ശരീരം അവരാരും അറിഞ്ഞില്ല. കഥയുടെ ശേഷംഭാഗം കള്ളംതന്നെ. പക്ഷേ അതിലുള്ള സത്യം നമ്മുടെ കാൎയ്യസാദ്ധ്യത്തിനു മതിയാകും."

അവർ രണ്ടുപേരും മുഖത്തോടുമുഖം നോക്കിനിന്നു. ഫിറോസ്ഖാനും കൂട്ടകാരനുംകൂടി പ്രവൎത്തിച്ചധിക്കാരസമേതമായ ആ കൃതൃത്തിൻെറ സാരം സയ്യദ്ഖാൻ മനസ്സിലാക്കി. സുൽത്താൻെറ ദേഹം ഇനി രാജധാനിക്കു കൊണ്ടുവരിക എന്നുള്ളതു് അസാദ്ധ്യമായി. മൃഗയാമന്ദിരത്തിൽ ദഹിച്ചുപോയ ആൾ സുൽത്താനാണെന്നു് അറിയിക്കുന്നതു് അതിലും ഏറെ അസാദ്ധ്യമായി തോന്നി. ഈ വിധത്തിൽ ഫിറോസ്ഖാൻ ഇബ്രാഹിമിൻെറ പോംവഴിയെ ബന്ധിച്ചു. അപ്പോൾ സയ്യദ്ഖാൻെറ മുഖം കാണുന്ന ഏവനും അദ്ദേഹം ഫിറോസ്ഖാനുമായി ഒരു ശണ്ഠയ്ക്കു വട്ടംകൂട്ടുകയാണെന്നു സംശയിച്ചു പോകും. എന്നാൽ ഇബ്രാഹിം അദ്ദേഹത്തിൻെറ ക്ഷോഭത്തെ ജയിച്ചു.

ഇബ്രാ:—(അസ്വസ്ഥനായിട്ടു്) "നിങ്ങളെല്ലാവരുംകൂടി എന്നെ ഒരു കള്ളനാക്കാൻ തുടങ്ങുകയാണു്. നാസർഉദ്ദീനും മുഹമ്മദീനും എന്നെ പ്രേരിപ്പിക്കുന്നു. ഫിറോസ്, നിങ്ങൾ എന്നെ നിർബന്ധിക്കുന്നു. എൻെറ അറിവിൽപെട്ടിടത്തോളം കാദറും ഈ കാൎയ്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടു്."

ഫിറോസ്:—"ഹേ! ഇതിനു കാരണഭൂതൻ ഞാനാണു്."

ഇബ്രാ:—"ഇതു് നിങ്ങൾ എല്ലാവരും ഒത്തുചേൎന്നു പ്രവൎത്തിച്ചതാണു്. നിങ്ങളുടെ ശാഠ്യം ഞാൻ അനുവദിച്ചു തരുന്നതല്ല. ഇതിൽനിന്നും ഒഴിഞ്ഞുനില്ക്കാൻ ഞാൻ ഇപ്പോൾ ഒരു മാൎഗ്ഗമേ കാണുന്നുള്ളു. ഞാൻ അതനുസരിച്ചു പ്രവൎത്തിക്കും."

അവരാരും ഒന്നും പറഞ്ഞില്ല. അദ്ദേഹം വീണ്ടും സംസാരിക്കുന്നതിനെ കേൾക്കാൻ അവർ കാത്തുനിന്നു.

ഇബ്രാ:—"മഹാരാജ്ഞിയുടെ എഴുത്തിനെ സംബന്ധിച്ചു ഞാൻ ഒന്നും മിണ്ടുകയില്ല. എന്നാൽ ഞാൻ സുൽത്താനല്ലെന്നും വെറും ഇബ്രാഹിംസയ്യദ്ഖാൻ മാത്രമാണെന്നും, സുൽത്താനെന്നഭിനയിച്ചതു് മഹാരാജ്ഞിക്കുവേണ്ടി ഉസ്മാനെ ശി

ക്ഷിക്കാനാണെന്നും ഞാൻ ജനങ്ങളെ അറിയിക്കും. എനിക്കതുമതി. ഫിറോസ്ഖാൻ എൻെറമേൽ വീശിയിട്ടുള്ള വലയെ ഈ ഉപായം ഖണ്ഡിക്കും."

അദ്ദേഹം സ്ഥിരസ്വരത്തിൽ സംസാരിച്ചു. അദ്ദേഹത്തിൻെറ ദന്തങ്ങൾ അധരത്തെ കടിച്ചമർത്തി. ഫാലപ്രദേശം സ്വേദകണങ്ങളെ വർഷിച്ചു. ആ പ്രലോഭനത്തെ തടുക്കാൻ അദ്ദേഹം വളരെ പണിപ്പെട്ടു പരിശ്രമിക്കുന്നതായി കാണികൾക്കു തോന്നി. നാസർ ഉദീൻ അടുത്തുചെന്ന് അദ്ദേഹത്തിൻെറ കൈപിടിച്ചമർത്തി. ഈ ക്രിയ അദ്ദേഹത്തെ മൃദുപ്രകൃതിയാക്കി.

"ഫിറോസ്! ഫിറോസ്! നിങ്ങൾ എന്നെ മിക്കവാറും ഒരു വഞ്ചകനാക്കിത്തീർത്തു."

ഫിറോസ്ഖാൻ ഇതിനുത്തരമൊന്നും പറഞ്ഞില്ല. അദ്ദേഹം രോഷപരവശനായി മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. അദ്ദേഹം പെട്ടെന്ന് സയ്യദ്ഖാൻെറ മുമ്പിൽനിന്നു മഹാരാജ്ഞിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു.

"ഞാൻ നിങ്ങളെ ഒരു വഞ്ചകനാക്കുന്നു. ഞങ്ങൾ എല്ലാവരും ഭക്തിയോടുകൂടി ശുശ്രൂഷിക്കുന്ന മഹാരാജ്ഞിയെ നിങ്ങൾ ആരാക്കുന്നു? ഈ നഗരത്തിലെ പ്രജകളുടെ മുമ്പിൽവെച്ച് തിരുമേനി അവിടത്തെ ഭർത്താവെന്ന നിലയിൽ നിങ്ങൾക്കു സ്വാഗതം അരുളിയതു ഞാൻ കേട്ടില്ലേ? അവിടന്ന് അവിടത്തെ ഭർത്താവിനെ അറിഞ്ഞില്ലെന്നു ജനങ്ങൾ വിശ്വസിക്കുമോ? നിങ്ങളുടെ സ്നേഹിതന്മാരായ ഞങ്ങളും നിങ്ങളെ അറിഞ്ഞില്ലെന്ന് എങ്ങിനെ വരും? എന്തെന്നാൽ ഞങ്ങൾ—ഞാനും, നാസർ ഉദീനും, മുഹദീനും—മഹാരാജ്ഞിയെ സേവിച്ചതുപോലെതന്നെ നിങ്ങളേയും സേവിച്ചു. ഈ വാസ്തവം വെളിക്കുപറഞ്ഞാൽ, ഞങ്ങൾ സുൽത്താൻെറ നേരേ രാജഭക്തിയുള്ളവരാണെന്ന് ആരു വിചാരിക്കും! സുൽത്താൻെറ വധത്തിൽത്തന്നെ ഞങ്ങൾ ഭാഗഭാക്കുകൾ ആയിരുന്നില്ല എന്ന് ജനങ്ങൾ എങ്ങിനെ വിശ്വസിക്കും?"

നാസർ ഉദീൻ ആ വൃദ്ധനെ ഈവിധമുള്ള ക്ഷോഭത്തോടുകൂടി മുമ്പൊരിക്കലും കണ്ടിട്ടില്ലായിരുന്നു. അദ്ദേഹത്തിൻെറ ഭാവഭേദം കണ്ട് നാസർഉദീനും മുഹദീനും ഇളകിപ്പോയി. ഫിറോസ്ഖാൻെറ വാദം ന്യായയുക്തമാണെന്നു അവക്കു ബോധംവന്നു. ഇല്ലെങ്കിലും

മഹാരാജ്ഞിക്കുണ്ടാകാവുന്ന ആപത്തിനെപ്പററി അദ്ദേഹം പറഞ്ഞതു് അക്ഷരംപ്രതി സത്യംതന്നെയായിരുന്നു.

പെട്ടെന്നു ഫിറോസ്ഖാൻെറ ഭാവം മാറി. അദ്ദേഹം സയ്യദ്ഖാൻെറ കൈകളെ കടന്നുപിടിച്ചു് ഇങ്ങിനെ മന്ത്രിച്ചു.

"കുമാരാ 'ഇല്ല' എന്നു പറയരുതു്. നിങ്ങളുടെ ഇംഗിതം എനിക്കറിയാൻ പാടില്ല. എന്നാൽ ഇത്രയും എനിക്കറിയാം. സുൽത്താൻ മരിച്ചുപോയി, അവിടത്തെ സ്ഥാനം ഒഴിഞ്ഞും കിടക്കുന്നു; അതിനെ സ്വീകരിക്കാനല്ലെങ്കിൽ പിന്നെ എന്തിനാണു സർവ്വശക്തനായ ജഗദീശ്വരൻ നിങ്ങളെ ഇവിടെ അയച്ചതെന്നറിയാൻ നിവൃത്തിയില്ല. അതുകൊണ്ടു വരൂ കുമാരാ—ഞങ്ങളുടെ സ്നേഹത്തിനും മഹാരാജ്ഞിയുടെ മാനത്തിനും വേണ്ടി!"

ഇബ്രാഹിംസയ്യദ്ഖാൻെറ മനസ്സിൽകൂടി കടന്നുപോയ ചിന്തകൾ എന്തെല്ലാമെന്നു മനസ്സിലാക്കാൻ അവർ ശക്തരായില്ല. അദ്ദേഹത്തിൻെറ മുഖം ഗംഭീരപ്രകൃതിയായിരുന്നു. ഫിറോസ്ഖാൻ സംസാരം നിർത്തിയപ്പോൾ അദ്ദേഹം യാതൊരു ആംഗ്യവും കാണിച്ചില്ല. എന്നാൽ നിശ്ചലനായി വളരെനേരം നിന്നു. പിന്നെ അദ്ദേഹം മെല്ലെ ശിരസ്സിനെ പൊക്കി മഹാരാജ്ഞിയുടെ മുഖത്തുനോക്കി. സ്വല്പനേരം അവളും അദ്ദേഹത്തിൻെറ മുഖത്തു നോക്കിയിരുന്നു. ഉടനെ അവൾ ചാടി എഴുന്നേററു സയ്യദ്ഖാൻെറ പാദത്തിൽ പതിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞു.

"അതേ അതേ! എനിക്കുവേണ്ടി സയ്യദ്! എനിക്കുവേണ്ടി!"

ഇബ്രാ:—"അവിടുന്നും എനിക്കു വിപരീതമായിട്ടാണോതുടങ്ങുന്നതു് എൻെറ മഹാരാജ്ഞീ?"

---

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

# ഇരുപതാം അദ്ധ്യായം.

---

## ഈശ്വരനിശ്ചയം.

ആ രാത്രിയിൽ, ഫിറോസ്ഖാൻ നാസർ ഉദീൻ മുഹദീൻ എന്നിവരുടെ ബുദ്ധി മിക്കവാറും അസ്വസ്ഥമായിരുന്നു. ഫിറോസ്ഖാൻ മൃഗയാമന്ദിരം തീപിടിച്ചതിന്റെ ചരിത്രം എഴുതുകയായിരുന്നു. ഇബ്രാഹിം സയ്യദ്ഖാൻ എന്നൊരാൾ സ്വഭൃത്യനായ കാദരോടുകൂടി സുൽത്താനെ കാണ്മാനായി മൃഗയാമന്ദിരത്തിൽ ചെന്നു എന്നും അപ്രതീക്ഷിതമായ ഏതോ കാര്യംനിമിത്തം രാജധാനിയ്ക്കു പോയിരുന്ന സുൽത്താന്റെ തിരിച്ചുവരവിനെ കാത്തിരിയ്ക്കുമ്പോഴാണ് ഈ ദുർമ്മരണം നേരിട്ടതെന്നും ആയിരുന്നു ആ വിവരണത്തിന്റെ ചുരുക്കം. ഉസ്മാൻ സുൽത്താനെ കൊല്ലാൻ ശ്രമിച്ചകഥ വേറൊരു സ്ഥലത്തിരുന്ന് മുഹദീൻ എഴുതിത്തുടങ്ങി.

എന്നാൽ ഇബ്രാഹിം ഒന്നും മിണ്ടിയില്ല. ഫിറോസ്ഖാന്റെയും മഹാരാജ്ഞിയുടേയും അപേക്ഷ അദ്ദേഹത്തെ ഇളക്കി എന്നാൽ അത് അദ്ദേഹത്തെ പരതന്ത്രനാക്കിയില്ല. അദ്ദേഹത്തിന്റെ നിശ്ചയം ചലിച്ചു. എന്നാൽ അദ്ദേഹം പരാജിതനായില്ല. സുൽത്താനെ രക്ഷിയ്ക്കാനായി പണ്ട് അദ്ദേഹം സുൽത്താന്റെ വേഷം കെട്ടിയിരുന്നു. എന്നാൽ ലാഭം തനിയ്ക്കാണെന്നുള്ള ഘട്ടമായപ്പോൾ ഇബ്രാഹിം, സുൽത്താന്റെ വേഷം അഭിനയിക്കാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട്, മഹാരാജ്ഞിയുടെ അഭിമാനവും സ്വമിത്രങ്ങളുടെ സ്നേഹവുംകൂടി ചേർന്ന് തന്റെ നിശ്ചയത്തെ എതിർത്തനിമിഷംവരെ അദ്ദേഹം നിശ്ചലനായിത്തന്നെ വർത്തിച്ചു. അനന്തരം അദ്ദേഹം ധൈര്യഹീനനായി, എന്നാൽ പരിച്ചില്ല. അദ്ദേഹത്തെ സുൽത്താനെന്നു വിളിച്ച് ഓരോ നാഴിക കഴിയുന്തോറും സ്വജീവിതം മുഴുവനും ആ പേരിനെയല്ലാതെ മറെറാന്നിനേയും ധരിയ്ക്കാൻ സയ്യദഖാനും നിവൃത്തിയില്ലെന്നുള്ള നിലയായി. അതുകൊണ്ട് സംശയത്തോടും മനഃശല്യത്തോടും പോരാടാൻ ഇബ്രാഹിമിനെ അനുവദിച്ചിട്ട് ഫിറോസ്ഖാൻ ചരിത്രലേഖനത്തിലും കാര്യപരിപാടിരചനയിലും വ്യാപൃതനായിരുന്നു.

കാര്യങ്ങൾക്ക് ഒരു തീർച്ചയുണ്ടാകുന്നതുവരെ വിശ്രമിയ്ക്കാനായി മഹാരാജ്ഞി തന്റെ മഞ്ചത്തെ ശരണംപ്രാപിച്ചു.

ഇബ്രാഹിം ജനാലിന്റെ സമീപത്തേയ്ക്കുനീങ്ങി, പ്രശാന്തമായ നിശാകാലത്തേ സന്ദർശിച്ചുകൊണ്ട് സകലത്തും മറന്നവനെന്നപോലെ നിന്നു. തെരുവിൽ വളരെ ചുരുക്കംപേർ മാത്രമേ സഞ്ചരിച്ചിരുള്ളു. ചന്ദ്രൻ തെളിഞ്ഞു പ്രകാശിച്ചു.

ഇബ്രാ:—(ഫിറോസ്ഖാന്റെ നേരെതിരിഞ്ഞു) "വെളിയിൽ ഇറങ്ങിനടന്ന് എനിക്ക് ഇതിനെപ്പററി ഒന്നാലോചിക്കണം." ഇതുകേട്ട മുഹമ്മദീൻ അദ്ദേഹത്തേ അനുഗമിക്കാനായി മുമ്പോട്ടു ചാടി. "വേണ്ട ഞാൻ തനിച്ചുമതി" എന്ന് അദ്ദേഹം പറഞ്ഞു.

ഫിറോസ്:—"ശരി! അങ്ങിനെചെയ്യൂ. കുമാരാ, നിങ്ങളുടെ സൌകര്യംപോലെ ആലോചിച്ചു തീർച്ചപ്പെടുത്തൂ."

മണി രണ്ടായി. ഇബ്രാഹിം വെളിയിൽ കടന്നു. പിന്നെ ഫിറോസ്ഖാൻ മുതലായവർ ഓരോ ഉപായങ്ങൾ ആലോചിച്ചു ഒരു മണിക്കൂർനേരം ചെലവാക്കി. ഇബ്രാഹിംസയ്യദ്ഖാൻ പൂമുഖത്തു തന്നെ നില്ക്കയായിരുന്നു. എന്നാൽ അദ്ദേഹം ഉദ്യാനത്തിൽ പോയിരിക്കുമെന്നു നാസർഉദ്ദീൻ മുതലായവർ വിചാരിച്ചു.

ഒടുവിൽ കതകുതുറന്ന് മാറാരാജ്ഞി പ്രത്യക്ഷപ്പെട്ടു. അവൾ ശുഭ്രവസ്ത്രധാരിണിയായി പ്രസാദസുമുഖിയായി കാണപ്പെട്ടു. അവൾ വേഗത്തിൽ നടന്നു നാസർഉദ്ദീനെ സമീപിച്ചു.

"നാസർ, വീണ്ടും ആ സ്വപ്നം! ഞാൻ ഉറങ്ങിക്കിടന്നു. സ്വപ്നത്തിൽ ഞാൻ അദ്ദേഹത്തേ കണ്ടു. എല്ലാവരും അദ്ദേഹത്തേ സുൽത്താൻ എന്നു വിളിച്ചു. എന്നാൽ അദ്ദേഹത്തിന്റെ മുഖം വാടിയിരുന്നു. അദ്ദേഹത്തിന് എന്തോ അപത്തുപററിയതുപോലെ ജനങ്ങൾ വിലപിച്ചു. പക്ഷെ പെട്ടന്നദ്ദേഹം സ്വസ്ഥനായി. സന്തോഷത്തോടുകൂടി അദ്ദേഹം സുൽത്താൻപദം സ്വീകരിച്ചു. അവിടുന്ന് എന്നെ പ്രിയതമേ! എന്നു വിളിച്ചു. അദ്ദേഹം എവിടെ?"

ഫിറോസ്:—"തനിച്ചു വെളിയിൽ നടക്കണമെന്നുപറഞ്ഞു അദ്ദേഹം പൂന്തോട്ടത്തിലേയ്ക്കു പോയി."

റോസാ:—"പൂന്തോട്ടത്തിലോ. എന്നാൽ നമുക്ക് അദ്ദേഹത്തേ അന്വേഷിക്കാം! അയ്യോ! നിങ്ങൾ അദ്ദേഹത്തേ തനിച്ചയച്ചല്ലോ!"

അവൾ മുറിയിൽനിന്നും പാഞ്ഞു. അലിയാപ്രഭ്വി മഹാരാജ്ഞിയെ അനുഗമിച്ചു. അവരെല്ലാരും പിന്നാലെ പോയി ഉദ്യാ

നത്തിനഭിമുഖമായി സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ മുറിയിൽ എത്തി. വെളിയിൽ നിലാവു് പകൽപോലെ പ്രകാശിച്ചു. മഹാരാജ്ഞി ജന്നലിന്റെ അരികെ ചെന്നു. നാസർഉദ്ദീൻ അവളുടെ സമീപമുത്തുചെന്നു ജന്നൽ തുറന്നു. ഫിറോസ് മഹാരാജ്ഞിയുടെ ഇടതുവശത്തെത്തി. അലിയാപ്പ്രഭ്വിയും മറ്റുള്ളവരും അവരുടെ പുറകിൽ നിന്നു് എത്തിനോക്കി.

ചന്ദ്രികാവിശദമായ ഉദ്യാനത്തിൽ വൃക്ഷങ്ങളുടെ സമീപത്തായി ഇബ്രാഹിംസയ്യദ്ഖാൻ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു.

ഫിറോസ്:—"അതാ തിരുമേനി; അദ്ദേഹം അവിടെയുണ്ടു്."

ഇബ്രാഹിം അല്പനേരം നിന്നു. അദ്ദേഹം ഒരുനിമിഷനേരം ആകാശത്തിലേക്കു നോക്കിനിന്നു. വീണ്ടും അദ്ദേഹത്തിന്റെ കണ്ണുകൾ ഭൂമിയിൽ പതിഞ്ഞു. ഉത്തരക്ഷണത്തിൽ അദ്ദേഹം തലകുലുക്കി. അദ്ദേഹം എന്തോ തീർച്ചപ്പെടുത്തിയെന്നു് അദ്ദേഹത്തിന്റെ ഭാവം തെളിയിച്ചു. ഫിറോസ്ഖാൻ മുതലായവരുടെ ഹൃദയത്തിൽ ഒരു പരമാനന്ദം ഉണ്ടായി. മഹാരാജ്ഞി നിന്ന സ്ഥലത്തുനിന്നു നീങ്ങി; ഫിറോസ്ഖാൻ അത്യാശയോടെ മേൽമീശ കടിച്ചു. അവർ സയ്യദ്ഖാന്റെ തീർച്ചയറിവാൻ ബദ്ധപ്പെട്ടു. അവർ എല്ലാവരും ഉദ്യാനത്തിലേക്കു കടന്നു.

ഇബ്രാഹിം തിരിഞ്ഞു. ഫിറോസിനേയും നാസർഉദ്ദീനേയും അദ്ദേഹം കണ്ടു. അദ്ദേഹം ശാന്തനായി മന്ദഹസിച്ചു. രണ്ടുകൈകളുംനീട്ടി ഫിറോസ്ഖാനെ ആലിംഗനംചെയ്തുകൊണ്ടു് പ്രസന്നവദനനായി ഇബ്രാഹിം അദ്ദേഹത്തിന്റെ മുഖത്തുനോക്കി. തങ്ങൾക്കു് ആശാജനകമായ ഒരു തീർച്ചയായിരിക്കും ഇബ്രാഹിം ചെയ്തതെന്നു് അവർ ഊഹിച്ചു. സംശയത്തേ നീക്കാനായി ഫിറോസ്ഖാൻ ഇങ്ങിനെ ചോദിച്ചു.

"എന്തായി? കായോ പഴമോ?"

ഇബ്രാഹിം ഫിറോസിന്റെ കൈപിടിച്ചമർത്തി. മഹാരാജ്ഞി നാസർ ഉദ്ദീന്റെ കരത്തെ അവലംബിച്ചു. അവൾ പരവശയായി. നാസർ ഉദ്ദീൻ താങ്ങിയില്ലെങ്കിൽ അവൾ വീഴുമായിരുന്നു. പെട്ടെന്നു വൃക്ഷങ്ങളുടെ നിഴലിൽ നിന്നു് ഒരാൾ സയ്യദ്ഖാന്റെ പുറകിൽ ചാടിവീണു. മുഹദീൻ ഒരു അട്ടഹാസത്തോടുകൂടി മുന്നോട്ടുപാഞ്ഞു. അദ്ദേഹത്തിന്റെ ഹസ്തം ഖഡ്ഗമുഷ്ടിയിൽ എത്തി. അരനിമിഷത്തിനുള്ളിൽ അതു് ആകാശത്തിൽ പൊങ്ങി. ഇരിനിടയിൽ

അവിടെ ഒരു വെടിയുടെ ശബ്ദം മുഴങ്ങി. ഇബ്രാഹിംസയ്യദ്ഖാൻ നിലംപതിച്ചു.

"ബാൽബൻ!" എന്ന് മുഹമ്മദീൻ വിളിച്ചുപറഞ്ഞു. ഉത്തരക്ഷണത്തിൽ അദ്ദേഹം ബാൽബൻെറ പിന്നിലെത്തി. വായുമണ്ഡലത്തിൽ തിളങ്ങിയ വാൾ ഒരു ചീററലോടുകൂടി ബാൽബൻെറ ശിരസ്സിൽ പതിച്ചു. ഭയങ്കരമായ ഒരു ഘട്ടനാധ്വനി! ബാൽബൻ ഒരു മരക്കഷണംപോലെ ഭൂമിയിൽ വീണു. നാസർഉദീൻ മുന്നോട്ടോടി സയ്യദ്ഖാൻെറ അടുത്തു കുനിഞ്ഞുകിടന്നു. നാസർ അദ്ദേഹത്തെ എടുത്തു തൻെറ നെഞ്ചോടു ചേർത്തിരുത്തി. അദ്ദേഹം എന്തോ പറയാൻ ചുണ്ടനക്കി; പക്ഷേ മിണ്ടാൻ ശക്തനായില്ല. ഇടതുകൈ തോളോടു സന്ധിക്കുന്ന സ്ഥാനത്താണു വെടികൊണ്ടതു്. ബാൽബൻ സ്വസ്വാമിയ്ക്കുവേണ്ടി പ്രതിക്രിയ ചെയ്തു.

കൊട്ടാരത്തിനുള്ളിൽ ഒരു ബഹളം കേൾക്കപ്പെട്ടു. ഒരു നിമിഷം കഴിഞ്ഞു കാലടികളുടെ തെരുതെരെ ഉള്ള ശബ്ദം ഉദ്യാനത്തിലേയ്ക്കണഞ്ഞു. രാജമന്ദിരത്തിലെ ഉദ്യോഗസ്ഥന്മാരും ഭൃത്യന്മാരും അവിടെ കൂടി. ഫിറോസ്ഖാൻ ഒരക്ഷരം മിണ്ടിയില്ല. അദ്ദേഹത്തിൻെറ മുഖം ദൈന്യപിശുനമായി കാണപ്പെട്ടു. ഇബ്രാഹിമിൻെറ കണ്ണുകൾ അടഞ്ഞിരുന്നു. അദ്ദേഹത്തിൻെറ ശിരസ്സ് നാസർ ഉദീൻെറ നെഞ്ചോടു ചേർന്നിരുന്നു.

"ഒരാൾ സുൽത്താനെ വെടിവെച്ചു" എന്ന് നാസർഉദീൻ പറഞ്ഞു.

കാദർ ഇതിനിടയിൽ നാസർഉദീൻെറ അടുത്തെത്തി. "ഞാൻ വൈദ്യന് ആളയച്ചിട്ടുണ്ട്. നമുക്ക തിരുമേനിയെ കൊട്ടാരത്തിലേക്കു കൊണ്ടുപോകാം," എന്ന് അയാൾ പറഞ്ഞു.

അവർ സയ്യദ്ഖാനെ എടുത്തു കൊട്ടാരത്തിനകത്തു കൊണ്ടുപോയി മഹാരാജ്ഞിയുടെ മുറിയിൽ കിടത്തി. റോസാനാരാ അടുത്തു ചെന്നു. "തിരുമേനീ! തിരുമേനീ!!" എന്ന് അവൾ ദീനയായി വിളിച്ചു.

സയ്യദ്ഖാൻ കണ്ണുതുറന്നു. അദ്ദേഹത്തിൻെറ അധരത്തിൽ ഒരു മന്ദഹാസം പ്രസരിച്ചു. അവൾ അദ്ദേഹത്തിൻെറ മാറിൽവീണു മുഖത്തിൽ ചുംബിച്ചു.

"വൈദ്യൻ വേഗം വരും" എന്ന് നാസർഉദീൻ പറഞ്ഞു.

സയ്യദ്ഖാൻെറ ദൃഷ്ടി മഹാരാജ്ഞിയിൽ പതിഞ്ഞു. നാസർ

ഉദ്ദീൻ സംസാരിച്ചപ്പോൾ ഇബ്രാഹിം അദ്ദേഹത്തെ നോക്കി മന്ദ സിച്ചു തലകുലുക്കി.

വൈദ്യൻ വന്നു. മുറിവു പരിശോധിക്കാൻ നാസർഉദ്ദീനും മററും വൈദ്യനെ സഹായിച്ചു. പരിശോധന ക്ഷണ [illegible] കഴിഞ്ഞു. ഉടൻ സയ്യദ്ഖാനെ ഒരു കിടക്കയിൽ കൊണ്ടുപോയി കിടത്തി. വൈദ്യൻ അദ്ദേഹത്തിനു മരുന്നുകൊടുത്തു. കാദറിൻെറ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാരാളം പ്രവഹിച്ചു. നാസർഉദ്ദീൻ വൈദ്യനെ സമീപിച്ചു.

"തിരുമേനിയ്ക്കു് ആപത്തൊന്നുമില്ല" എന്നു് വൈദ്യൻ പറഞ്ഞു.

നാസർഉദ്ദീൻ ഇബ്രാഹിമിൻെറ സമീപത്തേയ്ക്കു പാഞ്ഞു. അദ്ദേഹത്തിൻെറ നയനങ്ങൾ നാസർഉദ്ദീനു സ്വാഗതം പറഞ്ഞു. നാസർഉദ്ദീൻ കുനിഞ്ഞുകിടന്നുകൊണ്ടു ഇങ്ങിനെ അറിയിച്ചു.

"മുറിവു് അപൽക്കരമല്ലെന്നു വൈദ്യൻ പറഞ്ഞു."

സുൽത്താൻെറ മുറിവു വെച്ചുകെട്ടാനുള്ള സാധനങ്ങളുമായി വൈദ്യൻ വീണ്ടും മുറിയിൽ പ്രവേശിച്ചു. ഫിറോസ്ഖാൻ മുതലായവരുടെ സഹായത്തോടുകൂടി ആ ജോലി വേഗത്തിൽ തീർക്കപ്പെട്ടു. പ്രഭാതത്തിൽ എത്തിക്കൊള്ളാമെന്നുപറഞ്ഞു് സുൽത്താനെ വന്ദിച്ച ശേഷം വൈദ്യൻ പോയി.

പരമാനന്ദം തുളുമ്പുന്ന നേത്രങ്ങളോടുകൂടി അവർ സയ്യദ്ഖാൻെറ ചുററുംകൂടി. മഹാരാജ്ഞി പ്രഭാപേശലമായ മുഖത്തോടുകൂടി പര്യങ്കത്തെ സമീപിച്ചു. അവൾ ഇബ്രാഹിമിൻെറ ദേഹത്തോടു ചേർന്നു് മന്ദമായി അതിനെ തലോടിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു.

"പ്രാണനാഥ! അവിടത്തെ ഈശ്വരൻ രക്ഷിച്ചു."

ഫിറോസ്ഖാൻ മുതലായവർ വിവൃതവദനന്മാരായി പരസ്പരം നോക്കി. "കുമാരാ, ഇനി എന്തു പറയുന്നു?" എന്നു് ഫിറോസ്ഖാൻ ചോദിച്ചു."

ഇബ്രാ:—"ഫിറോസ്", ഇതു് ഈശ്വരനിശ്ചയമാണു്. ഞാൻ ധർമ്മലോപം വരാതെ ഇരിയ്ക്കാൻ ശ്രമിച്ചു. ഈശ്വരൻ അതനുവദിയ്ക്കുന്നില്ല. ഫിറോസ്! എൻെറ ആത്മസ്നേഹിതാ! നിങ്ങൾക്കെല്ലാവർക്കും മഹാരാജ്ഞിയ്ക്കുംവേണ്ടി ഞാൻ സിംഹാസനം സ്വീകരിച്ചിരിയ്ക്കുന്നു."

ഫിറോസ്ഖാൻ മുതലായവരുടെ ആനന്ദം വർണ്ണിയ്ക്കുന്നതിനോ

[illegible]ാൾ ഊഹി[illegible]കാൾകയാണു നല്ലതു്. നാസർഉദീൻ ചിരിച്ചു തുള്ളി[illegible]നി[illegible]റുദീൻ ത[illegible] ഖഡ്ഗത്തെ കയ്യിലാക്കി സുൽത്താൻെ[illegible]കൻെറ ഭാവം അഭിനയിച്ചു. റോസാനറയുടെ മനോഹരമായ കവിൾത്തടത്തിൽകൂടി ആനന്ദബാഷ്പം നിരന്തരമായി പ്രവഹിച്ചു് അവളുടെ വക്ഷോജങ്ങളേ നനച്ചു.

സുൽത്താൻ ഇബ്രാഹിംഷാപഞ്ചമൻെറ രോഗം ഒരാഴ്ചവട്ടംകൊണ്ടു ഭേദമായി, തിരുമേനിയെ ആരോ വെടിവെച്ചു എന്നുള്ള വത്ത്മാനം നഗരം മുഴുവൻ പ്രസിദ്ധമായി. ദിവസംപ്രതി പ്രജകൾ കൊട്ടാരവാതുക്കൽ കൂട്ടംകൂടുക പതിവായി. തിരുമനസ്സിലേക്കു പററിയ മുറിവു് അപൽക്കരമല്ലെന്നും സ്വല്പദിവസത്തിനുള്ളിൽ അവിടുത്തേയ്ക്കു പൂണ്ണസുഖം ലഭിയ്ക്കുമെന്നും ഫിറോസ്ഖാൻ മുതലായവർ ജനങ്ങളേ അറിയിച്ചിട്ടും അവർ തൃപ്തിപ്പെട്ടില്ല. ഒടുവിൽ അവർ തിരുമേനിയെ കാണണമെന്നു ലഹളകൂട്ടി.

കൊട്ടാരത്തിൻെറ മുൻവശത്തുള്ള പൂമുഖത്തിൽ രണ്ടു ദന്തസിംഹാസനങ്ങൾ ഇട്ടിരിയ്ക്കുന്നു. പച്ചവില്ലൂസ് വിരിച്ച ആ സിംഹാസനങ്ങൾ സുൽത്താനും മഹാരാജ്ഞിയ്ക്കും ഇരിയ്ക്കാൻ സജ്ജമാക്കിട്ടുള്ളതാണു്. അന്നു തിരുമനസ്സുകൊണ്ടു പ്രജകളേ തൃക്കൺപാൎക്കുന്ന ദിവസമായിരുന്നു. തിരുമേനിയുടെ അസ്വാസ്ഥ്യം പൂണ്ണമായി ശമിച്ചു എന്നുള്ള വാത്തകേട്ടു് പ്രജകൾ അവിടത്തേക്കാണ്മാനായി പൂമുഖത്തിൻെറ മുൻവശത്തു സന്നിഹിതരായി. പൂണ്ണമായ രാജകീയാഡംബരങ്ങളോടുകൂടി ഇബ്രാഹിംഷാപഞ്ചമൻ റോസാനറാമഹാരാജ്ഞിയാൽ അനുഗതനായി വെളിയിൽ വന്നു് സിംഹാസനത്തിൽ ഉപവേശിച്ചു. നൂറുദീൻ വാൾ ഊരിപ്പിടിച്ചു് തിരുമേനിയുടെ സമീപത്തുനിന്നു. ഫിറോസ്ഖാനും നാസർഉദീനും സുൽത്താൻെറ പുറകിൽ ഓരോ കസാലയിൽ ഇരുന്നു. സുൽത്താനെ കണ്ട ഉടൻ പ്രജകൾ ഇങ്ങിനെ വിളിച്ചുപറഞ്ഞു. "സുൽത്താൻതിരുമേനിയെ ഈശ്വരൻ രക്ഷിയ്ക്കട്ടെ." ഫിറോസ്ഖാൻ മുതലായവർ ഈ പല്ലവിയെ ആവത്തിച്ചു. സ്വപ്രജകളേ കരുണാപുരസ്സരം കടാക്ഷിച്ചു വാത്സല്യപൂവം ഫലിതു് കല്പിച്ചശേഷം സുൽത്താൻ അവരെ യാത്രയാക്കി. അനന്തരം ഫിറോസ്ഖാൻ ചിരിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞു.

"കുമാരാ, ഈശ്വരൻ അവിടത്തേ കിരീടപതിയായിട്ടാണു് സൃഷ്ടിച്ചതു്."

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.

241088

A 312

241088